കേരള സർക്കാർ

സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

2007 - 2008

*(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23,
1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 25
എന്നിവ പ്രകാരം സമർപ്പിക്കുന്നത്)*

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

സമർപ്പണം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 2007-08 സാമ്പത്തിക വർഷം ഓഡിറ്റ് ചെയ്ത് പുറപ്പെടുവിച്ച വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും തിരഞ്ഞെടുത്ത ശ്രദ്ധേയമായ പരാമർശങ്ങൾ ഉൾക്കൊള്ളിച്ച്, 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 25 എന്നിവ പ്രകാരം തയ്യാറാക്കിയ 'സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2007-08' സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നു.

2007-08-ൽ വകുപ്പ് ഓഡിറ്റ് ചെയ്ത പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തുടങ്ങിയ പസ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിന്റേയും നിയമസഭയുടെയും ശ്രദ്ധ പതിയേണ്ട ക്രമക്കേടുകളും അപാകതകളും അതോടൊപ്പം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാനുള്ള നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടി. ഭാസി
ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്

തിരുവനന്തപുരം,
09 .09.2010

ഉള്ളടക്കം		
വിവരണം	**ഖണ്ഡിക**	**പേജ്**
ആമുഖം		9
ഓഡിറ്റ് അവലോകനം		11
അദ്ധ്യായം – 1 **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടനയും ചുമതലകളും**	1.1-1.5	13
അദ്ധ്യായം – 2 **പൊതു അവലോകനം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ**	2.1-2.16	18
അദ്ധ്യായം – 3 **ഓഡിറ്റ് നിരീക്ഷണങ്ങൾ – ത്രിതല പഞ്ചായത്തുകൾ**		30
പൊതു നിരീക്ഷണം	3.1	30
തിരുവനന്തപുരം ജില്ല		40
കൊല്ലയിൽ ഗ്രാമപഞ്ചായത്ത്	3.2	40
വക്കം ഗ്രാമപഞ്ചായത്ത്	3.3	40
പൂവച്ചൽ ഗ്രാമപഞ്ചായത്ത്	3.4	41
ചെങ്കൽ ഗ്രാമപഞ്ചായത്ത്	3.5	42
കൊല്ലം ജില്ല		42
പൊതു പരാമർശങ്ങൾ	3.6	42
പെരിനാട് ഗ്രാമപഞ്ചായത്ത്	3.7	44
ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്	3.8	44
ഇട്ടിവ ഗ്രാമപഞ്ചായത്ത്	3.9	45
ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്	3.10	45
അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത്	3.11	46
കൊല്ലം ജില്ലാ പഞ്ചായത്ത്	3.12	46
പത്തനംതിട്ട ജില്ല		49
പൊതു പരാമർശങ്ങൾ	3.13	49
റാന്നി-അങ്ങാടി ഗ്രാമപഞ്ചായത്ത്	3.14	50
പന്തളം ഗ്രാമപഞ്ചായത്ത്	3.15	51
വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്	3.16	52
പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്	3.17	52
പറക്കോട് ബ്ലോക്ക് പഞ്ചായത്ത്	3.18	53
മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	3.19	53
പന്തളം ബ്ലോക്ക് പഞ്ചായത്ത്	3.20	53
ആലപ്പുഴ ജില്ല		54
പൊതു പരാമർശങ്ങൾ	3.21	54
വെൺമണി ഗ്രാമപഞ്ചായത്ത്	3.22	57
പാണ്ടനാട് ഗ്രാമപഞ്ചായത്ത്	3.23	58

ഉള്ളടക്കം

വിവരണം	ഖണ്ഡിക	പേജ്
കാവാലം ഗ്രാമപഞ്ചായത്ത്	3.24	58
മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്ത്	3.25	58
തകഴി ഗ്രാമപഞ്ചായത്ത്	3.26	59
കുമാരപുരം ഗ്രാമപഞ്ചായത്ത്	3.27	59
മുതുകുളം ബ്ലോക്ക് പഞ്ചായത്ത്	3.28	59
ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്	3.29	60
ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്	3.30	61
കോട്ടയം ജില്ല		61
പൊതു പരാമർശങ്ങൾ	3.31	61
തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്	3.32	62
ളാലം ബ്ലോക്ക് പഞ്ചായത്ത്	3.33	62
ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്	3.34	63
കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്	3.35	64
കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	3.36	64
വാഴൂർ ബ്ലോക്ക് പഞ്ചായത്ത്	3.37	65
കോട്ടയം ജില്ലാ പഞ്ചായത്ത്	3.38	65
ഇടുക്കി ജില്ല		67
അടിമാലി ഗ്രാമപഞ്ചായത്ത്	3.39	67
വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്	3.40	67
ഇടുക്കി ജില്ലാ പഞ്ചായത്ത്	3.41	67
എറണാകുളം ജില്ല		68
വെങ്ങോല ഗ്രാമപഞ്ചായത്ത്	3.42	68
കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്	3.43	69
വടവുകോട് ബ്ലോക്ക് പഞ്ചായത്ത്	3.44	69
കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്	3.45	70
പറവൂർ ബ്ലോക്ക് പഞ്ചായത്ത്	3.46	70
എറണാകുളം ജില്ലാ പഞ്ചായത്ത്	3.47	70
തൃശ്ശൂർ ജില്ല		71
പൊതു പരാമർശങ്ങൾ	3.48	71
വലപ്പാട് ഗ്രാമപഞ്ചായത്ത്	3.49	71
തൃശ്ശൂർ ജില്ലാ പഞ്ചായത്ത്	3.50	72
പാലക്കാട് ജില്ല		74
അയിലൂർ ഗ്രാമപഞ്ചായത്ത്	3.51	74
മുണ്ടൂർ ഗ്രാമപഞ്ചായത്ത്	3.52	75
അലനല്ലൂർ ഗ്രാമപഞ്ചായത്ത്	3.53	75
വാണിയംകുളം ഗ്രാമപഞ്ചായത്ത്	3.54	76
മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത്	3.55	76
പാലക്കാട് ജില്ലാ പഞ്ചായത്ത്	3.56	77

ഉള്ളടക്കം		
വിവരണം	**ഖണ്ഡിക**	**പേജ്**
മലപ്പുറം ജില്ല		77
കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്	3.57	77
മലപ്പുറം ജില്ലാ പഞ്ചായത്ത്	3.58	78
മങ്കട ബ്ലോക്ക് പഞ്ചായത്ത്	3.59	79
പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്	3.60	79
മരാമത്ത് പ്രവൃത്തികൾ	3.61	79
കോഴിക്കോട് ജില്ല		80
വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്	3.62	80
വയനാട് ജില്ല		80
വയനാട് ജില്ലാ പഞ്ചായത്ത്	3.63	80
കണ്ണൂർ ജില്ല		81
രാമന്തളി ഗ്രാമപഞ്ചായത്ത്	3.64	81
കണ്ണൂർ ജില്ലാ പഞ്ചായത്ത്	3.65	81
കാസർഗോഡ് ജില്ല		82
പൊതു പരാമർശങ്ങൾ	3.66	82
അദ്ധ്യായം – 4 **ഓഡിറ്റ് നിരീക്ഷണങ്ങൾ – നഗരപാലികാ സ്ഥാപനങ്ങൾ**		85
മുനിസിപ്പൽ കോർപ്പറേഷനുകൾ		85
കൊല്ലം കോർപ്പറേഷൻ	4.1	85
കോഴിക്കോട് കോർപ്പറേഷൻ	4.2	87
ആലപ്പുഴ നഗരസഭ	4.3	89
ചേർത്തല നഗരസഭ	4.4	90
ചങ്ങനാശ്ശേരി നഗരസഭ	4.5	90
കോട്ടയം നഗരസഭ	4.6	91
തൊടുപുഴ നഗരസഭ	4.7	92
ഇരിങ്ങാലക്കുട നഗരസഭ	4.8	92
പാലക്കാട് നഗരസഭ	4.9	93
തിരൂർ നഗരസഭ	4.10	94
വടകര നഗരസഭ	4.11	95
കൽപ്പറ്റ നഗരസഭ	4.12	98
അദ്ധ്യായം – 5 **ഓഡിറ്റ് നിരീക്ഷണങ്ങൾ – സർവ്വകലാശാലകൾ**		100
കേരള സർവ്വകലാശാല	5.1	100
കാലിക്കറ്റ് സർവ്വകലാശാല	5.2	100
എം.ജി.സർവ്വകലാശാല	5.3	102
കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല	5.4	105
അദ്ധ്യായം – 6 **ഓഡിറ്റ് നിരീക്ഷണങ്ങൾ – മറ്റു സ്ഥാപനങ്ങൾ**		106
കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ്	6.1	106
വിശാല കൊച്ചി വികസന അതോറിറ്റി	6.2	106

ആമുഖം

കേരള സംസ്ഥാനത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാണ്.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് അനുസരിച്ച് ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് നിയമങ്ങൾ അനുസരിച്ച് വകുപ്പ് പുറപ്പെടുവിക്കുന്ന വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും തിരഞ്ഞെടുത്ത പരാമർശങ്ങൾ സംഗ്രഹിച്ച് സർക്കാരിന് സമർപ്പിക്കുന്ന സുപ്രധാനരേഖയാ ണ് സമാഹൃത ഓഡിറ്റ് റിപ്പോർട്ട്. സർക്കാരിന് സമർപ്പിക്കുന്ന പതിനൊന്നാമത് റിപ്പോർട്ടാണിത്.

ഭരണഘടനാ അധികാര സ്ഥാപനങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കൂടാതെ സർവകലാശാലകൾ, ദേവസ്വങ്ങൾ, ഹിന്ദുമതധർമ്മസ്ഥാപനങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി നാലായിരത്തിലധികം സ്ഥാപനങ്ങൾ വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുണ്ട്.

2007-08-ൽ പുറപ്പെടുവിച്ച റിപ്പോർട്ടുകളിൽ നിന്നും തിരഞ്ഞെടുത്ത് സംഗ്രഹിച്ച ഖണ്ഡികകളാണ് ഉള്ളടക്കത്തിൽ പ്രധാനം. പരാമർശങ്ങളിൽ ഗുരുതരമായതും സർക്കാരിന്റേയും നിയമസഭയുടേയും ജീവശ്രദ്ധ പതിയേണ്ടതുമായ ഓഡിറ്റ് ഖണ്ഡികകളാ ണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ***വിശദവിവരങ്ങൾക്ക് ഖണ്ഡികയോടൊപ്പം സൂചിപ്പിച്ചിട്ടുള്ള ഒറിജിനൽ റിപ്പോർട്ടുകൾ പരിശോധിക്കേണ്ടതാണ്.***

ഓഡിറ്റ് അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295-ാം വകുപ്പുമനുസരിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറാണ് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റർ. കൂടാതെ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 4(1) ലെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സർവ്വകലാശാലകൾ, ബോർഡുകൾ, ക്ഷേമനിധികൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി നാലായിരത്തിലധികം സ്ഥാപനങ്ങളുടെ ഓഡിറ്റ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഭരണപരവും സാമ്പത്തികവുമായ ചുമതലകൾ സുതാര്യമായും, കാര്യക്ഷമമായും, നിയമാനുസൃതമായും നിർവ്വഹിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക, വീഴ്ചകൾ യഥാസമയം ചൂണ്ടിക്കാട്ടി പരിഹാര നിർദ്ദേശങ്ങൾ നൽകുക, പൊതുപണത്തിന്റെ ദുർവ്യയം തടയുക തുടങ്ങിയവ ഈ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളാണ്.

*2007-08 സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് പരിധിയിലെ 1356 സ്ഥാപനങ്ങളുടെ **3349.93** കോടി രൂപയുടെ വരവ് കണക്കുകളും **3460.5** കോടി രൂപയുടെ ചെലവ് കണക്കുകളും ഓഡിറ്റിനു വിധേയമാക്കുകയുണ്ടായി. **3.5** കോടി രൂപ വരവിനങ്ങളിൽ നഷ്ടവും **17.96** കോടി രൂപ ചെലവിനങ്ങളിൽ നഷ്ടവും കണ്ടെത്തി. കൂടാതെ 200.03 കോടി രൂപ വിവിധ കാരണങ്ങളാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്നു. ഈ കാലയളവിൽ 1819 ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിച്ചു. വിശദാംശം പട്ടികയിൽ*

ഓഡിറ്റ് അവലോകനം 2007 – 08

01.04.2007 മുതൽ 31.03.2008 വരെ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നുള്ള വിവരം

(തുക കോടിയിൽ)

ക്രമ നം.	സ്ഥാപനം	ഓഡിറ്റ് ചെയ്ത സ്ഥാ	പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർ ട്ടുകളുടെ എണ്ണം	ആകെ വരവ്	ആകെ ചെലവ്	വരവിനങ്ങളിലുള്ള നഷ്ടം	ചെലവ് നഷ്ടം/ നിരാ കരിച്ച തുക	ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)
1	ഗ്രാമപഞ്ചായത്ത്	554	897	1076.07	1001.69	0.66	5.41	45.92
2	ബ്ലോക്ക് പഞ്ചായത്ത്	95	160	274.49	260.88	0.02	2.14	25.1
3	ജില്ലാ പഞ്ചായത്ത്	13	23	270.06	375.8	ഇല്ല	2.48	64.8
4	നഗരസഭ	46	97	697.81	936.38	1.17	4.91	56.86
5	സർവ്വകലാശാല	6	8	580.4	544.14	0.5	2.64	1.48
6	മറ്റു സ്ഥാപനങ്ങൾ	642	634	451.1	341.61	1.15	0.38	5.87
	ആകെ	**1356**	**1819**	**3349.93**	**3460.5**	**3.5**	**17.96**	**200.03**

അദ്ധ്യായം – 1

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടനയും ചുമതലകളും

1.1. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഘടന



1.2. വകുപ്പിന്റെ ചുമതലകൾ

10.01.96 ലെ ജി.ഒ.(പ്രി)77/96 പ്രകാരം കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15.01.96-ൽ നിലവിൽവന്നു. തുടർന്ന് 09.02.96 ലെജി.ഒ.(പ്രി.) നം.180/96/ഫിൻ പ്രകാരം ബന്ധപ്പെട്ട ഓഡിറ്റ് ചട്ടം പ്രാബല്യത്തിലായി. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരമുള്ള ചുമതലകൾ താഴെപ്പറയുന്നവയാണ്.

1. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 4 ൽ പ്രരാമർശിക്കപ്പെടുന്ന ഷെഡ്യൂൾ പ്രകാരം പ്രട്ടികയിലുൾപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളുടെയും സർക്കാർ ഉത്തരവു പ്രകാരം പട്ടികയിൽ പ്രുതുതായി ചേർക്കപ്പെടുന്ന സ്ഥാപനങ്ങളുടെയും സ്വതന്ത്രവും നിയമപരവുമായ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നിശ്ചയിക്കുന്ന തരത്തിൽ നടത്തുക.

2. വാർഷിക കണക്കുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിർദ്ദിഷ്ട സമയത്തിന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക.

3. വാർഷിക കണക്കുകളിന്മേൽ ഓഡിറ്റ് നടത്തി ബന്ധപ്പെട്ട അധികാരികൾക്ക് ഓഡിറ്റ് റിപ്പോർട്ടുകൾ നൽകുക.

4. ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ടുകളിലെ നഷ്ടങ്ങളുടെ ഉത്തരവാദിത്വം നിശ്ചയിച്ച് ചാർജ്/സർചാർജ് നടപടികൾ സ്വീകരിക്കുക.

5. ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളിലെ സ്റ്റോർ, സ്റ്റോക്ക് എന്നിവയുടെ പ്രരിശോധനയും ക്യാഷ്ബുക്ക് ബാലൻസിന്റെ പ്രരിശോധനയും നടത്തുക.

6. നിയമത്തിന്റെ പ്രരിധിയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ ഓഡിറ്റിന് ആവശ്യപ്പെടുകയാണെങ്കിൽ സർക്കാരിന്റെ അനുവാദത്തോടെ ഡയറക്ടർ സ്ഥാപനങ്ങളുമായി ഏർപ്പെടുന്ന കരാറുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് നടത്തുക.

7. സർക്കാർ ഫണ്ടിലേക്ക് ലഭ്യമാക്കേണ്ട ഓഡിറ്റ് ചാർജ് ഡിമാന്റ് ചെയ്യുകയും അതിന്മേലുള്ള പിരിവ് നിരീക്ഷിക്കുകയും ചെയ്യുക.

8. ഓഡിറ്റിന് വിധേയമാക്കുന്ന സ്ഥാപനങ്ങളുടെ സഹായ ഗ്രാന്റുകളെ സംബന്ധിച്ച അർഹത/ വിനിയോഗ സർട്ടിഫിക്കറ്റുകൾ പ്രുറപ്പെടുവിക്കുക.

9. ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിവരങ്ങൾ ഉൾപ്പെടുന്ന ഒരു വാർഷിക സമാഹൃത റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.

1890-ലെ ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 'ട്രഷറർ ഓഫ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ്' എന്ന ചുമതലകൂടി വഹിക്കുന്നു. എൻഡോവ്

മെന്റുകളുടെ പ്രവർത്തനം 10.10.1966 ലെ ജി.ഒ.(പി.)450/66/ഫിൻ ഉത്തരവു പ്രകാരം പുറപ്പെടുവിച്ച ചാരിറ്റബിൾ എൻഡോവ്മെന്റ് (കേരള) റൂൾസ് 1966 പ്രകാരം നടത്തപ്പെടുന്നു.

നഗരസഭകൾ, പഞ്ചായത്ത്, വിവിധ സാംസ്ക്കാരിക സ്ഥാപനങ്ങൾ, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പള നിർണ്ണയ അംഗീകാരം പെൻഷൻ നിർണ്ണയം സാക്ഷ്യപ്പെടുത്തൽ തുടങ്ങിയ കർത്തവ്യങ്ങളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിർവ്വഹിച്ചുവരുന്നു.

1.2.1. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്ന വാർഷിക ഓഡിറ്റിന്റെ ചാർട്ട്



1.3. ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ

1.3.1. പഞ്ചായത്ത് രാജ്/നഗര പാലികാ സ്ഥാപനങ്ങൾ

2007-08 ൽ താഴെ പറയുംവിധം ആകെ 1223 പഞ്ചായത്ത് രാജ്/നഗര പാലികാ സ്ഥാപനങ്ങൾ വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ ഉൾപ്പെടുന്നു.



1.3.2. മറ്റു സ്ഥാ|പനങ്ങൾ

പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾക്കു പുറമേ വിവിധ സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, ഗുരുവായൂർ ദേവസ്വം, എച്ച് ആർ.ആന്റ്.സി.ഇ.വകുപ്പിന്റെ ഭരണ നിയന്ത്ര ണത്തിലുളള ക്ഷേത്രങ്ങൾ, വികസനഅതോറിറ്റികൾ, കെ.എച്ച്.ആർ.ഡബ്ല്യു.എസ്., കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സർവ്വ വിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്, കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സാംസ്കാരിക സ്ഥാ ങ്ങൾ, കീഴ്കോടതികൾ, അനാഥാലയങ്ങൾ ഉൾപ്പെടെയുളള ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ, ആശുപത്രി വികസന സമിതികൾ, വിവിധ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ ടക്കം 2800 -ഓളം സ്ഥാപനങ്ങളും ഈ വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ വരുന്നു.

1.3.3. ഓഡിറ്റിംഗും റിപ്പോർട്ട് പുറപ്പെടുവിക്കലും

വകുപ്പിന്റെ ഓഡിറ്റ് ധിയിൽ വരുന്ന പഞ്ചായത്ത്രാജ്/നഗരപാലികാ സ്ഥാപനങ്ങളുടെയും മറ്റിതര സ്ഥാപനങ്ങളുടെയും വാർഷിക ഓഡിറ്റ് നടത്തി ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനമേധാവികൾക്ക് നൽകുന്നു. അതോടൊപ്പം കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി യിട്ടുളള സ്ഥാനങ്ങളെ സംബന്ധിക്കുന്ന ഒരു സമാഹൃത റിപ്പോർട്ട് കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 25-ഉം പ്രകാരം സംസ്ഥാന സർക്കാരിനും കേരള നിയമസഭയ്ക്കും നൽകിവരുന്നു.

1.4. വകുപ്പിലെ ജീവനക്കാർക്ക് ലഭ്യമാക്കിയ പരിശീലന പരിപാടികൾ

2007-08 ൽ ഈ വകുപ്പിലെ ജീവനക്കാർക്ക് താഴെ |പറയുന്ന |പരിശീലന |പരി|പാടികൾ ലഭ്യമാക്കിയിട്ടുണ്ട്.

1.4.1. സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റൽ ട്രെയിനിംഗ്

|പുതുതായി നിയമനം ലഭിച്ച ഓഡിറ്റർമാർക്ക് നാല് ബാച്ചുകളിലായി 3 മാസത്തെ സ്റ്റാറ്റ്യൂട്ടറി ഡിപ്പാർട്ട്മെന്റൽ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്.

1.4.2. മറ്റ് പരിശീലന പരിപാടികൾ

1. 'സ്റ്റാൻഡേർഡൈസ്ഡ് സർവ്വീസ് ഡെലിവറി ആന്റ് സിറ്റിസൺസ് ചാർട്ടർ' എന്ന വിഷയത്തിൽ 26.09.07 മുതൽ 28.09.07 വരെ ഐ.എംജി.തിരുവനന്തപുരം മേഖലാ സെന്ററിൽ വെച്ച് പരിശീലനം നൽകുകയുണ്ടായി.

2. 'വിവരാവകാശ നിയമം 2005' എന്ന വിഷയത്തിൽ 26.04.07 മുതൽ 27.04.07 വരെ ഐ.എം.ജി.തിരുവനന്തപുരം മേഖലാ സെന്ററിൽ വെച്ച് പരിശീലനം നൽകി.

3. ഈ വകുപ്പിലെ പട്ടികജാതി/പട്ടികവർഗ്ഗ ജീവനക്കാർക്ക് ഡിപ്പാർട്ട്മെന്റൽ ടെസ്റ്റിനുവേണ്ടി യുള്ള പ്രത്യേക പരിശീലന പരിപാടി ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സെന്ററുകളിൽ വെച്ച് നൽകുകയുണ്ടായി.

4. 'കോമ്പാറ്റിംഗ് കറപ്ഷൻ' എന്ന വിഷയത്തെ അധികരിച്ചുള്ള പരിശീലനപരിപാടി ഐ.എം.ജി. യുടെ തിരുവനന്തപുരം മേഖലാ സെന്ററിൽ വെച്ച് നൽകുകയുണ്ടായി.

5. 'ഔദ്യോഗിക ഭാഷ മലയാളമാക്കൽ' പരിശീലനപരിപാടി ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുകയുണ്ടായി.

1.5. ചാർജ്ജ്/സർചാർജ്ജ് നടപടികൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള നഷ്ടത്തിന് ഉത്തരവാദിയായ വ്യക്തികളിൽനിന്നും ചാർജ്ജ്/സർചാർജ്ജ് നടപടികളി ലൂടെ നഷ്ടം ഈടാക്കുന്നതിനുള്ള അധികാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. 2007-08 വർഷത്തിൽ 25469/-രൂപയുടെ ചാർജ് സർട്ടിഫിക്കറ്റുകളും 2088151/-രൂപയുടെ സർചാർജ് സർട്ടിഫിക്കറ്റുകളും പുറപ്പെടുവിച്ചു. അതിൽ 35318/-രൂപ ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടായിട്ടുള്ള നഷ്ടം ഈടാക്കുവാൻ ചാർജ്/സർചാർജ് നടപടിക്രമം വഴി വകുപ്പ്തലത്തിൽ നടക്കുന്ന പ്രക്രിയ ഫലവത്താകാൻ കാലതാമസം നേരിടുന്നുണ്ട്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16(4) പ്രകാരം ഏതൊരു ഉദ്യോഗസ്ഥനെതിരെയാണോ നടപടികൾ ആവശ്യപ്പെട്ടിരിക്കുന്നത് ആ ഉദ്യോഗസ്ഥൻ തുക്കഅടവാക്കുകയോ കോ ടതിയിൽ അന്യായം ഫയൽ ചെയ്യുകയോ ചെയ്യാത്തപക്ഷം റവന്യൂറിക്കവറി ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുക യാണ് ചെയ്യേണ്ടത്. എന്നാൽ റവന്യൂറിക്കവറി നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് തുക ഈടാക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ചാർജ്/സർചാർജ് നടപടികൾക്കെതിരെ ജില്ലാ കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന അന്യായങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിക്കുന്നത് ഈ പ്രക്രിയയിലൂടെ തുക ഈടാക്കുന്നതിന് നേരിടുന്ന കാലതാമസം വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്.

★★★

പൊതു അവലോകനം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

2.1. ആമുഖം

1992-ലെ 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികളും തുടർന്ന് സംസ്ഥാന നിയമസഭ പാസ്സാക്കിയ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രകാരം നിലവിൽവന്ന പഞ്ചായത്ത് രാജ് നഗരപാലികാ സ്ഥാപനങ്ങൾ പ്രാദേശിക സർക്കാരുകളായി പ്രവർത്തിച്ചുവരുന്നു. സാമൂഹികനീതിയും സാമ്പത്തിക വികസനവും ക്ഷേമവും നടപ്പാക്കുകയെന്ന മഹത്തായ ചുമതലകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അർപ്പിതമായി. പാർലമെന്റും നിയമസഭയും ലക്ഷ്യമിട്ട അളവിൽ ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പാക്കി നാടിന്റെ വികസന പ്രക്രിയയിൽ ചരിത്രം സൃഷ്ടിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നത് വസ്തുതയാണ്. എന്നാൽ വികസന പ്രക്രിയകളിൽ പാർലമെന്റും നിയമസഭയും ലക്ഷ്യമിട്ട അളവിൽ ജനപങ്കാളിത്തവും സുതാര്യതയും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നകാര്യം പ്രാദേശിക സർക്കാരുകൾ ആത്മപരിശോധന നടത്തേണ്ടതുണ്ട്. ഗ്രാമ/വാർഡു സഭകളിലെ ജനപങ്കാളിത്തം വിശകലനം ചെയ്തതിൽ വേണ്ടത്ര പങ്കാളിത്തം ഉറപ്പാക്കാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിഞ്ഞിട്ടില്ലെന്നു കാണാം. അതുപോലെ ഭരണഘടന, ഗ്രാമ/വാർഡുസഭകൾക്ക് അനുവദിച്ചുനൽകിയിട്ടുള്ള അധികാരാവകാശങ്ങൾ പൂർണ്ണമായും വിനിയോഗിക്കുന്നതിനും അവസരങ്ങൾ ലഭിച്ചിട്ടില്ല എന്നു കാണുന്നു. ഉദാ: വിവിധ പ്രദ്ധതികളിലെ വ്യക്തിഗത ആനുകൂല്യങ്ങൾക്കു ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം അതാത് ഗ്രാമ/വാർഡു സഭകൾക്കാണെന്നിരിക്കെ പഞ്ചായത്ത്/നഗരപാലികാ സമിതികളോ പ്രസിഡന്റ്/ചെയർമാൻ തുടങ്ങിയവരോ നേരിട്ട് ഗുണഭോക്താക്കളെ നിശ്ചയിക്കുന്ന പല സംഭവങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുപോലെ ഗ്രാമവാർഡു സഭകൾ യഥാകാലം കൂടാത്ത നിരവധി ഉദാഹരണങ്ങൾ കാണാം. ഗ്രാമ/വാർഡുസഭകൾക്ക് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരങ്ങൾ നൽകി യഥാസമയത്ത് അവ വിളിച്ചുചേർക്കുകയും അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്താൽമാത്രമേ അധികാരം ജനങ്ങളിലേക്കെന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. അതിലൂടെ മാത്രമെ മെച്ചപ്പെട്ട വികസനം പ്രദാനം ചെയ്യാൻ പ്രാദേശിക സർക്കാരുകൾക്ക് കഴിയുകയുള്ളൂ.

2.2. ഓഡിറ്റ് വകുപ്പിന്റെ ഉത്തരവാദിത്വം

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയിൽ അർപ്പിതമായ ചുമതലകളും ഉത്തരവാദിത്വങ്ങളും നിയമാനുസൃതമായും ഫലപ്രദമായും നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ മുന്നോട്ടുള്ള പ്രയാണത്തിന് അത്യന്താപേക്ഷിതമാണ്. ഈ ഉദ്ദേശ്യം മുറുകെപ്പിടിച്ചു കൊണ്ട് മുന്നേറുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് സംവിധാനം സദാജാഗരൂകമാണ്.

പഞ്ചായത്തുകളുടെയും നഗരപാലികാ സ്ഥാപനങ്ങളുടെയും സാമ്പത്തികാധികാരങ്ങൾ നിയമാനുസൃതമായും നീതിപൂർവ്വകമായും വിനിയോഗിക്കുന്നുണ്ടോ എന്ന് വിശകലനം ചെയ്യുകയാണ് ഓഡിറ്റിന്റെ പ്രാഥമിക ലക്ഷ്യം. ഫലപ്രദമായ ധനമാനേജ്മെന്റ് നടപ്പാക്കുക, അക്കൗണ്ടബിലിറ്റി പ്രോത്സാഹിപ്പിക്കുക എന്നീ മാർഗ്ഗങ്ങളിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കുവാൻ കഴിയുക.

പൊതുപണം ചെലവുചെയ്യുന്നതിന് കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനുള്ള പ്രാഥമിക ഉത്തര വാദിത്തം പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവുകളുടേതാണ്. എന്നാൽ പാഴ്ചെലവുകൾ, വകമാറ്റൽ, നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മകൾ, അപാകതകൾ എന്നിവ വെളിച്ചത്തു കൊണ്ടുവരുക എന്നുള്ളത് ഓഡിറ്റിന്റെ കടമയാണ്. ഇതുവഴി സാമ്പത്തിക നിയന്ത്രണം കൈവരിക്കുന്നതിന് പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങളെ സഹായിക്കുവാൻ ഓഡിറ്റ് പ്രതിജ്ഞാബദ്ധമാണ്.

2.3. അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും- ഒരവലോകനം

സംസ്ഥാനത്തെ അധികാര വികേന്ദ്രീകണ പ്രക്രിയയെ ദേശീയതലത്തിലേയ്ക്ക് ഉയർത്തി യത് കേന്ദ്രീകൃതമായിരുന്ന ഭരണപ്രക്രിയയെ വികേന്ദ്രീകരിക്കാൻ എടുത്ത വിപ്ലവകരമായ ചുവടു വയ്പാണ്. കൈമാറിയ അധികാരങ്ങളും ചുമതലകളും ഫലപ്രദമായി നിർവഹിക്കുന്നതിനാവശ്യ മായ വിഭവം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് എടുത്ത ധീരമായ തീരുമാനം സ്വതന്ത്ര ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽതന്നെ പുതിയൊരു കാൽവയ്പായിരുന്നു. സംസ്ഥാന സർക്കാറിന്റെ പരിപാടികൾ നടപ്പാക്കുന്ന വികസന ഏജൻസികൾ എന്ന തലത്തിൽ നിന്ന്, തദ്ദേശഭരണ സ്ഥാപനങ്ങൾ, അധികാര വികേന്ദ്രീകരണത്തോടെ, സ്വയംഭരണാവകാശമുള്ള പ്രാദേശിക സർക്കാരുകളായിമാറി. അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി ലഭ്യമായ പണം ചെലവഴിക്കുന്ന തിനുള്ള അധികാരം ഇന്ന് ഭരണസമിതിയിൽ നിക്ഷിപ്തമാണ്. എന്നാൽ ഈ സാമ്പത്തിക സ്വാതന്ത്ര്യം കാര്യക്ഷമമായി പ്രയോജനപ്പെടുത്തുന്നതിന് പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടില്ല എന്നതാണ് ഒരുയഥാർത്ഥ്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട ഒരു വെല്ലുവിളിയും ഇതുതന്നെയാണ്.

സംസ്ഥാന പദ്ധതി അടങ്കലിന്റെ മൂന്നിലൊരുഭാഗം തുക തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് പദ്ധതി വിഹിതമായി നൽകിയതിലൂടെ വികേന്ദ്രീകൃതാസൂത്രണപ്രക്രിയയ്ക്ക് കേരളത്തിൽ തുടക്കം കുറിക്കപ്പെട്ടു. 9-ാം പദ്ധതിക്കാലം ജനകീയാസൂത്രണം എന്ന പേരിലും 10-ാം പദ്ധതിക്കാലം കേരള വികസന പദ്ധതിയായും 11-ാം പദ്ധതിക്കാലം വീണ്ടും ജനകീയാസൂത്രണമായും സംസ്ഥാനത്ത് വികേന്ദ്രീകൃതാസൂത്രണം, മുൻവർഷങ്ങളിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ അവശേഷിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും പരിഹരിച്ച്, സുസ്ഥാപിതമാക്കാനാണ് ഉദ്ദേശിക്കുന്നത്.

2.4. ഗ്രാമസഭ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3, കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 42 എ പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമ/വാർഡ് സഭകൾ യോഗം ചേരണമെന്ന് നിഷ്കർഷി ക്കുന്നു. നിയമം ലംഘിക്കുന്ന വാർഡംഗങ്ങളെ /കൗൺസിലർമാരെ അയോഗ്യര ാക്കാൻ നിയമ വ്യവസ്ഥയുണ്ടെങ്കിലും സഭകളുടെ സംഘാടനം സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗിന്റെ അഭാവ ത്തിൽ നടപടി സ്വീകരിക്കാൻ സംവിധാനമില്ല. ഗ്രാമ/വാർഡ് സഭകൾ ഇപ്പോൾ വ്യക്തിഗത ഗുണ ഭോക്താക്കളുടെ തെരഞ്ഞെടുപ്പ് വേദിയായി പരിമിതപ്പെടുന്നു. ഗ്രാമ/വാർഡ് സഭകൾ മുഖേന

തെരഞ്ഞെടുക്കുന്നതായി പറയുന്ന ഗുണഭോക്താക്കളിൽ അനർഹർ കടന്നുകൂടുന്നു. സമൂഹത്തിൽ ഏറ്റവും താഴെക്കിടയിലുള്ളവർക്ക് ഇപ്പോഴും ഗ്രാമ/വാർഡ് സഭകളിൽ ശരിയായ പങ്കാളിത്തം ലഭിക്കുന്നില്ല. പദ്ധതി ആസൂത്രണം മുതൽ, അവയുടെ നടത്തിപ്പ്, ഗു ണഭോക്താക്കളെ തെരഞ്ഞെടുക്കൽ, പൂർത്തീകരണം, വിലയിരുത്തൽ, കണക്കുപരിശോധന തുടങ്ങി ഒട്ടനവധി അധികാരങ്ങൾ നിക്ഷിപ്തമായിട്ടുള്ള ഗ്രാമ/വാർഡ് സഭകൾ ഭരണകൂടം തയ്യാറാക്കുന്ന ധാരണപ്രകാരം നടത്തപ്പെടുന്ന ഒരു രീതിയിലേയ്ക്ക് തരംതാണിരിക്കുന്നതായികാണാം.

ഗ്രാമസഭ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൽ ഭേദഗതികൾ വരുത്തുകയും ലിസ്റ്റിൽ ചേർക്കപ്പെട്ടിട്ടില്ലാത്തവർക്ക് ആനുകൂല്യം നൽകുകയും ചെയ്ത ഗുരുതരമായ ക്രമക്കേടുകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിളിച്ചുചേർക്കപ്പെടുന്ന ഗ്രാമസഭയിലെ ജന പങ്കാളിത്തം നാമമാത്രമാകുന്നതും പങ്കെടുക്കുന്നവർ ഗൗരവതരമായ ചർച്ചയിൽ പങ്കെടുക്കാത്തതും, ജനകീയാസൂത്രണം ലക്ഷ്യ പ്രാപ്തിയിൽ എത്തിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നു.

2.5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അർപ്പിതമായ ചുമതലകൾ നിറവേറ്റുന്നതിൽ വീഴ്ച

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162, 162എ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 20, 21 എന്നിവപ്രകാരം രൂപീകരിക്കപ്പെടുന്ന വിവിധ സ്റ്റാന്റിംഗ്കമ്മിറ്റികൾ അധികാര വികേന്ദ്രീകരണ പ്രക്രിയയിലെ സുപ്രധാന കണ്ണികളാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ (2007-08) ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ്കമ്മിറ്റികളുടെ മിനിറ്റ്സും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽനിന്നും കമ്മിറ്റികളുടെ പ്രവർത്തനം വിലയിരുത്തുമ്പോൾ കാണുന്നത് 'ടി' സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായി യോഗംചേരാറില്ല എന്നതാണ്. യോഗതീരുമാനങ്ങൾഅദ്ധ്യക്ഷൻ സാക്ഷ്യപ്പെടുത്താറില്ല. ക്വോറമില്ലാത്ത യോഗങ്ങൾ ചേരുന്നു. ഹാജർരേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്നു. അവ്യക്തമായ തീരുമാനങ്ങൾ രേഖപ്പെടുത്തുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികളിൽ അർപ്പിതമായ ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റാതിരിക്കുന്നത് പ്രാദേശിക സർക്കാരുകളുടെ സാമൂഹ്യ സാമ്പത്തിക അഭിവൃദ്ധിയെ പ്രതികൂലമായി ബാധിക്കാൻ ഇടയാക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി അത്യാവശ്യമാണ്.

2.6. പദ്ധതി നിർവ്വഹണം - അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സമൂഹനന്മയെ ലാക്ഷ്യമാക്കിയുള്ള വികസനങ്ങൾ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനു പകരം പദ്ധതി തുക വാർഡ് മെമ്പർ/കൗൺസിലർമാർക്കിടയിൽ വീതിച്ചുനൽകുന്ന സങ്കുചിത കാഴ്ചപ്പാടാണ് ഒട്ടുമിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും അനു വർത്തിച്ചു പോരുന്നത്. ഇത് നാടിന്റെ വികസന സങ്കൽപ്പങ്ങളെ തകിടം മറിക്കുന്നതാണ്.

2. അടിസ്ഥാന സൗകര്യ വികസനമേഖലയിൽ പദ്ധതികൾ തയ്യാറാക്കേണ്ടത് ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങളും സാധ്യതകളും ശാസ്ത്രീയമായി വിശകലനം ചെയ്തു കൊണ്ടാണ്. ഇത് ഫലപ്രദമായി നടപ്പാകാത്തത് വികസനരംഗത്തെ മുരടിപ്പിനും അസന്തുലിതാവസ്ഥയ്ക്കും വഴിവെയ്ക്കുന്നു.

3. ഒരു പ്രദേശത്തിന്റെ വിഭവലഭ്യത പരിഗണിക്കാതെ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിന്റെ ഫലമായി പല പദ്ധതികളും യഥാസമയം പൂർത്തിയാക്കുന്നതിന് കാലവിളംബം ഉണ്ടാവുകയോ പദ്ധതികൾ പാതിവഴിയിൽ ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നു. ആസൂത്രണത്തിലെ പിഴവുമൂലമുണ്ടാകുന്ന ഇത്തരം കാലതാമസം പലപ്പോഴും പദ്ധതിച്ചെലവ് അധികരിക്കുന്നതിനും പദ്ധതിലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും ഇടയാക്കുന്നു.

4. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയുന്നില്ല എന്നുള്ളതാണ് വികസനരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. പദ്ധതി നടത്തിപ്പിനായി ഒരു പ്രവർത്തനക്രമവും സമയപ്പട്ടികയും തയ്യാറാക്കി മുന്നോട്ടുപോയാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

2.6.1. മരാമത്ത് പദ്ധതികൾ - അപാകതകൾ

1. മരാമത്ത് പണികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. എസ്റ്റിമേറ്റ് നിരക്കിനെക്കാളും അധികരിച്ച് പല പ്രവൃത്തികൾക്കും തുക നൽകിയായി കാണുന്നു.

2. എസ്റ്റിമേറ്റിൽ തയ്യാറാക്കിയ തുകയെക്കാളും വളരെ കുറഞ്ഞതുകയ്ക്ക് പണിപൂർത്തീകരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടു. ഇത്തരം പ്രവർത്തനങ്ങൾ നിർദ്ദിഷ്ട ഗുണനിലവാരം ഉറപ്പാക്കുന്നതിൽ പരാജയപ്പെടുന്നുണ്ടോ എന്ന് സംശയിക്കുന്നു.

3. ടെണ്ടറുകൾ ക്ഷണിക്കാതെ രണ്ട് പ്രോജക്ടുകൾ ഒരേ കോൺട്രാക്ടർക്ക് എസ്റ്റിമേറ്റ് നിരക്കിൽ നൽകിയതായി ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റിന് ഹാജരാക്കുന്ന രേഖകൾ പലതും അപൂർണ്ണവും പൊരുത്തക്കേടുകൾ ഉള്ളവയുമാണ്. പൂർത്തീകരിച്ചെന്ന് രേഖപ്പെടുത്തിയിട്ടുള്ള പലപ്രവൃത്തികളും സ്ഥലം പരിശോധനയിൽ പൂർത്തീകരിച്ചിട്ടില്ലെന്നാണ് ബോധ്യപ്പെട്ടത്. ഇത് പ്രവൃത്തിനടത്തിപ്പിലെ ക്രമക്കേടുകളിലേയ്ക്കാണ് വിരൽചൂണ്ടുന്നത്.

4. പൂർത്തിയായ പ്രദ്ധതികൾ തന്നെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിലെ പ്രിഴവുമൂലം ലക്ഷ്യം കാണാതെ പോകുന്നുണ്ട്. ഉദാ: അപ്രോച്ച് റോഡ്, വെള്ളം, വൈദ്യുതികണക്ഷൻ തുടങ്ങിയവ ലഭ്യമല്ലാത്തതുകൊണ്ട്.

2.6.2. പൊതു അപാകതകൾ

1. ആസൂത്രണത്തിലെ പ്രിഴവുമൂലം പല്രപദ്ധതികളും ഇടയ്ക്കുവെച്ചു നിർത്തുകയോ ഉപേക്ഷിക്കുകയോ ചെയ്യുന്നു.

2. സർക്കാർ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി തൊഴിൽ സഹകരണ സംഘം രൂപീകരിക്കുന്നതായും പ്രദ്ധതി പ്രണം ചെലവഴിച്ച് സ്ഥാപിക്കുന്ന ഇത്തരം സഹകരണ സംഘത്തിന് നാളിതുവരെയും രജിസ്ട്രേഷൻ ലഭ്യമായിട്ടില്ലാത്തതായും കാണുന്നു.

3. പല പ്രഞ്ചായത്തുകളിലും - ഉൽപ്പാദന മേഖലക്ക് നീക്കിവെച്ച ഫണ്ട് പശ്ചാത്തല മേഖലയ്ക്ക് വകമാറ്റുന്ന ബോധപൂർവ്വ ശ്രമം നടന്നുകാണുന്നു.

4. വിവിധ പ്രദ്ധതികൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയ തുകകൾ ചെലവഴിക്കാതെ നിഷ്ക്രിയ നിക്ഷേപമായി അവശേഷിക്കുന്നു. ഇപ്രകാരം അവശേഷിക്കുന്നതുക പലിശസഹിതം ഈടാക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

5. ചേരി പുനരധിവാസ പ്രദ്ധതി നടപ്പിലാക്കുന്നതിന് പ്രദ്ധതി വിഹിതത്തിൽ നിന്നു വകയിരുത്തിയ തുക സാമ്പത്തിക വർഷത്തിന്റെ അവസാനം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി കൈയ്യിൽ സൂക്ഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ചെലവ് പെരുപ്പിച്ച് കാണിക്കുക എന്ന ദുരുദ്ദേശത്തോടെയാണ് സാമ്പത്തിക വർഷത്തിന്റെ അവസാന ദിനം ധൃതിപിടിച്ചു തുക പിൻവലിച്ചത്. യഥാർത്ഥ ചെലവുകൾക്ക് മാത്രമെ ട്രഷറിയിൽ നിന്ന് പണം പിൻവലിക്കാവൂ എന്ന് 3.11.2004-ലെ ധനവകുപ്പിന്റെ 516/2004-ാം നമ്പരും, മുൻകാലങ്ങളിൽ പിൻവലിച്ച് വിനിയോഗി ക്കാതെ കിടക്കുന്ന തുക തിരിച്ചടക്കണമെന്ന 12.4.2006 ലെ ധനവകുപ്പിന്റെ 177/06- ാം നമ്പരും ആയ ഉത്തരവുകളിലെ നിർദ്ദേശങ്ങളുടെ വ്യക്തമായ ലംഘനമാണിത്.

6. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരേപ്രോജക്ട് നടപ്പിലാക്കിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഇത്തരത്തിലുള്ള ഇരട്ടിപ്പ്, ഒഴിവാക്കാൻ ആവശ്യമായ മോണിറ്ററിംഗ് പ്രദ്ധതിനിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നടന്നിട്ടില്ലെന്ന് ഇത് വ്യക്തമാക്കുന്നു.

2.6.3. മരാമത്ത് പദ്ധതി - റോഡുപണിയിലെ അപാകതകൾ

ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതിതുക വാർഡ് തലത്തിൽ വീതിക്കുന്ന വെയ്ക്കുന്ന സമ്പ്രദായമാണ് ഇപ്പോഴും തുടർന്നുവരുന്നത്. വാർഡു തലത്തിൽ പദ്ധതിവിഹിതം

പങ്കുവെയ്ക്കുന്നതുമൂലം വെറും 1 കിലോ മീറ്ററിൽ താഴെയുള്ള റോഡുകൾക്കുപോലും ഏതാനും മീറ്റർ പുനരുദ്ധരിക്കു വാനുള്ള തുകമാത്രമേ ഒരുവർഷം ലഭ്യമാകുന്നുള്ളൂ. വർഷങ്ങൾ കൊണ്ട് മാത്രമേ റോഡ് സഞ്ചാരയോഗ്യമാക്കുവാൻ കഴിയുന്നുള്ളൂ. ഇത് സർക്കാരിന്റെ കാഴ്ചപ്പാടിന് വിരുദ്ധമാണ്. ആയതിനാൽ പഞ്ചായത്തു തല ആസൂത്രണ പദ്ധതിയുടെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും സാക്ഷാത്കരിക്കുന്നതിന് വാർഡുകളുടെ വികസനമെന്ന സങ്കുചിതവും സ്വാർത്ഥവുമായ താൽപര്യത്തിൽനിന്നും പുറത്തുവന്ന് പ്രദേശത്തിന്റെ പൊതുവികസനം ലാക്കാക്കികൊണ്ടുള്ള പദ്ധതി രൂപീകരണമാണ് ആവശ്യം.

വികസന മേഖലയിൽ ഗതാഗതത്തിന് മുൻഗണന നൽകി റോഡുകളുടെ പുനരുദ്ധാര ണത്തിനാണ് തദ്ദേശസ്വയംഭരണ സ്ഥാപനം കൂടുതൽ താൽപര്യം നൽകിക്കാണുന്നത്. റോഡു പ്രവർത്തികളിൽ ചെലവു കുറഞ്ഞ മെറ്റലിംഗിനും ടാറിംഗിനും പകരം അതിന്റെ 3 ഇരട്ടിയോളം ചെലവുവരുന്ന കോൺക്രീറ്റിംഗാണ് പലയിടത്തും നടത്തിവരുന്നത്. ടാറിംഗ്പ്രവൃത്തി നാമമാത്ര മായിട്ടെ നടക്കുന്നുള്ളൂ. ചെലവുകുറഞ്ഞ മാർഗ്ഗം ഉപയോഗിച്ച് റോഡുകളുടെ പുനരുദ്ധാരണം നടത്താമെന്നിരിക്കെ കരാറുകാർക്ക് അധികലാഭം ഉണ്ടാക്കി നൽകുന്നതിനാണ് വ്യാപകമായി കോൺക്രീറ്റിംഗ് പ്രവൃത്തി മാത്രം നടത്തുന്നതെന്ന് വ്യക്തമാണ്. മെറ്റലിംഗും ടാറിംഗിനും നിർമ്മാണ സാമഗ്രികൾ സംഭരിച്ച് അളവ്തിട്ടപ്പെടുത്തി അളവ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ അളവിൽ നിർമ്മാണസാമഗ്രികൾ ഉപയോഗിച്ചിട്ടുണ്ടെന്നും ഗു ണനിലവാരം നിലനിർത്തിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളതെന്നും ഉറപ്പിക്കാൻ ഈ നടപടി മൂലം സാധിക്കും. എന്നാൽ കോൺക്രീറ്റിംഗിന് നിർമ്മാണ സാമഗ്രികൾ സംഭരിച്ച്അളവ് തി ട്ടപ്പെടുത്താൻ പ്രത്യേക നിർദ്ദേശം ഇല്ലായെന്ന് പറഞ്ഞ് അളവ് തിട്ടപ്പെടുത്താതെ ആവശ്യത്തിന് നിർമ്മാണ സാമഗ്രികൾ ഉപയോഗിക്കാതെ പ്രവൃത്തി നടത്തി കരാറുകാരന് അധിക ലാഭം ഉണ്ടാക്കുവാനുള്ളപഴുത് സൃഷ്ടിക്കുന്നതിനോടൊപ്പം പ്രവൃത്തിയുടെ ഗുണനിലവാര തകർച്ചയ്ക്കും കാരണമാകുന്നുണ്ട്. പ്രത്യേക ന ിർദ്ദേശം ഇല്ലായെങ്കിലും ഏതൊരു നിർമ്മാണപ്രവൃത്തിക്കും നിർമ്മാണസാമഗ്രികൾ സംഭരിച്ച് അളവ് തിട്ടപ്പെടുത്ത ണമെന്ന പൊതു നിർദ്ദേശം കോൺക്രീറ്റിംഗിനും ബാധകമാണ്. ഈ നിർദ്ദേശം കർശനമായി പാലിക്കുന്നതിന് ആവശ്യമായ നടപടികൾ ഭരണതലത്തിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്. അതോടൊപ്പം ചെലവുകുറഞ്ഞ മെറ്റലിംഗിനും ടാറിംഗിനുംപകരം കോൺക്രീറ്റി ന്റെ ആവശ്യകത വ്യക്തമാക്കുന്ന എഞ്ചിനീയറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കോൺക്രീറ്റിംഗിന് അനുവാദം നൽകേണ്ട തുള്ളൂ. ഇപ്രകാരം കോൺക്രീറ്റിംഗിനായി വിനിയോഗിക്കുന്ന തുകകൊണ്ട് കോൺക്രീറ്റിംഗ് ചെയ്യുന്ന അളവിന്റെ 3 ഇരട്ടി അളവിൽ റോഡുകൾ പുനരുദ്ധാരണം നടത്തി സംരക്ഷിക്കാനാവും. നിർമ്മാണ സാമഗ്രികളുടെ വില സംഭരണകൂലി ഉൾപ്പെടെയാണെന്നും യഥാർത്ഥത്തിൽ സംഭരണം നടത്തിയിട്ടില്ലായെങ്കിൽ ഡാറ്റാബുക്കിലെ ഇനം 664,665,666 എന്നിവപ്രകാരമുള്ള സംഭര ണകൂലി കുറവ് ചെയ്യേണ്ടതാണെന്നും ഡാറ്റാബുക്കിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശംപാലിക്കുന്നതിൽ എഞ്ചിനീയറിംഗ് വിഭാഗം കുറ്റകരമായ അനാസ്ഥയാണ് വരുത്തുന്നത്.

2.6.4. കരാർ പ്രവൃത്തികളിൽ കാണുന്ന പൊതു അപാകതകൾ

1. കരാർ പ്രവൃത്തികൾക്ക് ടെണ്ടർ നടപടിക്രമം ശരിയായ രീതിയിൽ പാലിക്കുന്നില്ല. പല പഞ്ചായത്തുകളിലും ടെണ്ടർ കമ്മിറ്റി യഥാവിധി രൂപീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

2. ടെക്നിക്കൽ സർക്കുലറിനും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിരുദ്ധമായി നിരക്കുകൾ നൽകുന്നു.

3. വിവിധ ഘട്ടങ്ങളിലായി നടത്തപ്പെടുന്ന പ്രവൃത്തികളുടെ മുൻ ഗണനാക്രമം പാലിക്കുന്നതിൽ ഉണ്ടാകുന്ന ഗുരുതരമായ വീഴ്ചകൾ യാതൊരു നിയന്ത്രണവുമില്ലാതെ തുടരുന്നു.

4. ഏറ്റെടുക്കപ്പെടുന്ന നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീളുന്നത് മൂലം യാതൊരു വിധ ഭൗതിക നേട്ടങ്ങളും ആർജ്ജിക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകുന്നുണ്ട്. പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കകംപൂർത്തിയാക്കുന്നതിന് ശുഷ്കാന്തി കാ ണിക്കുകയോ വീഴ്ച വരുത്തുന്നവർക്കെതിരെ പിഴ/ശിക്ഷാ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല.

5. വിവിധ പ്രവൃത്തികൾക്ക് വകുപ്പു തലത്തിൽ സപ്ലൈ ചെയ്യുന്ന ബിറ്റുമിൻ, പൈപ്പുകൾ, മോട്ടോറുകൾ തുടങ്ങിയവയുടെ വിതരണ നീക്കിബാക്കി വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും കൃത്യമായി ലഭിക്കുന്നില്ല.

6. മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്ത വിവിധയിനം പ്രവൃത്തികളും എസ്റ്റിമേറ്റ് അളവുകൾ അധികരിച്ചുള്ള പ്രവൃത്തികളും യഥാവിധിയിലുള്ള അനുമതിയില്ലാതെ നടത്തുന്നു.

7. ജലസേചന പദ്ധതികൾക്കായി ഭീമമായ തുക ചെലവഴിച്ചു കാണുന്നുണ്ടെങ്കിലും പദ്ധതി ലക്ഷ്യം കൈവരിക്കാതെ പാതിവഴിക്ക് ഉപേക്ഷിച്ചവയും തുടർനടപടികൾ ഇല്ലാത്തവയും നിരവധിയാണ്.

8. ഫില്ലിംഗ് വേലകളിൽ കട്ടിംഗ് ചാർജ്ജും കടത്തുകൂലിയും നൽകി മണ്ണിന്റെ നിരക്ക് നിർണ്ണയിക്കുമ്പോൾ രണ്ടിനത്തിലും ആദ്യഭാഗത്ത് ഓരോ ലീഡും ലിഫ്റ്റും ഉള്ളതിനാൽ ഇരട്ടിപ്പ് ഒഴിവാക്കാൻ ഒരു ലീഡും ലിഫ്റ്റും കുറയ്ക്കണമെന്ന ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 29.05.04 ലെ 44424/എഫ്.ഐ.ഡബ്ല്യു/സി.3/2004 നമ്പർ കത്തിലെ നിർദ്ദേശം സ്ഥാപനങ്ങളിലും പാലിച്ചിട്ടുള്ളതായി കാണുന്നില്ല. തന്മൂലം ഏകദേശം 25 ലക്ഷം രൂപയോളം സ്ഥാപനങ്ങൾ അധികമായി കൺവീനർമാർ/കരാറുകാർക്ക് നൽകിയിട്ടുണ്ട്.

9. സാങ്കേതികാനുമതി വാങ്ങാതെ പ ണി നടത്തുക, ടെണ്ടർ രേഖകളിൽ കൃത്രിമം കാട്ടി നഷ്ടം ഉണ്ടാക്കുക, റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി വാങ്ങാതിരിക്കൽ തുടങ്ങിയ ന്യൂനതകളും കണ്ടുവരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിക്ക ുന്ന തുകയുമായി തുലനപ്പെടുത്തുമ്പോൾ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ തുലോം അപര്യാപ്തമാണെന്ന് കാണാവുന്നതാണ്.

2.7. ഡെപ്പോസിറ്റ് വർക്കുകൾ - സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

പദ്ധതിപണം വിനിയോഗിച്ച് ഡെപ്പോസിറ്റ് വർക്കുകൾ നടത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അക്രഡിറ്റഡ് ഏജൻസികളും ഒരുപോലെ കുറ്റകരമായ അനാസ്ഥ കാണി ക്കുന്നുണ്ട്. പ്രവൃത്തികൾക്ക് പണം അടവാക്കുകയല്ലാതെ പ്രവൃത്തിയുടെ നടത്തിപ്പിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യാതൊരു നിയന്ത്രണവും ഇല്ല. പ്രവൃത്തിയ ുടെ യഥാർത്ഥ മൂല്യം കണക്കാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിൽ അക്രഡിറ്റഡ് ഏജൻസികൾ യാതൊരു ശുഷ്കാന്തിയും കാണിക്കുന്നില്ല. പ്രവൃത്തിയുടെ മൂല്യം എടുത്ത് എം.ബുക്കിൽ രേഖപ്പെടുത്തി സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് ഒരു ഏജൻസിയും തയ്യാറാകുന്നില്ല. വെറും റഫ്കോസ്റ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തി ലാണ് വൈദ്യുതിബോർഡ്, വാട്ടർഅതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുക കൈമാറുന്നത്. ഈ പ്രവൃത്തി പൂർത്തീകരിച്ച് മൂല്യം കണക്കാക്കി രേഖകൾ പഞ്ചായത്തിന് കൈമാറാത്തത് ഗുരുതരമായി ക ണക്കാക്കേണ്ടതാണ്. സ്ഥാപനങ്ങളിൽ നിന്നും തുകഅടവാക്കുകയല്ലാതെ സമയബന്ധിതമായി ഈ പ്രവർത്തികൾ മോണിറ്ററിംഗ് നടത്തുന്നതിലും ഗുരുതരമായ വീഴ്ചയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. തുകഅടവാക്കിയ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നുവെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൃത്യമായകണക്കില്ല എന്നുള്ളതും ശ്രദ്ധേയമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യത്യസ്ത രീതിയിലാണ് അക്രഡിറ്റഡ് ഏജൻസികൾക്ക് പണം അനുവദിക്കുന്നത്. ചില സ്ഥാപനങ്ങൾ പ്രോജക്ട് തുക മുഴുവൻ ഏജൻസികൾക്ക് കൈമാറുന്നു. ചില സ്ഥാപനങ്ങൾ ഭാഗികമായി മുൻകൂർ നൽകുന്നു. ഏജൻസികളുമായി കരാർ ഉണ്ടാക്കാത്തതും ഉണ്ടാക്കുന്നകരാറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ താൽപര്യം സംരക്ഷിക്കാൻ വ്യക്തമായ വ്യവസ്ഥകളില്ലാത്തതായും കാണുന്നുണ്ട്. അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രോജക്ടുകളുടെ ശരിയായ നിർവ്വഹ ണത്തിനുതകുന്ന തരത്തിൽ മാർഗ്ഗരേഖ സർക്കാർ തലത്തിൽ തയ്യാറാക്കേണ്ടത് അനിവാര്യമാണ്.

2.8. കേന്ദ്രാവിഷ്കൃത പദ്ധതികൾ - അപാകതകൾ

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി നിരവധി കേന്ദ്രാവിഷ്കൃതപദ്ധതികൾ ആവ ിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെങ്കിലും താൽക്കാലികമായ ചില നേട്ടങ്ങൾക്കുപരി സ്ഥായിയായ ഒരു മാറ്റം സാദ്ധ്യമായിട്ടുണ്ടോയെന്ന് ബോദ്ധ്യപ്പെടാൻ സാധിച്ചിട്ടില്ല. എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഏറ്റെടുക്കപ്പെടുന്ന പല പ്രവൃത്തികളിലും വേതനഘടകവും സാധനഘടകവും വ്യക്തമായി വേർതിരിച്ച് കാണിയ്ക്കാത്തത്മൂലം അനാവശ്യമായി വേതനഘടകം ഉയർത്തി കാ ണിക്കുകയും തദ്വാര ഉയർന്ന സബ്സിഡിയോട്കൂടി ലഭിക്കുന്ന ഭക്ഷ്യധാന്യവിഹിതം ദുരുപയോഗം ചെയ്യപ്പെടുന്നതായും കണ്ടെത്തിയിട്ടുണ്ട്. അർഹതയ്ക്കുപരിയാ യി ഭക്ഷ്യധാന്യംഅനുവദിച്ചതുകൊണ്ട് കേന്ദ്രസർക്കാരിന് വൻ സാമ്പത്തികനഷ്ടം സംഭവിച്ചുകാണുന്നു. കേന്ദ്രാവിഷ്കൃതപദ്ധതികളുടെ നടത്തിപ്പിൽ തദ്ദേശീയ സാഹചര്യങ്ങൾ കണക്കിലെടുക്കപ്പെടുന്നില്ലായെന്ന് കാണുന്നു.

2.9. പൊതുഭരണ മാനേജ്മെന്റ് ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത

അധികാര വികേന്ദ്രീകരണത്തിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുതകുന്ന തരത്തിൽ മനുഷ്യവിഭവശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥ പുനർവിന്യാസപ്രക്രിയ ഇനിയും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. പ്രാദേശിക സർക്കാരുകളായി തദ്ദേശഭരണ സ്ഥാപനങ്ങളെ ഉയർത്തുന്നതിന് ഇത്അത്യന്താേ പക്ഷിതമാണ്. ജോലിയുടെ യുക്തിസഹമായ വിഭജനവും സമയബന്ധിതമായ നിർവ്വഹണവുമാണ് അക്കൗണ്ടബിലിറ്റിയുടെ അടിസ്ഥാനം. സുതാര്യവും, വികസനോന്മുഖവും സേവനതൽപരവുമായ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടാൻ ഉദ്യോഗസ്ഥ പുനർവിന്യാസം പൂർണ്ണതോതിൽതന്നെ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

2.10. പുതിയ അക്കൗണ്ടിംഗ് സംവിധാനം

അധികാര വികേന്ദ്രീകരണത്തിനു മുമ്പ് (1960-ലെ പഞ്ചായത്ത് ആക്ട് പ്രകാരം ഉള്ള പഞ്ചായത്തുകളാണ് നിലവിലുണ്ടായിരുന്നത്) പഞ്ചായത്തുകളുടെ അക്കൗണ്ടിംഗ് കൈകാര്യം ചെയ്തിരുന്നത് 1965-ലെ പഞ്ചായത്ത് അക്കൗണ്ട്സ് റൂൾസ് പ്രകാരം ആയിരുന്നു. എന്നാൽ വിവിധ സ്രോതസ്സുകൾ വഴി പഞ്ചായത്തുകൾക്ക് പണം ലഭ്യമാകാൻ തുടങ്ങിയതോടെ, നിലവിലുണ്ടായിരുന്ന കാഷ്ബുക്ക്, വരവ് രജിസ്റ്റർ, ചെലവ് രജിസ്റ്റർ തുടങ്ങിയവ അപര്യാപ്തമായി ത്തീർന്നു. ഈ പശ്ചാത്തലത്തിലാണ് 01.04.2004 മുതൽ പുതിയ അക്കൗണ്ടിംഗ് സംവിധാനം നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചത്. പഞ്ചായത്തിന്റെ ധനസ്ഥിതിയും വരവുചെലവുകണക്കുകളും ഏതുസമയത്തും കൃത്യമായി അറിയാനും സർക്കാരിലേക്കും ഓഡിറ്റിനും നൽകേണ്ട സ്റ്റേറ്റുമെന്റുകൾ താമസംവിനാ തയ്യാറാക്കുന്നതിനും ഉപയുക്തമായ രീതിയിലാണ് പുതിയ അക്കൗണ്ടിംഗ് ഫോർമാറ്റുകൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഒരു അക്കൗണ്ടിംഗ് രീതി പരിചയപ്പെട്ടുവരുമ്പോൾ പെട്ടെന്ന് അവമാറ്റി പുതിയരീതി അവലംബിക്കുമ്പോൾ അത് ജീവനക്കാരിൽ ആശയക്കുഴപ്പം ഉണ്ടാക്കാറുണ്ട്. പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം അനുസരിച്ചുള്ള ക ാഷ്ബുക്ക് പരിശോധിച്ചതിൽ അവഎഴുതി പരിപാലിക്കുന്നതിൽ ജീവനക്കാർക്ക് ലഭ്യമായ പരിശീലനം കാര്യമായ പ്രയോജനം ചെയ്തതായി കാണുന്നില്ല. ആവശ്യമായ പരിശീലനംനൽകി ജീവനക്കാരെ സജ്ജരാക്കേണ്ടതാണ്.

2.11. തനതുവരുമാനംപിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്തുകൾ/ മുനിസിപ്പൽ/നഗരസഭകൾ ശുഷ്കാന്തി കാണിക്കുന്നില്ല

കേരളത്തിലെ മിക്ക ഗ്രാമപഞ്ചായത്തുകളും മുനിസിപ്പൽ/നഗരസഭകളും അവയുടെ തനതു വരുമാനത്തിന്റെ പ്രധാനഭാഗമായ കെട്ടിടനികുതി, തൊഴിൽനികുതി എന്നിവ കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ പ്രസ്തുത സ്ഥാപനങ്ങളുടെ തനതുവരുമാനത്തിൽ വൻകുറവുണ്ടാകുന്നു. കുടിശ്ശികയാകുന്ന നികുതികൾ യഥാസമയം ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തതുമൂലം സമയപരിധികഴിഞ്ഞവ കാലഹരണപ്പെടുകയും അവ വരുമാനനഷ്ടമായിത്തീരുകയും ചെയ്യുന്നു. നികുതികൾ കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടികൾ അനിവാര്യമാണ്.

2.12. വാർഷികകണക്കുകൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസം

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം /പഞ്ചായത്ത് രാജ് നിയമം എന്നിവ പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് ജൂലായ് 31-നകമാണ് പൂർണ്ണമായ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടത്. എന്നാൽ ഒട്ടുമിക്ക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വാർഷിക കണക്കുകൾ യഥാസമയം ഓഡിറ്റിന് ഹജരാക്കുന്നതിൽ ഗുരുതരമായ കാലതാമസം വരുത്തുന്നുണ്ട്. വാർഷിക കണക്കുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കുവാൻ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 9-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഓഡിറ്റ് നടത്തുന്ന സ്ഥാപനങ്ങളുടെ ബാഹുല്യവും ഓഡിറ്റ് ഉദ്യോഗസ്ഥരുടെ അപര്യാപ്തതയുംമൂലം ആയത് ഫലപ്രദമായി നടപ്പിലാക്കാനാവാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഓഡിറ്റ് കുടിശ്ശിക ഓഡിറ്റിന്റെ പ്രസക്തിയെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ കണക്കുകൾകൃത്യമായി സൂക്ഷിക്കുകയും ഓഡിറ്റിനു ലഭ്യമാക്കുകയും ചെയ്യുക എന്ന കർത്തവ്യം നിറവേറ്റുവാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബാധ്യസ്ഥമാണ്. മുൻവർഷങ്ങളിലെ /വാർഷിക കണക്കുകൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിക്കാനുള്ള വാർഷിക കണക്കുകളുടെ വിവരം

സ്ഥാപനം	സ്ഥാ	2007-08-ൽ സമപ്പിക്കുവാനുണ്ടായിരുന്ന വാർഷിക കണക്കുകളുടെ എണ്ണം (കുടിശ്ശിക ഉൾപ്പെടെ)	2007-08-ൽ സമർപ്പിച്ച വാർഷിക കണക്കുകളുടെ എണ്ണം	2007-08-ൽ വാർഷിക കണക്ക് സമർപ്പിച്ച സ്ഥാ	2007-08-ൽ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളുടെ എണ്ണം	2007-08-ൽ ഓഡിറ്റ് ചെയ്ത കണക്കുകളിന്മേൽ പുറപ്പെടുവിച്ച റിപ്പോർട്ടു കളുടെ എണ്ണം	2007-08-ൽ ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം
ഗ്രാമപഞ്ചായത്ത്	897	2961	2816	847	1820	341	884
ബ്ലോക്ക് പഞ്ചായത്ത്	138	359	178	91	188	41	160
ജില്ലാ പഞ്ചായത്ത്	14	39	22	12	23	8	23
നഗരസഭ	52	193	126	41	64	6	49
ആകെ	**1101**	**3552**	**3142**	**991**	**2095**	**396**	**1116**

2.13. സർക്കാരിനും ഇതര സ്ഥാപനങ്ങൾക്കുമായി ശേഖരിച്ച തുക - അടയ്ക്കുവാൻ കുടിശ്ശിക നിൽക്കുന്നത്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആദായനികുതി വിൽപ്പന നികുതി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം, ഗ്രന്ഥശാലാവരി എന്നീയിനങ്ങളിൽ ശേഖരിച്ച തുകകൾ കേന്ദ്ര സംസ്ഥാന

സർക്കാരുകൾ, ക്ഷേമനിധി ബോർഡ്, ലൈബ്രറി കൗൺസിൽ എന്നിവയിലേയ്ക്ക് യഥാസമയം അടവാക്കുന്നതിൽ വീഴ്ചവരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2007-08-ൽ പുറപ്പെടുവിച്ച 1258 ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം 15,40,02,669/-രൂപ കുടിശ്ശികയാണ്. വിശദവിവരം പട്ടികയിൽ ചേർക്കുന്നു.

ഓഡിറ്റ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ കേന്ദ്ര – സംസ്ഥാന സർക്കാരുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും അടയ്ക്കുവാനുള്ള തുകയുടെ വിവരം.

ക്രമ നമ്പർ	സ്ഥാപനം	പരിശോധിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ എണ്ണം	സംസ്ഥാന സർക്കാർ (ഓഡിറ്റ് ഫീ ഒഴികെ)	കേന്ദ്ര സർക്കാർ	ഗ്രന്ഥശാലാവരി	നിർമ്മാണത്തൊഴിലാളി ക്ഷേമനിധി	മറ്റിനം	ആകെ
1	ഗ്രാമപഞ്ചായത്ത്	733	26657911	7147796	26909477	8502970	4990830	74208984
2	ബ്ലോക്ക് പഞ്ചായത്ത്	108	3737024	486979	ഇല്ല	714750	ഇല്ല	4938753
3	ജില്ലാ പഞ്ചായത്ത്	19	5083342	1162420	ഇല്ല	1774872	ഇല്ല	8020634
4	നഗരസഭ	81	5555917	3994158	44449392	2908011	5237545	62145023
5	സർവ്വകലാശാല	6	61660	2388449	ഇല്ല	425218	ഇല്ല	2875327
6	മറ്റു സ്ഥാപനങ്ങൾ	311	71010	1452299	ഇല്ല	276427	14212	1813948
	ആകെ	**1258**	**41166864**	**16632101**	**71358869**	**14602248**	**10242587**	**154002669**

2.14. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഒരു സ്ഥാപനത്തിന്റെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിനുശേഷം ആ സ്റ്റേറ്റ്മെന്റി നെപ്പറ്റി ഒരുഅഭിപ്രായവും ഒരു റിപ്പോർട്ടും തയ്യാറാക്കേണ്ടത് ഓഡിറ്ററുടെ ഉത്തരവാദിത്തമാണ്. ഇപ്രകാരം തയ്യാറാക്കുന്ന അഭിപ്രായം 'ഓഡിറ്റ് സർട്ടിഫിക്കറ്റ്' എന്ന പേരിൽ ബന്ധപ്പെട്ട സ്ഥാപന ത്തിന് നൽകുന്നു. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇന്ന് ലഭിക്കുന്ന സർക്കാർ ധനസഹായത്തിൽ ചില ഗ്രാന്റുകൾക്ക് മാത്രമാണ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ബാധകമായിട്ടുള്ളത്. പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം തുടങ്ങിയ ഭൂരിഭാഗം സഹായങ്ങൾക്കും ഓഡിറ്റ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. ഗ്രാന്റ് വിനിയോഗിച്ചതായുള്ള കാര്യനിർവ്വഹണ അധികാരിയുടെ സാക്ഷ്യ പത്രത്തിന്മേൽ പുനർ ധനസഹായം നൽകുകയാണ് നിലവിലെരീതി. തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങൾക്ക് ലഭിക്കുന്ന എല്ലാ ധനസഹായങ്ങൾക്കും ഓഡിറ്റ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ ധനസഹായ വിനിയോഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാവുകയുള്ളൂ. രജിസ്റ്ററുകളും രേഖകളും കൂടുതൽ സൂക്ഷ്മതയോടെയും കൃത്യതയോടെയും തയ്യാറാക്കുവാൻ ഈ നടപടിയിലൂടെ സാധിക്കും.

2.15. ലോക്കൽഫണ്ട് ഓഡിറ്റ് അക്കൗണ്ട്സ് കമ്മിറ്റിയും സമാഹൃത

ഓഡിറ്റ് റിപ്പോർട്ടും

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ധനകാര്യ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി യാണ് 'ലോക്കൽ ഫണ്ട് അക്കൗണ്ട്സ് നിയമസഭാ കമ്മിറ്റി' രൂപീകരിക്കപ്പെട്ടത്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിയമസഭയ്ക്ക് സമർപ്പിക്കുന്ന സമാഹൃത ഓഡിറ്റ് റിപ്പോർട്ടാണ് കമ്മിറ്റി പ്രധാനമായും പരിഗണിക്കുന്നത്. സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ശക്തവും കാര്യക്ഷമവുമായ തുടർ നടപടികൾ ഇതിനാൽ സാധ്യമാകുന്നുണ്ട്.

ശ്രീ.എൻ.അനിരുദ്ധൻ എം.എൽ.എ അദ്ധ്യക്ഷനായ കമ്മിറ്റിയാണ് ഈ റിപ്പോർട്ട് വർഷം നിലവിലുള്ളത്.

2.16. ആഡിറ്റ് റിപ്പോർട്ടും തുടർനടപടിയും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സെക്രട്ടറിമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടേയും നിർവഹണ ഉദ്യോഗസ്ഥരുടേയും സ്ഥിരംമേൽവിലാസം ലഭ്യമാക്കാത്തത് ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നത് തടസ്സപ്പെടുത്തുന്നുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലും സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടേയും മറ്റ് നിർവ്വഹ ണ ഉദ്യോഗസ്ഥരുടെയും സ്ഥിരമേൽവിലാസം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നതിന് ഭരണതലത്തിൽ നിർദ്ദേശം ഉണ്ടാകേ ണ്ടതുണ്ട്. ചെലവിന് ഉത്തരവാദികളായ അധികാരികളും മറ്റ് ഉദ്യോഗസ്ഥരും ആഡിറ്റ് സമയത്ത് സ്ഥലം മാറിപ്പോവുകയോ വിരമിക്കുകയോ ചെയ്തിട്ടുണ്ടാകാം. തങ്ങളുടെ കാലയളവിലുള്ളതല്ലായെന്ന കാരണത്താൽ ഓഡിറ്റിന്, രേഖകൾ ഹാജരാക്കുന്നതിൽ നിലവിലുള്ള ഉദ്യോഗസ്ഥർകാട്ടുന്ന ഉപേക്ഷ ഓഡിറ്റിന് വളരെയേറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. വൗച്ചറുകളും രേഖകളും ഹാജരാക്കുന്നതി ലുള്ള വീഴ്ചയും കാലതാമസവും, സമയപരിധിക്കുള്ളിൽ തൃപ്തികരമായി ഓഡിറ്റ് പൂർത്തീകരി ക്കുന്നതിന് തടസ്സമാണ്. അതുപോലെ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനും സമയപരിധിക്കുള്ളിൽ ഓഡിറ്റ് റിപ്പോർട്ടിന്മേൽ അനന്തര നടപടികൾ സ്വീകരി ക്കുന്നതിനും നിലവിലുള്ള സെക്രട്ടറിമാർ യാതൊരു താൽപ്പര്യവും കാണിക്കുന്നില്ല. ഇതുമൂലം ഉത്തരവാദിയായ ഉദ്യോഗസ്ഥർക്ക് ഓഡിറ്റ് പരാമർശങ്ങളിന്മേൽ സമയപരിധിക്കുള്ളിൽ മറുപടി നൽകുന്നതിനും മറ്റും കഴിയുന്നില്ല. ഓഡിറ്റിന് വൗച്ചറുകളും രേഖകളും ഹാജരാക്കുന്നതിനും ഓഡിറ്റ് റിപ്പോർട്ടിന്മേൽഅനന്തര നടപടികൾ സ്വീകരിക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനും നടപടി സ്വ ീകരിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പു തലത്തിൽ ശിക്ഷണനടപടികൾ സ്വീകരിക്കാനും ചട്ടങ്ങളിലും നിയമങ്ങളിലും ആവശ്യമായ ഭേദഗതികൾ ഉണ്ടാകേണ്ടത് ഇപ്പോഴത്തെ പ്രതിസന്ധി പരിഹരിക്കുന്നതിന് വളരെ അനിവാര്യമാണ്.

★★★

ഓഡിറ്റ് നിരീക്ഷണങ്ങൾ - ത്രിതല പഞ്ചായത്തുകൾ

3.1. ലക്ഷങ്ങൾ ചെലവഴിച്ചിട്ടും; പൂർത്തീകരിക്കാത്ത; ലക്ഷ്യം നിറവേറ്റാത്ത; പദ്ധതികളെ സംബന്ധിച്ചുള്ള പൊതു നിരീക്ഷണം

1998 – 99 മുതൽ 2005 – 06 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകളിൽ പൊതുവായി കാണപ്പെട്ടിട്ടുള്ള ഓഡിറ്റ് നിരീക്ഷണം ക്രോഡീകരിച്ച് താഴെകൊടുക്കുന്നു

ക്രമ നം.	ഓ. റി. വർഷം	ഖ. നം	സ്ഥാപന ത്തിന്റെ പേര്	ചെലവ ഴിച്ച തുക	പദ്ധതിയുടെ സംക്ഷിപ്ത വിവരണം.
(1)	(2)	(3)	(4)	(5)	(6)
തിരുവനന്തപുരം ജില്ല.					
1	2003-04	3-10	പുളിമാത്ത് ഗ്രാമ പഞ്ചായത്ത്	1436854	കാരേറ്റ് ബസ് സ്റ്റാന്റ് നിർമ്മാണം 2000 ഓഗസ്റ്റ് 8-ന് ഉദ്ഘാടനം ചെയ്തു. RTA അംഗീകാരം ലഭിച്ചു. പ്രവർത്തനരഹിത മായ ബസ്സ്റ്റാന്റ് ഒരിക്കൽകൂടി ടാർ ചെയ്തു. 4 ലക്ഷം രൂപ ദുർവിനിയോഗം നടത്തി. പദ്ധതി സഫലമായിട്ടില്ല
2	2004-05	3-15	വർക്കല ബ്ലോക്ക് പഞ്ചായത്ത്	538237	ചെറുന്നിയൂർ പഞ്ചായത്തിലെ ശിവൻനട ശുദ്ധജല വിതരണപദ്ധതി-99-2000-ൽ പൂർത്തീകരിക്കേണ്ട പദ്ധതി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആദ്യ കൺവീനർ 384688/- രൂപ കൈപ്പറ്റി. 2000-01 ൽ പണി ഉപേക്ഷിച്ചുപോയി. പുതിയ കൺ വീനറെ 02-03-ൽ നിയമിച്ചുവെങ്കിലും 04-05 നുശേഷം പണി പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്.
കൊല്ലം ജില്ല					
3	98-99 മുതൽ 2004-05	3-26	ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്	92397	പൊതു ഞാറ്റടി തയ്യാറാക്കലും ട്രാൻസ് പ്ലാന്റർ എന്ന യന്ത്രമുപയോഗിച്ച് പറിച്ച് നടീലും എന്ന പദ്ധതിക്ക് ഉപകരണം വാങ്ങൽ - റെയ്ഡ്കോക്ക് 92397/-രൂപ നൽകി. യന്ത്രസാമഗ്രികൾ ഉപയോഗി ക്കാതെ സ്റ്റോർറൂമിൽ തുരുമ്പെടുത്തു നശിക്കുന്നു. തുകപാഴായി. ആധുനിക വൽക്കരണത്തിലൂടെ നെൽകൃഷി ലാഭക രമാക്കുക എന്ന പദ്ധതി സഫലമായില്ല.

പത്തനംതിട്ട ജില്ല					
4	2002-03	2-8	പ്രമാടം ഗ്രാമ പഞ്ചായത്ത്	1291756	തട്ടക്കുന്ന് പ്രദേശത്ത് ജലസേചനം ഏർപ്പെടുത്താൻ ലക്ഷ്യമിട്ട് 98-99-ൽ പദ്ധതി ആരംഭിച്ചു. 2001-02 വരെ തുടർച്ചയായി പീസ്മീൽ രീതിയിൽ പണി നിർവ്വഹിച്ചു. 700 മീറ്റർ പൈപ്പു ലൈനും, ജലവിതരണ പൈപ്പും പമ്പുസെറ്റും സ്ഥാപിക്കാൻ ശേഷിക്കുന്നു. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.
ആലപ്പുഴ ജില്ല					
5	2004-05	3-1	ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത്	146000	ഉളവുകാട് നെല്ലുല്പാദക സമിതിയുടെ 200 ഏക്കർ പുഞ്ചപ്പാടം കൃഷിയോഗ്യമാക്കുന്നതിന് 40 H.P മോട്ടോർ വാങ്ങുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസിന് നൽകാൻ തുക പിൻവലിച്ചിട്ടുണ്ട്. മോട്ടോറും പെട്ടിയും ലഭിച്ചതായോ അവ സമിതിക്ക് കൈമാറിയതായോ കൃഷി ഇറക്കി നെല്ലുൽപാദനം വർദ്ധിപ്പിച്ചതായോ രേഖകളില്ല. പദ്ധതി സഫലീകരിച്ചിട്ടില്ല.
6	2005-06	3-1	തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്	14416350	2003-04, 04-05, 05-06 വർഷങ്ങളിൽ ഐ.എ.വൈ.സ്കീമുമായി ചേർന്ന് 378 വീടുകൾ നിർമ്മാണത്തിന് മൊത്തം 14416350/-രൂപ ചെലവഴിച്ചു. 267 വീടുകൾ മാത്രമെ പൂർത്തീകരിച്ചുള്ളൂ. പദ്ധതി ശരിയാം വിധം മോണിറ്ററിംഗ് നടത്തിയില്ല. രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ഭൗതിക ലക്ഷ്യം 30% സാക്ഷാൽക്കരിക്കപ്പെട്ടിട്ടില്ല.
7	2005-06	3.16 (എ)	മുതുകുളം ബ്ലോക്ക് പഞ്ചായ്ത്ത്	310000	മുതുകുളം പി.എച്ച്.സി.യിൽ ഒരു വനിതാവാർഡു നിർമ്മിക്കുന്നതിനായി 1999-2000-ൽ2,20,000/-രൂപ, 2000-01-ൽ 2,30,000/-രൂപ വകയിരുത്തി 31.03.2000 വരെ 3,10,000/-രൂപ ചെലവഴിച്ചു. (കൺവീനർ) 30.01.07വരെ പണി പൂർത്തീകരിച്ചില്ല. റൂഫ് വാർത്ത് ഭിത്തി ഭാഗികമായി തേച്ചനിലയിലാണ്. മൂല്യനിർണ്ണയം നടത്തിയതായി തെളിവില്ല. കെട്ടിടം നശിച്ചുകൊണ്ടിരിക്കുകയാണ്.
8	2003-04	2.10	താമരക്കുളം ഗ്രാമ പഞ്ചായത്ത്	912305	24.03.99-ൽ ആരംഭിച്ചഅഞ്ച് പ്രവൃത്തികൾക്ക് മൊത്തം 9,12,305/-രൂപ നിർമ്മിതി കേന്ദ്രം പ്രോജക്ട് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. (3/99 മുതൽ 3/04 വരെ) 3/04-ൽ പൂർത്തീകരിച്ച അറവുശാല നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

					പരിസ്ഥിതി നിയന്ത്രണബോർഡിന്റെയും മെഡിക്കൽ ബോർഡിന്റെയും അനുമതി ലഭിച്ചിട്ടില്ല. മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സൗകര്യം കണക്കിലെടുത്തിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല
9	2004-05	3.13	ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്	198051	ഓഫീസ് മെയിന്റനൻസും കമ്പ്യൂട്ടർ റൂം നവീകരണവും - കോൺട്രാക്ടർക്ക് 40579/-രൂപ അധികം നൽകി, വൈദ്യുതീ കരണം നടത്തിയതായി അളവു പുസ്ത കത്തിൽ രേഖപ്പെടുത്തിയെങ്കിലും പദ്ധതി പൂർത്തീകരണം സംബന്ധിച്ച സാക്ഷ്യ പ്പെടുത്തലുകൾ ഇല്ല.
10	2004-05	2.4	കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്	20,900	പരമ്പരാഗത കരകൗശല നിർമ്മാണ യൂണിറ്റ് എന്ന പദ്ധതിപ്രകാരം വർണാമാറ്റ് ആന്റ് വീവിംഗ് യൂണിറ്റ് എന്ന സ്ഥാപന ത്തിന് നൽകിയതുകയുടെ ചെലവ് രേഖ കളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. വീവിംഗ് യൂണിറ്റ് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ തുകയുടെ കൈപ്പറ്റ് രസീത് മാത്രം ലഭ്യമാക്കി. പദ്ധതിലക്ഷ്യം കൈവ രിക്കപ്പെട്ടു എന്നുള്ളതിന് യാതൊരു തെളിവുമില്ല. ചെലവ് തടസ്സപ്പെടു ത്തുന്നു.
11	2002-03	2(4)	അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്	10400	സന്ധ്യാബാംബൂ വർക്സ് എന്ന സ്ഥാപന ത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന തിനും സംഘാംഗങ്ങൾക്ക് തൊഴിൽ ഉറപ്പു വരുത്തി സാമ്പത്തിക സ്ഥിതി മെച്ചപ്പെടു ത്തുന്നതിനുമായി ആവിഷ്കരിച്ച ടി പദ്ധതിക്ക് പ്രസിഡന്റിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, തുക പിൻവലിച്ചു. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല. ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയംസഹായ സംഘ ങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പ് ഉൾപ്പെട്ടിട്ടില്ല. ഗ്രേഡിംഗ് നടത്തിയിട്ടില്ല. പദ്ധതി ഉദ്ദേശ്യലക്ഷ്യം കൈവരിച്ചതായി തെളിവുകളില്ല.
12	2004-05	3.7	മുതുകുളം ബ്ലോക്ക് പഞ്ചായത്ത്	1,63,200	ബിരുദധാരികളായ 17 പട്ടികജാതി വനിത കൾക്ക് പി.ജി.ഡി.സി.എ വിദ്യാഭ്യാസം നൽകുന്നതിനായി നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം പരിശീലനം നൽകിയ സ്ഥാപനങ്ങൾക്ക് പി.ജി.ഡി.സി.എ. കോഴ്സ് നടത്തുന്നതിന് അംഗീകാര മുണ്ടെന്നതിന് രേഖകളില്ല. മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ ലെറ്റർപാഡിൽ

					തയ്യാറാക്കിയിരിക്കുന്ന കോഴ്സ് സർട്ടിഫിക്കറ്റുകൾ പരിശീലനം സിദ്ധിച്ച വിദ്യാർത്ഥികൾ കൈപ്പറ്റിയിട്ടില്ല. മേൽ അപാകതകളിൽനിന്നും പരിശീലനം നൽകിയ സ്ഥാപനങ്ങളുടെ സംശുദ്ധി ചോദ്യം ചെയ്യപ്പെടുന്നു. പദ്ധതി പണം പാഴായതായി വിലയിരുത്തുന്നു.
13	2005-06	3.4	തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്	29,000	പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം 20 വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ പരിശീലനം പൂർത്തീകരിക്കുകയോ പരീക്ഷനടത്തി സർട്ടിഫിക്കറ്റ് വിതരണം നടത്തുകയോ ചെയ്തിട്ടില്ല. മോണിറ്ററിംഗ് സമിതി പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തിയിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കാതെ തുക പാഴായി.
14	2005-06	3.8	ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്	1,48,000	വനിതകൾക്ക് ഫേബ്രിക് പെയിന്റിംഗിലും ഇലക്ട്രിക് എംബ്രോയിഡറിയിലും പരിശീലനം നൽകുന്നതിന് ലക്ഷ്യമിട്ട പദ്ധതി പ്രകാരം 48 വനിതകൾക്ക് ഫേബ്രിക് പെയിന്റിംഗിലും 50 വനിതകൾക്ക് ഇലക്ട്രിക് എംബ്രോയി ഡറിയിലും പരിശീലനം നൽകിപദ്ധതി ഭാരത് സേവക് സമാജ് എന്ന സ്ഥാപനം മുഖേന നിർവ്വഹിച്ചതിന് സർക്കാരിന്റെ പ്രത്യേക അനുമതി നേടിയിട്ടില്ല. ഗുണഭോക്താക്കളെ ഗ്രാമസഭവഴി തെരഞ്ഞെടുത്തിട്ടില്ല. പരിശീലനം നൽകിയെന്നതിന് ആധാരമായി മാസം/വർഷം എന്നിവയൊന്നും രേഖപ്പെടുത്താത്ത ഒരു ഹജർ ഷീറ്റിന്റെ ഫോട്ടോകോപ്പി മാത്രമാണ് ഹജരാ ക്കിയിരിക്കുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിനും സർട്ടിഫിക്കറ്റ് നൽകിയതിനും രേഖകളില്ല.
15	2004-05	2(9)	മാവേലിക്കര-താമരക്കുളം	96,380	വനിതാ കാന്റീൻ നിർമ്മാണം എന്ന പദ്ധതി പ്രകാരം കെട്ടിടനിർമ്മാണം പൂർത്തിയാക്കി രണ്ടുവർഷം കഴിഞ്ഞിട്ടും പദ്ധതി വിഭാവനം ചെയ്തിരുന്ന പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയോ, കാന്റീൻ നടത്തുന്നതിന്അനിവ ാര്യമായ വെള്ളവും വൈദ്യുതിയും ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പദ്ധതിപണം വിനിയോഗിച്ചത് ലക്ഷ്യം കൈവരിച്ചിട്ടില്ല.

16	2004-05	2(10)	മാവേലിക്കര-താമരക്കുളം	2,06,250	പരിശീലനം നൽകിയ സ്ഥാപനം അംഗീകാരമുള്ളതാണെന്നതിനും നൽകിയ കോഴ്സിന് സർക്കാർ അംഗീകാരം നൽകിയതാണെന്നതിനും രേഖകളില്ല. കരാർ വ്യവസ്ഥകൾ പ്രകാരം സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന കമ്പ്യൂട്ടറുകളുടെയും അനു ബന്ധ സാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടില്ല. പരിശീലന പരിപാടിയിൽ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ള 151 കുട്ടികളുടെയും കോഴ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. പദ്ധതി ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടില്ല.
17	2004-05	2(7)	കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്	35,000	കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതി (അക്ഷയ കമ്പ്യൂട്ടർ സെന്റർ) 5 വ്യക്തികൾക്ക് മാത്രമായി പരിമിതപ്പെടുത്തി. കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും ലഭ്യമാക്കിയതിനോ, അവ ഉപയോഗിച്ച് കമ്പ്യൂട്ടർ സെന്റർ പ്രവർത്തനം ആരംഭിച്ചതിനോ രേഖകളില്ല.
18	2004-05	2(9)	കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്	65,000	വ്യാപകമായ പരസ്യം നൽകിയിട്ടും പദ്ധതിയുടെ നിർവ്വഹണത്തിനുള്ള ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നത് കുടുംബശ്രീ യൂണിറ്റിലെ ഒരംഗത്തിന്റേത് തന്നെയാണ്. ക്വട്ടേഷൻ അംഗീകരിച്ച വ്യക്തിയ്ക്ക ല്ല കോഴിക്കുഞ്ഞുങ്ങളെ നൽകിയിരിക്കുന്നത്. പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ സാമ്പത്തികാഭിവൃദ്ധി ഉണ്ടായെന്ന് തെളിയിക്കുന്ന രേഖകളില്ല.
19	2004-05	2.14	കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത്	16,800	പദ്ധതി നിർവ്വഹണത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾബാങ്ക്വായ്പ എന്നിവ ഉറപ്പാക്കിയതായി രേഖയില്ല. ആടുകളെ വാങ്ങിയതിന്റെ രേഖകളില്ല. പദ്ധതിക്കായി പണം ചെലവഴിക്കപ്പെട്ടതിന് വളരെനാളുകൾക്കു ശേഷംമാത്രം നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ടതായാണ് രേഖകൾ. പദ്ധതിയുടെ സംശുദ്ധി ഓഡിറ്റിൽ സംശയിക്കുന്നു.
20	2005-06	3-40	ആലപ്പുഴ ജില്ലാ പഞ്ചായത്ത്	980000	പട്ടികജാതി വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകുന്നതിനായി 2004-05-ലും 2005-06-ലും 9.8 ലക്ഷം രൂപ പദ്ധതി വിഹിതം ചെലവഴിച്ചു നടപ്പാക്കിയ പദ്ധതി ലക്ഷ്യം കണ്ടില്ല. ഉയർന്ന മാർക്കു

					നേടി 4-ാം ക്ലാസ് വിജയിച്ച ഇരു പ്രതു വിദ്യാർത്ഥികൾക്ക് റസിഡൻഷ്യൽ രീതിയിൽ വിദ്യാഭ്യാസം നൽകുകയായിരുന്നു ലക്ഷ്യം. ഇതിനായി കറ്റാനം ബഥനി ആശ്രമത്തെയും ഹ്രെപ്പ് പ്രയസ് സ്കൂളിനെയും തെരഞ്ഞെടുത്തു. കുട്ടികളെ യഥാസമയം തെരഞ്ഞെടുത്തു നൽകാതിരുന്നതാണ് പ്രദ്ധതി പ്രരാജയപ്പെടാൻ കാരണം. 28.11.00-ലെ4 9691/പി(3)2000 തസ്വഭവ സർക്കുലറിന്റെ നിർദ്ദേശത്തിന് വിരുദ്ധമാണ്.
തൃശ്ശൂർ ജില്ല					
21	98-99	3-6(എ) & (ബി)	ചൊവ്വന്നൂർ ബ്ലോക്ക് പ്രഞ്ചായത്ത്	35000	ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി 35000/-രൂപ വീതം നൽകാൻ തീരുമാനിച്ചു. ചിലർ മുഴുവൻതുക കൈപ്പറ്റിയിട്ടില്ല. തുക മുഴുവൻ കൈപ്പറ്റിയവർ പ്രണിപൂർത്തീകരിച്ചിട്ടില്ല. രേഖകൾ ഹാജരാക്കിയില്ല.
22	99-00	2.(21)	തൃശ്ശൂർ ജില്ലാ പ്രഞ്ചായത്ത്	2.45 കോടി	ആശീർവാദ് റൈസ്പാർക്ക് 2.45 കോടി രൂപ മുടക്കി (ചേലക്കരയിൽ) ആരംഭിച്ചു. ഉല്പാദനക്ഷമത കൈവരിക്കാത്തതു മൂലം സെപ്തംബർ 2005 മുതൽ പ്രവർത്തനം നിർത്തി വെച്ചിരിക്കുന്നു. 4/06 മുതലുള്ള കറന്റ് ബില്ല് കുടിശ്ശികയുണ്ട്.
പാലക്കാട് ജില്ല					
23	2005-06	3-1	തരൂർ ഗ്രാമ പഞ്ചായത്ത്	743238	16 പട്ടികജാതി കുടുംബങ്ങൾക്ക് 25 സെന്റ് കൃഷിഭൂമി വീതം പാട്ടത്തിനു നൽകി കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് 3.61 ഏക്കർ കൃഷിഭൂമി 6,69,238/-രൂപയ്ക്കു വാങ്ങി 74,000/-രൂപ ചെലവഴിച്ച് കമ്പിവേലികെട്ടി. കൃഷിഭൂമി നാളിതുവരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല. പദ്ധതി ലക്ഷ്യം കണ്ടില്ല.
24	2003-04 2005-06	3.2 3.2	കൊല്ലംകോട് ബ്ലോക്ക് പ്രഞ്ചായത്ത്	461468 1125000	1. 20 ഓളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കുടി വെള്ളം നൽകുന്ന പ്രണിക്ക് 7 ലക്ഷംരൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രറമ്പിക്കുളംവൈൽഡ് ലൈഫ് വാർഡന് നൽകി. 65000 ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കും പൈപ്പ് ലൈൻ സ്ഥാപിക്കലും പൂർത്തിയാക്കി. വൈദ്യുതി കണക്ഷൻ ലഭിച്ചില്ല. 98-99-ൽ ആരംഭിച്ച പ്രണി ലക്ഷ്യം കണ്ടില്ല.

					2. തേക്കടി മുപ്പതേക്കർ കോളനിയിൽ 15 ആദിവാസികൾക്ക് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതിക്ക് 11,25,000/-രൂപ നെന്മാറ ഡി.എഫ്.ഒ.യ്ക്ക് അനുവദിച്ചെങ്കിലും (31.03.05ൽ) പദ്ധതി പൂർത്തീകരിച്ചിട്ടില്ല.
മലപ്പുറം ജില്ല					
25	2004-05	3(52)	മലപ്പുറം ജില്ലാ പഞ്ചായത്ത്	360000	വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള പ്രോജക്ടിൽ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ 7-ാം തരം തുല്യതാപഠിതാക്കളിൽ 5000 പേർക്ക് 72 രൂപ നിരക്കിൽ ഓരോ സെറ്റ് പുസ്തകം നൽകുക എന്നതാണ് പ്രോജക്ട്. 31.03.05-ൽ തുക്കഅനുവദിച്ചുനൽകി. എന്നാൽ പ്രവർത്തന കലണ്ടർ പ്രകാരമുള്ള ക്ലാസുകൾ നടത്തിയില്ല. പ്രോജക്ട് ലക്ഷ്യം കണ്ടില്ല.
26	2004-05	3(16)	മലപ്പുറം ജില്ലാ പഞ്ചായത്ത്	372321	മരവന്ത ഐ.എച്ച്.ഡി.പി. കോളനി കുടിവെള്ള പദ്ധതി - പാർട്ടുബില്ലിൽ നിന്നും പൈപ്പ് സ്ഥാപിക്കുന്ന പ്രവർത്തി മാത്രമേ നടന്നിട്ടുള്ളൂ.
27	2004-05	3(17)	മലപ്പുറം ജില്ലാ പഞ്ചായത്ത്	100000	കുറ്റൂർ നോർത്ത് അരീ ക്കാട്ടുപറമ്പ് കുടിവെള്ള പദ്ധതി - മുൻകൂർ കൈപ്പറ്റിയതല്ലാതെ പ്രവർത്തിയിൽ ഒരു പുരോഗതിയുമില്ല.
28	2004-05	3(20)	മലപ്പുറം ജില്ലാ പഞ്ചായത്ത്	463414	കുട്ടശ്ശേരികുളം പട്ടികജാതി കോളനി കുടിവെള്ള പദ്ധതി -പമ്പ്ഹൗസ് വയറിംഗ് നടത്തി മോട്ടോർ സ്ഥാപിക്കാൻ നടപടി സ്വീകരി ച്ചിട്ടില്ല.
29	2004-05	3(21)	മലപ്പുറം ജില്ലാ പഞ്ചായത്ത്	100000	പാക്കടപ്പുറായ കുടിവെള്ള പദ്ധതി-കുടിവെള്ള പദ്ധതിയ്ക്ക് കിണർ കുഴിക്കേണ്ട സ്ഥലം ഏതെന്ന് ഉറപ്പിക്കുന്നതിന് മുമ്പ് മുൻകൂർ നൽകി.
30	2004-05	3(21) എ	മലപ്പുറം ജില്ലാ പഞ്ചായത്ത്	100000	ഓവുങ്ങൽമാട് കുടിവെള്ള പദ്ധതി - പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടിയെടുത്തില്ല.
31	2004-05	3(23)	മലപ്പുറം ജില്ലാ പഞ്ചായത്ത്	146764	ഗണപതിക്കാവ് ഇറിഗേഷൻ പദ്ധതി - കിണർ, പമ്പ്ഹൗസ് എന്നിവമാത്രം ഭാഗികമായി പൂർത്തിയാക്കി. മറ്റു പ്രവൃത്തികൾ ചെയ്തിട്ടില്ല.
32	2004-05	3(24)	മലപ്പുറം ജില്ലാ പഞ്ചായത്ത്	468795	എരുമപ്പുഴ പുത്തൻപള്ളി ലക്ഷംവീട് കോളനി കുടിവെള്ള പദ്ധതി - മോട്ടോർ സ്ഥാപിക്കുകയോ വൈദ്യുതീകരണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

33	2004-05	3(25)	മലപ്പുറം ജില്ലാ പഞ്ചായത്ത്	800000	തിരുനാരായണപുരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി - പുലാമന്തോൾ ഗ്രാമപഞ്ചായത്തുമായി സംയോജിപ്പിച്ചുകൊണ്ട് തയ്യാറാക്കിയ പദ്ധതി പൂർത്തീകരിക്കുന്നതിനു മുമ്പ് ജില്ലാ പഞ്ചായത്ത് വിഹിതം നൽകി.
34	2004-05	3(28)	മലപ്പുറം ജില്ലാ പഞ്ചായത്ത്	274411	വറ്റല്ലൂർ കുടിവെള്ള പദ്ധതി - കിണറും പൈപ്പ് ലൈൻ പ്രവർത്തിയും പൂർത്തിയാക്കി. തുടർനടപടി സ്വീകരിച്ചിട്ടില്ല.
35	2004-05	3(29)	മലപ്പുറം ജില്ലാ പഞ്ചായത്ത്	553567	രാങ്ങാട്ടൂർ സമഗ്ര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.
36	2004-05	3(30)	മലപ്പുറം ജില്ലാ പഞ്ചായത്ത്	390232	എരിക്കോട് ആസ്ഥാന കുടിവെള്ള പദ്ധതി - പൈപ്പുലൈൻ സ്ഥാപിക്കുക എന്ന പ്രവൃത്തി മാത്രം ചെയ്തു. പമ്പ് ഹൗസ് നിർമ്മാണം, വൈദ്യുതീകരണം, ജലലഭ്യത ഉറപ്പാക്കൽ എന്നിവ ചെയ്തിട്ടില്ല.
37	2004-05	3(31)	മലപ്പുറം ജില്ലാ പഞ്ചായത്ത്	434233+ 15300	ഉണ്ണ്യാൽ കുടിവെള്ള പദ്ധതി -വൈദ്യുതീകരണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.
38	2004-05	3(32)	മലപ്പുറം ജില്ലാ പഞ്ചായത്ത്	353772 + 46400	വാഴക്കുന്ന് മിനിവാട്ടർ സപ്ലൈ സ്കീം - 99-00-ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെയായിട്ടും പൂർത്തിയായിട്ടില്ല.
39	2004-05	3(89)	മലപ്പുറം ജില്ലാ പഞ്ചായത്ത്	216000+ 310.90 ക്വിന്റൽ ഭക്ഷ്യ ധാന്യം	എസ്.ജി.ആർ.വൈ - 8 പ്രവൃത്തികൾ - മുൻകൂറും, ഭക്ഷ്യധാന്യവും കൈപ്പറ്റിയിട്ടുണ്ട്. ഒരു പ്രവൃത്തി ഉപേക്ഷിച്ചുവെങ്കിലും മുൻകൂർ 50,000/-തിരികെ ഈടാക്കിയിട്ടില്ല.
40	2001-02	2(3)	പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്	1,40,000	കണ്ണേങ്കായൽ ബണ്ടിംഗ് നിർമ്മാണത്തിന് മുൻകൂർ നൽകിയ തുക തിരിച്ചടവാക്കുകയോ പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല.
41	2001-02	2(7)	പൊന്നാനി ബ്ലോക്ക് പഞ്ചായത്ത്	16,17,513	തൊഴിലുറപ്പു പദ്ധതിയിൽ 7 പ്രവർത്തികൾക്കായി നൽകിയ തുകയ്ക്കർഹമായ ഫൈനൽബില്ലും പൂർത്തീകരണ വിവരവും ലഭ്യമായിട്ടില്ല.
42	2005-06	3(6)	മങ്കട ബ്ലോക്ക് പഞ്ചായത്ത്	1,09,900	3 പ്രവർത്തികൾക്ക് നൽകിയ മുൻകൂറുകൾ റവന്യൂറിക്കവറി മുഖേന ഈടാക്കാൻ നടപടി സ്വീകരിച്ചില്ല.
43	2000-01	2(3)	പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്	1,03,700	4 പ്രവർത്തികൾ പൂർത്തീകരിക്കാത്തതിനാൽ റവന്യൂറിക്കവറി നടപടി പൂർത്തിയാക്കേണ്ടതാണ്.
44	2005-06	3(1)	നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്	50,000	കുതിരപ്പുഴ സൈഡ് സംരക്ഷണം. മുൻകൂർ കൈപ്പറ്റി പ്രവൃത്തി ആരംഭിച്ചിട്ടില്ല.

45	1999-00 (ചെലവ്)	2(7)	വണ്ടൂർ ബ്ലോക്ക്	91,000	6 പ്രവൃത്തികൾക്ക് നൽകിയ മുൻകൂറുകൾ ഈടാക്കാൻ ആർ.ആർ.നടപടി സ്വീകരി ച്ചിട്ടില്ല.
46	2005-06	3(3)	പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്	27,02,535	20 പ്രവൃത്തികൾക്ക് 99-00 മുതൽ 01-02 വരെ നൽകിയ മുൻകൂർ
47	2005-06	3(4)	പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്	1,10,000	2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി ആർ.ആർ.നടപടി വിവരം ലഭ്യമല്ല.
48	2003-04	3.4	പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്	1,50,000	കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണം 2007-ലും പൂർത്തിയാക്കിയിട്ടില്ല.
49	1999-00	2(19)	വണ്ടൂർ ബ്ലോക്ക് പഞ്ചായത്ത്	80,000	ശുദ്ധജലപദ്ധതി - കെയ്കോയിൽ തുക ഡെപ്പോസിറ്റ് ചെയ്തു. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ രേഖകളില്ല.
50	2001-02	2(11) എ	പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്	9,98,116	കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയിട്ടില്ല.
51	2001-02	2(11) ബി	പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്	5,14,229	ഇലക്ട്രോണിക് ചോക്ക് (നിർമ്മാണം) (വനിത)
52	2004-05	3(5)	മങ്കട ബ്ലോക്ക് പഞ്ചായത്ത്	57,360	അനുമതിയില്ലാതെ പദ്ധതി ഉപേക്ഷിച്ചു.
53	2001-02	3(3)	കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്	2,47,562	1. കളക്ടർ നിശ്ചയിച്ച വിലയിന്മേൽ 25% വർദ്ധനവ് നൽകി. 2. വില വർദ്ധനവിന് ഉടമ അപേക്ഷ നൽകിയിട്ടില്ല.
54	2003-04	2(10)	കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്	1,21,561	1. കളക്ടർ നിശ്ചയിച്ച വിലയുടെ 30% വർദ്ധനവ് നൽകിയാണ് സ്ഥലം വാങ്ങിയത്. ഇങ്ങനെ വാങ്ങിയതിൽതന്നെ അനുവദനീയമായതിലും 7047/- രൂപ അധികം നൽകി. 2. വിലവർദ്ധനവ് നൽകാൻ പഞ്ചായത്ത് ഭരണ സമിതിതീരുമാനമില്ല.
55	2005-06	3(8)	എടരിക്കോട് ഗ്രാമ പഞ്ചായത്ത്	2,50,000	1. കളക്ടർ നിശ്ചയിച്ച വിലയുടെ 30% വർദ്ധനവ് നൽകി. 2. വില വർദ്ധനവ് നൽകാൻ ഈ കാലയളവിൽ വ്യവസ്ഥയില്ല
56	2004-05	3(8)	ആനക്കയം ഗ്രാമ പഞ്ചായത്ത്	1,02,161	സ്ഥലം രജിസ്റ്റർ ചെയ്തതല്ലാതെ തുടർ പ്രവർത്തനം നടന്നിട്ടില്ല.
57	2004-05	3(8)	ആനക്കയം ഗ്രാമ പഞ്ചായത്ത്	8,03,162	സ്ഥലം രജിസ്റ്റർ ചെയ്തതല്ലാതെ തുടർ പ്രവർത്തനം നടന്നിട്ടില്ല.

58	2003-04	3(9)	കൂട്ടിലങ്ങാടി ഗ്രാമ പഞ്ചായത്ത്	3,20,032	സ്ഥലം വാങ്ങിയതല്ലാതെ പി.എച്ച്.സി. നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.
കണ്ണൂർ ജില്ല					
59	2003-04	3.4	മയ്യിൽ ഗ്രാമ പഞ്ചായത്ത്	643911	മയ്യിൽ ബസാറിലെ ഖരമാലിന്യാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിലേയ്ക്കായി ഖരമാലിന്യ സംസ്കരണയൂണിറ്റിനുവേണ്ടി 92.236 സെന്റ് സ്ഥലം വാങ്ങിയതിന് 2,78,500/-രൂപയും ട്രാക്ടർ കം ട്രെയിലർ വാങ്ങിയതിന് 36541/-രൂപയുമടക്കം മൊത്തം 6,43,911/-രൂപ ചെലവഴിച്ചു. കെട്ടിടം പണിയുകയോ, പ്ലാന്റ് സ്ഥാപിക്കുകയോ ചെയ്തിട്ടില്ല. ട്രാക്ടറും മറ്റ് ഉപകരണങ്ങളും തുരുമ്പെടുത്തു നശിക്കുന്നു. പദ്ധതി ലക്ഷ്യം കണ്ടില്ല.
60	2003-04	3.5	മയ്യിൽ ഗ്രാമ പഞ്ചായത്ത്	437885	വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് 3,05,855/- രൂപയും വൃദ്ധസദനം സ്ഥാപിക്കുന്നതിന് 1,32,030/- രൂപയും മുടക്കി യഥാക്രമം 1.92 ഏക്കർ സ്ഥലവും 48.01 സെന്റ് സ്ഥലവും വാങ്ങുകയുണ്ടായി. വ്യവസായ എസ്റ്റേറ്റ് 2006-07-ൽ പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം തുടങ്ങിയ പദ്ധതി കൾ സഫലമായിട്ടില്ല.
61	2002-03	3-9	പട്ടുവം ഗ്രാമ പഞ്ചായത്ത്	495529	കൈത്തറി നെയ്ത്ത് ശാലയും സി.ഡബ്ല്യു. സി.ആർ.എ. യൂണിറ്റിനും വേണ്ടി 4,95,529/- രൂപ ചെലവാക്കി 2002-03-ൽ പൂർത്തീകരിച്ച കെട്ടിടത്തിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം കണ്ടില്ല.
62	2002-03	2-2(എ)	പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്	1200000	97-99 ലെ പ്രോജക്ടിൽ ഉൾപ്പെടുത്തി 12 ലക്ഷം രൂപ ചെലവിൽ 3/03-ൽ നിർമ്മാണം പൂർത്തിയാക്കിയ 10 മുറികളുള്ള IRDP വിപണനകേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. കെട്ടിടത്തിന് നഗരസഭയുടെ അനുമതി വാങ്ങിയിട്ടില്ല. പദ്ധതി ലക്ഷ്യം കണ്ടില്ല.
63	2003-04	2-3	കണ്ണൂർ ജില്ലാ പഞ്ചായത്ത്	716449	കല്യാശ്ശേരി വയൽ നെൽകൃഷി വികസനം പാറ ക്കടവ് കുളം ആഴംകൂട്ടി പമ്പ് സെറ്റ് സ്ഥാപിച്ച് ജലസേചനം നടത്താൻ 716449/-രൂപ ചെലവഴിച്ച് 2004-ൽ പൂർത്തീകരിക്കേണ്ട പദ്ധതി ഇതുവരെ നടപ്പിലാക്കിയിട്ടില്ല.

64	2003-04 ചെലവ്	2-11	കണ്ണൂർ ജില്ലാ പഞ്ചായത്ത്	54.8 ലക്ഷം	വനിതാ വ്യവസായ എസ്റ്റേറ്റ് 54.8 ലക്ഷം രൂപ മുടക്കി 210 പേർക്ക് നേരിട്ടും 250 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കാൻ സാധ്യത 98-99ൽ ആരംഭിച്ചു. 7 വർഷമായിട്ടും പ്രോജക്ട് ലക്ഷ്യം കണ്ടില്ല.

തിരുവനന്തപുരം ജില്ല

3.2. കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

3.2.1 ഭക്ഷ്യധാന്യം കൈപ്പറ്റി ഏറെനാൾ കഴിഞ്ഞിട്ടും കരിപ്പുകാല കുടിവെള്ള പദ്ധതിയുടെ പണികൾ ആരംഭിച്ചിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3.4

കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ പൂവത്തൂർ വാർഡിലെ കരിപ്പുകാല പ്രദേശത്തുള്ള ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കാനായിട്ടാണ് പ്രസ്തുത പദ്ധതി ആസൂത്രണം ചെയ്തത്. പദ്ധതിയുടെ കരാർ പ്രകാരം, കൺവീനറായ ശ്രീ.ഷെല്ലിവൽസ് 06.07.04-ൽ 3929 കിലോ ഭക്ഷ്യധാന്യം (അരി) പദ്ധതി നടത്തിപ്പിനായി കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും നോട്ടീസ് ലഭിച്ചിട്ടും കൺവീനർ പദ്ധതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ കൺവീനർക്കെതിരെ റവന്യൂറിക്കവറി നടപടിസ്വീകരിച്ച്, ഒരു കിലോ അരിക്ക് 12.50 രൂപ എന്ന നിരക്കിൽ കൈപ്പറ്റിയ ഭക്ഷ്യ ധാന്യത്തിന്റെ ആകെ മാർക്കറ്റ് വിലയായ 49113/-രൂപ ഈടാക്കേണ്ടതാണ്.

3.3. വക്കം ഗ്രാമപഞ്ചായത്ത്

3.3.1 കാർഷികാവശ്യത്തിന് വാങ്ങിയ പവർടില്ലർ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി മാറ്റി - പവർടില്ലറും മറ്റ് ഉപകരണങ്ങളും ഉപയോഗശൂന്യമായ നിലയിൽ - പഞ്ചായത്തിന് ബാധ്യതയും നഷ്ടവും

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ : 3 – 13

കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1,26,717/-രൂപയുടെ 'കാർഷികയന്ത്രവത്കരണം' എന്ന പ്രോജക്ട് (2001-02-ലെ പ്രോജക്ട് നം.5) നടപ്പിലാക്കിയതിന്റെ ഭാഗമായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും (തിരുവനന്തപുരം) കാംകോ പവർ ടില്ലറും, ട്രെയിലറും 03.01.2003-ൽ വാങ്ങി സ്റ്റോക്കിലെടുക്കുകയുണ്ടായി. 31.01.2003-ൽ ടില്ലറും, ട്രെയിലറും പഞ്ചായത്ത് ഏറ്റെടുത്തെങ്കിലും, രണ്ടു വർഷത്തിലേറെയായി ഇവ കാർഷികാവശ്യത്തിന് ഉപയോഗിച്ചു വരുന്നതായി കാണുന്നില്ല. ഇതിനെതുടർന്ന് പവർടില്ലർ ഉപയോഗപ്പെടുത്തുന്നതിനായി, ഖരമാലിന്യ നിർമ്മാർജ്ജനം (പ്രോജക്ട് നം.42/05) എന്ന പ്രോജക്ട് തയ്യാറാക്കി അംഗീകാരം നേടുകയും ഇതിന് 70,000/-രൂപ വകയിരുത്തിയതിൽ 54904.65/-രൂപ ചെലവാക്കുകയും ചെയ്തു. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതി നായി, പ്രസ്തുത തുകയിലെ 11,800/-രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച് ഡംബിംഗ്യാർഡ് നിർമ്മിച്ചെങ്കിലും, ഓഡിറ്റ് സമയം (2/07) വരെ പദ്ധതിലക്ഷ്യം നേടാതെ പവർടില്ലർ, വേസ്റ്റ്ബിൻ എന്നിവ ഉപയോഗശൂന്യമായ നിലയിൽതന്നെ കാണപ്പെട്ടു.

കൃഷിഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായ പ്രോജക്ട് നടപ്പിലാക്കുന്നതിന് വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തു കമ്മിറ്റി എറ്റെടുത്ത നടപടി 11.09.98-ലെ 37803/പി.2/98/ത.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങളുടെ ലംഘനമാണ്. കൂടാതെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് പ്രോജക്ട് തയ്യാറാക്കി, പണം ചെലവഴിച്ചതല്ലാതെ, മാലിന്യം നിക്ഷേപിക്കാനോ/സംസ്കരിക്കാനോഉള്ള സ്ഥലം കണ്ടെത്താനും, മാലിന്യസംസ്കരണം ഏത് രീതിയിൽ നടത്തണമെന്ന് പഠനം നടത്താനും അധികൃതരുടെ ഭാഗത്തുനിന്നും ശ്രമം ഉണ്ടായിട്ടില്ല. മാലിന്യനിക്ഷേപം മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ശരിയായ പഠനം നടത്താതെ നിർമ്മിച്ച ഡംബിംഗ് യാർഡിൽ മാലിന്യ നിക്ഷേപം നടന്നിട്ടില്ല.

ദീർഘവീക്ഷണത്തോടെ പദ്ധതികൾ ആസൂത്രണം ചെയ്ത്, ഫലപ്രദമായ അനുബന്ധ ക്രമീകരണങ്ങളും കാലാകാലങ്ങളിൽ അവലോകനവും നടത്തിയിരുന്നെങ്കിൽ പഞ്ചായത്തിന് ഇപ്രകാരമുള്ള ബാധ്യതയും നഷ്ടവും ഒഴിവാക്കാമായിരുന്നു.

3.4. പൂവച്ചൽ ഗ്രാമപഞ്ചായത്ത്

3.4.1. ലേലംചെയ്ത തടി കൊണ്ടുപോകാൻ അനുവദിക്കാത്തതു കാരണം പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003–04, ഖണ്ഡിക നമ്പർ : 3–25

പഞ്ചായത്തുവക ചായ്ക്കുളംകോട് പുറമ്പോക്കിൽ നിന്നും അനധികൃതമായി മുറിച്ചുമാറ്റിയ ആഞ്ഞിലിമരത്തിന്റെ തടി ലേലം ചെയ്യാൻഅധികൃതർ തീരുമാനിച്ചു. ഫോറസ്റ്റ് വകുപ്പ് തടിയ്ക്ക് 91,156/-രൂപ വാല്യുവേഷൻ നൽകിയതനുസരിച്ച് നടത്തിയ 17.03.99-ലെ ലേലവും 27.03.99-ലെ പുനർ ലേലവും തുകകളായ യഥാക്രമം 82,500/-രൂപയും 68,000/-രൂപയും പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയുണ്ടായില്ല. തുടർന്ന് 21.03.2000-ൽ വീണ്ടും ലേലം നടത്തുകയും ഏറ്റവും കൂടിയ തുകയായ 56,000/-രൂപയ്ക്ക് ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു. ലേലതുകയും വില്പന നികുതിയും ഉൾപ്പെടെ 61,000/-രൂപ ലേലക്കാരൻ അന്നുതന്നെ പഞ്ചായത്തിൽ അടച്ചെങ്കിലും, പഞ്ചായത്ത് ഡയറക്ടറുടെ അനുമതി വേണമെന്ന്പറഞ്ഞ് തടി കൊണ്ടുപോകുന്നത് തടസ്സപ്പെടുത്തുക മാത്രമല്ല പഞ്ചായത്തിൽ അടച്ച തുക തിരികെനൽകാനും തയ്യാറായില്ല. ഈ സാഹചര്യത്തിൽ ലേലക്കാരൻ കോടതിയെ സമീപിക്കുകയും ടിയാൾ അടച്ചതുകയും അതിന്റെ പലിശയും നഷ്ടപരിഹാരവും ചേർത്ത് പഞ്ചായത്തിൽ നിന്നും ഈടാക്കാൻ കോടതി വിധിക്കുകയും ചെയ്തു.

ജപ്തി നടപടികൾ ഒഴിവാക്കാനായി പഞ്ചായത്ത് ഫണ്ടിൽ നിന്നും 1,51,505/-രൂപ പിൻവലിച്ച് കോടതിയിൽ ഒടുക്കാൻ പഞ്ചായത്ത് അധികൃതർ നിർബന്ധിതരായി. തുടർന്ന് നാല് വർഷത്തിനുശേഷം 07.07.2004-ൽ 25001/-രൂപയ്ക്ക് ഈ തടിയുടെ ലേലം സ്ഥിരപ്പെടുത്തി.

പഞ്ചായത്ത് ഭരണസമിതിയുടെയും സെക്രട്ടറിയുടെയും ഭാഗത്തുനിന്നുള്ളഗുരുതരമായ കൃത്യവിലോപം കാരണമാണ് 82,500/-രൂപയ്ക്ക് ലേലം ചെയ്ത തടി 25,001/-രൂപയ്ക്ക് വിൽക്കേണ്ടി വന്നത്. തത്ഫലമായി പഞ്ചായത്തിന് 57499/-രൂ നഷ്ടം വന്നിട്ടുണ്ട്. കൂടാതെ ലേലത്തിൽ വിറ്റതടി കൊണ്ടുപോകുന്നതിന് തടസ്സം സൃഷ്ടിച്ചതുമൂലം, വ്യവഹാര ചെലവുകൾക്ക് പുറമെ 1,51,505/-രൂപ കോടതിയിൽ കെട്ടിവയ്ക്കേണ്ടതായുംവന്നു. ഇതിൽ ലേലക്കാരൻ അടച്ച 61,600/-രൂപ കഴിച്ച് ബാക്കി 89,905/-രൂപ പഞ്ചായത്ത് ഫണ്ടിൽനിന്നും അടച്ചതാണ്. പഞ്ചായത്തധികൃതരുടെ നിരുത്തരവാദപരമായ പ്രവൃത്തികളുടെ ഫലമായി പഞ്ചായത്തിന് 147404/-രൂപയുടെ (57499+89905) നഷ്ടം ഉണ്ടായിട്ടുണ്ട്.

3.5. ചെങ്കൽ ഗ്രാമപഞ്ചായത്ത്

3.5.1. ബി-ഫണ്ട് ചെലവ് - അനുവദിച്ചതിൽ കൂടുതൽ തുക കർഷക തൊഴിലാളി പെൻഷനുവേണ്ടി ചെലവഴിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ : 3-4

കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നതിനായി 2002-03-ൽ 25,50,000/-രൂപയാണ് അനുവ ദിച്ചിരുന്നതെങ്കിലും 34,02,194/-രൂപ ചെലവഴിച്ചിട്ടുണ്ട്. 16,55,792/-രൂപ ജനറൽ പി.ഡി.യിൽ നിന്ന് നേരിട്ടും 17,46,402/-രൂപ പ്ലാൻ പി.ഡി.യിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുമാണ് ചെലവ് നിർവഹിച്ചിരിക്കുന്നത്. പ്ലാൻ പി.ഡി.യിൽ നിന്നും ചെലവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ, ഇതിൽ നീക്കിയിരിപ്പുണ്ടോയെന്ന് വ്യക്തമല്ല. കർഷകത്തൊഴിലാളി പെൻഷൻ വാങ്ങുന്നവരുടെ വിശദവിവരങ്ങൾ അടങ്ങുന്ന രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലും വരവിൽ കൂടുതൽ തുക വകമാറ്റി ചെലവഴിച്ചതിനാലും (852194/-രൂപ) ചെലവ് ക്രമരഹിതമാണെന്ന് അഭിപ്രായപ്പെടുന്നു.

<u>കൊല്ലം ജില്ല</u>

3.6. പൊതു പരാമർശങ്ങൾ

കൊല്ലം ജില്ലയിലെ മിക്ക ഗ്രാമ പഞ്ചായത്തുകളും കണക്കുകൾ യഥാസമയം തയ്യാറാക്കി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കാത്തതിനാൽ സമയബന്ധിതമായി ഓഡിറ്റ് പൂർത്തിയാക്കുന്നതിനും നിയമപരമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും കഴിയുന്നില്ല. നിയമപ്രകാരം ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. നികുതി/നികുതിയേതരയിനങ്ങളിൽ ഏകദേശം 31,18,570/-രൂപയോളം നിയമപ്രകാരമുള്ള റവന്യൂറിക്കവറി നടപടി, വാറണ്ട് എന്നിവ സ്വീകരിക്കാത്ത തുമൂലം നഷ്ടമായിട്ടുണ്ട്. ഗ്രാമസഭ തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ ഭേദഗതി വരുത്തുക, ഗുണ ഭോക്തൃലിസ്റ്റിൽ പേരില്ലാ ത്തവർക്ക് ആനുകൂല്യം നൽകുക എന്നിങ്ങനെയുള്ള ഗുരുതരമായ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പല ഗ്രാമപഞ്ചായത്തുകളിലും പ്രവൃത്തികൾ ഏറ്റെടുക്കുന്ന കൺവീനർമാർ മുൻകൂറുകൾ കൈപ്പറ്റി പണി ഏറ്റെടുക്കാതെയോ ഭാഗികമായിമാത്രം പൂർത്തിയാക്കുകയോ ചെയ്തു പിൻമാറുന്നു. ഇങ്ങനെയുള്ളവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുകയോ റവന്യൂറിക്കവറി നടപടി കൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് തുക പലിശസഹിതം ഈടാക്കുകയോ ചെയ്യുന്നില്ല. ഇത്തരത്തിൽ ഏകദേശം 2,98,500/-രൂപ തിരിച്ചുപിടിക്കാൻ അവശേഷിക്കുന്നു. നിക്ഷേപവേലകൾ ക്കായി ഇലക്ട്രിസിറ്റി ബോർഡിൽ 28,17,517/-രൂപയും, വാട്ടർഅതോറിറ്റിയിൽ 9,11,909/-രൂപയും നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് നിരീക്ഷിക്കാനുള്ള മോണിറ്ററിംഗ് സംവിധാനം ഇല്ല.

3.6.1. നിർവ്വഹണ ഉദ്യോഗസ്ഥർ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

കേരള വികസന പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേന വളരെ യധികം പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ പ്രോജക്ടുകളുടെ ചെലവിന്റെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതിൽ പല നിർവ്വഹണഉദ്യോഗസ്ഥരും അലംഭാവം കാ ണിക്കുന്നു. പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ പരിശോധനാ വിധേയമാക്കാതിരിക്കുന്നത് ഏറ്റവും നിരുത്തരവാദപരവും ഗുരുതരവുമായ വീഴ്ചയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	വർഷം	ഖണ്ഡിക	നിർവ്വഹണ ഉദ്യോസ്ഥൻ	തുക
കുളത്തൂപ്പുഴ	2003-04	3.9	കൃഷി ഓഫീസർ	872521
ഇളമാട്	2003-04	3.6	കൃഷി ഓഫീസർ	37000
കടയ്ക്കൽ	2003-04	3.10	കൃഷി ഓഫീസർ	173250
കടയ്ക്കൽ	2003-04	3.11	ഹെഡ്മാസ്റ്റർ	100000
കടയ്ക്കൽ	2003-04	3.13	കൃഷി ഓഫീസർ	43750
മൈലം	2004-05	3.4	ഐ.സി.ഡി.എസ് സൂപ്പർവൈസർ	765385
മൈലം	2005-06	3.4	വി.ഇ.ഒ	761000
മൈലം	2005-06	3.6	ഐ.സി.ഡി.എസ് സൂപ്പർവൈസർ	1924267

3.6.2. മരാമത്ത് പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചത്

മരാമത്തു പ്രവൃത്തികളുമായി ബന്ധപ്പെട്ട ചട്ടങ്ങളോ സർക്കാർ നിർദ്ദേശങ്ങളോ പാലിക്കാതെ അധിക നിരക്ക് അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത്	വർഷം/ ഖണ്ഡിക	പ്രവൃത്തിയുടെ പേര്	അധിക നിരക്ക് നൽകിയതു മൂലമുള്ള നഷ്ടം
കുന്നത്തൂർ	2004-05 ഖ.3.8	2004-05 വർഷം ചെയ്തിട്ടുള്ള വിവിധ പ്രവൃത്തികൾ	7008.00
പെരിനാട്	2003-04 ഖ.3.20	കുന്നുമ്മേൽ മുക്ക് - മതിരൂർമുക്ക് റോഡ്	2130.21
പെരിനാട്	2003-04 ഖ.3.19	ചരുവിള - പോച്ചുവിള റോഡ്	5281.00
പെരിനാട്	2005-06 ഖ.3.24	നന്തിരിക്കൽ - ഏഴാംകുറ്റി റോഡ് പുന:രുദ്ധാരണം	9199.00
പെരിനാട്	2005-06 ഖ.3.25	7-ാം വാർഡിൽ ഏഴാംകുറ്റി-നന്തിരിക്കൽ റോഡ് പുനരുദ്ധാരണം	9060.00
ശൂരനാട് തെക്ക്	2005-06 ഖ.3.1	എസ്.ജി.ആർ.വൈ.ഫണ്ടുപയോഗിച്ച് നടത്തിയ വിവിധ പ്രവൃത്തികൾ	5572.00
ശൂരനാട് തെക്ക്	2004-05 ഖ.3.8	അബി വടക്കേമുക്ക് പുത്തൻവിള റോഡ് മെറ്റലിംഗ്	10498.00
ശൂരനാട് തെക്ക്	2004-05 ഖ.3.9	മുണ്ടകത്തറ ഭാഗം മുളമൂട്ടിൽ വക റോഡ് പുനരുദ്ധാരണം - റീടാറിംഗ്	7818.00
ക്ലാപ്പന	2004-05 ഖ.3.4	വിവിധ എസ്.ജി.ആർ.വൈ പ്രവൃത്തികൾ	17573.00
ശാസ്താംകോട്ട	2006-07 ഖ.3.8	വാഴോട്ടുമുക്ക് കൂടാരത്തിൽ മുക്ക്റോഡ്	16652.00
ശാസ്താംകോട്ട	2004-05 ഖ.3.12	എസ്.ജി.ആർ.വൈ.ഫണ്ടുപയോഗിച്ചുള്ള വിവിധ പ്രവൃത്തികൾ	37918.00
തൊടിയൂർ	2003-04 ഖ.3.8	വിവിധ മരാമത്തു പ്രവൃത്തികൾ	33284.00
തൊടിയൂർ	2003-04 ഖ.3.14	വിവിധ മരാമത്തു പ്രവൃത്തികൾ	19582.00

കരുനാഗപ്പള്ളി	2003-04 ഖ.3.6	എസ്.ജി.ആർ.വൈ.ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ	478610.00
ക്ലാപ്പന	2003.04 ഖ.3.7	വിവിധ മരാമത്ത് പ്രവൃത്തികൾ	24331.44

<u>**ഗ്രാമപഞ്ചായത്തുകൾ**</u>

3.7. പെരിനാട് ഗ്രാമപഞ്ചായത്ത്

3.7.1. കോളനി പ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം - പ്രോജക്ടിന് വിരുദ്ധമായി പണം ചെലവഴിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 3-22

വിവിധ പട്ടികജാതി കോളനി പ്രദേശങ്ങളിൽ കയ്യാലകൾ കെട്ടി മണ്ണ് സംരക്ഷിക്കുന്നതിനുള്ള 2,10,000/-രൂപയുടെ ഒരു പ്രോജക്ട് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി. 51% പട്ടികജാതിക്കാർക്കെങ്കിലും പ്രയോജനം ലഭിക്കുന്ന കോളനികളെ കണ്ടെത്തുന്നതിനായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതിവികസന ഓഫീസർ നൽകിയ റിപ്പോർട്ടിൽ അനുയോജ്യമല്ലാത്തതെന്ന് പറഞ്ഞിട്ടുള്ള വെള്ളിമൺ ഹരിജൻ സെറ്റിൽമെന്റ് കോളനി (വാർഡ് 2) പ്രദേശത്താണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മാത്രമല്ല പദ്ധതിയിൽ മൺകയ്യാലകെട്ടുക എന്നതാണ് നിഷ്കർഷിച്ചിരുന്ന തെങ്കിലും ആ സ്ഥലത്ത് പാറയും സിമന്റും കൊണ്ട് കോമ്പൗണ്ട്വാൾ കെട്ടി കോൺക്രീറ്റ് ചെയ്യുകയാണുണ്ടായത്. ഇതിനായി 47582/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രോജക്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 47582/-രൂപ ചെലവ് ചെയ്തു.

3.8. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്

3.8.1. അക്ഷയ പദ്ധതി പരാജയം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006-07, ഖണ്ഡിക നമ്പർ: 3-3

ഗ്രാമപഞ്ചായത്തിലെ 7115 പേരെ കമ്പ്യൂട്ടർ സാക്ഷരരാക്കുക എന്ന ലക്ഷ്യത്തോടെ 4,26,900/-രൂപ അക്ഷയ പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർക്ക് നൽകുകയും ആദിച്ചനല്ലൂർ, കൊട്ടിയം എന്നീ അക്ഷയ കേന്ദ്രങ്ങളിൽ സംരംഭകരെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ 2004-05-ൽ ആരംഭിച്ച പദ്ധതിയിൽ 11.05.07 വരെ 145 പേർക്ക് മാത്രമാണ് പരിശീലനം നൽകിയിട്ടുള്ളതെന്ന് കാണുന്നു. പദ്ധതിയുടെ ഒന്നാംഘട്ടം 30.06.07-ന് അവസാനിക്കാനിരിക്കെ, അക്ഷയ കേന്ദ്രങ്ങളുടെ രണ്ട് സംരംഭകരും പദ്ധതിയുമായി സഹകരിക്കുന്നില്ലെന്നും ഫയലിൽ കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച തുടർനടപടികളൊന്നും ഉണ്ടായിക്കാണുന്നില്ല. കേരളത്തിൽ സമ്പൂർണ ഇ-സാക്ഷരത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതി ഈ പഞ്ചായത്തിനെ സംബന്ധിച്ച് സമ്പൂർണ പരാജയമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3.9. ഇട്ടിവ ഗ്രാമപഞ്ചായത്ത്

3.9.1. മണൽ ലേലം - വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് നഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000, 2000-01, 2001-02 ഖണ്ഡിക നമ്പർ: 2-10

ഇത്തിക്കരയാറ്റിലെ പുത്താർകടവിൽ നിന്നും 01.04.2000 മുതൽ 31.03.2001 വരെയുള്ള കാലയളവിലെ മണൽ വാരുന്നതിനുള്ള അവകാശം 2,42,000/-രൂപയ്ക്ക് ലേലം ചെയ്തു. ലേലതുകയിൽ നിന്നും 80,500/-രൂപ മാത്രമേ പഞ്ചായത്തിൽ ഒടുക്കുവരുത്തിയിട്ടുള്ളൂ. ബാക്കി തുകയായ 1,61,500/-രൂപ ഈടാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ ഈ കാലയളവിൽ ലേലക്കാരൻ കടവിൽ നിന്നും മണൽ വാരിയിട്ടുള്ളതായും, ടിയാളുടെ വള്ളങ്ങൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട ചെലവുകളിൽ നിന്നും മനസിലാക്കാൻ സാധിച്ചു. ലേല നിബന്ധനകൾ നിഷ്കർഷിക്കുംവിധം മതിയായ സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങാതെ ലേലം ഉറപ്പിച്ചുകൊടുത്തതുവഴി പഞ്ചായത്തിന് നഷ്ടമായ 1,61,500/-രൂപ ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല.

<u>ബ്ലോക്ക് പഞ്ചായത്ത്</u>

3.10. ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

3.10.1. കൊയ്ത്ത് മെതിയെന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി - ആത്യന്തികമായി പാഴ്ചെലവായി മാറി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 1998-99 മുതൽ 2004-05 വരെ, ഖണ്ഡിക നമ്പർ: 3.25

അസിസ്റ്റന്റ് കൃഷി ഡയറക്ടർ, ശാസ്താംകോട്ടയുടെ കാര്യനിർവ്വഹണാധികാരത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ ലക്ഷ്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലുള്ള എല്ലാ ഗ്രാമപഞ്ചായത്തിലേയും കർഷകർക്ക് നൂതന സാങ്കേതിക വിദ്യകൾ ലഭ്യമാക്കുക, യന്ത്രവത്കരണത്തിലൂടെ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുകവഴി കർഷകർക്ക് നെൽകൃഷിയിൽ നിന്നുള്ള ആദായം വർദ്ധിപ്പിക്കുക, കർഷകരുടെ കൂട്ടായ്മ വർദ്ധിപ്പിക്കുക തുടങ്ങിയവയാണ്. പ്രോജക്ട് നിർവ്വഹണത്തിനായി 14,47,345/-രൂപ റെയ്ഡ്കോ എന്ന സ്ഥാപനത്തിന് നൽകി, കൊയ്ത്ത് മെതിയെന്ത്രം വാങ്ങിയിട്ടുണ്ട്. യന്ത്രത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി 81,552/-രൂപ വീണ്ടും പിൻവലിച്ചിട്ടുണ്ട്.

കൊയ്ത്ത് മെതിയെന്ത്രം വാങ്ങിയതുവരെയുള്ള നടപടികളല്ലാതെ പ്രോജക്ടിൽ പറയും പ്രകാരമുള്ള തുടർനടപടികളൊന്നുംതന്നെ പാലിച്ചിട്ടില്ല. യന്ത്രം എത്രമണിക്കൂറുകൾ പ്രവർത്തിപ്പിച്ചുവെന്നോ, ഏതൊക്കെ പഞ്ചായത്തിലെ കർഷക സമിതികൾ യന്ത്രത്തിന്റെ ഗുണഭോക്താക്കളായി എന്നോ, എത്രതുക വരവായി കിട്ടിയെന്നോ വ്യക്തമാക്കുന്ന രേഖകളൊന്നുംതന്നെ ഇല്ല. യന്ത്രം ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത നിലയിലാണ്. 14,47,345/-രൂപ മുടക്കി വാങ്ങിയ ഉപകരണം ബ്ലോക്ക് പഞ്ചായത്തിലെ ഷെഡ്ഡുകളിൽ തുരുമ്പെടുക്കുന്ന അവസ്ഥയിലാ ണ്. ആത്യന്തികമായി ഈ പദ്ധതിക്കായി ചെലവഴിച്ച തുക പാഴ്ചെലവായി മാറുകയാണുണ്ടായത്.

3.11. അഞ്ചാലുംമൂട് ബ്ലോക്ക് |പഞ്ചായത്ത്

3.11.1.അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് - കോ-ഓപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 1998 – 99 മുതൽ 2005 – 06 വരെ, ഖണ്ഡിക നമ്പർ: 3.9

23.12.1998-ലെ ചെക്ക് പ്രകാരം തൊഴിൽ സഹകരണസംഘം എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി |പ്ലാൻഫണ്ട് വിഹിതമായി 3,00,000/-രൂപ നൽകിയിട്ടുണ്ട്. പ്രോജക്ടോ മറ്റേതെങ്കിലും രജിസ്ട്രേഷൻ സംബന്ധിച്ച രേഖകളോ |പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. 23.11.1998-ലെ സർക്കുലർ നം.49905/|പി.3/98.ത.ഭ.വ പ്രകാരമുള്ള വ്യവസ്ഥകൾ |പാലിക്കാതെയാണ് |പദ്ധതി |പണത്തിൽ നിന്ന് ഭീമമായ തുക നൽകിയിട്ടുള്ളത്. വ്യവസ്ഥകൾക്ക് വിരുദ്ധമായി സംഘം രൂപീകരിക്കുന്നതിന് നൽകിയ |പദ്ധതി വിഹിതം തുകയായ 3,00,000/-രൂപ നൽകിയ നട|പടി ധന ദുർവിനിയോഗമാണ്. |

3.11.2. റോഡ് റോളർ വാങ്ങിയതിലെ അ|പാകത

ഓഡിറ്റ് റിപ്പോർട്ട് വർഷം: 1998 – 99 മുതൽ 2005 – 06 വരെ, ഖണ്ഡിക നമ്പർ: 3.10

അഞ്ചാലുംമൂട് ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് റോഡ് റോളർ വാങ്ങുന്നതിനായി 6,75,000/-രൂപ നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് അംഗീകരിച്ച പ്രോജക്ട് |പദ്ധതിപ്പണം ചെലവഴിച്ച് വാങ്ങിയ ഉപകരണത്തിന്റെ ഉപയോഗം, സൂക്ഷിപ്പ് എന്നിവ സംബന്ധിച്ച രേഖകളോ, കരാറോ ഒന്നും തന്നെ ഓഡിറ്റിന് ഹജരാക്കിയിട്ടില്ല. റോഡ് റോളറിന്റെ വാ ടകയിനത്തിലുള്ള വരവ് സംബന്ധിച്ച വിശദാംശങ്ങളും, റോഡ്റോളർ ഇപ്പോൾ ബ്ലോക്ക് |പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണോയെന്നത് സംബന്ധിച്ച വിശദാംശങ്ങളും അറിയാൻ കഴിഞ്ഞിട്ടില്ല. ചെലവഴിച്ച 6,75,000/-രൂപ തടസ്സപ്പെടുത്തിയിരിക്കുന്നു.

3.11.3.വൃദ്ധസദനത്തിന്റെ കെട്ടിടനിർമ്മാണത്തിനായി തുക നൽകിയത് - | പണി നടന്നിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 1998-99 മുതൽ 2005-06 വരെ, ഖണ്ഡിക നമ്പർ: 3.24

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വൃദ്ധസദനത്തിന് സ്വന്തമായി കെട്ടിടം നിർമ്മിച്ച് വാടക ഇനത്തിൽ തുക ലാഭിക്കുന്നതിനുവേണ്ടി കിളികൊല്ലൂർ |പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് 1800 ചഅടി വിസ്തീർ ണത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ഏൽപ്പിച്ചു. ഇതിനായി 2,04,712/-രൂപ നൽകി. എന്നാൽ ഇതുവരെ ഈ |പണി നടന്നിട്ടില്ല. ഇപ്പോഴും വൃദ്ധസദനം വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഹാബിറ്റാറ്റ് സെക്രട്ടറിയുടെ കൈപ്പറ്റ് രസീത് മാത്രമേ ഫയലിലുള്ളൂ. ഹാബിറ്റാറ്റ് ഗ്രൂപ്പിൽ നിന്നും തുക തിരികെ ഈടാക്കാൻ യാതൊരു നട|പടിയും ബ്ലോക്ക് |പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

3.12. കൊല്ലം ജില്ലാ |പഞ്ചായത്ത്

3.12.1.ജില്ലാ ഗവൺമെന്റ് ആശു|പത്രി കെട്ടിടനിർമ്മാണം - ഹാബിറ്റാറ്റിന് 5,55,764/-രൂപ അധികം നൽകി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002 – 03 ഖണ്ഡിക നമ്പർ: 3.7

ജില്ലാ ഗവൺമെന്റ് ഹോമിയോ ആശുപത്രിയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള 1999-2000 വർഷത്തെ പ്രോജക്ടിന് 40,30,149/-രൂപയുടെ ഭരണാനുമതി നൽകുകയും, നിർവ്വഹണോ

ദ്യോഗസ്ഥനായ ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർ 37,55,369/-രൂപ ചെലവിൽ 31.03.01-ന് മുമ്പായി നിർമ്മാണം പൂർത്തിയാക്കുമെന്ന വ്യവസ്ഥയിൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാർ വയ്ക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണപ്രവൃത്തികൾ ആരംഭിച്ച ഹാബിറ്റാറ്റിന് ഏഴുതവണകളിൽ പാർട്ടുബില്ലുകളായി 32,52,908/-രൂപ കൊടുത്തു. എന്നാൽ 31.03.01-ന് മുമ്പ് പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. കാലാവധി നീട്ടിനൽകിയിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ ഹാബിറ്റാറ്റുമായുള്ള കരാർ റദ്ദുചെയ്തു. ഇതിനകം 80% പണികൾ മാത്രമാണ് പൂർത്തിയാക്കിയിരുന്നത്.

08.01.04-ൽ ഹാബിറ്റാറ്റ് 31,62,907/-രൂപയുടെ ഫൈനൽബിൽ നൽകി. അതനുസരിച്ച് 90,001/-രൂപ ഹാബിറ്റാറ്റ് അധികം കൈപ്പറ്റിയിരിക്കുകയാണ്. തുടർന്ന് കെ.ഐ.പി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെക്ക് മെഷർമെന്റ് നടത്തുകയും ഹാബിറ്റാറ്റിന്റെ സർവ്വീസ് ചാർജ്ജുൾപ്പെടെ ആകെ 26,97,144/-രൂപയുടെ മൂല്യത്തിലുള്ള പണികൾ മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തു. ഇതിൽ നിന്നും നിർവ്വഹിച്ചിട്ടുള്ള പണിയുടെ മൂല്യനിർണയത്തുകയെ അധികരിച്ച് നൽകിയ 5,55,764/-രൂപ ജില്ലാ പഞ്ചായത്തിന് ഉണ്ടായ നഷ്ടമാണ്. പ്രസ്തുത തുക കരാർ ലംഘിച്ച ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിൽനിന്നും പലിശസഹിതം ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

3.12.2. ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾക്ക് നിയമ പഠനം 5,60,000/- രൂപയുടെ പാഴ്ചെലവ്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 3.8

വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 5,00,000/-രൂപ അടങ്കൽ നിശ്ചയിച്ച് ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾക്ക് നിയമപഠനം എന്ന പദ്ധതി ആവിഷ്കരിച്ചു. പദ്ധതിയ്ക്ക് ഡി.പി.സി.യുടെയും പ്ലാനിംഗ് ബോർഡിന്റേയും അംഗീകാരം ലഭിച്ചിട്ടില്ല. പദ്ധതിയുടെ അംഗീകാരം ലഭിക്കുംമുമ്പ്തന്നെ 18.09.02-ൽ നിയമപഠനം പുസ്തകത്തിന്റെ 70,000 കോപ്പികൾ അച്ചടിക്കാൻ ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ അഞ്ചൽ യൂണിറ്റിന് ഓർഡർ നൽകി. ഇതിനുശേഷമാണ് 05.10.02-ലെ 293/2002/പൊ.വി.വ.നമ്പർ ഉത്തരവിലൂടെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾക്ക് നിയമപഠനം അധിക പാഠ്യവിഷയമായി സംസ്ഥാന സർക്കാർഅംഗീകരിച്ചത്. ടി ഉത്തരവിൽ പുസ്തകത്തിന്റെ രണ്ടരലക്ഷം കോപ്പികൾ അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിരുന്നു. സർക്കാർ ഉത്തരവ് ലഭിച്ചതിനുശേഷവും പുസ്തകം അച്ചടിക്കുന്നതിനുള്ള കരാർ നിർവ്വഹണഉദ്യോഗസ്ഥൻ റദ്ദ് ചെയ്തിട്ടില്ല. പഠന സാമഗ്രികൾ ലീഗൽ സർവ്വീസ് സൊസൈറ്റി ലഭ്യമാക്കുമെന്നും അതിനുള്ള വിഹിതം പ്രോജക്ടിൽ കുറവുചെയ്യേണ്ടതുമാണെന്ന് 29.12.02-ൽ സംസ്ഥാന പ്ലാനിംഗ്ബോർഡ് ജില്ലാ പഞ്ചായത്തിന് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രോജക്ട് ജില്ലാ പഞ്ചായത്ത് ഒഴിവാക്കി. ഇതിനിടെ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ചുമതലയിൽ നടന്ന നിയമപഠന ക്ലാസുകൾ 15.01.03-ന് അവസാനിക്കുകയും 24.01.03 -ന് വിദ്യാർത്ഥികൾക്ക് പരീക്ഷ നടത്തുകയും ചെയ്തു. എന്നാൽ അച്ചടി പൂർത്തിയാക്കി 08.07.03-ൽ മാത്രമാണ് റിപ്രോഗ്രാഫിക് സെന്ററിൽ നിന്ന് പുസ്തകങ്ങൾ ഡെപ്യൂട്ടി ഡയറക്ടർ കൈപ്പറ്റിയത്. 5,60,000/-രൂപ അച്ചടിക്കൂലിയിനത്തിൽ റിപ്രോഗ്രാഫിക് സെന്ററിന് നൽകി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അഭ്യർത്ഥനയനുസരിച്ച് മേലിൽ മുൻകൂർ അനുവാദമില്ലാതെ ഇത്തരം ചെലവുകൾ പാടില്ലെന്ന ഉപാധിയോടെ സംസ്ഥാന പ്ലാനിംഗ് ബോർഡ് ടി ചെലവിന് 28.10.03-ൽ സാധൂകരണം നൽകി. എന്നാൽ സംസ്ഥാന സർക്കാർ സൗജന്യമായി അച്ചടിച്ച് നൽകുന്നതിന് ഉത്തരവിട്ട പുസ്തകമാണ് അംഗീകൃത പദ്ധതിപോലുമില്ലാതെ 5,60,000/-രൂപ നിരക്കിൽ അച്ചടിച്ചതെന്ന വസ്തുത പ്ലാനിംഗ് ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായോ പ്ലാനിംഗ് ബോർഡ് ഇക്കാര്യം പരിഗണിച്ചതായോ കാണുന്നില്ല. മുൻകൂർ അംഗീകാരമില്ലാതെ തുക ചെലവുചെയ്തു എന്ന വസ്തുതയ്ക്ക് മാത്രമാണ് ജില്ലാപഞ്ചായത്ത് സാധൂകരണം തേടിയതും സംസ്ഥാന പ്ലാനിംഗ് ബോർഡ് സാധൂകരണം നൽകി

യതും. സർക്കാർ സൗജന്യമായി അച്ചടിച്ചു നൽകിയ പുസ്തകം പദ്ധതിവിഹിതം ഉപയോഗിച്ച് അച്ചടിച്ച് 5,60,000/- രൂപ പാഴ്ചെലവു വരുത്തിയത് ഓഡിറ്റ് അംഗീകരിച്ചിട്ടില്ല.

3.12.3.മിൽക്ക് ചില്ലിംഗ് പ്ലാന്റ് സ്ഥാപിക്കൽ- ജില്ലാ പഞ്ചായത്ത് വിഹിതം അനുവദനീയമായതിൽ അധികരിച്ച് തുക നൽകി.

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002 – 03, ഖണ്ഡിക നമ്പർ: 3.19

2002-03-ലെ സ്പിൽ ഓവർ പ്രോജക്ടായി കിഴക്കേ കല്ലട, തഴവ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മിൽക്ക് ചില്ലിംഗ് പ്ലാന്റ് സ്ഥാപിച്ച് 2002 ഡിസംബറിൽ പണി പൂർത്തീകരിച്ച് പ്ലാന്റ് പ്രവർത്തനസജ്ജ മാക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. പതിനാറുലക്ഷം രൂപ വകയിരുത്തിയിരുന്ന പ്രോജക്ടിൽ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം, ലാബ് സജ്ജീകരണം എന്നിവയ്ക്ക് ജില്ലാ പഞ്ചായത്ത് വിഹിതം 3 ലക്ഷം രൂപയും ഗുണഭോക്തൃവിഹിതം ഒരു ലക്ഷം രൂപയും വകയിരുത്തിയിരുന്നു. 3000 ലിറ്റർ ശേഷിയുള്ള ബൾക് കൂളർ സ്ഥാപിക്കാൻ 12 ലക്ഷം രൂപ വകയിരുത്തിയതിൽ 6 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും 6 ലക്ഷം രൂപ് ട്രിവാൻഡ്രം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂ സേഴ്സ് യൂണിയൻ വിഹതവുമാണ്. എന്നാൽ 12 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് 26.03.03-ൽ ട്രിവാൻഡ്രം റീജീയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയന് നൽകിയിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിനായി കൺവീനർക്ക് 1,15,129/-രൂപ നൽകി. എന്നാൽ കെട്ടിട നിർമ്മാണത്തിനായി സ്ഥലം വാങ്ങിയതിന്റെ രേഖകളും നിർമ്മാണം സംബന്ധിച്ച എം.ബുക്കും ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. 16.08.01-ലെ സർക്കാർ ഉത്തരവ് 10205/2001/എ1/പ്ലാനിംഗ് പ്രകാരം സഹകരണസംഘങ്ങൾക്ക് സ്പിൽഓവർ പ്രോജക്ടിന്റെ ഭാഗമായോ കഴിഞ്ഞ വാർഷിക പദ്ധതിയുടെ തുടർച്ചയായോ ധനസഹായം നൽകാൻ പാടില്ലാത്തതാണ്. മാത്രവുമല്ല, സംസ്ഥാന ആസൂത്രണ ബോർഡിന്റെ 29.12.02-ലെ 6320/(1)/2002/ഡി. പി./എസ്/പി.ബി.ഉത്തരവ് പ്രകാരം ക്ഷീരസഹകരണ സംഘത്തിന് ധനസഹായം നൽകുന്നതിനുള്ള ഈ പ്രോജക്ട് ഒഴിവാക്കേണ്ട താണെന്നും പറയുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ടി പദ്ധതി ആവിഷ്കരിച്ചത് എന്തടിസ്ഥാന ത്തിലാണെന്ന് വ്യക്തമല്ല.

ബൾക്ക് കൂളർ സ്ഥാപിക്കാനായി ജില്ലാ പഞ്ചായത്ത് വിഹിതം ആറു ലക്ഷം രൂപയാണെന്നി രിക്കെ, ട്രിവാൻഡ്രം ജിയ ണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയനു നൽകിയിട്ടുള്ള 12 ലക്ഷം രൂപയും സ്ഥലം വാങ്ങാനായി നൽകിയ 1,15,129/-രൂപയും ഉൾപ്പെടെ 13,15,129/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്നു.

3.12.4.മിനി വ്യവസായ എസ്റ്റേറ്റ് - തൃക്കടവൂർ ഗ്രാമപഞ്ചായത്തിൽ തുക വിനിയോഗിച്ചിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003 – 04, ഖണ്ഡിക നമ്പർ: 3.25

ജില്ലയിലെ നാല് ഗ്രാമപഞ്ചായത്തുകളിൽ മിനി വ്യവസായ എസ്റ്റേറ്റ് നിർമ്മിക്കുന്നതിനായി 10 ലക്ഷം രൂപ വകയിരുത്തിയിരുന്ന പ്രോജക്ടിന് സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല. പ്രോജക്ട് പ്രകാരം തൃക്കടവൂർ ഗ്രാമപഞ്ചായത്തിലെ കുരീപ്പുഴയിൽ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കാൻ 3,60,000/-രൂപ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയെങ്കിലും, പ്രോജക്ട് നടപ്പാക്കിയിട്ടില്ല. പ്രോജക്ട് ആരംഭിച്ചി ട്ടില്ലെന്നുള്ള വിവരം തൃക്കടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 13.03.06-ൽ അറിയിച്ചിട്ടുണ്ട്. മൂന്നു വർഷം പിന്നിട്ടിട്ടും ടി പ്രോജക്ടിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തിനാൽ തുക തിരികെ പ്ലാൻഫണ്ടിൽ ഒടുക്കു വരുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

3.12.5.സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഹാന്റ്ലൂം ടെക്നോളജി - പദ്ധതി തുക പാഴായത്. രൂപ:10,28,130/-

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003 – 04 ഖണ്ഡിക നമ്പർ: 3.26

കൊല്ലം ജില്ലാ പഞ്ചായത്ത് 1999-2000-ൽ 73-ാം നമ്പരായി സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഹാന്റ്ലൂം ടെക്നോളജി എന്ന പ്രോജക്ട് അംഗീകരിച്ച് നടപ്പാക്കിയിരുന്നു. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ഗവേഷണ പരിപാടികൾ ഏറ്റെടുക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള ടി പ്രോജക്ടിൽ അടങ്കൽ തുക 135 ലക്ഷം രൂപയായിരുന്നു. കൈത്തറി വ്യവസായ സംഘങ്ങളും അവയിലെ അംഗങ്ങളും ഉൾപ്പെട്ട സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സംഘത്തിനാ ണ് ടി സംഘത്തിന്റെ നടത്തിപ്പ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം സൊസൈറ്റി ആക്ടനുസരിച്ച് സംഘം രജിസ്റ്റർ ചെയ്തില്ല. പദ്ധതി നിർവ്വഹണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 1999-2000 വർഷം വകയിരുത്തിയിരുന്ന പദ്ധതിവിഹിതത്തിൽ നിന്നും 10,28,130/- രൂപ ജില്ലാ പഞ്ചായത്ത് സ്പിന്നിംഗ്മിൽ എം.ഡി.യുടെ അക്കൗണ്ടിലേയ്ക്ക് വകമാറ്റിയിരുന്നു. പ്രോജക്ട് ധനകാര്യ വിശകലന പ്രകാരം മറ്റ് സ്രോതസുകളിൽ നിന്നും ധനസഹായം ഉറപ്പുവരുത്താതെയും ഇത്തരം സ്ഥാപനം ആരംഭിക്കുന്നതിന് സർക്കാരിന്റെ അനുവാദം ലഭിക്കുന്നതിന് മുമ്പ് സ്പിന്നിംഗ് മിൽ എം.ഡി.യുടെ അക്കൗണ്ടി ലേയ്ക്ക് പദ്ധതിവിഹിതം വകമാറ്റിയത് ക്രമപ്രകാരമല്ല. എട്ട് വർഷം പിന്നിട്ടിട്ടും ടി പ്രോജക്ട് നടപ്പാക്കിയിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിനായി വകയിരുത്തിയിരുന്ന സർക്കാർ ധനസഹായമായ 75 ലക്ഷം രൂപ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. കേരളത്തിൽ ഇത്തരം ഒരു സ്ഥാപനം കണ്ണൂരിൽ പ്രവർത്തിക്കുന്നതിനാൽ ഇതേ ഉദ്ദേശത്തിന് മറ്റൊരു സ്ഥാപനത്തിന്റെ ആവശ്യ കതയില്ലെന്നും, ആയതിനാൽ അംഗീകാരം നൽകാൻ സാദ്ധ്യമല്ലെന്നും സർക്കാർ അറിയിച്ചതിനാൽ പ്രോജക്ട് നടപ്പാക്കുവാൻ കഴിയുകയില്ല. ഈ വസ്തുത നിലനിൽക്കെ പദ്ധതിവിഹിതത്തിൽ നിന്നും നൽകിയ 1028130/-രൂപ പലിശസഹിതം കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ നിന്നും തിരികെ പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല.

<u>പത്തനംതിട്ട ജില്ല</u>

3.13. പൊതു പരാമർശങ്ങൾ

നാടിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനുള്ള മാർഗ്ഗരേഖ പ്രാദേശിക തലത്തിൽ രൂപകൽപ്പന ചെയ്ത് നടപ്പാക്കുന്നതിനുവേണ്ടി പദ്ധതി വിഹിതം അനുവദിച്ചുവരുന്നത്, നിർവ്വഹണ ത്തിലെ കെടുകാര്യസ്ഥതയും ഫലപ്രദമായ മോണിറ്ററിംഗിന്റെ അഭാവവും പദ്ധതി സമയപരിധി യ്ക്കുള്ളിൽ പൂർത്തിയാക്കാത്തതുംമൂലം പൂർണ്ണമായ ഫലപ്രാപ്തിയിൽ എത്തിയില്ല. പദ്ധതി രൂപീ കരണത്തിന്റെ പ്രാദേശിക ഘടകങ്ങളായ ഗ്രാമസഭകൾ ചട്ടപ്രകാരം വിളിച്ചുകൂട്ടുന്നില്ലെ ന്നുള്ളതും, ജനകീയ പങ്കാളിത്തം നാമമാത്രമാകുന്നതും ശ്രദ്ധയിൽപ്പെട്ട വസ്തുതകളാണ്. വികസന പദ്ധതികൾ റോഡുകളുടെ റിപ്പയറിംഗ്, കോൺക്രീറ്റ് എന്നിവ മാത്രമായി മാറിയിട്ടുണ്ട്. കാർഷിക പ്രാധാന്യമുള്ള ഈ മലയോരജില്ലയിൽ നാടിന്റെ ഭക്ഷ്യസുരക്ഷ സംബന്ധിച്ച് അതീവ പ്രാധാന്യമർഹിക്കുന്ന നെൽകൃഷി, തെങ്ങുകൃഷി എന്നിവ അവഗ ണനയുടെ വക്കിലാണ്. പകരം വൻതുകകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ വാനിലകൃഷിക്കായി ചെലവഴിച്ചിട്ടുണ്ടെങ്കിലും ഫലപ്രാപ്തി കൈവരിച്ചിട്ടില്ല.

കൃത്യമായ ഉപഭോഗം കണക്കാക്കാതെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നൽകു ന്നത് ആവർത്തനസ്വഭാവമുള്ള ചെലവിനങ്ങളിൽപ്പെടുന്നതിനാൽ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് വൻ സാമ്പത്തികനഷ്ടം ഉണ്ടാക്കുന്നു. വൈദ്യുതി ലൈൻ നീട്ടുന്നതിന് വൈദ്യുതി ബോർഡ് തയ്യാറാക്കി ക്കൊടുക്കുന്ന പ്രോജക്ടുകളിൽ മുൻകൂർ തുകയടച്ച് വർഷങ്ങൾക്കുശേഷവും വൈദ്യുതി ലൈൻ നീട്ടാത്തതിനാൽ സ്ഥാപനങ്ങൾക്ക് പദ്ധതിവിഹിതമായി ലഭിച്ച കോടിക്കണക്കിന് രൂപ പ്രയോജന

രഹിതമായിട്ടുണ്ട്. ഇതൊഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് വർക്കിനായി ബന്ധപ്പെടുന്ന സ്ഥാപനങ്ങളുമായി കരാർവയ്ക്കേണ്ടതും സമയബന്ധിതമായി പണിപൂർത്തിയാക്കാൻ വേണ്ടനടപടി സ്വീകരിക്കേണ്ടതും അവ കരാർപ്രകാരംതന്നെ പൂർത്തീകരിക്കുന്നു ണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന തനതു വരുമാനസ്രോതസ്സുകളായ കെട്ടിടനികുതി, തൊഴിൽനികുതി എന്നിവ കൃത്യമായി പിരിച്ചെടുക്കാത്തതിനാൽ തനതുവരുമാനത്തിൽ വൻനഷ്ടം ഉണ്ടാകുന്നതോടൊപ്പം, വൻതുക സമയപരിധികഴിഞ്ഞ് കാലഹരണപ്പെടുന്ന സ്ഥിതിവിശേഷമാണ് നിലനിൽ ക്കുന്നത്. നികുതികൾ പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുന്നില്ല.

രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കി സൂക്ഷിക്കുന്നതിലും, ഓഡിറ്റിന്അവ ഹാജരാക്കുന്നതിലും ഓഡിറ്റ് റിപ്പോർട്ടിന്മേൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾ തുടർനടപടി സ്വീകരിക്കുന്നതിലും വീഴ്ച വരുത്തുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ നിഷ്കർഷിക്കുന്ന കാര്യങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

3.13.1.വൗച്ചറുകളും അനുബന്ധ രേഖകളും ഹാജരാക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വേളയിൽ വൗച്ചറും അനുബന്ധ രേഖകളും ഹാജരാക്കാത്ത ഗ്രാമപഞ്ചായത്തുകളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

നം.	സ്ഥാപനത്തിന്റെ പേര്	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	തുക
1	സീതത്തോട് ഗ്രാമ പഞ്ചായത്ത്	2002-03	2-7	1,29,748
2	മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	2002-03 (ചെലവ്)	2-14	3,39,978
3	മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	2002-03	2-13	91,741
4	മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്	2003-04 (ചെലവ്)	2-26	1,73,981
5	കോന്നി ബ്ലോക്ക് പഞ്ചായത്ത്	2002-03 (ചെലവ്)	2-2	15,45,607
6	പറക്കോട് ബ്ലോക്ക് പഞ്ചായത്ത്	2005-06	3-4	11,94,686
7	പന്തളം ഗ്രാമ പഞ്ചായത്ത് (ക്യാഷ്ബുക്ക് എഴുതി സൂക്ഷിക്കാത്തത്)	2002-03	2-44	2,20,000

3.14. റാന്നി– അങ്ങാടി ഗ്രാമപഞ്ചായത്ത്

3.14.1.പഞ്ചായത്തിന്റെ അറ്റകുറ്റപ്പണി - കൂടുതൽ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നത്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 2 – 17

ഗ്രാമപഞ്ചായത്താഫീസിന്റെ അറ്റകുറ്റ പ്പണികൾക്കായി 2,52,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 2,27,565/-രൂപ കരാറുകാരനു നൽകുകയുണ്ടായി. എസ്റ്റിമേറ്റ് പ്രകാരം 5 ജനലുകൾ ഇളക്കിമാറ്റി പകരം ആഞ്ഞിലിത്തടിയിൽ ഫ്രയിമും, തേക്ക് പലകയിൽ ജനൽപാളിയും പണിയാൻ 19,421/- രൂപ കരാറുകാരന് നൽകി. എന്നാൽ ഭൗതിക പരിശോധനയിൽ, പഞ്ചായത്താഫീസിലെ ഒരൊറ്റജനൽ പോലും മാറ്റി സ്ഥാപിച്ചിട്ടില്ല. എല്ലാ ജനലുകളും പഴയതുതന്നെയാണ് ഇപ്പോഴുള്ളതെന്ന് ബോദ്ധ്യപ്പെട്ടു. പഴയ ഉരുപ്പടികൾ സ്റ്റോക്കി

ലെടുത്ത്, ലേലം ചെയ്തതായി കാണുന്നില്ല. ഒറ്റനോട്ടത്തിൽതന്നെ ഇത്തരം അപാകത വ്യക്തമാകുന്ന സാഹചര്യത്തിൽ, പ്രവൃത്തിയുടെ നടത്തിപ്പിൽ മറ്റ് അപാകതകളും ഉണ്ടായിട്ടുണ്ടോ എന്ന് നിർണ്ണയിക്കുവാൻ ഉന്നതതല സാങ്കേതികഅന്വേഷ ണത്തിന് ശുപാർശ ചെയ്യുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള ഉരുപ്പടി നൽകാതെയുള്ള 19,421/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിച്ചിട്ട ില്ല. കൂടാതെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും നികുതിയുൾപ്പെടെ ചെലവുചെയ്ത 2,45,485/-രൂപയിൽ 2,26,064/- രൂപ തടസ്സപ്പെടുത്തിയിരിക്കുന്നു.

3.15. പന്തളം ഗ്രാമപഞ്ചായത്ത്

3.15.1. കൊച്ചിൻ റിഫൈനറിയിൽ നിന്നും ടാർ വാങ്ങിയതിന്റെ വില ഡിമാന്റ് ഡ്രാഫ്റ്റായി നൽകി- 4,51,685/-രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03(ചെലവ്), ഖണ്ഡിക നമ്പർ: 2-21

കൊച്ചിൻ റിഫൈനറിയിൽ നിന്നും 180 ബാരൽ ടാർ വാങ്ങിയതിന് 4,51,685/-രൂപ 09.12.02-ലെ 196854-ാം നമ്പർ സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ചു. ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കുന്നതിനു വേണ്ടിയാണെന്ന് പറയുന്നുണ്ടെങ്കിലും ഡി.ഡി.നമ്പർ ലഭ്യമല്ല. കൂടാതെ ഡ്രാഫ്റ്റ് എടുക്കുന്നതിനുള്ള ഫാറത്തിന്റെ കൗണ്ടർ ഫോയിലിൽ ബാങ്ക് സീലും കാണുന്നില്ല. ആകെ 180 ബാരൽ ടാറിന്റെ വില രേഖപ്പെടുത്തിയ 3 ഇൻവോയിസുകൾ ഫയലിൽ ഉണ്ടെങ്കിലും 60 ബാരലിന്റെ ഡെലിവറി ഓർഡർ മാത്രമേ ഫയലിലുള്ളൂ. 180 ബാരൽ ടാറിന്റെ വിതരണം സ്റ്റോക്ക് രജിസ്റ്ററിൽ കാ ണിച്ചിട്ടുണ്ടെങ്കിലും, തുക കൊച്ചിൻ റിഫൈനറിയ്ക്കു നൽകിയത് സംബന്ധിച്ച് കൈപ്പറ്റ് രസീത് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവായ 4,51,685/-രൂപ തടസ്സപ്പെടുത്തുന്നു.

3.15.2.ആധുനിക രീതിയിലുള്ള അറവുശാല നിർമ്മാണം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03 (ചെലവ്), ഖണ്ഡിക നമ്പർ: 2-46

2000-01-ൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം ആധുനിക രീതിയിലുള്ളഅറവുശാല നിർമ്മിക്കുന്നതിനായി 29.04.00-ൽ 31,00,000/-രൂപയുടെ ഭരണാനുമതിയും, 30.03.2001-ൽ 30,93,000/- രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിരുന്നു. 06.02.98 ലെ ജി.ഒ.(ആർ.റ്റി)319/98/ എൽ.എ.ഡി. പ്രകാരം അറവുശാല നിർമ്മാണം ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി "ചേർത്തല സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് (സിൽക്ക്)" എന്ന സ്ഥാപനത്തെ നിർദ്ദേശിച്ചിട്ടുള്ള തിനാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 19.03.02-ലെ തീരുമാനപ്രകാരം അറവുശാല നിർമ്മാണം ടെണ്ടർ നടപടി ക്രമങ്ങൾ കൂടാതെ "സിൽക്കി"നെ ഏൽപ്പിച്ചു. "സിൽക്കി"ന്റെ ആവശ്യപ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 30% തുകയായ 9,28,140/-രൂപ 20.03.2002-ൽ നൽകി. 19.03.2002-ലെ പഞ്ചായത്ത് കമ്മിറ്റി അറവുശാലയ്ക്കായി പബ്ലിക് മാർക്കറ്റിന്റെ വടക്കുപടിഞ്ഞാറു ഭാഗത്തായി 30 സെന്റ് സ്ഥലം ഉപയോഗിക്കുന്നതിന് തീരുമാനിച്ചുവെങ്കിലും ഓഡിറ്റ് തീയതിവരെയും അറവുശാല നിർമ്മിക്കുന്നതി നുള്ള സ്ഥലം കൈമാറിയിട്ടില്ലാത്തതിനാൽ തുടർനടപടികൾ ഒന്നും നടന്നിട്ടില്ല. "മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങുകയോ, പൊതുജനങ്ങളിൽ നിന്ന് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞുകൊണ്ട് നോട്ടീസ് പരസ്യപ്പെടുത്തുകയോ ചെയ്തിട്ടില്ലാ" യെന്ന് പന്തളം പരിസ്ഥിതി സംരക്ഷണ സമിതി ബഹു:ഓംബുഡ്സ്മാനിൽ പരാതി നൽകിയിട്ടുള്ള തായി കാണുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെയും സെക്രട്ടറിയുടെയും സമയബന്ധിതമായ നടപടി കളുടെ അഭാവമാണ് പദ്ധതികൊണ്ട് യാതൊരു പ്രയോജനവും ലഭിക്കാൻ ഇടയാകാത്തത്. 6/02-ൽ സെക്രട്ടറിയുടെ പ്ലാൻ പി.ഡി.അക്കൗണ്ടിലേക്ക് ഈ പ്രോജക്ടിന് തനതുഫണ്ടിൽ നിന്ന് 25 ലക്ഷം രൂപ മാറ്റിയിരുന്നു. എന്നാൽ 09.07.2003 ലെ ജി.ഒ.(പി) 381/2003/ഫിൻ പ്രകാരം ജനറൽ പി.ഡി.,

പ്ലാൻ പി.ഡി.അക്കൗണ്ടുകൾ നിർത്തലാക്കിയതിനെ തുടർന്ന് ഈ ഇനത്തിലുള്ള ബാക്കിതുകയെ സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽനിന്നും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടുമില്ല.

3.16. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

3.16.1.വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ ധനസഹായ വിതരണ മേഖലകളിൽ കൃത്രിമം കാണിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 2-14

09.07.2003-ലെ സർക്കാർ ഉത്തരവ് 381/2003/ഫിൻ പ്രകാരം പ്ലാൻ പി.ഡി.അക്കൗണ്ടുകൾ മരവിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓ ഫീസർ നിർവ്വഹണ ഉദ്യോഗസ്ഥ നായിരുന്ന ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 3-ാം ഗഡു തുക വിതരണം ചെയ്യുന്ന തിന് ഒന്നിലധികംപേർക്ക് വേണ്ടി തുക നൽകുന്നതിനായി സെക്രട്ടറിയ്ക്ക് റിക്വിസിഷൻ നൽകുകയും സെക്രട്ടറി നൽകിയ ചെക്ക് പണമായി മാറ്റി ഗുണഭോക്താക്കൾക്ക് കൈപ്പറ്റ് രസീതിന്റെ അടിസ്ഥാന ത്തിൽ വിതരണം ചെയ്യുകയും ചെയ്ത നടപടി ക്രമവിരുദ്ധമാണ്. കൂടാതെ, സെക്രട്ടറിയുടെ പ്ലാൻ പി.ഡി.അക്കൗണ്ടിൽ (ജനറൽ) ഗുണഭോക്താക്കൾക്കായി വി.ഇ.ഒ.യ്ക്ക് 1,91,000/-രൂപയുടെ ചെക്ക്മാറി വിതരണം ചെയ്തതിൽ രജിസ്റ്റർ, കൈപ്പറ്റ് രസീത് എന്നി വ തിരുത്തി 45,000/-രൂപയു ടെയും പട്ടികജാതി ഗുണഭോക്താക്കൾക്കായി നൽകിയ 2,34,500/-രൂപയുടെ ചെക്ക് മാറി വിതരണം ചെയ്തതിൽ 10,000/-രൂപയുടേതുമുൾപ്പെടെ 55,000/-രൂപയുടെ പണാപഹരണം നടന്നതായി കാണുന്നു. പണാപഹരണം നടത്തിയ വി.ഇ.ഒ.യ്ക്ക് എതിരെ നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല.

3.17. പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്ത്

3.17.1.കീരുകുഴി- ചിറയത്ത് ഏലാതോട് സംരക്ഷണം - മുൻകൂർ കുറവ് ചെയ്യാതെ അധികം നൽകി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 2-21

ഈ പ്രവൃത്തിക്ക് 2,62,000/-രൂപ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും 2,52,000/-രൂപയ്ക്കു മാത്രമേ ഭരണാനുമതി നൽകിയിരുന്നുള്ളൂ. വിവിധ ചെക്കുകൾ പ്രകാരം 2,52,336/-രൂപയാണ് പ്രതിഫലമായി കൺവീനർക്ക് നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ ആകെ മൂല്യത്തുക നികുതി തുകയും മറ്റ് ചെലവുകളുമുൾപ്പെടെ ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഫൈനൽ ബിൽതുക നൽകിയതിൽ മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 50,000/ -രൂപ കുറവ് ചെയ്യേണ്ടതിന് പകരം 25,000/-രൂപ മാത്രമേ കുറവ് ചെയ്തിട്ടുള്ളൂ. മുൻകൂർതുക ശരിയായി ക്രമപ്പെടുത്താതെ പ്രതിഫലം നൽകിയതിനു 25,000/-രൂപ അധികമായി നൽകി.

ബ്ലോക്ക് പഞ്ചായത്ത്

3.18. പറക്കോട് ബ്ലോക്ക് പഞ്ചായത്ത്.

3.18.1. പാറക്കുഴി-പറമ്പിക്കുഴി ഏലാബണ്ട് നിർമ്മാണം -മുൻകൂർ നൽകി - പണി പൂർത്തിയാക്കിയിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04 (ചെലവ്), ഖണ്ഡിക നമ്പർ: 2-8

പാറക്കുഴി-പറമ്പിക്കുഴി ഏലാബണ്ട് നിർമ്മാണത്തിന് കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ 27500/-രൂപയും സെക്യേർഡ് അഡ്വാൻസ് ഇനത്തിൽ 27500/-രൂപയും ഉൾപ്പെടെ 55,000/-രൂപ നൽകി. സെക്യേർഡ് അഡ്വാൻസ് നൽകുന്നതിനു മുമ്പായി എഞ്ചിനീയറിൽ നിന്ന് പ്രവൃത്തിയുടെ മൂല്യനിർണയ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയോ മറ്റു നടപടിക്രമങ്ങൾ പാലിക്കുകയോ ചെയ്തിട്ടില്ല. നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കുകയോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും സ്ഥാപനത്തിനുണ്ടായ നഷ്ടം പിഴപ്പലിശ സഹിതം ഈടാക്കുകയോ ചെയ്തിട്ടില്ല.

3.19. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

3.19.1. പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിലെ അപാകതകൾ - ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3.4

പ്രീ-മെട്രിക് ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിന് 8 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ടെന്റർ ക്ഷണിച്ചിരുന്നുവെങ്കിലും ടെന്റർ സമർപ്പിക്കുന്നതിന് നിയമാനുസൃതമായ 10 ദിവസത്തെ സമയം നൽകിയിട്ടില്ല. തുടർന്നുള്ള റീ-ടെന്ററിലും ഇപ്രകാരം തന്നെയായിരുന്നു നടപടി. തൽഫലമായി ടെന്ററിൽ ആരും പങ്കെടുക്കാത്തതിനാൽ നെഗോസിയേഷൻ പ്രകാരം 5% കൂടിയ നിരക്കിൽ പ്രവൃത്തി ഒരാളെ ഏൽപ്പിച്ചു. കെട്ടിട നിർമ്മാണത്തിനായി കീഴ്വായ്പൂര് ഹയർസെക്കന്ററി സ്കൂൾ വക ഭൂമി നൽകിയതായാണ് പറയുന്നതെങ്കിലും ഭൂമിയുടെ അവകാശം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. വിദഗ്ദ്ധ പ്ലാൻ തയ്യാറാക്കാതെ നിർമ്മിച്ച കെട്ടിടത്തിൽ ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിന് അത്യാവശ്യമായ സൗകര്യങ്ങൾ തീരെ അപര്യാപ്തമാണെന്നാണ് കെട്ടിടത്തിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ നിന്നും വ്യക്തമാകുന്നത്. ബ്ലോക്ക് പഞ്ചായത്തിന് അവകാശമില്ലാത്ത സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ 7,13,079/-രൂപ ചെലവഴിച്ചതും നിർമ്മാണത്തിലെ അപാകതകളും സംബന്ധിച്ച് സത്വര അന്വേഷണം നടത്തി അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3.20. പന്തളം ബ്ലോക്ക് പഞ്ചായത്ത്

3.20.1. പ്രീ-മെട്രിക് ഹോസ്റ്റലിന് സ്ഥലം വാങ്ങിയത് - വസ്തു ഉടമയ്ക്ക് വില കൂട്ടി കൊടുത്തു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04 (ചെലവ്), ഖണ്ഡിക നമ്പർ: 2-1

സ്ഥലംവാങ്ങുന്നതിനുള്ള പത്രപ്പരസ്യപ്രകാരം സർക്കാർ നിശ്ചയിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റൽ പണിയാൻ സ്ഥലം നൽകാൻ ഒരു വ്യക്തി തയ്യാറാവുകയും, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി

ആയത് അംഗീകരിക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലാ കളക്ടറുടെ 09.03.04 -ലെ സി.2-1305/2004/കെ.ഡിസ് നമ്പർ കത്ത് പ്രകാരം ഒരു ആർ ഭൂമിയ്ക്ക് 16500/-രൂപ വില നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ 16 ആർ ഭൂമി വാങ്ങുന്നതിന് 2,64,000/-രൂപ ചെലവഴിക്കുന്നതിനു പകരം 3,43,200/-രൂപ വസ്തു ഉടമയ്ക്ക് നൽകി. കളക്ടർ നിശ്ചയിച്ച വാല്യുവേഷൻ തുകയിൽ നിന്നും 30% തുക അധികരിച്ച് നൽകു വാൻ 22.03.04-ലെ കമ്മിറ്റി ഒരു മെമ്പറുടെ വിയോജനക്കുറി പ്പോടെ തീരുമാനിച്ചിരുന്നു. കൂടുതലായി ചെലവഴിച്ച 79,200/-രൂപ കമ്മിറ്റി തീരുമാനം എടുത്ത മെമ്പർമാരിൽ നിന്നും സെക്രട്ടറി യിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്. മുദ്രപത്രവില, രജിസ്ട്രേ ഷൻ ഫീസ്, എഴുത്തുകൂലി എന്നിവയ്ക്കായി 23,597/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആധാരത്തിന്റെ ഒറിജിനൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. കൂടാതെ 30.03.04-ലെ 379566-ാം നമ്പർ ചെക്ക് പ്രകാരം 2,23,180/-രൂപ കൂടി വസ്തു ഉടമയ്ക്ക് നൽകിയിട്ടുണ്ട്. തുക മാറിയിട്ടുണ്ടോ എന്ന് പരിശോധി യ്ക്കാൻ ഈ കാലയളവിലെ ബാങ്ക് പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.20.2.സ്കൂളുകൾ, ലൈബ്രറികൾ, ഐ.റ്റി.സി. എന്നിവയ്ക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ-വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05(ചെലവ്), ഖണ്ഡിക നമ്പർ: 2 – 3

സ്കൂളുകൾ, ലൈബ്രറികൾ, ഐ.റ്റി.സി. എന്നിവയ്ക്ക് വിതരണം ചെയ്യുന്നതിനായി '10' കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും "സൈബർ പാർക്ക്" എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് 4,96,500/-രൂപ ചെലവഴിച്ചു. വൗച്ചർ കോപ്പിയായി ഫയലിലുള്ളത്, പരസ്യം നൽകിയ പത്രത്തിന്റെ പേരും തീയതിയും വ്യക്തമല്ലാത്ത ഒരു ന്യൂസ്പേപ്പർ കട്ടിംഗ് മാത്രമാണ്. ടെന്റർ തീയതി 26.03.04 ഉം ടെന്റർ സ്വീകരിക്കുന്ന അവസാന തീയതി 29.03.04 ഉം ആണെന്ന് കാണുന്നു. നൽകിയ പരസ്യപ്രകാരം ടെന്ററുകൾ ഒന്നുംതന്നെ ലഭിച്ചിട്ടുമില്ല. കമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും രണ്ടു ദിവസത്തിനകം തരാൻ തയ്യാറാണെന്നും ആകെ വില 4,96,500/-രൂപയാണെ ന്നും, സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ 29.03.2004-ൽ അറിയിച്ചതനുസരിച്ച് 30.03.04 -ലെ കമ്മിറ്റി തീരുമാന പ്രകാരം, മുൻപ് ഇതേ പദ്ധതിയ്ക്ക് ടെന്റർ നൽകിയ "സൈബർ പാർക്ക്" എന്ന സ്ഥാപന ത്തിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങാൻ തീരുമാനിച്ചു. ആയതിൽനിന്നും, ചുരുങ്ങിയ കാലയളവ് രേഖപ്പെടുത്തി പരസ്യം നൽകിയത് ടി സ്ഥാപനത്തിൽ നിന്നും വാങ്ങുവാൻ ഉദ്ദേശിച്ചുകൊണ്ട് മാത്രമായിരുന്നുവെന്ന് വ്യക്തമാണ്. മാത്രവുമല്ല, 9 കമ്പ്യൂട്ടറുകൾ മാത്രമേ സ്ഥാപന മേലധികാരികൾ കൈപ്പറ്റിയതായി കാണുന്നുള്ളൂ. ഒരു കമ്പ്യൂട്ടർ കൈമാറിയതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ലാത്ത ലൈബ്രറികൾക്കും സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ വാങ്ങി നൽകുന്നതിന് ഇത്രയേറെ തുക ചെലവഴിച്ചതും, മുൻവർഷത്തെ പദ്ധതിയി ലുൾപ്പെടുത്തി കമ്പ്യൂട്ടർ വാങ്ങി നൽകിയ പൂഴിക്കാട് ഗവൺമെന്റ് യു.പി.സ്കൂളിന് തൻവർഷവും കമ്പ്യൂട്ടർ നൽകിയതും അന്വേഷണ വിധേയമാക്കേണ്ടതാണ്.

<u>ആലപ്പുഴ ജില്ല</u>

3.21. പൊതുപരാമർശങ്ങൾ

3.21.1.മുൻകൂർ കൈപ്പറ്റിയിട്ട് പണി പൂർത്തീകരിച്ചില്ല

ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ മരാമത്തു പ്രവൃത്തിയ്ക്ക് മുൻകൂർ നൽകിയതു വഴിയും നഗരസഭകളിൽ വിവിധ വിഭാഗം ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി അവർ ആവശ്യപ്പെടുന്ന പ്രകാരവും മുൻകൂറുകൾ നൽകാറുണ്ട്. എന്നാൽ ടി തുകകൾ ഒന്നുംതന്നെ ബന്ധപ്പെട്ട വൗച്ചറുകൾ സഹിതം ക്രമീകരിക്കുകയോ, തുകകൾ ബാക്കിയുണ്ടെങ്കിൽ തിരിച്ചടയ്ക്കുകയോ ചെയ്യുന്നില്ല.

അതിനാൽ സ്ഥാപനങ്ങളുടെ തനതുഫണ്ടിൽ നിന്നും നല്ലൊരു തുക ജീവനക്കാരുടെ കൈവശം നിൽക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

സ്ഥാപനം	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	തുക
ആലപ്പുഴ ജില്ലാ പഞ്ചായത്ത്	2005-06	3-46	4,37,030
മാവേലിക്കര നഗരസഭ	1968-69 മുതൽ 2001-02	4-6	4,35,136
ചേർത്തല നഗരസഭ	2000-01	2-1	1,01,750
ചേർത്തല നഗരസഭ	2001-02	2-1	1,39,075
ചേർത്തല നഗരസഭ	2002-03	2-4	79,725

3.21.2.രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

ഓഡിറ്റ് സമയത്ത് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖയില്ലാത്ത ചെലവ് ധനാപഹരണമായി കണക്കാക്കാവുന്നതാണ്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാതിരുന്നത് പൊതു ധനവിനിയോഗത്തിന്റെ സുതാര്യതയും വിശ്വാസ്യതയും നഷ്ടമാക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	തുക
1	ജില്ലാ പഞ്ചായത്ത്	2005-06	3.24	1,68,26,104
2	ചേർത്തല നഗരസഭ	2000-01	2.4	13,63,342
3	ചേർത്തല നഗരസഭ	2001-02	2.4	17,10,433
4	ചേർത്തല നഗരസഭ	2002-03	2.6	8,02,795
5	ചേർത്തല നഗരസഭ	2002-03	2.23	4,75,147
6	പുറക്കാട് ഗ്രാമപഞ്ചായത്ത്	2003-04	2.4	6,64,375
7	പുറക്കാട് ഗ്രാമപഞ്ചായത്ത്	2002-03	2.9	8,68,000
8	അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്	2003-04	2.5	1,87,500
9	അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്	2004-05	2.8	1,51,406
10	അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത്	2004-05	2.2	84,020
11	വീയപുരം ഗ്രാമപഞ്ചായത്ത്	2003-04	2.10	7,27,605
12	തകഴി ഗ്രാമപഞ്ചായത്ത്	2002-03	2.9	13,500

3.21.3.ഡെപ്പോസിറ്റ് വേലകൾക്ക് തുക നൽകി - പദ്ധതി പൂർത്തീകരണ/ വിനിയോഗ രേഖകളില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള വാട്ടർഅതോറിറ്റി, കേരള ഗ്രൗണ്ട്വാട്ടർ വകുപ്പ് എന്നീ സ്ഥാപനങ്ങളിലേക്ക് വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ടി പദ്ധതികൾ വിജയകരമായി പൂർത്തീകരിച്ചതിനുള്ള യാതൊരുവിധ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് വേലകൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നുണ്ടോയെന്ന് തുടർനിരീക്ഷണം നടക്കുന്നില്ല. ഇപ്രകാരം നിക്ഷേപിക്കപ്പെട്ട തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

സ്ഥാപനം	വർഷം ഖണ്ഡിക	തുക	വിവരണം
ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്	2004-05 3.2	4,12,000	ഭരണിക്കാവ് ബ്ലോക്ക്പഞ്ചായത്തിൽപ്പെട്ട മൈലാടും മുകൾ കോളനിയിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതി 4,12,000/-രൂപ ഭൂജലവകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസർക്ക് നൽകി. പൂർത്തീകരണരേഖ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഇല്ല.
ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്	2004-05 3.3	5,55,650	വൈദ്യുതലൈൻ നീക്കൽ എന്നതിക്കായി കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ തുകഒടുക്കി. പദ്ധതി യുടെ പൂർത്തീകരണരേഖ, വൈദ്യുതി ബോർഡിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കി യിട്ടില്ല.

3.21.4.ഡി.പി.സി.യുടെ അംഗീകാരമില്ലാത്ത പ്രവൃത്തികൾ - നിയമ/ചട്ട വിരുദ്ധമായി നടപ്പിലാക്കി

മരാമത്ത്പണികൾ ഉൾപ്പെടെ പല പ്രോജക്ടുകളും, ജില്ലാ ആസൂത്രണബോർഡിന്റേയോ, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെയോ അംഗീകാരമില്ലാതെ നടപ്പാക്കിയിട്ടുണ്ട്. സബ്സിഡി മാനദണ്ഡങ്ങൾക്കും സ്റ്റോർപർച്ചേസ് നിയമങ്ങൾക്കും, സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായി ഈ പദ്ധതികൾ പലതും നടപ്പിലാക്കപ്പെട്ടതിനാൽ പദ്ധതിപ്പണം ശരിയായ രീതിയിൽ വിനിയോഗിക്ക പ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	ഓ.റി. വർഷം ഖ.നം.	തുക	പദ്ധതി	അപാകതകൾ
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്	2005-06 3.7	35,000	എസ്.റ്റി.കുടുംബ വാസസ്ഥലം മണ്ണിട്ടുയർത്തൽ (100%സബ്സിഡി)	1. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറും, ജില്ലാതല ടെക്നിക്കൽ സമിതിയും അംഗീകാരം നൽകി യിട്ടില്ല. 2. അംഗീകൃത സബ്സിഡി ഇനങ്ങ ളിൽ ഉൾപ്പെട്ടിട്ടില്ല.
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്	2005-06 3.8	4,91,980	കൊച്ചുവെളി-തെക്കുംതല റോഡ് നിർമ്മാണം	ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല.
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്	2005-06 3.8	3,69,267	തുറവൂർ-പാലത്തറ മുട്ടുപ്പുറം റോഡ് നിർമ്മാണം	ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല.
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്	2005-06 3.8	3,01,997	അരൂർ, വെട്ടുക ടവ്-റോഡ് ടാറിംഗ്	ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല.
പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്	2005-06 3.8	-	തുറവൂർ-വെട്ടിക്കാട് ഹരിജൻ കോളനി റോഡ് നിർമ്മാണം	ജില്ലാ ആസൂത്രണ സമിതിയുടെയും ടെക്നിക്കൽ സമിതിയുടെയും അംഗീകാരം നേടിയിട്ടില്ല.

പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്	2005-06 3.5	3,99,819	കോട്ടംതുരുത്ത് ഗ്രാമപഞ്ചായത്ത് നീണ്ടകര-സെന്റ് മാർട്ടിൻ മണ്ണൂച്ചിറ റോഡ് നിർമ്മാണം	ജില്ലാ ആസൂത്രണസമിതിയുടെയും ടെക്നിക്കൽ കമ്മിറ്റിയുടെയും അംഗീകാരമില്ല. 1265 എം.^{3} ഗ്രാവൽ ഫില്ലിംഗിന് ഉപയോഗിച്ചെങ്കിലും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.
ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത്	2004-05 3.9	6,14,000	സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ	ഭരണാനുമതിയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ഇല്ല. 1,63,400/- രൂപയ്ക്ക് ഫർണിച്ചറും, 4,35,000/- രൂപയ്ക്ക് പ്രൊജക്ടറും വാങ്ങി. ടെന്റർ ക്ഷണിച്ചിട്ടില്ല. ഫർണിച്ചർ സ്റ്റോക്കിലെടുത്തിട്ടില്ല. വിതരണ വിവരങ്ങളില്ല.
അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത്	2003-04 2.2	49,475	പ്രീ-മെട്രിക് ഹോസ്റ്റലിലെ സൗകര്യം മെച്ചപ്പെടുത്തൽ	ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ല
മുതുകുളം ബ്ലോക്ക് പഞ്ചായത്ത്	2004-05 3.24	-	പത്തിയൂർ പഞ്ചായത്തിൽ കോയിക്കൽ മുക്ക് മുതൽ പടിഞ്ഞാറോട്ട് സൈഡ് കെട്ടുക	ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരമില്ല. 5/99 മുതൽ 12/00 വരെ നടന്ന പണിയുടെ അളവ്, 01.02.05-ലാണ് എടുത്തിട്ടുള്ളത്. ഹാജരാക്കിയ മസ്റ്റർറോൾ തൊഴിലാളികൾ ഒപ്പിടാത്തതുംഅ പൂർണവുമാണ്.

<u>ഗ്രാമപഞ്ചായത്തുകൾ</u>

3.22. വെൺമണി ഗ്രാമ പഞ്ചായത്ത്

3.22.1. എസ്.ജി.ആർ.വൈ - ഭക്ഷ്യധാന്യ വിതരണം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003 – 04, ഖണ്ഡിക നമ്പർ: 2.3

ഗ്രാമപഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ 2002-03-ൽ 10 ടണ്ണും, 2003-04-ൽ 75 ടണ്ണും ഉൾപ്പെടെ ആകെ 85 ടൺ അരി കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി അനുവദിക്കുകയുണ്ടായി. എന്നാൽ അരിയുടെ വിതരണം, ഏറ്റെടുത്ത പ്രവൃത്തികളെപ്പറ്റിയുള്ള കർമ്മപദ്ധതി, എസ്റ്റിമേറ്റ്, ഗുണഭോക്തൃ സമിതിയുടെ വിവരങ്ങൾ, തൊഴിലാളികൾക്ക് അരിയും പണവും വിതരണം ചെയ്തതിന്റെ മസ്റ്റർറോൾ, മരാമത്ത് ബില്ലുകൾ എന്നിവ ഒന്നുംതന്നെ പഞ്ചായത്തിൽ ലഭ്യമല്ല. വികലമായി തയ്യാറാക്കപ്പെട്ട ക്യാഷ്ബുക്കിലെ രേഖപ്പെടുത്തൽ അനുസരിച്ച് ഈ രണ്ടു വർഷങ്ങളിലായി ആകെ 4,89,124/-രൂപ വിവിധ ചെക്കുകൾ പ്രകാരം വിവിധ വ്യക്തികൾക്ക് (പ്രവൃത്തികൾ ഏറ്റെടുക്കുന്നവർ എന്നനുമാനിക്കുന്നവർ) നൽകിയതായി കാണുന്നു. ഈയിനത്തിൽ ചെലവഴിച്ച തുകയെ പ്പറ്റിയും ഭക്ഷ്യധാന്യ വിതരണത്തെപ്പറ്റിയും സമഗ്രമായ അന്വേഷണത്തിനു ശുപാർശ ചെയ്യുന്നു.

3.23. പാണ്ടനാട് ഗ്രാമ പഞ്ചായത്ത്

3.23.1. ആസൂത്രണരാഹിത്യം - 34.2 ലക്ഷം നഷ്ടപ്പെടുത്തി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 2.1

സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി നിർവ്വഹിക്കാതെ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതം 34.2 ലക്ഷം നഷ്ടപ്പെടുത്തി. 2002-03 കേരള വികസന പദ്ധതികൾക്ക് 48.02 ലക്ഷം പദ്ധതി വിഹിതം ലഭിച്ചിരുന്നു. സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കാത്തതിനാൽ ചെലവഴിക്കാനായത് 13.8 ലക്ഷം - 28.8% മാത്രം. പട്ടിക വിഭാഗങ്ങളുടെ പദ്ധതി നിർവ്വഹണത്തിലും അനാസ്ഥ പ്രകടമാണ്. ലഭിച്ച പദ്ധതി വിഹിതത്തിൽ 12.7 ലക്ഷം പട്ടികവിഭാഗങ്ങൾക്കു വേണ്ടിയായിരുന്നു. ചെലവഴിച്ചത് 2.8 ലക്ഷം - 21.6% മാത്രം. ഗ്രാമ പഞ്ചായത്തിന്റെ ആസൂത്രണരാഹിത്യത്താൽ സർക്കാർ ഉത്തരവ് 381/03 തീയതി: 09.07.2003 പ്രകാരമാണ് ചെലവഴിക്കാതെ ബാക്കിനിന്ന 34.2 ലക്ഷം ലാപ്സായത്. ജനങ്ങൾക്ക് വികസനം നിഷേധിക്കുന്ന ഇത്തരം സമീപനങ്ങൾ ഗൗരവമായി കാണണം.

3.24. കാവാലം ഗ്രാമ പഞ്ചായത്ത്

3.24.1. കുടിവെള്ള വിതരണത്തിന് പൈപ്പ് വാങ്ങൽ - വാങ്ങിയവ ഉപയോഗിച്ചില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 2.4

സാങ്കേതിക അംഗീകാര മില്ലാത്ത ടി പ്രോജക്ട് അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ടെന്റർ ക്ഷണിക്കാതെയും 2,25,940/-രൂപ ചെലവഴിച്ച് പല ഘനത്തിലുള്ള പി.വി.സി.പൈപ്പുകളും ഫിറ്റിംഗ്സും വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും രണ്ട് വർഷം കഴിഞ്ഞിട്ടും (ഓഡിറ്റ് തീയതി വരെ) വാങ്ങിയ സാധനങ്ങളുടെ ഗണ്യമായ ഭാഗം പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കാതെ കിടക്കുകയാണ്. വ്യക്തമായ കണക്കുകളില്ലാതെയും വാങ്ങലിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ അവഗണി ച്ചുകൊണ്ടും വാങ്ങിയ സാധനങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെയ്തത് ധനദുർവിനിയോഗമാണ്.

3.25. മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത്

3.25.1. ബാലകൈരളി നഴ്സറി സ്കൂൾ - ചെലവുകൾക്ക് അംഗീകാരമില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 2.4

പാവപ്പെട്ട കുട്ടികൾക്ക് മികച്ച പ്രീ-സ്കൂൾ വിദ്യാഭ്യാസം നൽകുന്നതിന് രൂപം കൊടുത്ത ബാല കൈരളി നഴ്സറി സ്കൂളുകൾ 25.05.1999 മുതൽ പ്രവർത്തിച്ചുവരുന്നു. ടി സ്കൂളിലെ അദ്ധ്യാപിക മാർക്ക് ഓണറേറിയം നൽകുന്നതിന് 2002-03-ൽ പ്രോജക്ട് തയ്യാറാക്കിയെങ്കിലും ഡി.പി.സി. യുടെ അംഗീകാരം ലഭിച്ചില്ല. ഓണറേറിയം മൂന്നുമാസക്കാലത്തേയ്ക്ക് പരിമിതപ്പെടുത്തണമെന്നും പ്രോജക്ട് ഐ.സി.ഡി.എസി.നോട് സംയോജിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒരു മാസത്തിനുള്ളിൽ ഗവൺമെന്റിൽ സമർപ്പിക്കണമെന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2003-04-ൽ സംസ്ഥാന ആസൂത്രണബോർഡ് അംഗീകാരം നൽകി. എന്നാൽ ടി നിർദ്ദേശങ്ങൾ പാലിക്കാതെ മൂന്നുമാസത്തി ലധികം വേതനം നൽകിയതു വഴിയും കെട്ടിടനിർമ്മാണത്തിനും ഭക്ഷണത്തിനുമായി ആകെ 4,71,368/-രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗീകാരമില്ലാതെ തുക ചെലവഴിച്ചത് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

3.26. തകഴി ഗ്രാമ പഞ്ചായത്ത്

3.26.1.വി.ഇ.ഒ.നിർവ്വഹിച്ച സമ്പൂർണ ശുചിത്വ പദ്ധതിയിൽ ധന ദുർവിനിയോഗം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 2.3

സമ്പൂർണ ശുചിത്വ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കൊടുക്കുന്നതിന് (1500, 500 രൂപ വീതം) വി.ഇ.ഒ.കൈപ്പറ്റിയ 1,28,000/-രൂപയ്ക്ക് യാതൊരു ചെലവ് രേഖകളും ഹാജരാക്കാതെ ഒരു രജിസ്റ്ററിൽ കുറച്ചുപേരുടെ പേരെഴുതി ഒപ്പ് രേഖപ്പെടുത്തി 1500/-രൂപ കൊടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ ചേർത്തിട്ടുള്ള ഒപ്പുകൾ സൂക്ഷ്മ പരിശോധനയിൽ വ്യാജമാണെന്നു വ്യക്തമാകുന്നുണ്ട്. ചേർത്തിട്ടുള്ള ഗുണഭോക്താക്കളുടെ പേര് വീണ്ടും വീണ്ടും ആവർത്തിച്ച് തുക കൊടുത്തതായും കാണുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത 23 പേർക്ക് തുക നൽകിയതായി രജിസ്റ്ററിൽ ബോദ്ധ്യപ്പെട്ടു. ഗുണഭോക്താക്കളുടെ അപേക്ഷയോ അനുബന്ധരേഖകളോ ഇല്ലാതെ 30 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ ടി പണികൾ സംബന്ധിച്ച് യാതൊരുവിധ മോണിറ്ററിംഗ് റിപ്പോർട്ടുകളും നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കിയിട്ടില്ല.

3.27. കുമാരപുരം ഗ്രാമ പഞ്ചായത്ത്

3.27.1.എസ്റ്റിമേറ്റിൽ തിരുത്തൽ വരുത്തി, നിശ്ചയിച്ച പ്രകാരം ജോലി നിർവ്വഹിച്ചില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3.4

നാരകത്തറ മുതലമുക്ക് റോഡ് 855 മീറ്റർ നീളത്തിൽ റീടാർ ചെയ്യാൻ 3,24,726/-രൂപയുടെ അടങ്കൽ നിശ്ചയിച്ച് 5.55% കുറഞ്ഞ നിരക്കിൽ ചെയ്യാൻ ടെന്റർ നൽകി. ഇതിനുശേഷം റോഡിന്റെ സ്ഥിതിയിൽ വന്ന മാറ്റം പുനഃപരിശോധിക്കുകയും പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശുപാർശ ചെയ്തതു പ്രകാരം എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് അടങ്കൽ തുകയിൽ നിലനിർത്തി (ടെന്റർ ഡിഡക്ഷൻ ഇല്ലാതെ) | പണിനിർവ്വഹിക്കാൻ പഞ്ചായത്ത്സമിതി തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന് വിരുദ്ധമായി എസ്റ്റിമേറ്റ് തുക 3,43,000/-എന്ന് പദ്ധതി രേഖയിൽ തിരുത്തുകയും എസ്റ്റിമേറ്റിലെ ഗ്രാവൽ വേലയും മെറ്റൽ വിരിക്കലും മാത്രം നടത്തി കോൺട്രാക്ടർക്ക് 3,42,734/-രൂപ മൂല്യം നിശ്ചയിച്ച് തുക നൽകുകയും ചെയ്തു. ചെയ്ത പണിയാകട്ടെ 855 മീറ്ററിനുപകരം 350 മീറ്ററായി ചുരുങ്ങുകയും 3,25,000/-രൂപ സാങ്കേതികാനുമതിയും ഭരണാനുമതിയും നൽകിയ പണിയുടെ അടങ്കൽ സെക്രട്ടറി 3,43,000/- ആയി തിരുത്തുകയും, തുടർന്ന് തുക നൽകുകയും ചെയ്തു. റീടാറിംഗ് ഉൾപ്പെടെ നിശ്ചയിച്ച പണിയിൽ മെറ്റലിംഗ് മാത്രം നടത്തിയിട്ട് ശേഷിക്കുന്ന പണി പൂർത്തീകരിച്ചില്ല. കരാർ അനുസരിച്ചുള്ള തുടർനടപടികളും പഞ്ചായത്തിൽ നിന്നും സ്വീകരിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത്

3.28. മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

3.28.1.ഐ.എ.വൈ ഭവന നിർമ്മാണം - ക്രമക്കേടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3.3

മുതുകുളം ബ്ലോക്കിൽ നിന്നും ഐ.എ.വൈ ധനസഹായം ഉപയോഗിച്ച് കണ്ടല്ലൂർ പഞ്ചായത്ത് നടത്തിയ ഭവനനിർമ്മാണ പദ്ധതികളിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള ഗുണഭോക്താക്കളിൽനിന്ന് ആവശ്യമായ രേഖകൾ വാങ്ങിയ

ശേഷം പ്രസ്തുത പഞ്ചായത്തിലെ വി.ഇ.ഒ.ബ്ലോക്കിലെ ഹൗസിംഗ് ഓഫീസറുടെ സഹായത്തോടെ ഗുണഭോക്താക്കൾക്കു പകരം മറ്റൊരാളുടെ ഫോട്ടോപതിച്ച്, ആൾമാറാട്ടംനടത്തി ആനുകൂല്യം നൽകിയിരിക്കുന്നു. യഥാർത്ഥ ഗുണഭോക്താവിന് ആനുകൂല്യം ലഭിച്ചില്ല. അനർഹർക്ക് ആൾമാറാട്ടത്തിലൂടെ ആനുകൂല്യം നൽകിയത് കൂടാതെ, വ്യക്തമായ രേഖകളില്ലാതെയും, സ്വന്തമായി ഭൂമി ഇല്ലാത്തവർക്കുപോലും ആനുകൂല്യം നൽകിയിട്ടുണ്ട്. വിജിലൻസ് അന്വേഷണത്തിന് കളക്ടർ ശുപാർശ ചെയ്തെങ്കിലും, തുടർനടപടികൾ വിശദീകരിക്കപ്പെട്ടില്ല. അനധികൃതമായി കൊടുത്ത തുകകൾ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കാൻ നിർദ്ദേശ മുണ്ടാകേണ്ടതാണ്.

3.28.2.എസ്.ജി.ആർ.വൈ-ഭക്ഷ്യധാന്യ വിനിയോഗത്തിലെ ക്രമക്കേടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3.10

ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ 7 റോഡുകൾ എസ്ജി.ആർ.വൈ പദ്ധതിയും, എം.എൽ.എ.യുടെ പ്രത്യേക വികസനഫണ്ടും ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനായി ഗുണഭോക്തൃ സമിതി കൺവീനർമാർക്ക്, വേലകളുടെ നടത്തിപ്പിനുവേണ്ടി കരാർവെച്ച ഉടൻതന്നെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന മുഴുവൻഅരിവിഹിതവും (അതായത് ഏഴ് വേലകൾക്കും കൂടി 518.12 ടൺഅരി) മുൻകൂറായി നൽകി. ഇപ്രകാരം മുഴുവൻ അരിയും മുൻകൂറായി നൽകിയെങ്കിലും ഓഡിറ്റു തീയതിവരെ വേലകൾ ഒന്നുംതന്നെ ആരംഭിക്കുകപോലും ഉണ്ടായിട്ടില്ല. ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന ഒരു പ്രവൃത്തിയ്ക്ക് നൽകാവുന്ന പരമാവധി മുൻകൂർ ഒരു ലക്ഷംരൂപ ആണെന്നിരിക്കെ ഏഴു പ്രവൃത്തികൾക്കും കൂടി പരമാവധി ഏഴുലക്ഷം രൂപ മാത്രമാണ് മുൻകൂറായി നൽകാവുന്നത്. ഇതിനു വിരുദ്ധമായി കിലോഗ്രാമിന് 6.20 രൂപ നിരക്കിൽ 32,12,344/- രൂപയുടെ അരി മുൻകൂറായി നൽകിയത് ക്രമവിരുദ്ധമാണ്. യാതൊരു ഈടും നൽകാതെ മാർക്കറ്റിൽ 70 ലക്ഷം രൂപ വിലമതിക്കുന്ന അരി നൽകിയതും നാളിതുവരെ ഇതിന്റെ വിതരണ വിവരം, മറ്റ് രേഖകൾ എന്നിവ ഹാജരാക്കാ ത്തതും ഗുരുതരമായ ക്രമക്കേടാണ്. നഷ്ടം കണക്കാക്കി സെക്രട്ടറി, കൺവീനർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

3.29. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്

3.29.1.നെഹ്റു പാർക്ക് നവീകരണം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3.7

2004-05 വർഷത്തെ മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് 75,000/-രൂപയും ബേസിക് ടാക്സ് ഗ്രാന്റിൽ നിന്ന് 1,00,000/-രൂപയും ഉൾപ്പെടുത്തി നെഹ്റു പാർക്ക് നവീകരണമെന്ന പേരിൽ രണ്ട് പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായി. മൽസര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കാതെ രണ്ട് പ്രോജക്ടുകളും ഒരേ കോൺട്രാക്ടർക്ക് എസ്റ്റിമേറ്റ് നിരക്കിൽ തന്നെനൽകി. ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പലതും പൊരുത്തക്കേടുകൾ നിറഞ്ഞവയും, പൂർത്തീകരിച്ചെന്ന് രേഖപ്പെടുത്തലുള്ള പല പ്രവൃത്തികളും സൈറ്റ് വെരിഫിക്കേഷനിൽ പൂർത്തീകരിച്ചിട്ടില്ലെന്ന് ബോദ്ധ്യമായതും, പ്രവൃത്തി നടത്തിപ്പിലെ ക്രമക്കേടിലേക്ക് വിരൽചൂണ്ടുന്നവയുമാണ്. ആദ്യ പ്രോജക്ടിൽ 13,500/-രൂപ പാർക്ക് മോടിപിടിപ്പിക്കാനുള്ള ഗാർഡൻ പ്ലാന്റ്സ് വാങ്ങാൻ 'ട്രോപ്പിക്കൽ ഗാർഡനു' നൽകിയതായി പറയുന്നു. നാമമാത്രമായ ചെടികൾ മാത്രമേ ഗാർഡനിൽ ഇപ്പോഴുള്ളൂ. വാങ്ങിയ ചെടികളുടെ ബില്ല്, സ്റ്റോക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല. രണ്ടാം പ്രോജക്ടിൽ 24,156/-രൂപ ഇരുമ്പ് ബഞ്ചുകൾ സ്ഥാപിക്കുന്നതിനായി ചെലവുചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ പാർക്കിൽ അങ്ങനെയൊരു സംവിധാനം സ്ഥാപിച്ചു കാണാനില്ല. ശരിയായ രീതിയിൽ പ്രോജക്ട് നടപ്പിലാക്കാതെ പൊതുധനം ദുർവിനിയോഗം ചെയ്യപ്പെട്ടു.

3.30. ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത്

3.30.1. സർക്കാർ ഉത്തരവിനു വിരുദ്ധമായി ഗുണഭോക്തൃസമിതി കൺവീനർ മുഖേന വേലകൾ നിർവ്വഹിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3.13

03.11.03-ലെ ജി.ഒ.(പി)322/03/തസ്വഭവ പ്രകാരം 25,000/-രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ വേലകളും ഗുണഭോക്തൃ സമിതിയെ ഏല്പിക്കാതെ ടെന്റർതന്നെ ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. എന്നാൽ ടി വേല കൺവീനറാണ് നിർവ്വഹിച്ചിരിക്കുന്നത്. ചട്ടവിരുദ്ധമായും, നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് ഗുണഭോക്തൃസമിതി യോഗം ചേർന്നിട്ടുള്ളത്. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം) ചട്ടം (13)-ൽ ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടത്തുന്ന സംഗതികളിൽ പദ്ധതികൊണ്ടുപ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ യോഗം വിളിക്കണമെന്നും അവരിൽ നിന്നും എക്സിക്യൂട്ടീവ് കമ്മിറ്റിയെ തെരഞ്ഞെടുക്കണമെന്നും അതിൽ മൂന്നിൽ ഒന്ന് വനിതകളായിരിക്കണമെന്നും പഞ്ചായത്ത് അംഗം എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗമായിരി ക്കണമെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗുണഭോക്തൃ സമിതി മീറ്റിംഗിൽ ഈ നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല. ഗുണഭോക്തൃസമിതി കൺവീനർ എന്ന നിലയിൽ പണി ഏറ്റെടുക്കുന്നയാൾ തന്നെ പഞ്ചായത്തിലെ "നബാർഡ്" പ്രവൃത്തിയായ കോയിക്കൽ മുക്ക്, കാഞ്ഞിരം തുരുത്ത് റോഡു നിർമ്മാണത്തിന് 'എ' ക്ലാസ് കോൺട്രാക്ടർ എന്ന നിലയിൽ 23.09.2002-ൽ ടെന്റർ സമർപ്പിച്ചിട്ടുണ്ട്. കേരളാ പഞ്ചായത്ത്രാജ് പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടം 13 (5) പ്രകാരം മേൽപ്പറഞ്ഞ ബിനാമി ഇടപാടുനടന്നതായി കണ്ടെത്തിയാൽ ടി ഇടപാടിന് കാരണക്കാരായവർ പഞ്ചായത്തു ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കാവുന്നതാണ്. (ആ നിലയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.ജെ.ബന്നി, വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ.സോമൻ എന്നിവർ നടപടി നേരിടാൻ ബാധ്യസ്ഥരാണ്.) ഗുണഭോക്തൃസമിതി പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ വയ്ക്കുമ്പോൾ കരാറിൽ കൺവീനർ, ചെയർമാൻ, മറ്റ് കമ്മിറ്റിഅംഗങ്ങൾ എന്നിവരും ഒപ്പുവയ്ക്കേണ്ടതാ ണ്. ഇപ്രകാരം ഒരു കരാർ ചമച്ചിട്ടില്ല. ആയതിനാൽ കൺവീനർ ബിനാമി ആണെന്നതിൽ സംശയമില്ല. പണിപൂർത്തിയായി ബന്ധപ്പെട്ട കണക്കുകൾ ബാങ്ക് പാസ്ബുക്ക്, വൗച്ചറുകൾ, വിശദമായ വരവ്-ചെലവ് കണക്കുകൾ ഇവയൊന്നും പഞ്ചായത്തിൽ തിരികെ ഏൽപ്പിച്ചിട്ടില്ല.

കോൺട്രാക്ടർ ബിനാമി കൺവീനർ ആയപ്പോൾ മരാമത്തു ബില്ലിൽ നന്നും ഈടാക്കേണ്ട വിൽപ്പന നികുതി, ആദായ നികുതി, ക്ഷേമനിധി വിഹിതം എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നും കൊടുക്കേണ്ടിവന്നു. ഈ ഇനത്തിൽ ചെലവാക്കിയ 22,304/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനും, ക്രമക്കേട് സംബന്ധിച്ച സമഗ്ര അന്വേഷണത്തിനും ശുപാർശ ചെയ്യുന്നു.

<u>കോട്ടയം ജില്ല</u>

3.31. പൊതു പരാമർശങ്ങൾ

12.06.03 ലെ സർക്കാർ ഉത്തരവ് (കൈ) 319/03/ധന പ്രകാരം ആവിഷ്കരിച്ച് 01.04.03 പ്രാബല്യത്തിൽ വന്ന നൂതനമായ അക്കൗണ്ടിംഗ് സമ്പ്രദായം അതിന്റെ ഉദ്ദേശലക്ഷ്യം പൂർത്തീരിക്കും വിധം അനുവർത്തിക്കുന്നതിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും വളരെ പിന്നിലാണ്. ശരിയായ രീതിയിലുള്ള പരിശീലനം സിദ്ധിച്ച ജീവനക്കാരുടെ അഭാവമാ ണ് ഇതിനുകാരണം. തയ്യാറാക്കപ്പെടുന്ന ധനകാര്യ പത്രികകൾ പഞ്ചായത്തിന്റെ ശരിയായ സാമ്പത്തികനിലയെ പ്രതിഫലിപ്പിക്കുവാൻ

പര്യാപ്തമല്ല. ആരോഗ്യകരവും പഴുതറ്റതുമായ അക്കൗണ്ടിംഗ് സമ്പ്രദായം സാമ്പത്തിക നിയന്ത്രണ സംവിധാനത്തിന്റെ അനിവാര്യതയായതിനാൽ ക്രിയാത്മക പരിപാടികളായ തുടർപരിശീലനം, ശില്പശാല എന്നിവയിലൂടെ അക്കൗണ്ടിംഗ് സംവിധാനം കരുത്തുറ്റതാക്കാൻ ശ്രദ്ധിക്കാവുന്നതാണ്.

കോടികൾ മതിക്കുന്ന പദ്ധതിപ്പണം നിക്ഷേപപ്രവൃത്തികൾക്കായി വിവിധ ഏജൻസികളുടെ അക്കൗണ്ടിൽ മൃതനിക്ഷേപമായി അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുണ്ട്. കാലികമായുള്ള ഇടപെടലുകളും തുടർഅന്വേഷണങ്ങളും മുഖേന നിർവ്വഹണ ഏജൻസികളുമായി സജീവസമ്പർക്കം പുലർത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സജീവശ്രദ്ധ പുലർത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത്

3.32. തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത്

3.32.1. വസ്ത്ര നിർമ്മാണ യൂണിറ്റ് - അനുവദിക്കപ്പെട്ട ധനസഹായം വിനിയോഗിച്ചിട്ടില്ല:

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000 – 01[ഖണ്ഡിക നമ്പർ: 3 (9)

വസ്ത്രനിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത പദ്ധതിക്ക് കോട്ടയം ഡി.ആർ.ഡി.എ.യിൽ നിന്നും അനുവദിക്കപ്പെട്ട 10 ലക്ഷം രൂപയിൽ 50,000/- രൂപ നിർമ്മിതികേന്ദ്രത്തിന് മുൻകൂറായി നൽകുകയുണ്ടായി. ബാക്കി, 9,50,000/-രൂപ ആദ്യം കാനറാ ബാങ്കിന്റെ തലയോലപ്പറമ്പ് ശാഖയിലും പിന്നീട് ടി അക്കൗണ്ട് ക്ലോസ്ചെയ്ത് പലിശ സഹിതമുള്ള 10,97,191/-രൂപ നോർത്ത് മലബാർ ഗ്രാമീണബാങ്കിന്റെ ശാഖയിലും നിക്ഷേപിച്ചിരുന്നു. 10.07.07-ൽ ടി അക്കൗണ്ടിൽ 12,53,2 00/-രൂപ നീക്കിയിരിപ്പുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, തലയോലപ്പറമ്പ് നിർമ്മിതികേന്ദ്രം ജില്ല ണൽ എഞ്ചിനീയർ എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ടിൽ പണം നിക്ഷേപിക്കണമെന്ന ഡി.ആർ.ഡി.എ.പ്രോജക്ട് ഓഫീസറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സെക്രട്ടറിയുടെ പേരിലാണ് ടി നിക്ഷേപങ്ങൾ നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ കമ്മിറ്റി തീരുമാനിച്ചെങ്കിലും ഏഴുവർഷത്തിനുശേഷവും നാളിതുവരെയായി പദ്ധതി നടപ്പാക്കി ലക്ഷ്യം കൈവരിക്കുകയോ നിർമ്മിതികേന്ദ്രത്തിന് മുൻകൂർ നൽകിയ തുക തിരികെ ഈടാക്കുകയോ ചെയ്തിട്ടില്ല.

3.33. ളാലം ബ്ലോക്ക് പഞ്ചായത്ത്

3.33.1. സുവർണ മിൽക്ക് പാസ്ചറൈസേഷൻ യൂണിറ്റ് | - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3 (1)

ബ്ലോക്കിലെ 6 പഞ്ചായത്തുകളിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്ന പാൽ ഉൽപ്പാദന സംഘങ്ങളിൽ നിന്ന് രണ്ട് വീതം സംഘങ്ങളെ സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് SGSY ഗ്രൂപ്പ് ലോൺ സ്കീമിൽ ബാങ്കിൽ നിന്നും വായ്പയും ബ്ലോക്കിൽ നിന്നും സബ്സിഡിയും നൽകി "സുവർണമിൽക്ക് പാസ്ചറൈസേഷൻ യൂണിറ്റ്" എന്ന പദ്ധതി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരുന്നു. പഞ്ചായത്തുകളിൽ രൂപീകരിക്കുന്ന എസ്.ജി.എസ്.വൈ ഗ്രൂപ്പുകളുടെ പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി മറ്റ് സാങ്കേതികവിദഗ്ധർ എന്നിവർ

ഉൾപ്പെട്ട ബ്ലോക്ക് തലത്തിൽ രൂപംകൊള്ളുന്ന സമിതിയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്ന 5000 ലിറ്റർ കപ്പാസിറ്റിയുള്ള "സുവർണ മിൽക്ക് പാസ്ചറൈസേഷൻ യൂണിറ്റ്" എന്ന പദ്ധതി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 550 കുടുംബാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. 15,00,000/-രൂപ അടങ്കലുള്ള പദ്ധതിയുടെ കെട്ടിട നിർമ്മാണം മാത്രമാണ് നിർമ്മാണ ഘട്ടത്തിൽ എത്തിനിൽക്കുന്നത്. 19.12.2003-ൽ ആരംഭിച്ച് 31.03.04-ൽ പൂർത്തിയാക്കേണ്ടിയിരുന്നത് 31.03.05-ൽ പോലും പൂർത്തീകരിക്കാൻ കഴിയാത്തത് ബന്ധപ്പെട്ടവരുടെ അനാസ്ഥമൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3.34. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത്

3.34.1.എസ്.എൻ.ബാലവാടി - ചൊവ്വൂർ റോഡ് പുന:രുദ്ധാരണ പ്രവൃത്തിയിലെ ക്രമക്കേടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3 (6)

എസ്.എൻ.ബാലവാടി-ചൊവ്വൂർ റോഡ് പുന:രുദ്ധാരണത്തിന്റെഭാഗമായി 200 മീറ്റർ നീളത്തിൽ 5 മീറ്റർ വീതിയിൽ 2.5 മീറ്റർ ഘനത്തിൽ 2500 ഘന മീറ്റർ (പാറയൊഴികെയുള്ള) മണ്ണ് എടുക്കാനാണ് ഉദ്ദേശിച്ചിരുന്നത്. 300 ഘനമീറ്ററിൽഅധികം മണ്ണെടുക്കുന്ന സാഹചര്യത്തിൽ ഇനിഷ്യൽ-ഫൈനൽ ലെവൽ മെഷർമെന്റ് എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ടു ചെയ്യേണ്ടതാണ്. ഈ പ്രവൃത്തിക്ക് മനുഷ്യദിനങ്ങൾക്ക് അനുസൃതമല്ലാതെ ഭക്ഷ്യധാന്യം നൽകി യിട്ടുണ്ട്. 1778 മനുഷ്യദിന ങ്ങൾക്ക് അനുസൃതമായി ആകെ 17780 കി.ഗ്രാം ഭക്ഷ്യധാന്യം നൽകേണ്ട തിനുപകരം അധികമായി 4970 കി.ഗ്രാം നൽകിയിട്ടുണ്ട്. ഇപ്രകാരം 30814/-രൂപ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. തൊഴിലാളികളെ ഉപയോഗിച്ചുതന്നെയാണ് പ്രവൃത്തി ചെയ്തതെന്നുള്ളതിന്റെ സാക്ഷ്യ പത്രം മോണിറ്ററിംഗ് സമിതി ഹാജരാക്കിയിട്ടില്ല. ജെ.സി.ബി.പോലുള്ള യന്ത്രം ഉപയോഗിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് മനസിലാക്കുന്നു. ക്രമാതീതമായി തൊഴിലാളികളെ ഉപയോഗി ച്ചതായി വ്യാജ മസ്റ്റർറോൾ ചമച്ച് ഉയർന്ന് സബ്സിഡിയോടുകൂടി ലഭ്യമായ ഭക്ഷ്യധാന്യം ദുർവിനിയോഗം ചെയ്തിട്ടുള്ളതായി കാണുന്നു. എസ്.ജി.ആർ.വൈ.(എസ്.ഡി.പി) സ്കീമിൽ തെരഞ്ഞെടുത്ത എല്ലാ വേലകളും പ്രത്യേകിച്ച് മണ്ണ് വെട്ടിമാറ്റൽ എന്ന പ്രത്യേകഐറ്റം മാത്രം ഉൾപ്പെടുത്തി ഏറ്റെടുത്ത എല്ലാ പ്രവൃത്തികളും സമഗ്രമായ അന്വേഷണത്തിനു വിധേയമാക്കേണ്ടതാണ്.

3.34.2.നബാർഡ് ധനസഹായത്തോടുകൂടി ഏറ്റെടുത്ത റോഡ് നിർമ്മാണ പ്രവൃത്തികൾ - ഗുരുതരമായ അപാകത

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 (6), 3(7), 3(8)

ഗ്രാമീണ പശ്ചാത്തല വികസനനിധിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത വിവിധ റോഡ് നിർമ്മാണ പ്രവൃത്തികളുടെ രേഖകൾ സാമ്പത്തിക വിനിമയം എന്നിവയിൽ പല അപര്യാപ്തതകൾ കണ്ടെത്തി. ഖ.3(6)

ഇടമറുക്-കയ്യൂർ റോഡ് നിർമ്മാണത്തിനായി 15.97 ലക്ഷം രൂപ നബാർഡ് വിഹിതമായും 1.78 ലക്ഷം രൂപ പ്ലാൻഫണ്ട് വിഹിതമായും നിശ്ചയിച്ച ടി പ്രവൃത്തിക്കായി ഓഡിറ്റ് നടത്തിയ 21.02.07 വരെ 17,37,144/-രൂപ മൂല്യനിർണയം നടന്നിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ ബ്ലോക്ക് പഞ്ചായത്തിന് ഭീമമായ നഷ്ടവും കരാറുകാരന് അമിതമായ ലാഭവും ഉണ്ടായതായി കാണുന്നു.

ആലുംതറ-ഈന്തുംപള്ളി-കുട്ടിക്കൽ റോഡ് നിർമ്മാണത്തിനായി 21.02.07 വരെ 1,02,11,457/- രൂപ മൂല്യം കണക്കാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയിലുടനീളം അപാകത കാണുന്നു. കരാറുകാരന് ഇതുവരെ എത്ര തുക നൽകിയെന്നതിന് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല. 21.02.07 വരെ 68.93

ലക്ഷം രൂപയുടെ റീ ഇംബേഴ്സ്മെന്റ് ക്ലെയിം നൽകിയിട്ടുണ്ടെങ്കിലും തുക നബാർഡിൽ നിന്നും ലഭിക്കാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചു. ആയത് ക്രമീകരിച്ചിട്ടില്ല.

ഭീമമായ തുകയുടെ ചെലവ് നടത്തിയതിനു ശേഷവും ഭൗതിക നേട്ടം ആർജ്ജിക്കാൻ സാധിച്ചിട്ടില്ല. തന്നെയുമല്ല കരാറുകാരന് ലാഭമുണ്ടാവുകയും പ്ലാൻഫണ്ട് വകമാറ്റി ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം ആവശ്യമാണ്.

3.35. കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്

3.35.1. നബാർഡ് - റീ ഇംബേഴ്സ്മെന്റ് തുക തിരിമറി നടത്തി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 – 1

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ റോഡുകൾ നിർമ്മിച്ചതിന് റീ ഇമ്പേഴ്സ് മെന്റായി കോട്ടയം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം 11,09,000/-രൂപ ലഭിച്ചു. ഇതിൽ രണ്ടുലക്ഷം രൂപ നിയമാനുസൃതമായി ഒരു കരാറുകാരന് നൽകിയ ശേഷം ബാക്കി 9,09,000/-രൂപ സിൻഡിക്കേറ്റ് ബാങ്കിന്റെ കടുത്തുരുത്തി ശാഖയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ 31.05.06-ൽ ബി.ഡി.ഒ ശ്രീ.എസ്.സുരേഷ്കുമാർ സെൽഫ് ചെക്ക്വഴി ടി തുക സിൻഡിക്കേറ്റ് ബാങ്കിൽ നിന്നും പിൻവലിക്കുകയും അതിൽ 1,09,000/-രൂപമാത്രം 01.06.2006-ൽ കടുത്തുരുത്തി സബ് ട്രഷറിയിൽ അടച്ചതിന് കിട്ടിയ 686 -ാം നമ്പർ ചെല്ലാൻ രസീത് തിരുത്തി തുക 9,09,000/- എന്നാക്കി എട്ടുലക്ഷം രൂപ ബി.ഡി.ഒ ശ്രീ.എസ്.സുരേഷ്കുമാറും ബ്ലോക്ക് പഞ്ചായത്തിലെ എൽ.ഡി. ക്ലർക്ക് ശ്രീ അഭിലാഷ് സുകുമാരനും അപഹരിക്കുകയും ചെയ്തതായി കണ്ടു. തുടർന്നുനടന്ന അന്വേഷണത്തിൽ അപഹരിച്ച 8 ലക്ഷം രൂപയിൽ യഥാക്രമം 5.74, 1.998 ലക്ഷം രൂപ സർവ്വശ്രീ സുരേഷ്കുമാർ.ബി.ഡി.ഒ, അഭിലാഷ് സുകുമാരൻ എൽ.ഡി.ക്ലാർക്ക് എന്നിവരിൽ നിന്നും കണ്ടെടുത്തതിനാൽ വകുപ്പ്തല അന്വേഷണവും 14/06-ാം നമ്പരായി പോലീസ് കേസും നിലവിലുണ്ട്. അന്വേഷണത്തിലുള്ള പുരോഗതി വിലയിരുത്തേണ്ടതാണ്.

3.36. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

3.36.1. യുവജന കായികക്ഷമതാ പരിപാടി - കരാറുകാരൻ വ്യാജരേഖ ചമച്ച് തുക തട്ടിയെടുത്തു - പദ്ധതി വിഹിതത്തിൽ ഒരു ഭാഗം വകമാറ്റി ചെലവഴിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3 – 2

കോരുത്തോട് സി.കേശവൻ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ കായിക പരിശീലനം നടത്തുന്ന 156 വിദ്യാർത്ഥികൾക്ക് മുട്ടയും പാലും നൽകുന്നതിനും കായിക പരിപാടികൾ സംഘടിപ്പിക്കുന്നതിനുംവേണ്ടി വകയിരുത്തിയ 1,25,000/-രൂപയിൽ 49,600/-രൂപ വകമാറ്റി ചെലവഴിക്കുകയും ബാക്കി 75,400/-രൂപ കരാറുകാരനായ ശ്രീ.പി.എ. നാസർ എന്നയാൾ വ്യാജരേഖ ചമച്ച് അപഹരിക്കുകയും ചെയ്തു. പദ്ധതി നടത്തിപ്പിനായി കരാറുകാരൻ 25,000/-രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്. സ്കൂൾ പ്രിൻസിപ്പിലിന്റെ പേരിൽ വ്യാജരേഖ ചമച്ച് രണ്ടാംഗഡു 25,400/-രൂപയും പൂർത്തീകരണ സർട്ടിഫിക്കറ്റ് ഇല്ലാതെ മൂന്നാംഗഡു 25,000/-രൂപയും ടിയാൻ കൈപ്പറ്റിയിരിക്കുന്നു. പദ്ധതി നടപ്പിലാക്കാതെ കരാറുകാരൻ പദ്ധതിപ്പണം തട്ടിയെടുത്തതു സംബന്ധിച്ച് സ്കൂൾ പ്രിൻസിപ്പൽ പരാതി നൽകിയിട്ടുണ്ട്.

പദ്ധതിനടത്തിപ്പു സംബന്ധിച്ച് ഭൗതികസ്ഥിതി ബോധ്യപ്പെടാതെയും, പ്രാഥമിക പരിശോധന നടത്താതെയും തുക നൽകിയത് വ്യക്തമായ ധനദുർവിനിയോഗമായതിനാൽ 75,400/-രൂപയുടെ

ചെലവ് നിരാകരിച്ചിരിക്കുന്നു. പദ്ധതിക്കുവേണ്ടി വകയിരുത്തിയ 1,25,000/-ൽ ബാക്കി 49,600/-രൂപ സാധൂകരണം വാങ്ങാതെ വകമാറ്റിചെലവഴിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു.

3.37. വാഴൂർ ബ്ലോക്ക് പഞ്ചായത്ത്

3.37.1. ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതിഫണ്ട് സർക്കാരിലേക്ക് ഒടുക്കാതെ ബാങ്കിൽ സൂക്ഷിക്കുന്നത് നിയമാനുസൃതമല്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 (2)

(എ) നബാർഡിന്റെ സഹായത്താൽ നടപ്പാക്കിയ പദ്ധതിക്കുവേണ്ടി പദ്ധതി തുക മുൻകൂർ ചെലവഴിച്ച ഇനത്തിൽ 3/04-ൽ പ്ലാൻ പി.ഡി.അക്കൗണ്ടിൽ തിരികെ വരവ് വന്ന 9.86 ലക്ഷം രൂപ കാലഹരണപ്പെടാതിരിക്കുന്നതിനുവേണ്ടി 31.03.04-ൽ പഞ്ചായത്തിന്റെ റ്റി.പി. അക്കൗണ്ടിലേയ്ക്ക് വകമാറ്റി. 2004-05 വർഷത്തെ പദ്ധതി ചെലവിനുവേണ്ടി ടി തുക ഉപയോഗിക്കാൻ സർക്കാർ അനുമതി തേടിയെങ്കിലും ലഭിച്ചില്ല. എന്നാൽ 2005-06 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്തിന് പ്രസ്തുതഫണ്ട് ഉപയോഗത്തിന് അനുവദിച്ചെങ്കിലും വിനിയോഗിച്ചില്ല. ആയത് സർക്കാരിൽ തിരിച്ചടയ്ക്കാതെ ബ്ലോക്ക് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് 12.04.2006-ലെ സർക്കാർ ഉത്തരവ് (പി) നം.177/06/ധന ഖണ്ഡിക-10(3)-ലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

(ബി. കാഞ്ഞിരപ്പള്ളി താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രിയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കപ്പെട്ട 83,12,163/ -രൂപയിൽ 40,74,968/-രൂപ കാഞ്ഞിരപ്പള്ളി എസ്.ബി.റ്റി.ബ്രാഞ്ചിൽ നിക്ഷേപിക്കുകയും ആയതിൽ 20,60,149/-രൂപ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ബാക്കി 20,14,819/-രൂപ ബാങ്കിൽ അവശേഷിക്കുന്നുമുണ്ട്. ബിൽ പ്രകാരം പിൻവലിച്ച തുക ചെലവഴിക്കാതെ ദേശസാത്കൃത ബാങ്കിൽ സൂക്ഷിക്കരുതെന്ന സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ടി തുക പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ചിട്ടുള്ളതിൽ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന ഉത്തരവുകൾ പാലിക്കാതെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമാണ്.

3.38. കോട്ടയം ജില്ലാ പഞ്ചായത്ത്

3.38.1. കണ്ണാടിച്ചാൽ പാലം അപ്രോച്ച് റോഡ് നിർമ്മാണം - 70 ലക്ഷത്തോളം രൂപയുടെ പ്രവൃത്തി പ്രയോജനരഹിതമായി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 (3)

എം.എൽ.എ.യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും 36 ലക്ഷം രൂപ ചെലവഴിച്ചു നിർമ്മിച്ച കണ്ണാടിച്ചാൽ പാലത്തിന് അപ്രോച്ച്റോഡ് നിർമ്മിക്കുന്നതിനായി 2001-02 വർഷം 11,42,779/-രൂപ ചെലവഴിച്ചു. പ്രവൃത്തി നടന്നുവരവെ അപ്രോച്ച് റോഡ് താഴ്ന്നതിന്റെ ഫലമായി തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക സമിതിയും ജില്ലാതല സാങ്കേതിക സമിതിയും നടത്തിയ വിശദമായ പരിശോധനയിൽ റോഡ് പുനർനിർമ്മിക്കാനായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി. 2005-06 വർഷത്തിൽ 26,78,450/-രൂപ അടങ്കലിൽ പ്രവൃത്തി ഏറ്റെടുത്ത് 19,10,911/-

രൂപ മൂല്യം നിർണയിച്ച് 15,81,471/-രൂപ കരാറുകാരന് നൽകി. ഇപ്രകാരം തുടർപ്പണികൾ നടന്നുവരവെ തെക്കുവശത്തെ അപ്രോച്ച് റോഡ് 24.05.06-ൽ വീണ്ടും 2.5 മീറ്ററോളം ഇടിഞ്ഞു താഴ്ന്നു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം നടത്തിയ സോയിൽ ടെസ്റ്റ് റിപ്പോർട്ടിൻ പ്രകാരമുള്ള മുൻകരുതലുകൾ സ്വീകരിച്ചിരുന്നുവെങ്കിൽ ഇപ്രകാരം സംഭവിക്കില്ലായിരുന്നു. ഒരിക്കൽ റോഡ് ഇടിഞ്ഞുപോയ അതേഅപാകത വിദഗ്ധ സോയിൽടെസ്റ്റിന് ശേഷമുള്ള നിർവ്വഹണത്തിൽ വീണ്ടും സംഭവിച്ചത് അടിഭാഗത്തെ മണ്ണിന്റെ പ്രത്യേക സ്വഭാവം കൊണ്ടായിരിക്കാമെന്നും സാങ്കേതികമായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടില്ലായെന്നുമുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ട് അംഗീകരിക്കാനാവില്ല. പാലം നിർമ്മാണം ഉൾപ്പെടെ നാളിതുവരെ 70 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും അപ്രോച്ച് റോഡിന്റെ അഭാവത്തിൽ പ്രവൃത്തി ജനങ്ങൾക്ക് പ്രയോജനം ചെയ്തിട്ടില്ല. കൂടുതൽ അന്വേഷണം നടത്തി സാങ്കേതികമായ വീഴ്ചകൾ കണ്ടെത്തി, ഉത്തരവാദിയായവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

3.38.2.പെൺകുട്ടികൾക്ക് ഇംഗ്ലീഷ്-കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തൽ - പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 – 6

ജില്ലാ പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ സ്കൂൾ തലത്തിൽ പെൺകുട്ടികൾക്ക് ഇംഗ്ലീഷ്, കണക്ക് വിഷയങ്ങളിൽ മെച്ചപ്പെട്ട നിലവാരം ഉയർത്തുന്നതിനായി വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി 35 ലക്ഷം രൂപ അടങ്കലിൽ അഞ്ച് പ്രോജക്ടുകൾ ആവിഷ്കരിച്ചു. പദ്ധതി നടത്തിപ്പിനായി സർക്കാർ അഗീകാരമില്ലാത്ത വിശ്വസമ്പത്ത് ഹ്യൂമൻ റിസോഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിയെ ഏൽപ്പിച്ചത് ഗുരുതരമായ വീഴ്ചയാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനു സമർപ്പിക്കാത്തതിലും നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും ജില്ലാ പഞ്ചായത്ത് കമ്മിറ്റി അതൃപ്തി രേഖപ്പെടുത്തുകയും, നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറോട് വിശദീകരണം ആരായുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ ജില്ലാ പഞ്ചായത്തും നിർവ്വഹണ ഉദ്യോഗസ്ഥയുമായി ഫലപ്രദമായ ഏകോപനം സാധ്യമാകാത്തത് വ്യവഹാരങ്ങൾക്ക് വഴിതെളിക്കപ്പെട്ടു. ബഹു.ഓംബുഡ്സ്മാന്റെ വിധി പ്രകാരം 8,75,000/-രൂപ വി.എസ്.എച്ച്.ആർ.ഡി.മാനേജിംഗ് ഡയറക്ടറുടെ പേരിലും ഹൈക്കോടതി വിധി പ്രകാരം 26,25,000/-രൂപ കോടതി നിക്ഷേപമായും നൽകിയിട്ടുണ്ട്. അടങ്കൽതുക പൂർണമായി വിനിയോഗിച്ചിട്ടും പ്രോജക്ട് ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3.38.3.കമ്പ്യൂട്ടർ പരിശീലന പരിപാടി - ക്രമക്കേടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 – 9

കാഞ്ഞിരപ്പള്ളി ഡിവിഷനിൽപ്പെട്ട 416 പഠിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിനായി ലക്ഷ്യമിട്ട പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ്, മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിച്ചുവെന്ന് ബോധ്യപ്പെട്ടിട്ടില്ലാത്തതിനാൽ ചെലവാക്കിയ 10 ലക്ഷം രൂപ തടസ്സപ്പെടുത്തിയിരിക്കുന്നു.

|

ഇടുക്കി ജില്ല

3.39. അടിമാലി ഗ്രാമപഞ്ചായത്ത്

3.39.1. കലുങ്കുപണിക്ക് സാങ്കേതിക മാർഗ്ഗനിർദ്ദേശം പാലിക്കാത്തതുമൂലമുള്ള നഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 3-14 (എ & ബി)

31.03.1990-ലെ ടെക്നിക്കൽ സർക്കുലർ നമ്പർ.12/85 പി.ഡബ്ല്യു.ഡി.പ്രകാരം കലുങ്ക് നിർമ്മാണത്തിൽ അബട്ട്മെന്റ് 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്യരുത് എന്നും പകരം ആർ.ആർ.1:6 മാത്രമേ ചെയ്യാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുവിരുദ്ധമായി 1:3:6 കോൺക്രീറ്റിംഗ് നടത്തുക വഴി 40,114/- (നാൽപ്പതിനായിരത്തി ഒരുനൂറ്റി പതിനാല്) രൂപയുടെ നഷ്ടം ഉണ്ടായിരി ക്കുന്നു. എസ്.ജി.ആർ.വൈ പദ്ധതികളായ ചെട്ടിമുടി ലിങ്ക്റോഡിൽ നിർമ്മിച്ച രണ്ട് കലുങ്കുകൾക്കും പൊളിഞ്ഞ പാലം കലുങ്ക് നിർമ്മാണത്തിനുമാണ് മേൽ നഷ്ടം സംഭവിച്ചിട്ടുള്ളത്.

3.40. വണ്ണപ്പുറം ഗ്രാമപഞ്ചായത്ത്

3.40.1. കുട്ടികളുടെ പാർക്ക്, കാർഷിക നഴ്സറി എന്നിവയ്ക്ക് സ്ഥലംവാങ്ങൽ - സ്ഥലം അളവിൽകുറവ് - തന്മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 3-4

കേരള വികസന പദ്ധതി 2002-03-ൽപ്പെടുത്തി കാർഷിക നേഴ്സറിക്ക് വേണ്ടി 50 സെന്റും, കുട്ടികളുടെ പാർക്കിനുവേണ്ടി 20 സെന്റും ചേർത്ത് ആകെ 70 സെന്റ് സ്ഥലം വാങ്ങിയിരുന്നു. 2005-06-ൽ ടി സ്ഥലത്ത് സംരക്ഷണ ഭിത്തി പണിയുന്നതിനുവേണ്ടി തൊടുപുഴ അഡീഷണൽ തഹസീൽദാർ സ്ഥലത്തിന്റെ അതിര് നിർണ്ണയിച്ച് വിസ്തീർണ്ണം തിട്ടപ്പെടുത്തിയപ്പോൾ ഗ്രാമപഞ്ചായ ത്തിന്റെ കൈവശമുള്ളത് 62.293 സെന്റ് മാത്രമാണെന്ന് കണ്ടെത്തി. 7.707 സെന്റ് സ്ഥലത്തിന്റെ കുറവ് ഉള്ളതിനാൽ സെന്റിന് 9,999/-(ഒമ്പതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റൊമ്പത്) രൂപ നിരക്കിൽ 77,062/- (എഴുപത്തേഴായിരത്തി അറുപത്തിരണ്ട്) രൂപ നഷ്ടം പഞ്ചായത്തിനുണ്ടായി. സ്ഥലം വാങ്ങുന്ന തിന് മുമ്പ് നിയമാഭിപ്രായം തേടിയിരുന്നുവെങ്കിലും സ്ഥലംഅളന്ന് തിട്ടപ്പെടുത്തി റിപ്പോർട്ട്/സ്കെച്ച് വാങ്ങിയിരുന്നില്ല. ഈയിനത്തിൽ പഞ്ചായത്തിന് 77,062/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

3.41. ഇടുക്കി ജില്ലാ പഞ്ചായത്ത്

3.41.1. മരാമത്ത് വേലകൾ സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കാത്തതിനാൽ 3,47,884/-രൂപ നഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-9

തൊടുപുഴയിലുള്ള ജില്ലാ ആയുർവേദ ആശുപത്രിയ്ക്ക് വനിത വാർഡ് നിർമ്മാണം എന്ന 38,00,000/- (മുപ്പത്തി എട്ട് ലക്ഷം) രൂപ അടങ്കൽ പ്രവൃത്തി ഹാബിറ്റാറ്റിന് നൽകുകയും പ്രവൃത്തി പൂർത്തിയായപ്പോൾ 02.08.2001-ലെ സ.ഉത്തരവ് 189/01 എൽ.എസ്ജി.ഡി.പ്രകാരം ആകെ അളവ് മൂല്യം/എസ്റ്റിമേറ്റ് എന്നിവയേക്കാൾ 10%അധി കംതുക നൽകുകയും ചെയ്തു. മേൽ ഉത്തരവിൽ ആർ.സി.സി.മേൽക്കൂരയുള്ള കെട്ടിടവേലയ്ക്ക് മാത്രമാണ് 10% അധികം തുക അനുവദിക്കാവുന്നത്.

കെട്ടിടങ്ങളുടെ ഇലക്ട്രിക് വേലകൾക്ക് വർദ്ധനവ് ബാധകമല്ല. ആർ.സി.സി.മേൽക്കൂര ഇല്ലാത്ത മേൽ പ്രവൃത്തിയിൽ 10% അധികം അനുവദിച്ചതുമൂലം 3,47,884/-(മൂന്ന് ലക്ഷത്തി നാൽപ്പത്തേഴായി രത്തി എണ്ണൂറ്റി എൺപത്തിനാല്) രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. തന്നെയുമല്ല, നിർമ്മാണത്തിലെ ചോർച്ച ഉൾപ്പെടെ പല അപാകതകളും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടും തകരാർ പരിഹരിക്കാതെയാണ് ബിൽ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയിട്ടുള്ളത് ആയതിനാൽ 34,78,842/-(മുപ്പത്തിനാല് ലക്ഷത്തി എഴുപത്തെട്ടായിരത്തി എണ്ണൂറ്റി നാൽപ്പത്തിരണ്ട്) രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിരിക്കുന്നു.

എറണാകുളം ജില്ല

ഗ്രാമപഞ്ചായത്തുകൾ

3.42. വെങ്ങോല ഗ്രാമപഞ്ചായത്ത്

3.42.1.വ്യവസായ കേന്ദ്രം തുടങ്ങുന്നതിന് സ്ഥലമെടുക്കൽ കുറഞ്ഞ വിലയ്ക്ക് ക്വോട്ട് ചെയ്തശേഷം വാങ്ങിയില്ല- 8,07,757/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 2-11

വ്യവസായ കേന്ദ്രം തുടങ്ങുന്നതിനായി സ്ഥലം വാങ്ങുന്നതിന് 8,07,757/- (എട്ട് ലക്ഷത്തി ഏഴായിരത്തി എഴുനൂറ്റിഅമ്പത്തി ഏഴ്) രൂ പ ചെലവഴിച്ചു. സെന്റിന് 4,750/-(നാലായിരത്തി എഴുനൂറ്റമ്പത്) രൂപ മുതൽ 12,000/-(പന്ത്രണ്ടായിരം) രൂപവരെ ക്വോട്ടുചെയ്ത 9 ക്വട്ടേഷനുകൾ ലഭിച്ചതിൽ 11,500/- (പതിനൊന്നായിരത്തി അഞ്ഞൂറ്) രൂപ ക്വാട്ടുചെയ്ത വെങ്ങോല വില്ലേജിലെ ബ്ലോക്ക് 20-ലെ സർവെ നം.240/1 സ്ഥലമാണ് വാങ്ങിയത്. സെന്റിന് 8,000/- (എണ്ണായിരം) രൂപ ക്വാട്ട് ചെയ്ത എല്ലഅനുബന്ധ സൗകര്യങ്ങളുള്ളതുമാ ണന്ന് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ പരിശോധിച്ച് റിപ്പോർട്ട് ചെയ്ത സ്ഥലം പരിഗണിക്കാതെ, മണ്ണ് ഫില്ലിംഗ് വേണ്ടിവരുമെന്നും, വില കുറച്ചുവാങ്ങണമെന്നും റിപ്പോർട്ടു ചെയ്ത 11,500/-/-(പതിനൊന്നായിരത്തി അഞ്ഞൂറ്) രൂപ ക്വാട്ട് ചെയ്ത സ്ഥലം, കളക്ടർ നിശ്ചയിച്ച വിലയായ 1 ആറിന് 27,545/- (ഇരുപത്തേഴായിരത്തി അഞ്ഞൂറ്റി നാൽപ്പത്തഞ്ച്) രൂപ പ്രകാരം (52.61 ആർ സ്ഥലം) വാങ്ങാൻ തീരുമാനിച്ചപ്പോഴും പ്രോജ ക്ടിന് ആവശ്യമായ സ്ഥലം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടില്ലായിരുന്നു. തൻവർഷം വകയിരുത്തിയ തുക മതിയാകാത്തതിനാൽ 28.75 ആർ സ്ഥലം മാത്രം 7,91,919/-(ഏഴ് ലക്ഷത്തി തൊണ്ണൂറ്റൊ ന്നായിരത്തി തൊള്ളായിരത്തി പത്തൊമ്പത്) രൂപയ്ക്ക് വാങ്ങി സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തു. നിയമാനുസരണം താലൂക്ക് സർവെയറെ കൊണ്ട് വാങ്ങിയസ്ഥലംഅളന്ന് തിട്ടപ്പെടുത്തി പോക്കുവരവ് നടത്തി രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ്ഥലത്തിന്റെ മുന്നാധാരങ്ങളും മറ്റ് രേഖകളും ഗവൺമെന്റ് പ്ലീഡറെ ക്കൊണ്ട് പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണ ത്താൽ ചെലവഴിച്ച 8,07,757/- (എട്ട് ലക്ഷത്തി ഏഴായിരത്തി എഴുനൂറ്റിഅമ്പത്തി ഏഴ്) രൂ പ തടസ്സപ്പെടുത്തുന്നതോടൊപ്പം വിശദമായ അന്വേഷണത്തിനും ശുപാർശ ചെയ്യുന്നു.

3.42.2.ഭൂരഹിത ഭവന നിർമ്മാണം - പട്ടികവർഗ്ഗ വിഭാഗം - ഭൂമിവാങ്ങൽ - അനർഹമായി ആനുകൂല്യം നൽകിയത്.

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 2-2

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് ഭൂമി വാങ്ങി ഭവനനിർമ്മാണം നടത്തുന്നതി നുള്ള പദ്ധതിയിൽ സ്വന്തമായി 2 ആർ 35 ച.മീ.ഭൂമിയുള്ള ഗുണഭോക്താവിനെ തെരഞ്ഞെടുത്തത് നടപടികളുടെ ലംഘനമാണ്. ഇതിൽ 1 ആർ 21 ച.മീ.സ്ഥലം ഗുണഭോക്താവ് മറ്റൊരാൾക്ക്

31.10.2003-ൽ 5350/03-ാം നമ്പരായി ആധാരം ചെയ്തു നൽകുകയും നാലു ദിവസത്തിനുശേഷം 04.11.2003-ൽ 5418/03-ാം നമ്പർ ആധാരപ്രകാരം തിരികെവാങ്ങി, പദ്ധതിപ്രകാരം നൽകിയ സബ്സിഡി തുകയായ 15,000/-(പതിനയ്യായിരം) രൂപ (ഡി.ഡി.നം.229580 തീയതി: 29.11.2003) വസ്തുവാങ്ങി, തിരികെ നൽകിയ വ്യക്തിക്കു നൽകി. സ്വന്തം പേരിലുള്ള ഭൂമിയിൽ പകുതി മറ്റൊരാൾക്കു വിൽക്കുകയും നാലു ദിവസങ്ങൾക്കുശേഷം തിരികെ വാങ്ങുകയും ചെയ്തത് സർക്കാർ ആനുകൂല്യം കൈപ്പറ്റുവാൻ വേണ്ടിമാത്രമാണ്. അനർഹമായി നൽകിയ 15,000/ -രൂപ ഗുണഭോക്താവിൽനിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ.യിൽനിന്നോ ഈടാക്കേണ്ടതാണ്.

3.43. കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്

3.43.1. ആശാൻപടി- താമരച്ചാൽ റോഡ് - അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 3-3

6,80,000/-(ആറു ലക്ഷത്തി എൺപതിനായിരം) രൂപ അടങ്കലുള്ള ഈ പ്രവൃത്തി 05.03.98 ലെ എഗ്രിമെന്റ് പ്രകാരം 30.06.98-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. ഈ പ്രവൃത്തിയ്ക്കായി ആകെ 3,50,000/- (മൂന്നുലക്ഷത്തി അമ്പതിനായിരം) രൂപ 3 തവണയായി കൺവീനറുടെ ബാങ്ക് അക്കൗണ്ടി ലേയ്ക്ക് നൽകിയിട്ടുള്ളതിൽനിന്ന് 2,50,000/- (രണ്ട് ലക്ഷത്തിഅമ്പതിനായിരം) രൂപ പിൻവലിച്ചിട്ടുണ്ട്. പണിയിലുള്ള അപാകതകൾ സംബന്ധിച്ച പരാതിയെ തുടർന്ന് ജില്ലാകളക്ടർ കൺവീനറുടെ ബാങ്ക്അക്കൗണ്ട് മരവിപ്പിക്കുകയും തുടർന്നുള്ള വിജിലൻസ് അന്വേഷണത്തിൽ കൺവീനർ കുറ്റക്കാരനെന്ന് കണ്ടെത്തിയതിനെ തുടർന്ന് ബാക്കി പ്രവൃത്തി സെക്രട്ടറി നേരിട്ട് നടപ്പാക്കാൻ സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. മലയിടാംതുരുത്ത് സർവ്വീസ് സഹകരണബാങ്കിന്റെ അക്കൗണ്ട് നം.1806-ൽ ബാക്കിയുള്ള 1,00,000/- (ഒരു ലക്ഷം) രൂപ ഇപ്പോഴും മരവിപ്പിച്ചിരിക്കുകയാണ്. ഈ തുക പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കേണ്ടതാണ്. അളവു പുസ്തക പ്രകാരം 2,53,000/-(രണ്ട് ലക്ഷത്തിഅമ്പത്തി മൂവായിരം) രൂപയുടെ പ്രവൃത്തിയാണ് കൺവീനർ നടത്തിയിട്ടുള്ളത്. ഇതിന് 3,50,000/- (മൂന്ന് ലക്ഷത്തിഅമ്പതിനായിരം) രൂപ നൽകിയതിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

<u>ബ്ലോക്ക് പഞ്ചായത്തുകൾ</u>

3.44. വടവുകോട് ബ്ലോക്ക്പഞ്ചായത്ത്

3.44.1. പട്ടികജാതി വനിതകൾക്കുള്ള തൊഴിൽ പരിശീലനം/കമ്പ്യൂട്ടർ പരിശീലനം നിയമവിരുദ്ധമായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3-10, 3-11

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണംനടത്തിയ പ്രോജക്ട് നം.066/06 പ്രകാരമുള്ള ബ്യൂട്ടീഷ്യൻ കോഴ്സും എംബ്രോയിഡറി കോഴ്സും പരിശീലനം നൽകുന്നതിലും, പ്രോജക്ട് നം.എസ്.065/06 പ്രകാരമുള്ള കമ്പ്യൂട്ടർ പരിശീലനം നൽകുന്ന പ്രോജക്ടിലും ഗുണഭോക്താക്കളെ നിയമ പ്രകാരം ഗ്രാമസഭ തെരഞ്ഞെടുക്കേണ്ടതിനുപകരം പഞ്ചായത്തു പ്രസിഡന്റിന്റെ കത്തിന്റെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിൽ ഇന്റർവ്യൂ ബോർഡു വഴി തെരഞ്ഞെടുത്തത് 1994-ലെ കേരള പഞ്ചായത്തുരാജ് നിയമം വകുപ്പ് 3 എ (9), സ.ഉ.220/97തസ്വഭവ തീ.02.10.97, സ.ഉ.181/98തസ്വഭവ തീയതി: 02.09.98 എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. പ്രോജക്ട് നം.എസ്-066/06 പ്രകാരം 42,626/-(നാൽപ്പത്തി രണ്ടായിരത്തിഅറുനൂറ്റി ഇരുപത്തായറ്) രൂപയും പ്രോജക്ട്

നം.എസ്.065/06 പ്രകാരം 44,375/-(നാൽപ്പത്തി നാലായിരത്തി മുന്നൂറ്റി എഴുപത്തഞ്ച്) രൂപയും ഈയിനത്തിൽ ചെലവഴിച്ചിരിക്കുന്നു.

3.45. കോതമംഗലം ബ്ലോക്ക് പഞ്ചായത്ത്

3.45.1. പണിപൂർത്തിയാക്കാത്തതിനാൽ അഡ്വാൻസ് 54,000/-രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004–05, ഖണ്ഡിക നമ്പർ: 3–8

കുട്ടമ്പുഴ-കുഞ്ചിപ്പാറ ഏകാദ്ധ്യാപക വിദ്യാലയം കെട്ടിടപ്പണിയ്ക്കായി കൺവീനർക്ക് 31.08.2004-ലെ 993636-ാം നമ്പർ ചെക്ക് പ്രകാരം 54,000/- (അമ്പത്തിനാലായിരം) രൂപ മുൻകൂർ നൽകി. എന്നാൽ ഓഡിറ്റ് സമയംവരെയും പണി പൂർത്തീകരിച്ചിട്ടില്ല. മുൻകൂർ തിരികെ അടയ്ക്കാനാവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 10.10.2006-ൽ കൺവീനർക്ക് കത്തയച്ചെങ്കിലും തുടർന്ന് സർക്കുലർ നം.8906/ഡിപി.3/05.തസ്വഭവ/തീയതി: 08.07.05-ൽ നിർദ്ദേശിക്കുന്ന പ്രകാരം കൺവീനറിൽ നിന്ന് പലിശസഹിതം തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

3.46. പറവൂർ ബ്ലോക്ക് പഞ്ചായത്ത്

3.46.1. വനിതാ സ്വയംസഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ - പ്രവർത്തനം വിലയിരുത്തിയിട്ടില്ല 2,60,000/-രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002–03, ഖണ്ഡിക നമ്പർ: 3.6

എസ്.ജി.എസ്.വൈ പദ്ധതിപ്രകാരം 26 സ്വയംസഹായ സംഘങ്ങൾക്ക് 10,000/-(പതിനായിരം) രൂപ വീതം 2,60,000/-(രണ്ടുലക്ഷത്തി അറുപതിനായിരം) രൂപ പദ്ധതിവിഹിതമിനത്തിൽ സഹായം നൽകിയിട്ടുണ്ട്. ഓരോ സംഘവും ബാങ്കിൽ നിന്ന് 15,000/-(പതിനയ്യായിരം) രൂപ വീതം വായ്പയും സംഘടിപ്പിച്ച് പ്രവർത്തനം നടത്തുകയാണ് ലക്ഷ്യം. എന്നാൽ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് യാതൊരു മോണിറ്ററിംഗും നടത്തിയിട്ടില്ല. സംഘം രൂപീകരിച്ച് ആറ്മാസത്തെ പ്രവർത്തനം വിലയിരുത്തി ഗ്രേഡിംഗ് നടത്തിവേണം സഹായം നൽകേണ്ടതെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.11.98-ലെ 49905-ാം നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ധനസഹായം നൽകിയിരിക്കുന്നത്. സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 2,60,000/-(രണ്ട് ലക്ഷത്തി അറുപതിനായിരം) രൂപ തടസ്സപ്പെടുത്തിയിരിക്കുന്നു.

3.47. എറണാകുളം ജില്ലാ പഞ്ചായത്ത്

3.47.1. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - കാരിക്കോട് ഹരിജൻ കോളനി മുളന്തുരുത്തി - പണി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു - നഷ്ടം 2,23,446/-രൂപ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002–03, ഖണ്ഡിക നമ്പർ: 3.38

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ കാരിക്കോട് ഹരിജൻ കോളനിയിൽ കമ്മ്യൂണിറ്റിഹാൾ നിർമ്മാണത്തിന് 7,48,000/-(എഴ് ലക്ഷത്തി നാൽപ്പത്തിഎണ്ണായിരം) രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ്

പ്രകാരം ആകെ 2,23,446/- (രണ്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി നാൽപത്തി ആറ്) രൂപ നൽകി. ഭൂകമ്പ പ്രതിരോധത്തിനായി കരിങ്കൽകൊണ്ടുള്ള അടിത്തറയ്ക്കുപകരം ആർ.സി.സി പില്ലറുകളും ബീമുകളും നിർമ്മിക്കുന്നതിനായാണ് എസ്റ്റിമേറ്റ് പുതുക്കിയത്. എന്നാൽ അടിത്തറ ഭാഗീകമായി നിർമ്മിച്ച് പണി ഉപേക്ഷിച്ചിരിക്കുന്നു. ജില്ലാപഞ്ചായത്ത് കമ്മിറ്റിയുടെ 17.03.2004-ലെ തീരുമാന പ്രകാരം ഇതുവരെ നടത്തിയ പണികളുടെ മൂല്യനിർണയംനടത്തി പണി അവസാനിപ്പിക്കുവാനും കൺവീനറുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചെങ്കിലും നാളിതുവരെ തുടർനടപടിയൊന്നും സ്വീകരിച്ചിട്ടില്ല. പണിപൂർത്തിയാക്കാതെ ഉപേക്ഷിച്ചതിനാൽ ആകെ ചെലവഴിച്ച 2,23,446/- (രണ്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി നാനൂറ്റി നാൽപത്തി ആറ്) രൂപ പാഴായിട്ടുണ്ട്. തുക പലിശസഹിതം ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൃശ്ശൂർ ജില്ല

3.48. പൊതു പരാമർശങ്ങൾ

3.48.1.മൊബിലൈസേഷൻ അഡ്വാൻസ് നൽകി - പണി പൂർത്തിയാക്കിയിട്ടില്ല

താഴെപ്പറയുന്ന പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ, പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുകയോ അല്ലാത്തപക്ഷം 08.07.05-ലെ 8906/ഡി.പി.3/05 തസ്വഭവ-ാം സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

സ്ഥാപനം	ഓഡിറ്റ് റിപ്പോർട്ട് വർഷം/ ഖണ്ഡിക നമ്പർ	തുക	പ്രവൃത്തിയുടെ പേര്
കടപ്പുറം ഗ്രാമപഞ്ചായത്ത്	2004-05 ഖ.3-11	33000	മാലിഖ് ബനു മിനാർ റോഡ്
കടപ്പുറം ഗ്രാമപഞ്ചായത്ത്	2004-05 ഖ.3-11	8420	അഴീക്കൽറോഡ് കാന വൃത്തിയാക്കൽ
കടപ്പുറം ഗ്രാമപഞ്ചായത്ത്	2004-05 ഖ.3-11	12400	എ.വി.മുഹമ്മദുണ്ണിഹാജി റോഡ്
കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത്	2001-02 ഖ.3-5	22500	പീടികേശ്വരം റോഡ് പണി

ഗ്രാമപഞ്ചായത്ത്

3.49. വലപ്പാട് ഗ്രാമപഞ്ചായത്ത്

3.49.1.നിർമ്മാണ പ്രവർത്തികൾക്കായി സ്ഥലം വാങ്ങിയത് - നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ രജിസ്റ്റർ ചെയ്തു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 3-2, 3-18

പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് നിർമ്മാണ പ്രവർത്തികൾക്കുവേണ്ടി വാങ്ങുന്ന സ്ഥലം പഞ്ചായത്തിന്റെ ആസ്തിയാണ്. തന്മൂലംതന്നെ വസ്തു പഞ്ചായത്ത് ഭരണാധികാരിയുടെ പേരിലാണ്

രജിസ്റ്റർ ചെയ്യപ്പെടേണ്ടിയിരുന്നത്. എന്നാൽ അംഗനവാടി കെട്ടിടനിർമ്മാണം (ഖ.3-2) മത്സ്യഭവൻ കെട്ടിട നിർമ്മാണം (ഖ.3-18) എന്നീ നിർമ്മാണ പ്രവൃത്തികളിൽ ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ രജിസ്റ്റർ ചെയ്തിരിക്കുന്നതായി കാണുന്നു. പ്രസ്തുത പ്രവർത്തിക്കായി ചെലവഴിച്ച യഥാക്രമം 15,000/-, 50,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3.50. തൃശൂർ ജില്ലാ പഞ്ചായത്ത്

3.50.1.കോൺട്രാക്ടർ/കൺവീനറുടെ സ്വന്തം മണ്ണുപയോഗിച്ച് ഫില്ലിംഗ് നടപ്പാക്കുമ്പോൾ അധിക നിരക്ക് അനുവദിച്ചത് 15,56,245/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

1999-2000 മുതൽ 2000-01 വരെയുള്ള കാലഘട്ടത്തിൽ പൂർത്തീകരിച്ച 31 മരാമത്ത് പണികളിൽ 15,56,215/-രൂപയുടെ അധിക ചെലവ് കണ്ടെത്തി. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 04.04.86-ലെ 13584/എഫ്.ഡബ്ല്യു/സി.1/86-ാം നമ്പർ സർക്കുലർ പ്രകാരം കൺവീനർ/ കോൺട്രാക്ടർ ഫില്ലിംഗിന് സ്വന്തം മണ്ണുപയോഗിക്കുമ്പോൾ അനുവദനീയമായ നിരക്കിൽ നിന്നും ഒരു ലീഡും, ലിഫ്റ്റും കുറക്കേണ്ടതാണ്. നിർദ്ദേശം പാലിക്കാതെ അധിക ചെലവ് വരുത്തിയ പണികളുടെ വിവരം ചുവടെ ചേർക്കുന്നു.

നിർദ്ദേശം പാലിക്കാതെ അധിക ചെലവ് വരുത്തിയ പണികളുടെ വിവരം

ഓ.റി.വർഷം	ഖണ്ഡിക	മരാമത്ത് പണികളുടെ പേര്	അധികം നൽകിയ തുക
1999-2000	2-4 (1)	മാങ്ങോട് ലക്ഷംവീട് കോളനി	17367
1999-2000	2-4 (2)	നെറ്റിക്കോട് ഹരിജൻ കോളനി	282297
1999-2000	2-4 (3)	നെടുപുഴ ഹരിജൻ കോളനി (ഒന്നാംഘട്ടം)	96351
1999-2000	2-4 (4)	നെടുപുഴ ഹരിജൻ കോളനി (രണ്ടാംഘട്ടം)	28690
1999-2000	2-13 (1)	ഉപ്പുങ്ങൽ -കടവ് റോഡ്	10070
1999-2000	2-13 (2)	കാരമുക്ക്-അഞ്ചങ്ങാടി റോഡ്	9836
1999-2000	2-13 (3)	നമ്പിയാൻകാവ്-ആനന്ദപുരം റോഡ്	177834
1999-2000	2-13 (4)	കിഴക്ക് ടിപ്പുസുൽത്താൻ റോഡ്	42757
1999-2000	2-13 (5)	തഴപ്പായ - മാർക്കറ്റ് റോഡ്	13224
1999-2000	2-13 (6)	പയ്യക്കര - കുന്നത്തുപ്പാടം ട്രാൻസ്ഫോർമർ റോഡ്	16217
1999-2000	2-13 (7)	അയ്യന്തോൾ - പൂങ്കുന്നം റോഡ്	2754
1999-2000	2-13 (8)	കച്ചേരിപ്പടി - എടക്കഴിയൂർ റോഡ്	125304
1999-2000	2-13 (9)	മുല്ലക്കര - ചേനം റോഡ്	116527
1999-2000	2-13 (10)	പയ്യക്കര - കുന്നത്തുപ്പാടം ട്രാൻസ്ഫോർമർ റോഡ്	13036
1999-2000	2-13 (11)	പയ്യക്കര - കുന്നത്തുപ്പാടം ട്രാൻസ്ഫോർമർ റോഡ്	28404
1999-2000	2-13 (12)	മാംപ്ര റോഡ്, ഫോർമേഷൻ, സൈഡ് പ്രൊട്ടക്ഷൻ	101134
1999-2000	2-13 (13)	നമ്പ്യൻങ്ങാവ് - ആനന്ദപുരം റോഡ്	67514
2000-2001	2-15 (1)	കരുവന്തല - ചക്കുകണ്ടം റോഡ്	14788
2000-2001	2-15 (2)	മന്ദംതുരുത്ത് - മരിയംതുരുത്ത് റോഡ്	9708
2000-2001	2-15 (3)	ബ്ലാങ്ങാട് - മാട് റോഡ്	9121
2000-2001	2-15 (4)	ആറാട്ടുകടവ് റോഡ്	16017
2000-2001	2-15 (5)	കച്ചേരിപ്പടി - എടക്കഴിയൂർ റോഡ്	93339

2000-2001	2-15 (6)	കുറ്റുമുക്ക് - നെല്ലങ്കര റോഡ്	229503
2000-2001	2-15 (7)	എരുമപ്പെട്ടി - കടങ്ങോട് റോഡ്	3721
2000-2001	2-23 (1)	പണ്ടാരച്ചിറ ഐ.എച്ച്.ഡി.പി.കോളനി	3958
2000-2001	2-23 (2)	പണ്ടാരച്ചിറ ഐ.എച്ച്.ഡി.പി.കോളനി	7487
2000-2001	2-23 (3)	പണ്ടാരച്ചിറ ഐ.എച്ച്.ഡി.പി.കോളനി	7750
2000-2001	2-23 (4)	പണ്ടാരച്ചിറ ഐ.എച്ച്.ഡി.പി.കോളനി	3506
2000-2001	2-23 (5)	പണ്ടാരച്ചിറ ഐ.എച്ച്.ഡി.പി.കോളനി	1389
2000-2001	2-23 (6)	പണ്ടാരച്ചിറ ഐ.എച്ച്.ഡി.പി.കോളനി	6138
2000-2001	2-23 (7)	പണ്ടാരച്ചിറ ഐ.എച്ച്.ഡി.പി.കോളനി	504
		ആകെ	**1556245**

3.50.2. തഴപ്പായ നെയ്ത്ത് - കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, കൊടുങ്ങല്ലൂർ - സ്ഥലം ലഭിക്കാതെ കെട്ടിടനിർമ്മാണത്തിന് കോസ്റ്റ് ഫോർഡിന് 7 ലക്ഷം രൂപ നൽകി - പ്രോജക്ട് ഉപേക്ഷിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 1999-2000, ഖണ്ഡിക നമ്പർ: 2(18)

കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനത്ത് സ്ഥലം ലഭ്യമാകുമെന്ന ഉദ്ദേശത്തോടെ തഴപ്പായ മേഖലയിലെ തൊഴിലാളികളുടെ വികസനം ലക്ഷ്യമാക്കി 12 ലക്ഷം അടങ്കലുള്ള ഒരു പദ്ധതിക്ക് 1997-98 വർഷംഅംഗീകാരം നൽകുകയും അതിന്റെ കെട്ടിട നിർമ്മാണത്തിനുവേണ്ടി നീക്കിവെച്ച 7 ലക്ഷം രൂപ 26.06.98-ൽ കോസ്റ്റ് ഫോർഡിന് നൽകുകയും ചെയ്തു. സ്ഥലം ലഭ്യമാവാതെ കെട്ടിടം പണിയ്ക്ക് 7 ലക്ഷം രൂപ മുൻകൂർ നൽകിയതും, 1998-99-ൽ പുതുക്കിയ പ്രോജക്ട് തയ്യാറാക്കിയപ്പോൾ ബ്ലോക്ക് ഓഫീസ് കോമ്പൗണ്ടിൽ സ്ഥലം ലഭ്യമല്ലെന്ന് വ്യക്തമായിട്ടും കോസ്റ്റ് ഫോർഡിൽ നിന്നും കെട്ടിട നിർമ്മാണത്തിനു നൽകിയ തുക തിരിച്ചുവാങ്ങാത്തതും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

3.50.3. സ്വാഭിമാൻ പാർപ്പിട പദ്ധതി - കോസ്റ്റ് ഫോർഡിന് 85 ലക്ഷം രൂപ വായ്പ നൽകി - തുക തിരികെ ലഭ്യമായിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000-01, ഖണ്ഡിക നമ്പർ: 2(10)

ജില്ലാ പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയുടെ ഏകോപനം നടത്തുന്ന ഏജൻസിയായ കോസ്റ്റ് ഫോർഡിന് ഭവനനിർമ്മാണ ധനസഹായ സ്ഥാപനമായ ഹഡ്കോയിൽനിന്ന് 2-ാം ഗഡു വായ്പ ലഭിക്കുവാൻ കാലതാമസം വന്നതിനാൽ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് താല്ക്കാലികമായി 85 ലക്ഷം രൂപ പ്ലാൻഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. ഹഡ്കോയിൽ നിന്ന് വായ്പ ലഭിക്കുന്ന മുറയ്ക്ക് കോസ്റ്റ്ഫോർഡ് തുക തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിലാണ് താല്കാലികവായ്പയായി അനുവദിച്ചത്. എന്നാൽ വികസനപ്രവർത്തനത്തിനുള്ള സർക്കാർ പണമായ 85 ലക്ഷം രൂപ ഇതുവരെ തിരിച്ചടയ്ക്കാതെ കോസ്റ്റ്ഫോർഡിന്റെ കൈവശം കിടക്കുകയാണ്.

3.50.4. കൊയ്ത്തു മെതിയന്ത്രം ലീസിന് എടുത്തവർ വാടക കുടിശിക വരുത്തിയത് - പ്രവർത്തനക്ഷമമല്ലാതെ തിരിച്ചേൽപ്പിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000-01, ഖണ്ഡിക നമ്പർ: 2-20

ജില്ലാപഞ്ചായത്തിന്റെ 1998-99 വർഷത്തെ പദ്ധതിവിഹിതം ഉപയോഗിച്ച് 02.06.99-ൽ 13,95,000/-രൂപയ്ക്കു വാങ്ങിയ കൊയ്ത്തുമെതിയന്ത്രം വർഷത്തിൽ 3 ലക്ഷം രൂപ വാടക നിശ്ചയിച്ച്

ലീസിന് കൈമാറിയെങ്കിലും ഒരു വർഷത്തിനുശേഷം തിരികെ ലഭിക്കുകയുണ്ടായി. തുടർന്ന് 2.3 ലക്ഷം രൂപ വാടക നിശ്ചയിച്ച് കേരഅഗ്രോ എക്യു പ്മെന്റ്സ് എന്ന സ്ഥാപനത്തിന് ലീസിനു കൈമാറി ഒന്നര വർഷത്തിനുശേഷം തിരികെ ഏൽപ്പിച്ചപ്പോൾ മെതിയന്ത്രത്തിന്റെ പ്രവർത്തനക്ഷമത പരിശോധിക്കാൻ ജില്ലാ പഞ്ചായത്തിന് സാധിച്ചിട്ടില്ല. തന്നെയുമല്ല ആദ്യതവണ ലീസിനു നൽകിയ സ്ഥാപനം 2 ലക്ഷം രൂപ മാത്രമാണ് അടവാക്കിയിട്ടുള്ളത്. ബാക്കി ഒരു ലക്ഷം രൂപയും പലിശയും ഈടാക്കാനുണ്ട്. അഗ്രോ എക്യുപ്മെന്റ് എന്ന സ്ഥാപനം 01.11.2001 മുതൽ ഒരു വർഷത്തേയ്ക്കാണ് നൽകിയതെങ്കിലും 07.06.2003-ലാണ് യന്ത്രം തിരികെ ഏൽപ്പിച്ചത്. ഈ ഇനത്തിൽജില്ലാ പഞ്ചായത്തിന്റെ കണക്കുപ്രകാരം 1,72,499/-രൂപ കുടിശികയുണ്ട്. എന്നാൽ കരാർ പീരീയിഡിനു ശേഷവും 7 മാസം കൂടുതൽ ഉപയോഗിച്ച വകയിൽ 1,34,000/-രൂപയും പലിശയും ഈടാക്കാൻ അവശേഷിക്കുന്നു. പ്രവർത്തനക്ഷമമല്ലാതെ തിരികെ ഏൽപ്പിച്ച യന്ത്രത്തിന്റെ പല ഉപകരണങ്ങളും ഇല്ലായിരുന്നെന്ന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയെങ്കിലും ഉപകരണം റിപ്പയറിംഗ് നടത്താനുള്ള ചെലവും നഷ്ടപ്പെട്ട ഉപകരണങ്ങളുടെ വിലയും വാടക കുടിശികയും കരാറുകാരനിൽ നിന്നും ഈടാക്കാൻ ജില്ലാ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ശ്രമം ഉണ്ടായിട്ടില്ല.

<u>പാലക്കാട് ജില്ല</u>

3.51. അയിലൂർ ഗ്രാമപഞ്ചായത്ത്

3.51.1. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് - പദ്ധതി ലക്ഷ്യം നേടിയില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003 – 04, ഖണ്ഡിക നമ്പർ: 3.15

വനിതാക്ഷേമം മുൻനിർത്തി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ട് ഉല്പാദന മേഖലയിൽ 02-03-ൽ ആരംഭിച്ച പദ്ധതി 2006-07-ൽ പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതിയുടെ ഭാഗമായി, 2003-04 വർഷത്തിൽ 10,89,600/- (പത്തുലക്ഷത്തി എൺപത്തൊമ്പതിനായിരത്തി അറുനൂറ്) രൂപചെലവിൽ സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമിവാങ്ങിയിട്ടുണ്ട്. ഡെപ്യൂട്ടി കളക്ടർ സെന്റിന് 7500/-(ഏഴായിരത്തി അഞ്ഞൂറ്) രൂപ വില നിർണ്ണയിച്ച പ്രസ്തുത ഭൂമി വിലയെക്കാളും 30% അധിക നിരക്ക് നൽകിയാ ണ് (സെന്റിന് 9750/-രൂപ) സ്ഥലവും, അതിൽ നിലനിന്നിരുന്ന സിനിമാതിയേറ്ററും പഞ്ചായത്ത് ഏറ്റെടുത്തത്. തിയേറ്റർ കെട്ടിടത്തിന് 25 വർഷത്തിൽ കൂടുതൽ പഴക്കമുണ്ടെങ്കിലും, 2003-ൽ പുതുക്കിപണിതതായി സാക്ഷ്യപ്പെടുത്തി, പുതുക്കിയ നിരക്കിൽ മൂല്യനിർണയം നടത്തി 4,04,299/- (നാല് ലക്ഷത്തി നാലായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റൊമ്പത്) രൂപ വില നിർണയിച്ചത് ക്രമപ്രകാരമല്ല. കെട്ടിടത്തിന് അറ്റകുറ്റപ്പ ണികൾ നടത്തിയതല്ലാതെ കെട്ടിട ഘടനയ്ക്ക് മാറ്റം വരുത്തിയതിന് രേഖകളില്ല.

കിണർ ഉൾപ്പെടെയുള്ള സ്ഥലം സെന്റിന് 9750/-(ഒമ്പതിനായിരത്തി എഴുനൂറ്റമ്പത്) രൂപ നിരക്കിൽ നൽകുവാൻ ഉടമസ്ഥർ സമ്മതപത്രം നൽകിയിരുന്നുവെങ്കിലും കിണറിന് 25,000/- (ഇരുപത്ത യ്യായിരം) രൂപ വില നിർണയിച്ച് തുക നൽകിയ നടപടിയും ക്രമപ്രകാരമല്ല. 2006-07-ൽ പൂർത്തീകരിക്കേണ്ടിയിരുന്ന പദ്ധതിയിൽ നിലവിൽ വനിതാവ്യവസായ യൂണിറ്റുകളൊന്നും തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഉല്പാദന മേഖലയിൽ ആരംഭിച്ച പദ്ധതിയിലൂടെ വരുമാനം ലക്ഷ്യമിടുന്നില്ല എന്ന അധികൃതരുടെ മനോഭാവം ജി.ഒ.എം.എസ്.20/2002/പ്ലാനിംഗ് തീയതി 06.06.02 നമ്പർ സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. സ്വകാര്യ വ്യക്തികളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് മാത്രമായി പദ്ധതിപ്പണം വിനിയോഗിച്ചതും, ഇത് നിഷ്ക്രിയ ആസ്തിയായി തുടരുന്നതും പദ്ധതി നടത്തിപ്പിലെ പാകപ്പിഴകൾ കാരണമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3.52. മുണ്ടൂർ ഗ്രാമപഞ്ചായത്ത്

3.52.1. ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം - പ്രവൃത്തി ആരംഭിച്ചിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03; ഖണ്ഡിക നമ്പർ: 3.2

1998-99, 1999-2000, 2000-01, 2001-02 എന്നീ വർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി, ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കുന്നതിന് 27.07 ലക്ഷം രൂപ ചെലവഴിച്ച് 3.56 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളൊന്നും തന്നെ ചെയ്തിട്ടില്ല.

ലക്ഷങ്ങൾ മുടക്കി ഭൂമിവാങ്ങിയിട്ടും, സമയബന്ധിതമായി തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാതിരുന്നതിനാൽ നിഷ്ക്രിയ ആസ്തിയായിതന്നെ തുടരുന്നു.

3.53. അലനല്ലൂർ ഗ്രാമപഞ്ചായത്ത്

3.53.1. കുഴൽക്കിണർ നിർമാണം - ധനദുർവിനിയോഗവും കൃത്രിമങ്ങളും

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 3-5

24 കുഴൽക്കിണറുകൾ നിർമ്മിക്കാൻ 8,28,000/- (എട്ടുലക്ഷത്തി ഇരുപത്തെട്ടായിരം) രൂപ വകയിരുത്തുകയും, ക്വട്ടേഷൻ ക്ഷണിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി, സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തെങ്കിലും നിയമാനുസൃതമുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചതിന് യാതൊരു രേഖകളും കണ്ടെത്താനായില്ല. ലഭ്യമായ ക്വട്ടേഷനുകൾ പരിശോധിച്ചതായും, കൈരളി ബോർവെൽസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതായും 23.03.2004-ലെ പഞ്ചായത്ത് തീരുമാനം 2(4)-ൽ സൂചിപ്പിച്ചിട്ടുണ്ട്. ഫയലിൽ ക്വട്ടേഷനുകളുടെ തീയതി 23.03.2004 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 22.03.2004-ൽ ലഭിച്ചതായാണ് കവറുകളിൽ സൂചിപ്പിച്ചിരിക്കുന്നത്. സാങ്കേതി കാനുമതി ലഭിയ്ക്കാത്ത പദ്ധതിയുമായി ബന്ധപ്പെട്ട ക്വട്ടേഷനുകളിൽ പ്രഥമദൃഷ്ട്യാ കൃത്രിമത്വം ബോധ്യപ്പെടുന്നുണ്ട്.

26.03.2004-ന് ശ്രീ.ആർ.ദേവദാസ്, കൈരളി ബോർവെൽസ് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കരാർ ഉടമ്പടി എഴുതി നൽകിയിട്ടുണ്ടെങ്കിലും ജാമ്യനിക്ഷേപം, നിരതദ്രവ്യം എന്നിവ വാങ്ങിയിട്ടില്ല. 27.03.2004, 31.03.2004 എന്നീ തീയതികളിലായി സെക്രട്ടറി ഒന്നാം മുൻകൂറായി 3,20,000/- (മൂന്നുലക്ഷത്തി ഇരുപതിനായിരം) രൂപയും രണ്ടാം മുൻകൂറായി 5,68,429/- (അഞ്ചുലക്ഷത്തി അറുപത്തെട്ടായിരത്തി നാനൂറ്റി ഇരുപത്തൊമ്പത്) രൂപയും കരാറുകാരന് നൽകിയിട്ടുണ്ട്. (ആകെ-8,88,429/-രൂപ). എഗ്രിമെന്റ് വയ്ക്കുന്നതിനുമുമ്പായി 4 ലക്ഷം രൂപയുടെ പ്രവൃത്തി ചെയ്തതായി അസിസ്റ്റന്റ് എഞ്ചിനീയർ 25.03.2004-ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 31.03.2004-ലെ സാക്ഷ്യപത്രത്തിൽ, എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലായെന്നും 26 കിണറുകൾക്ക് 8,68,858/- (എട്ടുലക്ഷത്തി അറുപത്തെട്ടായിരത്തി എണ്ണൂറ്റിഅമ്പത്തെട്ട്) രൂപയുടെ മൂല്യമുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ പ്രവൃത്തിമൂല്യം അളവു് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. കുഴൽകിണറുകളുടെ കൃത്യമായ സ്ഥിതിവിവരക്കണക്കും പഞ്ചായത്തിൽ ലഭ്യമല്ല.

കരാറുകാർക്ക് മുൻകൂർ നൽകുവാൻ വ്യവസ്ഥയില്ല എന്നിരിക്കെ 27.03.2004, 31.03.2004 എന്നീ തീയതികളിലായി 8,88,429/-(എട്ടു ലക്ഷത്തി എൺപത്തെട്ടായിരത്തി നാനൂറ്റി ഇരുപത്താമ്പത്) രൂപ പ്രവൃത്തിയുടെ പൂർത്തീകരണത്തിനുമുമ്പായി നൽകിയത് നിയമവിരുദ്ധമാണ്.

3.54. വാണിയംകുളം ഗ്രാമപ്രഞ്ചായത്ത്

3.54.1. സമ്പൂർണ്ണ ശുചിത്വ പ്രരിപാടി - കക്കൂസ് നിർമ്മാണം - കൂടിയ ടെണ്ടർ സ്വീകരിച്ചതുമൂലം നഷ്ടമുണ്ടായി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 3-16

2003-04 സാമ്പത്തിക വർഷം 30 കക്കൂസുകൾ നിർമിക്കുന്നതിനുള്ള പ്രദ്ധതി മാത്രമേ ഉണ്ടായി രുന്നുള്ളൂവെങ്കിലും ജില്ലാകളക്ടറുടെ നിർദ്ദേശാനുസരണം, 167 കക്കൂസുകൾക്ക് 3,34,000/- (മൂന്നു ലക്ഷത്തി മുപ്പത്തിനാലായിരം) രൂപ ധനസഹായം അനുവദിച്ചു. നിർമാണ സാമഗ്രികൾ വാങ്ങുന്നതിന് സെറ്റൊന്നിന് 680/-(അറുനൂറ്റി എൺപ്രത്) രൂപ ക്വാട്ട്ചെയ്ത സ്ഥാപ്നനത്തെ ഒഴിവാക്കി 780/- (എഴു നൂറ്റി എൺപ്രത്) രൂപ ആവശ്യപ്പെട്ട മറ്റൊരു സ്ഥാപ്നനത്തിന് കരാർ നൽകി. എന്നാൽ നിർമാണ സാമഗ്രികൾ നൽകിക്കഴിഞ്ഞപ്പോൾ യാതൊരു മുന്നറിയിപ്പുമില്ലാതെ 167 സെറ്റിന് 2770/- (രണ്ടായിരത്തി എഴുനൂറ്റി എഴുപ്രത്) രൂപ നിരക്ക് പ്രസ്തുത കമ്പനിയിൽനിന്നും ആവശ്യപ്പെടുക യുണ്ടായി. അതനുസരിച്ച് 167 സെറ്റിന് 4,62,590/ -(നാല് ലക്ഷത്തിഅറു പ്രത്തി രണ്ടായിരത്തി അഞ്ഞൂറ്റിതൊണ്ണൂറ്) രൂപ പ്രഞ്ചായത്തിന് ചെലവായി. വിവിധ നികുതികളിലായി 45,056/- (നാൽപ്രത്തായ്യായിരത്തി അമ്പത്താറ്) രൂപ കുറച്ച് 4,17,534/- (നാല് ലക്ഷത്തിപതി നേഴായിരത്തി അഞ്ഞൂറ്റി മുപ്പത്തിനാല്) രൂപ വൗച്ചർ നം.54/26.02.2004 പ്രകാരം കമ്പനിയ്ക്ക് നൽകിയിട്ടുണ്ട്.

1,30,260/-(ഒരു ലക്ഷത്തി മുപ്പതിനായിരത്തി ഇരുനൂറ്റിഅറു പ്രത്) രൂപയുടെ ചെലവ് (167X780) നൽകേണ്ടിയിരുന്ന സ്ഥാനത്ത് 4,62,590/-(നാല് ലക്ഷത്തിഅറു പ്രത്തി രണ്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്) രൂപ ചെലവഴിക്കേണ്ടിവന്നത് യാദൃച്ഛികമാണെന്ന് കരുതുന്നില്ല. കൂടിയ ടെണ്ടർ സ്വീകരിച്ചതിനാലുണ്ടായ 16,700/- (പ്രതിനാറായിരത്തി എഴുനൂറ്) രൂപയുടെ നഷ്ടവും, അധികം നൽകേണ്ടിവന്ന 3,32,330/- (മൂന്ന് ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി മുന്നൂറ്റി മുപ്പത്) രൂപ (462590-130260) അധികം നൽകേണ്ടിവന്ന സാഹചര്യവും വിശദീകരിച്ചിട്ടില്ല.

3.55. മണ്ണാർക്കാട് ഗ്രാമപ്രഞ്ചായത്ത്

3.55.1. ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ മാറ്റിനിർത്തി വ്യക്തിഗത ആനുകൂല്യം നൽകി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 3-8

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി, പ്രഞ്ചായത്തിന്റെ 2001-02 വാർഷിക പ്രദ്ധതി യുടെ ഉല്പ്പാദന മേഖലയിൽ ഉൾപ്പെടുത്തി ജലസേചന കിണർ നിർമിക്കുന്നതിനായി 26 ഗുണ ഭോക്താക്കൾക്ക് ആകെ 1,25,160/- (ഒരു ലക്ഷത്തി ഇരുപ്രത്തയ്യായിരത്തി ഒരുനൂറ്റി അറുപ്രത്) രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. ഗ്രാമസഭയിൽ തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് പ്രകരം പ്രഞ്ചായത്ത് ഭരണസമിതി തീരുമാനിച്ച ഗുണഭോക്താക്കൾക്കാണ് വ്യക്തിഗത ആനുകൂല്യം നൽകിയിട്ടുള്ളത്.

സർക്കാർ ഉത്തരവ് (അ)181/98/തഭവ തീയതി 02.09.1998, ബഹു.കേരള ഹൈക്കോടതിയുടെ 04.04.1997-ലെ ഒ.പി.നം.18175/1996-എൽ കേസിലെ വിധിന്യായം എന്നിവപ്രകാരം ഗ്രാമസഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ മാറ്റി ഗ്രാമപ്രഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുന്ന ഗുണ ഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യം നൽകുന്നത് ക്രമവിരുദ്ധമാണ്. കൂടാതെ സർക്കുലർ നം.37806/എൽ.3/98/ത.ഭ.വ തീയതി: 10.09.1998 പ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾക്ക് ഗുണ ഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ഗ്രാമസഭകളിൽ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രങ്കാളിത്തവും നിർബന്ധമാണ്. ആയതിനാൽ ഗ്രാമസഭ തീരുമാനങ്ങളെ മറികടന്ന് ഗുണഭോക്താക്കളെ തെരഞ്ഞെ

ടുത്ത പ്രഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനവും, ഇതു പ്രകാരം 26 വ്യക്തികൾക്ക് ആകെ 1,25,160/- (ഒരു ലക്ഷത്തി ഇരുപത്തയ്യായിരത്തി ഒരുനൂറ്റി അറുപത്) രൂപ വിതരണം ചെയ്ത കൃഷിഓഫീസറുടെ നടപടിയും അംഗീകരിക്കാവുന്നതല്ല. ഇത്തരം നടപടികളുടെ സാധുത സർക്കാർതലത്തിൽ പരിശോധിക്കപ്പെടേണ്ടതാണ്.

3.56. പാലക്കാട് ജില്ലാ പഞ്ചായത്ത്

3.56.1. വിവിധ പദ്ധതികൾക്കായി നിർവ്വഹണോദ്യോഗസ്ഥർക്ക് കൈമാറിയ തുകകൾ നിഷ്ക്രിയ നിക്ഷേപമായി അവശേഷിക്കുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 2-4(2), 2-8, 2-9

ഡി.എഫ്.ഒ, നെൻമാറ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികവർഗ്ഗക്കാർക്കുള്ള ഭവനനിർമാണം, മാഞ്ചേർ ജില്ലാ വ്യവസായ കേന്ദ്രം നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കാൻ ലക്ഷ്യമിട്ട തേനീച്ച വളർത്തൽ പദ്ധതി, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള നൂൽനൂൽപ്പ് കേന്ദ്രങ്ങൾ എന്നീ പദ്ധതികൾക്കായി അനുവദിച്ച തുകകളിൽ ആകെ 8,03,875/- (എട്ടുലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി എഴുപത്തഞ്ച്) രൂപ ചെലവഴിക്കാതെ വിവിധ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി	അനുവദിച്ച തുക (രൂപ)	ചെലവഴിച്ച തുക (രൂപ)	അക്കൗണ്ടിൽ അവ ശേഷിക്കുന്ന തുക (രൂപ)
1	പട്ടികവർഗ്ഗ ഭവനനിർമാണം	22.50 ലക്ഷം	20,01,538	2,48,462
2	തേനീച്ച വളർത്തൽ	5 ലക്ഷം	-	5,00,000
3	ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള നൂൽപ്പ് കേന്ദ്രങ്ങൾ	5 ലക്ഷം	4,44,587	55,413
			ആകെ	**8,03,875**

ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാങ്ക് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന 8,03,875/- (എട്ടു ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി എഴുപത്തഞ്ച്) രൂപ പലിശ സഹിതം തിരിച്ച് ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് ശുപാർശ ചെയ്യുന്നു.

മലപ്പുറം ജില്ല

ഗ്രാമപഞ്ചായത്ത്

3.57. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത്

3.57.1. എസ്.ജി.ആർ.വൈ പ്രവൃത്തികളുടെ നിർവ്വഹണം - ഭക്ഷ്യധാന്യം സബ്സിഡിയിനത്തിൽ കൂടുതലായി ഇഷ്യൂ ചെയ്തത്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004-05, ഖണ്ഡിക നമ്പർ: 3 (12)

ലേബർ മെറ്റീരിയൽ അനുപാതം 60:40 വരുംവിധത്തിൽ യഥാർത്ഥ എസ്റ്റിമേറ്റും ഡാറ്റയുമായി പൊരുത്തപ്പെടുന്ന വിധത്തിൽ പ്രവൃത്തികൾ ഏറ്റെടുക്കാതെ തെറ്റായ കണക്കുകളിലൂടെ അധിക

തൊഴിൽ വിഹിതം കണക്കാക്കി കൂടുതൽ ഭക്ഷ്യധാന്യം നൽകുന്നരീതി പിൻതുടർന്നതിനാൽ അധിക സബ്സിഡിയിനത്തിൽ കേന്ദ്രഫണ്ടിൽ 2,92,577/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

3.58. മലപ്പുറം ജില്ലാ പഞ്ചായത്ത്

3.58.1.മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും മുടങ്ങിക്കിടക്കുന്ന ശുദ്ധജലവിതരണ പദ്ധതികൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3 (33)

1999-2000 മുതൽ 2004-05 വരെയുള്ള വർഷങ്ങളിൽ ആരംഭിച്ച് നാളിതുവരെ പൂർത്തിയാക്കാതെ കിടക്കുന്ന കുടിവെള്ള പദ്ധതികൾക്കായി നൽകിയ മുൻകൂർ തുകയായ 28,75,858/-രൂപ തിരികെ ഈടാക്കുന്നതിന് 08.07.2005-ലെ 8906/ഡിപി.3/2005/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നില്ല.

3.58.2.പൊന്നാനി കോൾനില വികസനം - മോട്ടോർ വാങ്ങിയതിലെ അപാകതകൾ - പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05 ഖണ്ഡിക നമ്പർ: 3 (53)

പെരുമ്പടപ്പ്, അണ്ടത്തോട്, പൊന്നാനി ബ്ലോക്ക് പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന കോൾ നിലങ്ങളിലെ ജലനിർഗമനവും ജലസേചനവും സാധ്യമാക്കുന്നതിനായി 29,50,000/ -രൂപയുടെ പദ്ധതി രൂപീകരിച്ചതിൽ 27 മോട്ടോർ വാങ്ങൽ, 16 സ്ഥിരം എഞ്ചിൻ മോട്ടോർപുര, കായൽ ബണ്ടിന്റെ കേടായ ഭാഗം മണ്ണിട്ടുനികത്തൽ എന്നിവ ഉൾപ്പെടുന്നു. എന്നാൽ 27 മോട്ടോർ വിലയായ 13,56,000/-രൂപയ്ക്ക് പുറമെ മറ്റു അനുബന്ധ പ്രവൃത്തിയുടെ അടങ്കൽ തുക 42,34,000/-രൂപയായി ഉയർത്തുകയും ചെയ്തു. ടെണ്ടർ നിബന്ധനകളും 14.07.99-ലെ ജി.ഒ.(പി)68/99പി.ഡബ്ല്യു.ഡി ഉത്തര വിലെ നിർദ്ദേശങ്ങളും പാലിക്കാതെ മോട്ടോർ വാങ്ങിയതിൽ 1,56,431/-രൂപ നഷ്ടം വന്നിട്ടുണ്ട്. തന്നെയുമല്ല 16 എഞ്ചിൻതറ സ്ഥാപിക്കൽ ലക്ഷ്യമിട്ടിരുന്നതിൽ 12 എണ്ണം പൂർണമായും 2 എണ്ണം ഭാഗികമായും പൂർത്തിയാക്കി. 2 എണ്ണത്തിന്റെ പണി നടന്നിട്ടില്ല. 16 എണ്ണത്തിന് 250000/-രൂപ വീതം എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും, വളരെ കുറഞ്ഞ തുകയ്ക്കാണ് പണി പൂർത്തീകരിച്ചിരി ക്കുന്നത്. പ്രസ്തുത പ്രവൃത്തി നിർദ്ദിഷ്ട ഗുണനിലവാരത്തിലാണോ പൂർത്തീകരിച്ചിരിക്കുന്നതെന്ന് പരിശോധിക്കേണ്ടതാണ്.

3.58.3.എസ്.ജി.ആർ.വൈ.പദ്ധതികൾക്ക് ഭക്ഷ്യധാന്യം നൽകിയതിലെ അപാകത - സബ്സിഡിയിനത്തിൽ വൻനഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3(76)

വേതന ഘടകത്തിൽ മനുഷ്യദിനം ഒന്നിന് 10 Kg. ഭക്ഷ്യധാന്യം കൂടി ഉൾപ്പെടുത്തി തയ്യാറാക്കിയ പദ്ധതിയിൽ അർഹമായ മനുഷ്യദിനത്തേക്കാൾ കൂടുതൽ മനുഷ്യദിനം കണക്കാക്കിയതും സബ്സിഡി നിരക്കിലുള്ള ഭക്ഷ്യധാന്യഅധികം നൽകിയതുംവഴി യഥാക്രമം 16,26,334/ -രൂപയും 27,37,391/- രൂപയും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷിതത്വവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കാനുതകുംവിധമുള്ള നിർവ്വഹണം ഉണ്ടായിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത്

3.59. മങ്കട ബ്ലോക്ക് പഞ്ചായത്ത്

3.59.1.വനിതാ വ്യവസായ പരിശീലന കേന്ദ്രം - പദ്ധതി ലക്ഷ്യം നേടിയില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 (9)

അഭ്യസ്തവിദ്യരായ പട്ടികജാതി യുവതികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിന് കെട്ടിട നിർമ്മാണത്തിനായി 2001-02 വർഷം 5,70,000/-രൂപയും 2005-06-ൽ രണ്ടാംനില നിർമ്മിക്കുന്നതിന് 6,82,076/-രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2003-04-ൽ3,08,948/-രൂപയുടെ പരിശീലന ഉപകരണങ്ങളും വാങ്ങി. വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 91,217/-രൂപ 2006-07-ൽ ചെലവാക്കിയെങ്കിലും സമയബന്ധിതമായി വൈദ്യുതികണക്ഷൻ ലഭിക്കുന്നതിന് തുടർനടപടി സ്വീകരിച്ചിരുന്നില്ല. കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് മുമ്പ്തന്നെ പരിശീലന ഉപകരണങ്ങൾ വാങ്ങിയത് മൂലം ഗ്യാരന്റി കാലയളവ് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. പ്രോജക്ട് ലക്ഷ്യമിടുന്ന പ്രകാരം തുക ചെലവഴിച്ച് അനുബന്ധ സാഹചര്യം ഒരുക്കിയെങ്കിലും പരിശീലന പ്രവർത്തനം ആരംഭിക്കുവാൻ ഒരു നടപടിയും സ്വീകരിച്ചില്ല.

3.60. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

3.60.1.കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിയ്ക്ക് മുൻകൂർ നൽകിയ 75,020/-രൂപ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3(2)

ഓർക്കോട്ടുപറമ്പ് പട്ടികജാതി കോളനി കുടിവെള്ള പദ്ധതിയുടെ ഫൈനൽ ബില്ലിൽനിന്നും മുൻകൂറുകൾ കുറവു ചെയ്തപ്പോൾ "റെയ്ഡ്കോയ്ക്ക്" സാധനവിലയായിഅനുവദിച്ച 75,020/ -രൂപയുടെ മുൻകൂർ കുറവു ചെയ്തില്ല.

3.61. മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയത്

ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം പൂർത്തിയാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ നികുതി തുകഅതാത് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനുശേഷം പഞ്ചായത്ത് ഫണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് നേരിട്ട്അടവാക്കേണ്ട ബില്ലിൽനിന്നും കുറവുചെയ്യാതെ ഗു ണഭോക്തൃസമിതി കൺവീനർക്ക് നൽകിയ ഇനത്തിൽ 1,65,634/-രൂപ നഷ്ടം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക നം.	മൂല്യനിർണയ തുകയോട് ചേർത്ത നികുതി	അധികം നൽകിയ തുക
1	കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്	2002-03 3(8)	91907	91908
2	കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്	2002-03 3(12)	92693	28603
3	കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത്	2002-03 3(16)	92813	28192
4	പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്	2004-05 2(6)	19575	16931

കോഴിക്കോട് ജില്ല

3.62. വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

3.62.1.വനിതാ വ്യവസായ കേന്ദ്രത്തിനുവേണ്ടി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടം തകർന്നതു സംബന്ധിച്ച്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 3-5

6,25,000/-രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ച വനിതാവ്യവസായ യൂണിറ്റ് കെട്ടിട നിർമ്മാണ പ്രോജക്ടിന്റെ നിർമ്മാണ പ്രവൃത്തിക്കായി കൺവീനർക്ക് 07.03.2001-ന് നൽകിയ മുൻകൂർ തുകയായ ഒരു ലക്ഷം രൂപ ഉൾപ്പെടെ ആകെ 1,64,026/-(ഒരു ലക്ഷത്തിഅറു പത്തി നാലായിരത്തി ഇരുപത്താറ്) രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി യുടെ സാന്നിധ്യ ത്തിൽ കോൺക്രീറ്റ് കെട്ടിടം നേരിൽ പരിശോധിച്ചതിൽ, പ്രസ്തുത കെട്ടിടം തകർന്ന നിലയിലാണെന്ന് കാണപ്പെടുകയുണ്ടായി. കെട്ടിടം തകർന്നതിനെക്കുറിച്ചോ തുടർനടപടികൾ സ്വീകരിച്ചതിനെക്കുറിച്ചോ യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല. അഭ്യസ്തവിദ്യരായ വനിത കൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാൻ തയ്യാറാക്കിയ ഈ പദ്ധതി അധികൃതരുടെ അനാസ്ഥകാരണ മാണ് നടപ്പാക്കാൻ കഴിയാതെ പോയത്.

പ്രസ്തുത വിഷയം ഈ വകുപ്പിന്റെ 16.07.07-ലെ എൽ.എഫ്/പി.റ്റി.3/11765/07 നമ്പർ കത്ത് പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിനു ണ്ടായ നഷ്ടം പലിശസഹിതം അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, നിർമ്മാണ കമ്മിറ്റി കൺവീനർ എന്നിവരിൽനിന്നും ഈടാക്കേണ്ടതാണെന്നും നിർമ്മാണ കമ്മിറ്റിയെ അവരുടെ നഷ്ടോത്ത രവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്നും മാറ്റുന്നതിനും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വരുന്ന അധിക ചെലവ് അവരിൽ നിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശി ച്ചിരുന്നു. കൂടാതെ കെട്ടിടം തകർന്നുവീണിട്ടും യാതൊരു നടപടിയും എടുക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ കൃത്യവിലോപത്തിന് വകുപ്പുതല നടപടി എടുക്കാനും വിവരം 21.01.08-നു മുമ്പായി സർക്കാരിനെഅറിയിക്കാനും സർക്കാർ 31.12.2007 -ലെ 45365/എ.ബി.3/ 07/തസ്വഭവ നമ്പർ കത്തു പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

വയനാട് ജില്ല

3.63. വയനാട് ജില്ലാ പഞ്ചായത്ത്

3.63.1.കർളാട് ജലസേചന പദ്ധതി - തരിയോട്, പ്രവൃത്തി പൂർത്തി യാക്കാത്തതിനാൽ 16,50,354/-രൂപയുടെ ചെലവ് വിഫലമായി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000-01, ഖണ്ഡിക നമ്പർ: 3-11

15,25,000/-രൂപയുടെ സാങ്കേതികാനുമതി ലഭിച്ച പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ജനറൽ പി.ഡി.അക്കൗണ്ട് ചെക്ക് നം.742092/31.03.2001 പ്രകാരം 47778/- രൂപയും പ്ലാൻ പി.ഡി.അക്കൗണ്ട് ചെക്ക് നമ്പർ 658469/31.03.2001 പ്രകാരം 647354/-രൂപയും ചേർത്ത് ആകെ 1125132/-രൂപ വൈത്തിരി കെ.എസ്.ഇ.ബി.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീ യർക്ക് നൽകിയി ട്ടുണ്ട്. ഹാജരാക്കിയ വർക്ക്ബില്ല് പ്രകാരം ആകെ ചെയ്ത പ്രവൃത്തിയുടെ മൂല്യം

10,86,865/-രൂപയാണ്. പമ്പും മോട്ടോറും അതിന്റെ അനുബന്ധ സാമഗ്രികളുടെ വിലയും ഇവ സ്ഥാപിച്ചതിന്റെ ചെലവും ഉൾപ്പെടെ 839317/-(എട്ട് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി മുന്നൂറ്റി പതിനേഴ്) രൂപയിൽ 525222/- രൂപ (അഞ്ച് ലക്ഷത്തി ഇരുപത്തയ്യായിരത്തി ഇരുന്നൂറ്റി ഇരുപത്തിരണ്ട്) കൺവീനർക്ക് പാർട്ട് ബില്ലായി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പണി പൂർത്തിയാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പൂർണ്ണമായും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. വൈദ്യുതി കണക്ഷനുവേണ്ടി തുക ഡെപ്പോസിറ്റ് ചെയ്തെങ്കിലും, നാളിതുവരെ പദ്ധതിയ്ക്കുവേണ്ടി വൈദ്യുതി കിട്ടിയിട്ടില്ല. 27.10.93 ലെ ഡി.പി.1/1766/ 99-ാം നമ്പർ കത്തുമുഖേന ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ.എസ്.ഇ.ബി. അധികൃതരോട് വൈദ്യുതി കണക്ഷൻ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുടർ നടപടികൾ ഉണ്ടായിട്ടില്ല.

16,50,354/-(പതിനാറ് ലക്ഷത്തി അമ്പതിനായിരത്തി മുന്നൂറ്റി അമ്പത്തിനാല്) രൂപ ചെലവഴിച്ചെ ങ്കിലും പദ്ധതി പൂർത്തിയാക്കാനോ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനോ കഴിഞ്ഞിട്ടില്ല. ആയതിനാൽ ചെലവ് വിഫലമായതായി വിലയിരുത്തുന്നതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് സമഗ്രമായ അന്വേഷണത്തിനും ശുപാർശ ചെയ്യുന്നു.

കണ്ണൂർ ജില്ല.

3.64. രാമന്തളി ഗ്രാമപഞ്ചായത്ത്

3.64.1.കൊപ്ര ഡ്രയർ നിർമ്മാണം - പദ്ധതി പാതിവഴിയിൽ

ഓഡിറ്റ് റിപ്പോർട്ട്: 2003-04, ഖണ്ഡിക: 3-5

3 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് 2001-02 വർഷത്തെ പദ്ധതിയായി കൊപ്ര ഡ്രയർ നിർമ്മി ക്കുന്നതിന് കൃഷി ഓഫീസറുടെ പ്ലാൻഫണ്ടിൽ നിന്നും 30.03.02-ൽ 24611/-രൂപയും ചേർത്ത് ആകെ 68226/-രൂപ കൺവീനർ ശ്രീ.റ്റി.പി.കുഞ്ഞിരാമന് അനുവദിച്ചു നൽകിയിട്ടുണ്ട്. ചെയ്ത ജോലിയുടെ അളവ് ഭാഗികമായി 27/10-02-ാം നമ്പർ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതം ഉൾക്കൊള്ളിച്ചിരുന്നെങ്കിലും പദ്ധതി നിർവഹണത്തിന് തുക ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിന് സൗജന്യമായി സ്ഥലം നൽകി എന്ന് വിശദീകരിച്ചതല്ലാതെ അതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. അഡ്വാൻസ് തുകവാങ്ങി പ്രവൃത്തി പൂർത്തിയാക്കാത്ത ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും 08.07.2005-ലെ 8906/ഡി.പി.3/2005/ തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

3.65. കണ്ണൂർ ജില്ലാ പഞ്ചായത്ത്

3.66.1.പനയത്താംപറമ്പ് ശുദ്ധജല വിതരണ പദ്ധതി - പ്രവൃത്തിയുടെ മൂല്യത്തേക്കാൾ തുക നൽകി പദ്ധതി പൂർത്തീകരിച്ചിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട്: 2003-04(ചെലവ്), ഖണ്ഡിക: 2-14

1998-99-ൽ ആരംഭിച്ച കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ പനയത്താംപറമ്പ് ശുദ്ധജല വിതരണ പദ്ധതിയ്ക്ക് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ മൂല്യത്തേക്കാൾ 46457/-രൂപ അധികം നൽകിയിട്ടുണ്ട്. കൂടാതെ റെയിഡ്കോയിൽ നിന്നും പൈപ്പ് വാങ്ങിയതിൽ രണ്ട് ഇനങ്ങൾക്ക്, ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം നൽകിയതിനാൽ 44,988/ -രൂപയുടെ നഷ്ടം സംഭവിച്ചു.

നാളിതുവരെ വൈദ്യുതി കണക്ഷനും ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് ശുദ്ധജല പദ്ധതി യാഥാർഥ്യമാക്കുന്നതിന് തുടർനടപടി സ്വീകരിച്ചുവരുന്നില്ല.

കാസർഗോഡ് ജില്ല

3.66. പൊതു പരാമർശങ്ങൾ

3.66.1. മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല - ഭീമമായ പാഴ്ചെലവ്

മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവൃത്തി ആരംഭിക്കാത്തതും അഡ്വാൻസും പാർട്ട് ബില്ലും കൈപ്പറ്റിയതിനുശേഷവും പ്രവൃത്തി പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചതുമായ അനവധി നിർമ്മാണ പ്രവൃത്തികൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. നിയമപ്രകാരമുള്ള കരാറുടമ്പടികൾ ചമച്ചതിനുശേഷം നൽകുന്ന മൊബിലൈസേഷൻ അഡ്വാൻസ് തുകകൾ പ്രവൃത്തി കാലയളവിനുള്ളിൽ ആരംഭിയ്ക്കാത്തവരും പ്രവൃത്തി പൂർത്തീകരിക്കാത്തവരുമായ ഗുണഭോക്തൃ സമിതി കൺവീനർമാരിൽ നിന്നും കരാർ വ്യവസ്ഥകളും 08.07.05-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 8906/സി.പി.3/05-ാം നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരവും തിരിച്ചുപിടിയ്ക്കാൻ യാതൊരു നടപടികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുത്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ഓഡിറ്റ് റിപ്പോർട്ട് വർഷം ഖണ്ഡിക	തുക	പ്രവൃത്തിയുടെ പേര്
	ഗ്രാമപഞ്ചായത്ത്			
1	പൈവളികെ	1997-98 ഖ.3.1	15,000	കുളം നിർമ്മാണം, പാർശ്വ സംരക്ഷണം
	ബ്ലോക്ക് പഞ്ചായത്ത്			
1	മഞ്ചേശ്വരം	1997-98 (ചെലവ്) ഖ.2.4	1,23,750	3 നിർമ്മാണ പ്രവൃത്തികൾ
2	മഞ്ചേശ്വരം	1998-99 (ചെലവ്) ഖ.2.2	2,09,868	11 നിർമ്മാണ പ്രവൃത്തികൾ
3	മഞ്ചേശ്വരം	1999-00 (ചെലവ്) ഖ.2.5	2,07,650	8 നിർമ്മാണ പ്രവൃത്തികൾ
4	മഞ്ചേശ്വരം	2000-01 (ചെലവ്) ഖ.2.3	76,700	3 നിർമ്മാണ പ്രവൃത്തികൾ
5	മഞ്ചേശ്വരം	2001-02 (ചെലവ്) ഖ.2.3	25,000	1 ടാങ്ക് റിപ്പയർ പ്രവൃത്തി
6	നീലേശ്വരം	1999-00 (ചെലവ്) ഖ.2.3	81,427	3 നിർമ്മാണ പ്രവൃത്തികൾ
7	നീലേശ്വരം	1998-99 (പ്ലാൻ) ഖ.2.2	2,48,013	10 നിർമ്മാണ പ്രവൃത്തികൾ
8	കാസറഗോഡ്	1998-99 ഖ.2.1	1,44,500	6 നിർമ്മാണ പ്രവൃത്തികൾ
	മുനിസിപ്പാലിറ്റി			
1	കാഞ്ഞങ്ങാട്	1998-99 (പ്ലാൻ) ഖ.2.9	61,750	4 നിർമ്മാണ പ്രവൃത്തികൾ

3.66.2.എൻ.എം.ആർ.ക്രമക്കേടുകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിനായി ഹാജരാക്കുന്ന നോമിനൽ മസ്റ്റർറോളുകളിൽ വൻതോതിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു. വിവിധ പ്രവൃത്തികളോടനുബന്ധിച്ച് ഗുണഭോക്തൃ സമിതി കൺവീനർമാർ ഹാജരാക്കുന്നതും പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ വേതനവിതരണരേഖയായി ഹാജരാക്കുന്നതുമായ മസ്റ്റർ റോളുകളിൽ ആവർത്തന സ്വഭാവമുള്ള ഗുരുതരമായ ക്രമക്കേടുകളാണ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത്. നോമിനൽ മസ്റ്റർറോളുകളിൽ പ്രവൃത്തിയുടെ പേര്, പ്രവൃത്തി ചെയ്യുന്ന വർഷം, മാസം എന്നീ വിവരങ്ങൾ കൃത്യമായി എഴുതിയിട്ടില്ല. തൊഴിലാളികളുടെ പേര് എഴുതാത്ത മസ്റ്റർ റോളുകളും, തൊഴിൽ ദിനങ്ങൾ രേഖപ്പെടുത്താത്തവയും, വേതന നിരക്ക്, ആകെ വേതനം എന്നിവ രേഖപ്പെടുത്താത്തവയും ശ്രദ്ധയിൽപ്പെട്ടു. ചില മസ്റ്റർ റോളുകളിൽ തുക കൈപ്പറ്റിയതായി തൊഴിലാളികൾ ഒപ്പുവെച്ചിട്ടില്ല. പഞ്ചായത്ത് അധികാരികൾ പാസാക്കാത്തതും ഗുണഭോക്തൃസമിതിയുടെ ഭാരവാഹികൾ ഒപ്പുവയ്ക്കാത്തതുമായ മസ്റ്റർറോൾ ഹാജരാക്കിയത് തുക ചെലവഴിച്ചതിന്റെ സംശുദ്ധിയെതന്നെ ചോദ്യം ചെയ്യുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ഓ. റി. വർഷം ഖ. നം.	തുക	വിശദീകരണം
1	പൈവളികെ ഗ്രാമപഞ്ചായത്ത്	1998-99 ഖ.3.5	3,78,100	പ്രവൃത്തി ദിവസങ്ങൾ, നിരക്ക്, ആകെ തുക, പ്രവൃത്തിയുടെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.തുക സെൽഫ് ചെക്ക് മുഖേന പിൻവലിച്ചു. വൗച്ചറുകൾ സെക്രട്ടറി പാസാക്കിയിട്ടില്ല.
2	പൈവളികെ ഗ്രാമപഞ്ചായത്ത്	1999-00 ഖ.3.4	79,417	പ്രവൃത്തി ദിവസങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എൻ.എം.ആർ പാസാക്കിയിട്ടില്ല.
3	മീഞ്ച ഗ്രാമപഞ്ചായത്ത്	2001-02 ഖ.3(7)എ	2,940	പ്രവൃത്തിയുടെ പേര്, തൊഴിലാളിയുടെ പേര്, തൊഴിലാളിയുടെ ഒപ്പ്, പണം നൽകിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
4	മീഞ്ച ഗ്രാമപഞ്ചായത്ത്	2001-02 ഖ.3(7)ബി	3,500	പ്രവൃത്തിയുടെ പേര്, തൊഴിലാളിയുടെ ഒപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
5	മീഞ്ച ഗ്രാമപഞ്ചായത്ത്	2001-02 ഖ.3(7)സി	3,360	വേതനം നൽകിയ ദിവസങ്ങൾ എഴുതിയിട്ടില്ല. തൊഴിലാളി ഒപ്പുവച്ചിട്ടില്ല.
6	മീഞ്ച ഗ്രാമപഞ്ചായത്ത്	2000-01 ഖ.3.5	12,733	തൊഴിലാളിയുടെ പേര്, തുക കൈപ്പറ്റിയ ഒപ്പ്, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
7	ബദിയടുക്ക ഗ്രാമപഞ്ചായത്ത്	2001-02 ഖ.3.4	1,16,621	പ്രവൃത്തിയുടെ പേര്, മാസം, പ്രവൃത്തി ദിനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. തൊഴിലാളികളുടെ പേര്വിവരം വ്യക്തമല്ല. സെക്രട്ടറി/പ്രസിഡന്റ് എൻ.എം.ആർ പാസാക്കിയിട്ടില്ല.
8	ബദിയടുക്ക ഗ്രാമപഞ്ചായത്ത്	2001-02 ഖ.3.5	45,932	പ്രവൃത്തിയുടെ പേര്, തൊഴിലാളികളുടെ വിലാസം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർ റോൾ പരിശോധിച്ച് പാസാക്കിയിട്ടില്ല.
9	ബദിയടുക്ക ഗ്രാമപഞ്ചായത്ത്	2001-02 ഖ.3.6	67,431	മസ്റ്റർറോളിൽ തൊഴിലാളികൾ ഒപ്പുവച്ചിട്ടില്ല. മസ്റ്റർറോൾ പരിശോധിച്ച് പാസാക്കിയിട്ടില്ല. മസ്റ്റർ റോളിൽ പ്രവൃത്തിയുടെ മാസം, തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3.66.3.നിക്ഷേപവേലകൾ പൂർത്തിയാക്കിയിട്ടില്ല

വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി വൻതുകകൾ കെ.എസ്.ഇ.ബി, കെ.ഡബ്ല്യു. എ., ഭവന നിർമ്മാണ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മിക്ക പ്രവൃത്തികളുടെയും പൂർത്തീകരണ വിവരങ്ങൾ തുക ഡെപ്പോസിറ്റ് ചെയ്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ല. മുൻകൂർ തുകകളുടെ വിനിയോഗവിവരമോ പ്രവൃത്തികളുടെ പൂർത്തീകരണവിവരമോ ഓഡിറ്റിന് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി നിർവ്വഹണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകളോ, മോണിറ്ററിംഗോ നടന്നിട്ടില്ലെന്ന് വ്യക്തമാണ്. വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

സ്ഥാപനം	ഓ.റി.വർഷം ഖ.നം.	തുക	ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം
ഗ്രാമപഞ്ചായത്തുകൾ			
കുമ്പള	2000-01 (പ്ലാൻ) ഖ.14	3,08,232	കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്
മഞ്ചേശ്വരം	1999-2000 (പ്ലാൻ) ഖ.21	7,50,000	കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്
ചെമ്മനാട്	1998-99 (പ്ലാൻ) ഖ.13	37,500	കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്
മഞ്ചേശ്വരം	1999-2000 (പ്ലാൻ) ഖ.22	52,000	കേരള വാട്ടർ അതോറിറ്റി
ആകെ		**11,47,732**	
മുൻസിപ്പാലിറ്റികൾ			
കാഞ്ഞങ്ങാട്	1998-99 (പ്ലാൻ) ഖ.2.5	4,00,000	കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്
മഞ്ചേശ്വരം	1997-98 (ചെലവ്) ഖ.2.3	34,46,829	കെ.എസ്.ഇ.ബി
മഞ്ചേശ്വരം	2000-01 (പ്ലാൻ) ഖ.2.5	1,15,830	കെ.എസ്.ഇ.ബി
മഞ്ചേശ്വരം	2001-02 (പ്ലാൻ) ഖ.2.1	50,000	കെ.എസ്.ഇ.ബി
നീലേശ്വരം	1998-99 (പ്ലാൻ) ഖ.2.7	46,000	കെ.എസ്.ഇ.ബി
നീലേശ്വരം	1997-98 (പ്ലാൻ) ഖ.2.3	2,55,505	കെ.എസ്.ഇ.ബി
നീലേശ്വരം	1999-00 (പ്ലാൻ) ഖ.2.7	3,50,000	ഭവന നിർമ്മാണ ബോർഡ്
നീലേശ്വരം	1997-98 (പ്ലാൻ) ഖ.2.6	8,00,000	ഭവന നിർമ്മാണ ബോർഡ്
കാസർഗോഡ്	1997-98 (പ്ലാൻ) ഖ.2.3	12,79,800	കെ.എസ്.ഇ.ബി
കാസർഗോഡ്	1997-98 (പ്ലാൻ) ഖ.2.3	10,00,000	കേരള വാട്ടർ അതോറിറ്റി
കാസർഗോഡ്	1997-98 (പ്ലാൻ) ഖ.2.4	26,58,100	നിർമ്മിതികേന്ദ്ര കാസർഗോഡ്
ആകെ		**1,04,02,064**	

ഓഡിറ്റ് നിരീക്ഷണങ്ങൾ – നഗരപാലികാ സ്ഥാപനങ്ങൾ

മുനിസിപ്പൽ കോർപ്പറേഷനുകൾ

4.1. കൊല്ലം കോർപ്പറേഷൻ

4.1.1. വാടക കുടിശിക ഡിമാന്റിൽ നിന്ന് ഒഴിവാക്കി - നഷ്ടം 7,08,326/-രൂപ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006 – 07, ഖണ്ഡിക നമ്പർ: 2.8

കൗൺസിൽ തീരുമാനപ്രകാരം പൊളിച്ചു നീക്കിയ 57 ബങ്കുകളുടെ വാടക കുടിശികയിൽ ഒരു ഭാഗം ഡിമാന്റിൽ നിന്ന് ഒഴിവാക്കുകയും, ശേഷിച്ചത് ഈടാക്കാതിരിക്കുകയും ചെയ്തതുമൂലം നഗര സഭയ്ക്ക് 7,08,326/-രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

26.02.07-ലെ 8-ാം നമ്പർ തീരുമാനപ്രകാരം പൊളിച്ചു നീക്കിയ 57 ബങ്കുകളുടെ 2005-06, 2006-07 വർഷങ്ങളിലെ വാടക, കുടിശിക ഡിമാന്റിൽ നിന്നും ഒഴിവാക്കുവാൻ 21.03.2007-ൽ കൗൺസിൽ തീരുമാനിച്ചു. കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പാട്ടക്കാർക്കും, ലൈസൻസികൾക്കും, കരാറുകാർക്കും ഇപ്രകാരം സ്വമേധയാ കിസ്തിളവ് നൽകുവാൻ അനുവാദമില്ല. ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതിയും ലഭിച്ചിട്ടില്ല. വാടക കുടിശിക ഇളവ് ചെയ്തു ലഭിക്കുന്നതിന് ഉടമകൾ അപേക്ഷിക്കുകയും ചെയ്തിട്ടില്ല. ചട്ടവിരുദ്ധമായ ഈ നടപടിയ്ക്ക് പുറമേ പൊളിച്ചുനീക്കിയ ബങ്കുകളുടെ 2000-01 മുതൽ 2004-05 വരെയുള്ള വാടക കുടിശിക ഈടാക്കാത്തതിനാൽ നഗരസഭയ്ക്ക് 7,08,326/-രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. പിഴപ്പലിശ സഹിതം വാടകകുടിശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4.1.2. ടൗൺ ഹാൾ നവീകരണം - ഭീമമായ തുകയുടെ അധികചെലവ് - അന്വേഷണം ആവശ്യപ്പെടുന്നത് സംബന്ധിച്ച്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006 – 07, ഖണ്ഡിക നമ്പർ: 3.24

മെയിന്റനൻസ് ഗ്രാന്റിൽനിന്ന് 94,32,000/-രൂപ ചെലവഴിച്ച് നടപ്പാക്കിയ ശ്രീ.കേശവൻ മെമ്മോറിയൽ ടൗൺഹാൾ പുനരുദ്ധാരണത്തിന് ക്രമവിരുദ്ധമായ നടപടികളിലൂടെ നഗരസഭയ്ക്ക് ഭീമമായതുക അധികം ചെലവായി. ടൗൺഹാളിൽ 22 റ്റി.ആർ.ന്റെ 6 എ.സി.സ്ഥാപിക്കുക, കെ.വി.എ.ജനറേറ്റർ സ്ഥാപിക്കുക, മുറി ഇൻസ്റ്റലേഷൻ ഉൾപ്പെടെയുള്ള അനുബന്ധ ജോലികൾ ചെയ്യുക എന്നിവയ്ക്കായി കേരള ഇലക്ട്രിക്കൽസ് ലിമിറ്റഡുമായി 30.03.06-ന് 1,50,69,000/-രൂപയുടെ കരാർ ഒപ്പുവച്ചു. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ടെന്റർ ക്ഷണിക്കുകയോ ചെയ്യാതെയാണ് ചെലവ് ആരംഭിച്ചിട്ടുള്ളത്. കോർപ്പറേഷൻ ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനീയറുടെ അഭിപ്രായം പരിഗണിയ്ക്കുകയോ, എഞ്ചിനീയറിൽനിന്നും സാങ്കേതികാനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. പ്രവൃത്തിയിലുടനീളം ക്രമവിരുദ്ധമായി തുക ചെലവഴിച്ചത് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

4.1.3. ചേരി പുനരധിവാസ പദ്ധതി നിയമവിരുദ്ധമായി പണം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി സൂക്ഷിച്ചത് - 12,22,927/-രൂപ -

പലിശ ഈടാക്കണം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 3.3 (ii)

ചേരി പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തിയ 90,57,234/-രൂപ സാമ്പത്തിക വർഷത്തിന്റെ അവസാനദിവസം പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി ഒരുവർഷം കയ്യിൽ സൂക്ഷിച്ചതായി കണ്ടെത്തി. ചേരികളിൽ താമസിക്കുന്ന 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുണ്ടയ്ക്കൽ വില്ലേജിൽ ഒരേക്കർ അറുപത് സെന്റ് സ്ഥലം വാങ്ങുന്ന പദ്ധതിയിൽ ഭൂമിഏറ്റെടുക്കുന്നതിനുള്ള അഭ്യർത്ഥന കളക്ടർക്ക് സമർപ്പിക്കുകയോ, ഭൂമിയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുകയോ, വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിൽ എത്തുകയോ ചെയ്യുന്നതിനു മുൻപുതന്നെ ട്രഷറിയിൽനിന്നും പണംപിൻവലിച്ച് ജില്ലാ കളക്ടർക്ക് നൽകുവാൻ മേയർ നിർദ്ദേശിച്ചു. തുക നൽകേണ്ടത് ഭൂവുടമകൾക്കാണെന്ന് സെക്രട്ടറി 30.03.2006-ൽ കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയത് അവഗണിച്ച് അടിയന്തിരമായി കളക്ടർക്ക് തുക കൈമാറാൻ 31.03.06-ൽ മേയർ ഉത്തരവിട്ടു.

ഭൂമി ഏറ്റെടുക്കാനുള്ളഅഭ്യർത്ഥന ലഭിച്ചിട്ടില്ലാത്തതിനാൽ ജില്ലാ കളക്ടറുടെ അക്കൗണ്ടിലേയ്ക്ക് തുകമാറാൻ കഴിയില്ലെന്നുള്ള വിവരം 31.03.06-ൽ തന്നെ കളക്ടർഅറിയിച്ചത് പരിഗണിക്കാതെ 90,57,234/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡി.ഡി.ആയി 25.04.06-ന് കളക്ടർക്ക് അയച്ചുകൊടുത്തു. എന്നാൽ 06.06.06-ന് ഇത് കൈപ്പറ്റാതെ കളക്ടർ നഗരസഭയ്ക്ക് തിരിച്ചയച്ചത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി. തുക തിരികെ അടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടില്ല.

ചെലവ് പെരുപ്പിച്ചു കാണിക്കുക എന്ന ഉദ്ദേശത്തോടെ ആയിരുന്നു സാമ്പത്തിക വർഷത്തിന്റെ അവസാനദിനം ധൃതി പിടിച്ച് തുക പിൻവലിച്ചത്. യഥാർത്ഥ ചെലവുകൾക്ക് മാത്രമേ ട്രഷറിയിൽ നിന്നും പണം പിൻവലിക്കാവൂ എന്ന 03.11.04-ലെ ധന 516/2004-ാം നമ്പരും മുൻകാലങ്ങളിൽ പിൻവലിച്ച് വിനിയോഗിക്കാതെ കിടക്കുന്ന തുക തിരിച്ചടയ്ക്കണമെന്ന 12.04.06-ലെ ധന.177/06-ാം നമ്പരും ആയ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിരുന്നു മേയറുടെ ഈ നടപടി.

23.01.07-ലും 01.03.07-ലും ക്രമവിരുദ്ധമായ ഈ നടപടി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ തിനുശേഷം 03.03.07-ൽ മാത്രമാണ് തുക തിരിച്ചടച്ചത്. വികസന പ്രവർത്തനങ്ങൾക്ക് അനുവദിച്ച പദ്ധതിപ്പണം പിൻവലിച്ച് നിർജ്ജീവാവസ്ഥയിൽ സൂക്ഷിച്ചതിനാൽ സർക്കാരിന് നഷ്ടം ഉണ്ടാകാൻ ഇടയായിട്ടുണ്ട്. ഡി.ഡി, ജില്ലാ കളക്ടറിൽ നിന്നും തിരികെ ലഭിച്ച 06.06.06 മുതൽ തിരിച്ചടച്ച 03.03.07 വരെയുള്ള കാലയളവിലേയ്ക്ക് (9 മാസം) 90,57,234/-രൂപയ്ക്ക് 12% നിരക്കിൽ പലിശയായി 8,03,985/-രൂപ വരും.

4.2. കോഴിക്കോട് കോർപ്പറേഷൻ

4.2.1. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലൈസൻസിനു നൽകാതെ ഒഴിഞ്ഞുകിടക്കുന്നത് വരുമാന നഷ്ടമുണ്ടാക്കി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 2 – 11

ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പഎടുത്ത് നിർമ്മിച്ചതും, ലൈസൻസ് ഫീസിന ത്തിൽ നല്ല വരുമാനം ലഭിക്കാവുന്നതുമായ നഗരസഭയുടെ കെട്ടിട മുറികളിൽ പലതും 2004-05, 2005-06, 2006-07 വർഷങ്ങളിൽ ലൈസൻസിനു നൽകാതെ ഒഴിഞ്ഞു കിടക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ആകെ മുറികൾ	ലൈസൻസിനു കൊടുക്കാത്തവ
2004-05	1074	125
2005-06	1166	98
2006-07	1222	140

ഇപ്രകാരം വളരെയധികം മുറികൾ ഒഴിഞ്ഞുകിടക്കുന്നത്മൂലം വരുമാനനഷ്ടത്തിനുപുറമെ നഗരസഭയ്ക്ക് അധിക ബാധ്യതയും വരുത്തിവയ്ക്കുന്നതായി വിലയിരുത്തുന്നു. നഗരസഭയുടെ വാടകയിനത്തിലെ വരുമാന സ്രോതസ്സായ കെട്ടിടങ്ങൾ യഥാസമയം ലേലം ചെയ്തോ ലൈസൻസ് നൽകിയോ വാടക പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

4.2.2. നഗരസഭയുടെ ലൈസൻസ് വ്യവസ്ഥയിൽ നൽകിയ സ്ഥലത്തിന്റെ കുടിശ്ശിക ഈടാക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 2 – 24

നഗരസഭ വാർഡ് 20, ബ്ലോക്ക് 1 ടൗൺ സർവ്വേ 17-ൽ 50 സെന്റ് സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് ലൈസൻസ് വ്യവസ്ഥയിൽ 15.03.95 മുതൽ 3 വർഷത്തേക്ക് അനുവദിച്ചിരുന്നു. നഗരസഭയുടെ 15.09.03-ലെ ഒഴിപ്പിക്കൽ നോട്ടീസ് പ്രകാരം ലൈസൻസിയോട് 5/98 മുതൽ 9/03 വരെയുള്ള ലൈസൻസ് ഫീസ് കുടിശ്ശികയായ 25,668/-രൂപ (ഇരുപത്തയ്യായിരത്തി അറുനൂറ്റി അറുപത്തിയെട്ട്) അടയ്ക്കാൻ ആവശ്യപ്പെട്ടെങ്കിലും, കുടിശ്ശിക അടച്ചിട്ടില്ല. തുടർന്ന് തുക ഈടാക്കാനോ അനധികൃതമായി കൈവശംവയ്ക്കുന്ന 50 സെന്റ് സ്ഥലം ലൈസൻസിയിൽനിന്നും ഏറ്റെടുക്കാനോ നഗരസഭാധികൃതർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇത് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 215(8)-ന് വിരുദ്ധമാണെന്ന് നിരീക്ഷിക്കുന്നു. 5/98 മുതൽ പ്രസ്തുത സ്ഥലം ലൈസൻസി അനധികൃതമായി കൈവശം വയ്ക്കാനുണ്ടായ സാഹചര്യം വിശദമായി അന്വേഷിക്കേണ്ടതാണ്.

4.2.3. മെയിന്റനൻസ് ഗ്രാന്റ് - ആസ്തിനിർമാണ പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3 – 1

നഗരസഭയുടെ കീഴിലുള്ള കമേഴ്സ്യൽ കോംപ്ലക്സ്-കം-സ്റ്റേഡിയം പ്രവൃത്തിയ്ക്കായി ഹഡ്കോയിൽ നിന്നും 9.26 കോടി രൂപയ്ക്കു പുറമെ 435 ലക്ഷം രൂപ കൂടി വായ്പയിനത്തിൽ അനുവദിച്ചിരുന്നു. എന്നാൽ കരാറുകാരന് അവസാനമായി 4 ബില്ലുകളിലായി 1,41,18,3 52/- (ഒരുകോടി നാൽപ്പത്തൊന്നു ലക്ഷത്തി പതിനെട്ടായിരത്തി മുന്നൂറ്റിഅൻപത്തിരണ്ട്) രൂപ നൽകിയത് മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ്. 09.12.2004-ലെ ജി.ഒ(എം.എസ്) നം.330/04/എൽ.എസ്.

ജി.ഡി. സർക്കാർ ഉത്തരവനുസരിച്ച്, സ്റ്റേഡിയം നിർമ്മാണത്തിനായി മെയിന്റനൻസ് ഗ്രാന്റിൽനിന്നും തുക വകമാറ്റി ചെലവഴിച്ചത് അനുവദനീയമല്ല.

നിയമവിരുദ്ധമായ ഈ ചെലവിനെക്കുറിച്ചുള്ള വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയതിനെതുടർന്ന് സർക്കാരിൽനിന്നും 12.02.2007-ലെ 22889/പി.എ.1/06/ തസ്വഭവ നമ്പർ കത്തുപ്രകാരം തുക വകമാറ്റി ചെലവഴിച്ചതിന് സാധൂകരണം നൽകാൻ കഴിയി ല്ലെന്നും പ്രസ്തുത തുക നഗരസഭയുടെ തനതുഫണ്ടിൽനിന്നും സർക്കാരിലേക്ക് തിരിച്ചടക്കേണ്ട താണെന്നും നഗരസഭാ സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നാൽ സർക്കാരിലേയ്ക്ക് തുക തിരിച്ചടച്ചിട്ടില്ല.

4.2.4. വിവാഹധനസഹായം - 1.36 കോടി രൂപ നഗരസഭാ ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3 – 1

'ബി വിഭാഗം' ഫണ്ടിൽ സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം ഇനത്തിൽ മുൻബാക്കി 5,92,500/- (അഞ്ചുലക്ഷത്തി തൊണ്ണൂറ്റിരണ്ടായിരത്തി അഞ്ഞൂറ്) രൂപയും 2003-04, 2004-05 വർഷങ്ങളിലായി നഗരസഭാ അക്കൗണ്ടിൽ വരവുവച്ച 1,61,75,000/ - (ഒരു കോടി അറുപത്തൊന്നു ലക്ഷത്തി എഴുപത്തയ്യായിരം) രൂപയുമടക്കം ആകെ 1,67,67,500/- (ഒരു കോടി അറുപത്തേഴ് ലക്ഷത്തി അറുപത്തേഴായിരത്തി അഞ്ഞൂറ്) രൂപയിൽ 1,36,05,000/- (ഒരു കോടി മുപ്പത്താറുലക്ഷത്തി അയ്യായിരം) രൂപ 09.01.2007 വരെ നഗരസഭയുടെ തനത്ഫണ്ട് നിക്ഷേപിക്കുന്ന പി.ഡി.അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ഓരോ വർഷവും ഈയിനത്തിൽ ധനസഹായമായി ലഭിക്കേണ്ടതുക,അതത്വർഷം സർക്കാരിൽനിന്നും ജില്ലാ കളക്ടർ വഴിഅലോട്ട് മെന്റായി ലഭിക്കുന്ന സാഹചര്യത്തിൽ വിനിയോഗിക്കാത്തെഅവ ശേഷിക്കുന്ന തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതായിരുന്നു. 2003-04 വർഷം വിവാഹധനസഹായമായി 1,60,25,000/-(ഒരു കോടി അറുപത് ലക്ഷത്തി ഇരുപത്തയ്യായിരം) രൂപ ലഭിച്ചെങ്കിലും അത്രയും തുക നഗരസഭയിൽ നിന്നും ആവശ്യപ്പെട്ടതായി കാണുന്നില്ല. ഒരു സാമ്പത്തിക വർഷത്തിൽ ശരാശരി പത്തുലക്ഷം രൂപയിൽ താഴെമാത്രമാണ് ഈ ഇനത്തിൽ നഗരസഭയുടെ ചെലവ്. ആയതിനാൽ നീക്കിയിരിപ്പ് തുകയായ 1,36,05,000/- (ഒരു കോടി മുപ്പത്താറു ലക്ഷത്തിഅയ്യായിരം) രൂ പ സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

4.2.5. നഗരസഭ ഓഫീസ് കമ്പ്യൂട്ടർവത്കരണം - ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3 – 14

നഗരസഭാ ഓഫീസ് കമ്പ്യൂട്ടർവത്കരിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനുമായി 31.03.2001-ൽ നഗരസഭ കരാറിൽ ഏർപ്പെട്ടു. കരാർപ്രകാരം 70,71,455/-(എഴുപത് ലക്ഷത്തി എഴുപത്തൊന്നായിരത്തി നാനൂറ്റിഅൻ പത്തിഅഞ്ച്) രൂപ അടങ്കലിൽ മൂന്ന് ഘട്ടങ്ങളിലായി 9 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തിയ്ക്കായി 64,63,311/- (അറുപത്തി നാല് ലക്ഷത്തിഅറു പത്തിമൂവായിരത്തി മുന്നൂറ്റി പതിനൊന്ന്) രൂപ ഇൻഫർമേഷൻ കേരളാമിഷനു നൽകിയെങ്കിലും,അഞ്ചു വർഷം കഴിഞ്ഞിട്ടും പദ്ധതി പൂർത്തിയാക്കി, വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നേടാനായിട്ടില്ല. നഗരസഭയുടെ പ്രധാന വരവിനങ്ങളായ വസ്തു നികുതി,

തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീസ് എന്നിവയുടെ വിവരങ്ങൾ കമ്പ്യൂട്ടർവത്കരിച്ചിട്ടില്ല. ആദ്യകരാർ പ്രകാരമുള്ള മൂന്ന്ഘട്ട പ്രവൃത്തികൾ പൂർത്തിയാക്കാതെ 14.03.2006-ൽ മറ്റൊരു കരാറിൽ ഏർപ്പെടുകയും ഇൻഫർമേഷൻ കേരളാമിഷൻ 3,10,000/- (മൂന്ന് ലക്ഷത്തി പതിനായിരം) രൂപ നഗരസഭയിൽ നിന്നും കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ലക്ഷങ്ങൾ ചെലവഴിച്ച നഗരസഭാ ഓഫീസ് കമ്പ്യൂട്ടർ വത്കരണം കരാറിൽ നിർദ്ദേശിച്ച പ്രകാരം പൂർത്തീകരിച്ച്, ഇതുവഴിയുള്ള സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള നടപടികൾ നഗരസഭാ അധികൃതർ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

4.3. ആലപ്പുഴ നഗരസഭ

4.3.1. നഗരസഭയുടെ കമ്പ്യൂട്ടർ വൽക്കരണം - സർക്കാർ നിർദ്ദേശങ്ങൾ അവഗണിച്ചു - ഭൗതിക ലക്ഷ്യം സാക്ഷാത്കരിക്കപ്പെട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006 – 07, ഖണ്ഡിക നമ്പർ: 3 (11)

നഗരസഭയുടെ കമ്പ്യൂട്ടറൈസേഷൻ പദ്ധതിക്കും ഒരു സ്കൂളിന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ നൽകുന്ന പദ്ധതിക്കും നഗരസഭ രൂപം നൽകിയിരുന്നു. പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ കമ്പ്യൂട്ടറുകളും, മറ്റ് ഉപകരണങ്ങളും വാങ്ങാൻ 6,48,308/-രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കാൻ അനുമതിയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് കത്തെഴുതിയിരുന്നെങ്കിലും, നഗരസഭയുടെ കമ്പ്യൂട്ടർവത്ക്കരണ പദ്ധതി പുനപരിശോധിക്കാനും, ഐ.കെ.എം. മുഖേന പദ്ധതി നടപ്പിലാക്കാനും ആവശ്യപ്പെട്ടു. എന്നാൽ സർക്കാരിന്റെ ഈ നിർദ്ദേശം അവഗണിച്ച് ആവശ്യമുള്ള ഹാർഡ്‌വെയറും, സോഫ്റ്റ്‌വെയറുകളും സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയും, സ്വകാര്യ സ്ഥാപനമായ "നോവാ സോഫ്റ്റ്"ന്റെ ക്വട്ടേഷൻ അംഗീകരിച്ച് ഉപകരണങ്ങൾ സപ്ലൈ ചെയ്യാൻ മുൻകൂറായി മുഴുവൻ തുകയായ 8,70,351/-രൂപയും നൽകി. ഉപകരണങ്ങൾ സപ്ലൈ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഒന്നാംഘട്ട നിർവ്വഹണ ചുമതല ഐ.കെ.എം-നെ ഏൽപ്പിക്കുകയും യാതൊരു എഗ്രിമെന്റും വയ്ക്കാതെ 1,34,245/-രൂപ മുൻകൂർ നൽകുകയും ചെയ്തു. രണ്ടാംഘട്ട പ്രവർത്തനത്തിന് ഐ.കെ.എം.പ്രോജക്ട് പ്രൊപ്പോസലോ, എസ്റ്റിമേറ്റോ നൽകാതെ 2006-07 പ്ലാൻ ഫണ്ടിൽ നിന്നും പത്തുലക്ഷം രൂപ മുൻകൂറായി നൽകി. ആയതിനും കരാർവച്ചിട്ടില്ല. 2003-ൽ പൂർത്തീകരിക്കേണ്ട ഈ പദ്ധതി, ഇപ്പോഴും ശൈശവാവസ്ഥയിൽ തുടരുകയാണ്. എം.ജി.പി.ഫണ്ടിൽ നിന്നും അനുവദിച്ചു കിട്ടിയ തുകയിൽ 99,940/-രൂപ സർക്കാർ അനുമതി യില്ലാതെ 3 കമ്പ്യൂട്ടറുകളുംഅനുബന്ധ ഉപകരണങ്ങളും വാങ്ങുവാൻ എച്ച്.സി.എൽ. ഇൻഫോ സിസ്റ്റം, പോണ്ടിച്ചേരി എന്ന സ്ഥാപനത്തിന് 10.05.06-ൽ നൽകി. കമ്പ്യൂട്ടർവത്കരണവുമായി ബന്ധപ്പെട്ട് 20,46,436/-രൂപ ചെലവാക്കിയിട്ടുണ്ടെങ്കിലും പദ്ധതിയുടെ ഭൗതികലക്ഷ്യം സാക്ഷാത്കരിക്കപ്പെട്ടിട്ടില്ല.

4.4. ചേർത്തല നഗരസഭ

4.4.1. മൈത്രി ഭവന പദ്ധതി - ഭവന നിർമ്മാണ ബോർഡിൽ തുക അടച്ചു-

വീടു നിർമ്മാണം പൂർത്തീകരിച്ചില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000 – 01 (ചെലവ്), ഖണ്ഡിക നമ്പർ: 2 – 6

1998-99-ൽ നടപ്പാക്കിയ മൈത്രിഭവനനിർമ്മാണ പദ്ധതിയുടെ തുടർച്ചയായി 1999-2000 വർഷത്തെ ജനകീയാസൂത്ര ണ പദ്ധതിയിൽപ്പെടുത്തി എൻ.എസ്.ഡി.പി.യുമായി സംയോജിച്ചു കൊണ്ട് നടപ്പിലാക്കിയ പദ്ധതിയിൽ 5000/-രൂപ എൻ.എസ്.ഡി.പി.വിഹിതവും 4000/-രൂപ നഗര സഭാവിഹിതവും 3500/-രൂപ ഗുണഭോക്തൃവിഹിതവും ഉൾപ്പെടെ 12,500/-രൂപയാണ് ഒരു വീടിനായി ഭവന നിർമ്മാണ ബോർഡിൽ അടയ്ക്കേണ്ടിയിരുന്നത്. എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടു ക്കുന്നതിനു മുമ്പുതന്നെ 84 പേരുടെ പദ്ധതിവിഹിതമായ 2500/-രൂപ വീതം 2,10,000/-രൂപയും എൻ.എസ്.ഡി.പി. വിഹിതം 4,20,000/-രൂപയും ഉൾപ്പെടെ 6,30,000/-രൂപ ഭവനനിർമ്മാണ ബോർഡിൽ അടച്ചു. ഫയലിലെ തുടർന്നുള്ള രേഖപ്പെടുത്തലുകൾ പ്രകാരം നഗരസഭയ്ക്ക് 49 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമേ ഭവനനിർമ്മാണബോർഡിൽ അടയ്ക്കാൻ കഴിഞ്ഞുള്ളൂ വെന്നും 6 ഗുണഭോക്താക്കളുടെ 5000/-രൂപ വീതമുള്ള ഗുണഭോക്തൃവിഹിതം 30,000/-രൂപ ഹൗസിംഗ് ബോർഡിൽ അടച്ചതായും വ്യക്തമാക്കുന്നു. എന്നാൽ ടി ഗുണഭോക്തൃവിഹിതം നഗരസഭാ ഫണ്ടിലോ എൻ.എസ്.ഡി.പി.ഫണ്ടിലോ വരവ് വന്നതായി തെളിവില്ല. മേൽപ്രകാരം 6,60,000/-രൂപ ഭവനനിർമ്മാണബോർഡിൽ അടച്ചെങ്കിലും വീട് നിർമ്മാണം സംബന്ധിച്ച യാതൊരുരേഖയും ലഭ്യമല്ല. ദരിദ്ര ജനവിഭാഗങ്ങളുടെ പാർപ്പിടസൗകര്യം മെച്ചപ്പെടുത്തുന്നതിനു രൂപീകരിക്കപ്പെടുന്ന പദ്ധതികൾ ഫലപ്രദമായി പൂർത്തീകരിക്കപ്പെടുന്നില്ല.

4.4.2. ശമ്പളം നൽകുന്നതിന് കേന്ദ്രപദ്ധതിയായ യു.പി.എ.ഫണ്ടിൽ നിന്നും തുക വകമാറ്റി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2001 – 02 (ചെലവ്), ഖണ്ഡിക നമ്പർ: 2 – 4 ബി

നഗരസഭാ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 12/01 -ൽ 3 ലക്ഷം രൂപ യു.പി.എ. അക്കൗണ്ടിൽ നിന്നും നഗരസഭാഅക്കൗണ്ടിലേയ്ക്ക് വകമാറ്റി. എന്നാൽ തുക തിരികെ യു. പി.എ അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. ദാരിദ്ര്യനിർമ്മാർജ്ജനത്തിനും, കേന്ദ്രാവിഷ്കൃതവുമായ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനുമായി നൽകുന്ന ഫണ്ടുകൾ നഗരസഭയുടെ ദൈനംദിന ചെലവുകൾ ക്കായി വിനിയോഗിക്കുന്നത് ടി തുകയുടെ വിനിയോഗം സംബന്ധിച്ച നിയമ ലംഘനമാണ്.

4.5. ചങ്ങനാശേരി നഗരസഭ

4.5.1. ഐ.എസ്.യു.ഐ - കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചു - 30 ലക്ഷം രൂപ (മുപ്പത് ലക്ഷം)

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 2 – 25

നഗരകാര്യ ഡയറക്ടറുടെ 07.04.05-ലെ എ1-5549/04-ാം നമ്പർ കത്ത് പ്രകാരം ഐ.എസ്. യു.ഐ.സ്കീമിൽ ഉൾപ്പെടുത്തി 30 ലക്ഷം (മുപ്പത് ലക്ഷം) രൂപ നഗരസഭയ്ക്ക് അനുവദിച്ചിരുന്നു. നഗരസഭാ കൗൺസിലിന്റെ 29.01.05-ലെ 18-ാം നമ്പർ തീരുമാന പ്രകാരം ടി തുക ആധുനിക സ്ലോട്ടർ ഹൗസ് നിർമ്മാണത്തിന് ഉപയോഗിക്കാൻ തീരുമാനിച്ചു. അടിയന്തിരമായി തുക വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ ചെയർമാന്റെ നിർദ്ദേശ പ്രകാരം ടി തുക യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ

ആറ് മാസത്തേയ്ക്ക് സ്ഥിരനിക്ഷേപമാക്കി. 23.06.2005-ൽ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ ടേം ഡെപ്പോസിറ്റായി നിക്ഷേപിച്ചിരുന്ന മുപ്പതുലക്ഷം രൂപ 03.05.07-ൽ നിക്ഷേപം ക്ലോസ് ചെയ്ത പത്ത് ലക്ഷം രൂപയും അതുവരെയുള്ള പലിശയും ചേർത്ത് 11,91,659/-രൂപ സേവിംഗ്സ്ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റി മുൻസിപ്പൽജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി വിനിയോഗിച്ചു. ബാക്കി ഇരുപത് ലക്ഷം രൂപ 03.05.07-ൽ ആറ്മാസ കാലാവധിക്ക് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽതന്നെ സ്ഥിരനിക്ഷേപത്തിൽ നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് ടി നിക്ഷേപം പലിശയുൾപ്പെടെ 20,62,983/-രൂപ പിൻവലിച്ച് 19.12.07-ൽ എസ്.ബി.അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിൽ നിന്നും കോൺട്രാക്ടർമാർക്ക് നൽകാനുള്ളതും ജീവനക്കാരുടെ ശമ്പളഇനത്തിലുമുള്ള തുകകൾ എന്നിവയും നൽകിവന്നു. ഇപ്രകാരം പലിശയുൾപ്പെടെയുള്ള 32,54,642/-രൂപ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വിനിയോഗിക്കേണ്ടിയിരുന്നത് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

4.6. കോട്ടയം നഗരസഭ

4.6.1. വൈദ്യുത ശ്മശാനം അറ്റകുറ്റപ്പണി - അപാകതകൾ - വൃഥാ ചെലവ്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 2 – 20

കോട്ടയം നഗരസഭയുടെ അധീനതയിലുള്ള വൈദ്യുത ശ്മശാനം അറ്റകുറ്റപ്പണി നടത്തുന്നതിന് എ.ജെ.ടെക്നോ സിസ്റ്റംസ് (പ്രൈവറ്റ് ലിമിറ്റഡ്) വെല്ലൂർ എന്ന കമ്പനിയുമായി നഗരസഭ കരാർ ഏർപ്പെടുകയും മേൽകരാറിന്റെ കാലാവധി രണ്ടു വർഷമായി നിശ്ചയിക്കുകയും തുടർന്ന് കരാർ അനുസരിച്ച് 2002 മെയ് മാസത്തിൽ നടത്തിയ അറ്റകുറ്റപ്പണിയ്ക്ക് 1,44,512/-രൂപ 17.05.2002 ൽ വൗച്ചർ നമ്പർ 80-5/02 പ്രകാരം നൽകുകയും ചെയ്തു. ശ്മശാനം 28.09.2002 ൽ പ്രവർത്തന രഹിതമായ അവസരത്തിൽ കരാർ കമ്പനി അറ്റകുറ്റപ്പണി നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 20.6.2003ൽ ശ്മശാനം കേടായപ്പോൾ കരാർ കമ്പനി അറ്റകുറ്റപ്പണി നടത്തിയില്ല. ഗ്യാരന്റി കാലയളവിൽ അറ്റകുറ്റപ്പണി നടത്താത്ത കമ്പനിയ്ക്കെതിരായ നിയമനടപടികൾ സ്വീകരിയ്ക്കാതെ മറ്റൊരുകമ്പനിയെ അറ്റകുറ്റപ്പണി നടത്താൻ ചുമതലപ്പെടുത്തിയ വകയിൽ 95,004/-രൂപ 29.3.2004 ലെ 304-3/04 വൗച്ചർ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി മുനിസിപ്പാലിറ്റി 72 സെറാമിക് ട്യൂബുകൾ മേൽ കമ്പനിയിൽ നിന്നും 7.7.2004-ൽ വൗച്ചർ നമ്പർ 48-7/04 പ്രകാരം 71,504/-രൂപ നൽകി വാങ്ങി. എന്നാൽ ഈ ട്യൂബുകൾ 5/2005-ൽ ഉപയോഗ ശൂന്യമായി. ഓപ്പറേറ്റർമാരുടെ ശംബളം, വൈദ്യുതി ചാർജ്ജ് എന്നീ ചെലവിനുപുറമെ 23.4.2000 ൽ പ്രവർത്തനം ആരംഭിച്ച ക്രിമറ്റോറിയത്തിന്റെ അറ്റകുറ്റപ്പണികൾക്കായി മാർച്ച് 2005 വരെ 321048/-രൂപ ചെലവഴിച്ചിട്ടുണ്ട്.

കരാർ വ്യവസ്ഥ ലംഘിച്ച കമ്പനിയ്ക്കെതിരെ തുടർനടപടികൾ സ്വീകരിച്ചുവോ എന്നു വ്യക്തമാക്കേണ്ടതും, നഗരസഭയ്ക്കുണ്ടായ അധിക സാമ്പത്തിക ബാധ്യത അവരിൽനിന്നും ഈടാക്കേണ്ടതുമാണ്.

4.7. തൊടുപുഴ നഗരസഭ

4.7.1. മുൻസിപ്പൽ ബസ്സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും, മിനി ടൗൺഹാളും നിർമ്മാണം - യഥാർത്ഥ കൺവേയൻസിനു

പകരം ആവറേജ് കൺവേയൻസ് അനുവദിച്ചതുമൂലം നഷ്ടം - ചെലവ് 2,62,383/-രൂപ തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 3-8എ, 3.10.എ

തൊടുപുഴ മുൻസിപ്പൽ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, മിനി ടൗൺഹാൾ എന്നിവയുടെ നിർമ്മാണത്തിൽ കടത്തുകൂലിയായി താലൂക്ക്തല ആവജേ് കൺവേയൻസ് അനുവദിച്ചതുമൂലം 2,62,383/-രൂപ അധികചെലവ് ഉണ്ടായി. 30.11.1993-ലെ ജി.ഒ.(ആർ.റ്റി)നം.1657/93/പി.ഡബ്ല്യു.ഡി. 06.11.1991- ലെ ടെക്നിക്കൽ സർക്കുലർ നം.പി.എൽ.(6)32506/86 എന്നിവ പ്രകാരം 50 ലക്ഷം രൂപയിൽ അധികമുള്ള മരാമത്ത് പ്രവൃത്തികൾക്ക് യഥാർത്ഥ കൺവേയൻസ് മാത്രമേ നൽകാവൂ എന്നും താലൂക്ക്തല ആവറേജ് കൺവേയൻസ് ബാധകമായി രിക്കില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുവിരുദ്ധമായി 1.035 കോടി രൂപ അടങ്കലുള്ള ബസ്സ്റ്റാന്റ് നിർമ്മാണത്തിലും 95 ലക്ഷം രൂപ അടങ്കലുള്ള മിനി ടൗൺഹാൾ നിർമ്മാണത്തിലും തൊടുപുഴ താലൂക്കിലെ കടത്തുകൂലി നൽകുകയാണ് ഉണ്ടായത്. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2,62,383/- (രണ്ട് ലക്ഷത്തി അറുപത്തിരണ്ടായിരത്തി മുന്നൂറ്റി എൺപത്തിമൂന്ന്) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരിക്കുന്നു.

4.8. ഇരിങ്ങാലക്കുട നഗരസഭ

4.8.1. ആധുനിക അറവുശാല നിർമ്മാണം - 10 കൊല്ലത്തിനുശേഷവും പൂർത്തീകരിച്ചിട്ടില്ല - 24.31 ലക്ഷം പദ്ധതിപ്പണം മുടങ്ങിക്കിടക്കുന്നു- മുൻസിപ്പാലിറ്റിക്ക് നഷ്ടം-1,89,685/-രൂപ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03, ഖണ്ഡിക നമ്പർ: 2-19

07.11.1995-ൽ ഭരണാനുമതിയും 02.11.1995-ൽ സാങ്കേതികാനുമതിയും ലഭിച്ചഅറവുശാലയുടെ പദ്ധതി അടങ്കൽ 23.06 ലക്ഷം രൂപയായിരുന്നു. 15.03.96-ൽ ടെണ്ടർ ക്ഷണിക്കുകയും 90% ടെണ്ടർ അധികത്തിന് കരാർലഭിച്ച കരാറുകാരൻ 08.10.96-ൽ എഗ്രിമെന്റ് വെച്ച് ജോലി ആരംഭിക്കുകയും ചെയ്തു. പിന്നീട് പദ്ധതി അടങ്കൽ പുതുക്കി നിശ്ചയിച്ച് പണി പൂർത്തിയാക്കാൻ 07.08.97 വരെ സമയംനൽകി. എന്നിട്ടും 2002 വരെ പണി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ എഗ്രിമെന്റ് പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല. അവസാന സെക്യേർഡ് അഡ്വാൻസ് നൽകുമ്പോൾ കരാറുകാരന്റെ പക്കൽ അധികമായി ഉണ്ടായിരുന്ന 609 ബാഗ് സിമെന്റിന്റെയും, 2173.07 കിലോ കമ്പിയുടെയും വിലയായ 1,89,685/-രൂപ കരാറുകാരനായ ശ്രീ.എം.കെ.ജോണിയിൽ നിന്നും ഈടാക്കുന്നതിനും, ചെയ്തപണിയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

4.9. പാലക്കാട് നഗരസഭ

4.9.1. ക്രിക്കറ്റ് അസോസിയേഷനു കൈമാറിയ വലിയ കോട്ടമൈതാനത്തിന്റെ വൈദ്യുതിചാർജ് നഗരസഭ ഒടുക്കിയത് - കരാർ വ്യവസ്ഥകൾക്ക് വിരുദ്ധം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2003-04, ഖണ്ഡിക നമ്പർ: 2-42

പാലക്കാട് നഗരസഭയുടെ അധീനതയിലുള്ള വലിയ കോട്ടമൈതാനം 16.05.2002-ലെ കരാർ നം.7 പ്രകാരം, നിബന്ധനകൾക്ക് വിധേയമായി ക്രിക്കറ്റ് അസോസിയേഷന് മൂന്നുവർഷത്തേക്ക് കൈമാറിയിരുന്നു. നിബന്ധനകൾ അനുസരിച്ച് പ്രസ്തുത കാലയളവിൽ ജില്ലാ കളക്ടർ ചെയർമാനായുള്ള ഫോർട്ട്മൈതാൻ സംരക്ഷണ സമിതിയ്ക്ക് ക്രിക്കറ്റ് അസോസിയേഷൻ പ്രതിമാസം 1000/- (ആയിരം) രൂപ വാടക നൽകാനും, മറ്റൊരാവശ്യത്തിനും മൈതാനം വാടകയ്ക്ക് നൽകരുതെന്നും, നികുതികളും മറ്റു ചാർജുകളും അസോസിയേഷൻ തന്നെ അടയ്ക്ക ണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

എന്നാൽ കരാറിലെ ഏഴാം നമ്പർ വ്യവസ്ഥയ്ക്ക് വിരുദ്ധമായിമൈതാനത്തിന്റെ 11.02.2003 മുതൽ 10.11.2003 വരെയുള്ള കാലയളവിലെ വൈദ്യുതി ചാർജിനത്തിൽ നഗരസഭയിൽ നിന്നും 1,90,067/-(ഒരു ലക്ഷത്തി തൊണ്ണൂറായിരത്തി അറുപത്തേഴ്) രൂപ അടവാക്കിയിട്ടുണ്ട്. കരാർ ലംഘിച്ച് വൈദ്യുതിചാർജിനത്തിൽ നഗരസഭയിൽ നിന്നും തുക അടവാക്കിയത് ക്രമരഹിതമാണെന്ന് അഭിപ്രായപ്പെടുന്നു. ചെലവിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

കൺ.നം	കാലയളവ്	തുക	ചെക്ക് നമ്പർ/തീയതി
3763	11.02.03 -11.04.03	29,999	000007/16.04.03
3763	11.04.03 - 11.06.03	57,587	0031898/24.09.03
3763	11.06.03 - 11.08.03	21,674	0031898/24.09.03
3763	11.08.03 - 10.10.03	41,073	0003937/24.10.03
3763	10.10.03 - 10.11.03	39,734	0003937/24.10.03
	ആകെ	**1,90,067**	

4.9.2. കെ.യു.ഡി.എഫ്.സി.യിൽ നിന്നുള്ള ഭവനനിർമാണ വായ്പ വ്യക്തിഗത ഗുണഭോക്താക്കൾ വീഴ്ചവരുത്തിയ തുകകൾ - നഗരസഭ ഫണ്ടിൽ നിന്നും അടച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005-06, ഖണ്ഡിക നമ്പർ: 2-28

കെ.യു.ഡി.എഫ്.സി.യിൽ നിന്നും നഗരസഭ മുഖേന ഭവനനിർമാണ വായ്പയെടുത്ത ഗുണഭോക്താക്കളിൽ 225 പേർ വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ കുടിശ്ശിക യായ 4,42,287/-രൂപ നഗരസഭയുടെ പ്ലാൻഫണ്ട്, എസ്.ജെ.എസ്.ആർ.വൈ/എൻ.എസ്.ഡി.പി.ഫണ്ടുകളിൽനിന്നും തിരിച്ചടച്ചിട്ടുണ്ട്. വായ്പയെടുത്ത ഗുണഭോക്താക്കളിൽനിന്നും തുക നിയമനടപടികളിലൂടെ ഈടാക്കാൻ പ്രോജക്ട്ഓഫീസർ, കമ്മ്യൂണിറ്റി ഓർഗനൈസർമാർക്ക് നിർദ്ദേശം നൽകിയെങ്കിലും ആയത് പാലിച്ചിട്ടില്ല. നിർദ്ദേശം പാലിക്കാത്ത കമ്മൂണിറ്റി ഓർഗനൈസർക്കെതിരെ പ്രോജക്ട് ഓഫീസർ യാതൊരു നടപടിയും സ്വീകരിച്ചിട്ടുമില്ല. വ്യക്തികൾ എടുത്തവായ്പ, അവർ തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ നഗരസഭയുടെ ദാരിദ്ര്യനിർമാർജ്ജനഫണ്ടിൽ നിന്നും മറ്റും പിൻവലിച്ച് അടയ്ക്കുന്നത് ശരിയായ പ്രവണതയല്ല. ആയതിനാൽ നഗരസഭയ്ക്ക് തന്മൂലമുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

4.10. തിരൂർ നഗരസഭ

4.10.1.ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 3 (24)

നഗരസഭയിലുണ്ടായിരുന്ന 1.52 ഏക്കർ ട്രഞ്ചിംഗ് ഗ്രൗണ്ട് വികസിപ്പിക്കുന്നതിനായി 3.72 ഏക്കർ ഭൂമികൂടി ഏറ്റെടുക്കുന്നതിന് 23,32,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഏറ്റെ ടുത്ത സ്ഥലം 2003-04 പദ്ധതിയിലുൾപ്പെടുത്തി 4,82,212/-രൂപ ചെലവാക്കി ഒരു ഷെഡ് നിർമ്മിച്ചതല്ലാതെ ജൈവവള യൂണിറ്റിനാവശ്യമായ യന്ത്രസാമഗ്രികളുംഅനുബന്ധ ഉപകരണങ്ങളും വാങ്ങി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് തുടർനടപടി സ്വീകരിച്ചിട്ടില്ല. 1999-2000 മുതൽ സ്ഥലമെടുക്കാൻ അനുമതി ലഭ്യമാവുകയും 2000-01-ൽ തന്നെ പദ്ധതിവിഭാവനം ചെയ്തിട്ടും 28.50 ലക്ഷം രൂപയോളം ചെലവഴിച്ചതല്ലാതെ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാനായിട്ടില്ല.

4.11. വടകര നഗരസഭ

4.11.1.ട്രഞ്ചിംഗ് ഗ്രൗണ്ട് - ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചത് 10,62,998/-രൂപ പാഴായി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 2.16

നഗരസഭകളിലെ ഖരമാലിന്യ സംസ്കരണം സംബന്ധിച്ച് 23.08.97-ന് എറണാകുളത്ത് അഡ്വ.ജനറൽ വിളിച്ചുകൂട്ടിയ യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വിവിധ നഗരസഭാ ചെയർമാൻമാർ തുടങ്ങി 121 പേർ എടുത്ത തീരുമാനത്തിന്റെ ഭാഗമായി നഗരസഭകളിലെ ചവറ് സംസ്കരണത്തിന് ആക്ഷൻപ്ലാൻ രൂപീകരിക്കുകയുണ്ടായി. ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സേഫ് മോട്ടോഴ്സ്, കൊടുങ്ങല്ലൂർ എന്ന സ്ഥാപനത്തിന് ടെണ്ടർ ക്ഷണിക്കാതെ കരാർ നൽകിയത് യാതൊരു വിധത്തിലുള്ള സാധ്യതാപഠനവും നടത്താതെ ആയിരുന്നു. സർക്കാരിൽനിന്നും അനുമതി ലഭിക്കുന്നതിനു മുൻപ് തന്നെ കരാറിൽ ഏർപ്പെടുകയാണു ണ്ടായത്. തന്നെയുമല്ല പ്ലാന്റ് കൃത്യമായി പ്രവർത്തിക്കുന്നതിന് നിയമനടപടി എടുക്കുന്നതിനു പകരം, രണ്ട് സപ്ലിമെന്ററി കരാർ പുതുക്കാനായി തയ്യാറാക്കുകയും കൂടുതൽ ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു. പ്ലാന്റ് 2003 ഡിസംബർ മുതൽ 2004 മെയ് വരെ പ്രവർത്തിച്ച കാലയളവിൽ ലഭിച്ച ജൈവവളം കരാർലംഘിച്ച് സ്ഥാപനംതന്നെ നേരിട്ട് വിറ്റഴിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് പ്രവർത്തന ക്ഷമമല്ലാതായ പ്ലാന്റ് വഴി നഗരസഭയ്ക്ക് യാതൊരു ഗുണവും ലഭിച്ചില്ലെന്നു മാത്രമല്ല, ആയതിന് ചെലവാക്കിയ 10,62,998/- രൂപയും പാഴായിരിക്കുന്നു.

4.11.2.വടകര നഗരസഭയിലെ പച്ചക്കറി മാർക്കറ്റിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനരഹിതം - 4,23,220/-രൂപ പാഴായി

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 2.17

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തുകവഴി ലഭിക്കുന്ന ബയോ ഗ്യാസിന്റെ സഹായത്താൽ വൈദ്യുതി ഉത്പാദിപ്പിച്ച് 20സി.എഫ്.എൽ പ്രവർത്തിപ്പിക്കാൻ ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതിയ്ക്ക് ടെണ്ടർ മുഖേന തെരഞ്ഞെടുത്ത ജോതി ബയോഗ്യാസ് ആന്റ് റൂറൽ സോഷ്യോസർവ്വീസ് സെന്റർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിരുന്നു. ഇതിനായി ആകെ 4,23,220/-രൂപ ജ്യോതി ബയോഗ്യാസ് ആന്റ് റൂറൽ സെന്ററിന് നൽകിയിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള അധികാര സ്ഥാപനം "അനെർട്ട്" ആണെന്നിരിക്കെ ഈ സ്ഥാപനത്തിൽ നിന്നും എസ്റ്റിമേറ്റ് വാങ്ങിയതല്ലാതെ സാങ്കേതിക സഹായം ലഭ്യമാക്കാൻ നഗരസഭയുടെ ഭാഗത്ത്നിന്നും ശ്രമം നടന്നിട്ടില്ല. മാത്രമല്ല, യാതൊരു സാധ്യതാ പഠനവും നടത്താതെ 25 ഘനമീറ്റർ വ്യാപ്തിയുള്ള പ്ലാന്റ് സ്ഥാപിക്കാൻ ടെന്റർ ക്ഷണിച്ചതിന്റെ മാനദണ്ഡവും വ്യക്തമാക്കപ്പെട്ടിട്ടില്ല. കരാർ ഉടമ്പടി പ്രകാരമല്ല പ്രവൃത്തി നടത്തിയിരിക്കുന്നത്. എന്നാൽ പ്ലാന്റ് ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. ആവശ്യമായ സാങ്കേതിക മേൽനോട്ടം ലഭ്യമാക്കാതെ ഇത്തരത്തിൽ പ്രവർത്തിച്ച നഗരസഭ 4,23,320/-രൂപ പാഴ്ചെലവാക്കിയിരിക്കുന്നു.

4.11.3.ബാങ്ക് വായ്പ - തിരിച്ചടവിൽ വീഴ്ചവരുത്തിയതിനാൽ വൻതുക പലിശയിനത്തിൽ നൽകേണ്ടിവന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005–06, ഖണ്ഡിക നമ്പർ: 3–13

വടകര സഹകരണ റൂറൽ ബാങ്കിൽ നിന്നും 16.05.2000-ൽ എടുത്ത പത്തുലക്ഷം രൂപയുടെ ലോൺ, 20.03.2006-ലെ 1991-ാം നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നം.432450) 21,80,452/-(ഇരുപത്തൊന്ന് ലക്ഷത്തി എൺപതിനായിരത്തി നാനൂറ്റി അമ്പത്തിരണ്ട്) രൂപ അടച്ച് ക്ലോസ് ചെയ്തിട്ടുണ്ട്. ആറ് വർഷത്തെ കാലാവധിയ്ക്കകത്ത് ലോൺ തിരിച്ചടവിലേയ്ക്ക് ആകെ 45,169/-(നാൽപ്പത്തയ്യായിരത്തി ഒരുന്നൂറ്റി അറുപത്തി ഒൻപത്) രൂപ മാത്രമാണ് നഗരസഭയിൽ നിന്നും ഒടുക്കിയിട്ടുള്ളത്. ബാങ്കിൽനിന്നും നിർദ്ദേശിച്ചതനുസരിച്ച്, ലോൺ ക്ലോസ് ചെയ്യാൻ ഒടുക്കിയ 21,80,452/-(ഇരുപത്തൊന്നു ലക്ഷത്തി എൺപതിനായിരത്തി നാനൂറ്റി അമ്പത്തി രണ്ട്) രൂപയിൽ 12,25,621/- (പന്ത്രണ്ട് ലക്ഷത്തി ഇരുപത്തയ്യായിരത്തി അറുന്നൂറ്റി ഇരുപത്തൊന്നു) രൂപയും പലിശ ഇനത്തിലെ തുകയാണ്. ബാങ്കിലുള്ള 4,58,000/-(നാല് ലക്ഷത്തിഅമ്പത്തി എണ്ണായിരം) രൂ പയുടെയും 7,24,000/- (ഏഴ് ലക്ഷത്തി ഇരുപത്തിനാലായിരം) രൂപയുടെയും നിക്ഷേപങ്ങൾ പണയപ്പെടുത്തിയാണ് ലോൺ എടുത്തതെന്നും, കാലാവധി എത്തുമ്പോൾ നിക്ഷേപങ്ങളിൽനിന്നും ലഭിക്കുന്ന പലിശ, വായ്പ യിനത്തിൽ നൽകേണ്ട പലിശയിൽ വകയിരുത്തി ലോൺ ക്ലോസ് ചെയ്യാമെന്ന ധാരണയിലാണ് മാസഗഡു കൃത്യമായി തിരിച്ചടവാക്കാതിരുന്നത് എന്നും നഗരസഭാധികൃതർ വിശദീകരിക്കുകയുണ്ടായി.

സ്റ്റേറ്റ് ഹൗസിംഗ് & ഷെൽട്ടർ അപ്ഗ്രഡേഷൻ സ്കീം (ഷാസു) പ്രകാരം ഗുണഭോക്താക്കൾക്ക് നൽകേണ്ട തുകയാണ് നിക്ഷേപമായി ബാങ്കിലിട്ടതെന്നിരിക്കെ, പലിശയുൾപ്പെടെ നിക്ഷേപ തുക പ്രസ്തുത ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ടതാ ണെന്ന് അധികൃ തർ അറിയാതെ പോയത് ന്യായീകരിക്കാവുന്നതല്ല. മുനിസിപ്പൽ ചട്ടം 297-1 ജി (1) പ്രകാരം ലോൺ വാങ്ങാൻ സർക്കാരിന്റെ മുന്നനുവാദം ലഭ്യമാക്കാനോ, ലോണും പലിശയും സമയബന്ധിതമായി അടവാക്കുന്നതിന് പര്യാപ്തമായ ഒരു ഋണമോചനനിധി രൂപീകരിക്കാനോ ബന്ധപ്പെട്ടവർ ശ്രമിച്ചിരുന്നില്ല. ചട്ടങ്ങൾ പാലിക്കാതെ വായ്പ എടുത്തതിനും, പലിശയിനത്തിൽ വൻതുക നഷ്ടപ്പെടുത്തിയതിനും സർക്കാരിൽനിന്ന്

സാധൂകരണം ലഭ്യമാക്കുകയോ, സാധൂകരണം ലഭിക്കാത്തപക്ഷം പലിശയിനത്തിൽ അധികം നൽകേണ്ടിവന്ന തുക നഷ്ടപ്പെടുത്തി ഉത്തരവാദികളിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

4.11.4.വ്യവസായ എസ്റ്റേറ്റിനായി സ്ഥലം അക്വയർ ചെയ്ത് സംരംഭകർക്ക് നൽകിയത് - നഗരസഭയ്ക്കുണ്ടായ സാമ്പത്തിക നഷ്ടവും മറ്റ് അപാകതകളും

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 – 21

സർക്കാർ ഉത്തരവ് (എം.എസ്) നം.148/81/എൽ.എ.എസ്.ഡബ്ല്യു.ഡി. തീയതി 10.08.1981 പ്രകാരം വടകര നഗരസഭയെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച ചെറുതും, ഇടത്തരവുമായ ടൗണുകളുടെ സമഗ്രവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൻ പ്രകാരം ആസൂത്രണം ചെയ്ത വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്ന പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ 13 ലക്ഷം രൂപ വായ്പ അനുവദിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി അക്വയർ ചെയ്ത 1.8481 ഹെക്ടർ സ്ഥലത്തിനു പുറമെ നഗരസഭയുടെ കൈവശമുള്ള 0.1725 ഹെക്ടർ ഭൂമിയും ചേർത്ത് ആകെ 2.0206 ഹെക്ടർ ഭൂമിയാണ് വ്യവസായ എസ്റ്റേറ്റിന് ഉപയോഗിക്കാൻ ഉദ്ദേശിച്ചത്. 18,71,458/- (പതിനെട്ട് ലക്ഷത്തി എഴുപത്തൊന്നായിരത്തി നാനൂറ്റി അമ്പത്തി എട്ട്) രൂപ ചെലവാക്കി പുനരുദ്ധരിച്ച പ്രസ്തുത ഭൂമിയ്ക്ക് സെന്റിന് 36500/-(മുപ്പത്താറായിരത്തി അഞ്ഞൂറ്) രൂപ നിരക്കിൽ വില നിശ്ചയിക്കുകയും ഭൂമി അനുവദിക്കുമ്പോൾ വിലയുടെ 50% കെട്ടിവച്ച്, 20 അർദ്ധ വാർഷിക ഗഡുക്കളായി 10 വർഷംകൊണ്ട് ആകെ തുക അടച്ചുതീർക്കാനുമാണ് വ്യവസ്ഥ ചെയ്തിരുന്നത്.

ഭൂമി അക്വയർ ചെയ്ത് പദ്ധതി നടപ്പാക്കാനായി കേന്ദ്ര സർക്കാർ അനുവദിച്ച വായ്പ 1986-ൽ പൂർണ്ണമായും ലഭിച്ചെങ്കിലും, നഗരസഭയുടെ കൈവശം ഭൂമി 05.02.1987-ൽ മാത്രമാണ് വന്നുചേർന്നത്. തുടർന്ന് വ്യവസായ സംരംഭകരെ ക്ഷണിക്കുന്നതിനും, പ്ലോട്ട് അനുവദിക്കുന്നതിനും മറ്റുമുള്ള നടപടിക്രമങ്ങൾക്ക് വളരെയേറെ കാലതാമസമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പയിനത്തിലെ 13 ലക്ഷം രൂപയുടെ പലിശ അടയ്ക്കുന്നതിനുള്ള തുക വ്യവസായ സംരംഭകരിൽ നിന്നും ലഭ്യമാക്കാനുള്ള യാതൊരു ശ്രമവും അധികൃതർ നടത്തിയിട്ടില്ല.

വ്യവസായ എസ്റ്റേറ്റിനായിഅക്വയർ ചെയ്ത ഭൂമിയിൽ നിന്നും ജി.ഒ.(ആർ.റ്റി) നം.710/90/എൽ.എ.ഡി. തീയതി: 22.02.90 പ്രകാരം 50 സെന്റ് സ്ഥലം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന് (കെ.ടി.ഡി.സി) നൽകിയിട്ടുണ്ട്. ഭൂമി നൽകാനുള്ള പ്രസ്തുത ഉത്തരവിനെ നഗരസഭാ അധികൃതർ സൗജന്യമായി ഭൂമി നൽകാനുള്ള ഉത്തരവായി വ്യാഖ്യാനിച്ചാണ് ഭൂമി അനുവദിച്ചത്.

ഭൂമി വിലയുമായി ബന്ധപ്പെട്ട് നഗരസഭ പുതുക്കി നിശ്ചയിച്ച വ്യവസ്ഥകൾ പ്രകാരം, സെന്റിന് 30,000/- (മുപ്പതിനായിരം) രൂപ നിരക്കിൽ 273.94 സെന്റ് ഭൂമിക്ക് 80 ലക്ഷം രൂപയിലധികം മതിപ്പുവില വരുന്നതാണ്. ഈ ഇടപാടിന് ഒരു മലയാള പത്രത്തിൽ മാത്രമെ പരസ്യം നൽകിയിരുന്നുള്ളൂ. മാത്രമല്ല അപേക്ഷകളുടെ സ്വീകാര്യതയിലും ശ്രദ്ധേയമായ അപാകതകൾ കാണപ്പെടുന്നുണ്ട്. ഭൂമിയുടെ വില നിർണയം സംബന്ധിച്ച് റവന്യൂ അധികാരികളുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ സ്ഥലവില നിർണയിച്ചത് കേരള മുനിസിപ്പാലിറ്റി (സ്ഥാവര വസ്തു ആർജ്ജിക്കലും,

കൈമാറ്റം ചെയ്യലും) ചട്ടം 3,4 പ്രകാരം ക്രമമല്ല. സ്ഥലവില നിർണയത്തിലെ അപാകതകൾ കാരണം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ട്.

പ്ലോട്ടുകൾ അനുവദിച്ചു കിട്ടിയവർ നാളിതുവരെ വ്യവസായങ്ങൾ ഒന്നുംതന്നെ തുടങ്ങിയിട്ടില്ലാത്ത സാഹചര്യത്തിൽഅംഗീകരിച്ച വ്യവസ്ഥകൾ പ്രകാരം നഗരസഭ ഭൂമി തിരിച്ചുപിടിക്കേണ്ടതായിരുന്നു. എന്നാൽ അത്തരത്തിലുള്ള നടപടികളൊന്നുംതന്നെ അധികൃതർ സ്വീകരിച്ചിട്ടില്ല. വ്യവസായ വികസനത്തോടൊപ്പം നഗരസഭയുടെ മൊത്തം വികസനത്തെ ലക്ഷ്യമിട്ട പദ്ധതി അധികൃതരുടെ അനാസ്ഥകാരണം പരാജയപ്പെട്ടതായി വിലയിരുത്തുന്നു.

4.11.5.സഞ്ചരിക്കുന്ന മാവേലി സ്റ്റോർ - പദ്ധതി പ്രവർത്തനത്തിലെ അപാകതകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 – 16

സർക്കാർ ഉത്തരവ് (സാധാ)3053/89/ത.സ്വ.ഭ.വ തീയതി: 02.09.1989 പ്രകാരം നഗരസഭയിൽ ആരംഭിച്ച സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ നടത്തിപ്പിന് 2005-06-ൽ ജന കീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. വീട്ടമ്മമാർക്ക് മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാനും വിലക്കയറ്റം തടയാനുംഅംഗനവാടികളിൽ പോഷകാഹാരസാധനങ്ങൾ ലഭ്യമാക്കാനുമാണ് പദ്ധതി മുഖേന ഉദ്ദേശിച്ചിരുന്നത്.

സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചതിന് വിരുദ്ധമായി നിത്യോപയോഗസാധനങ്ങൾ സിവിൽ സ്പ്ലൈസ് കോർപ്പറേഷനിൽ നിന്നും വാങ്ങാതെ, നഗരസഭാധികൃതർ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുമാണ് വാങ്ങിയിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് നഗരസഭയ്ക്ക് 2005-06-ൽ ചെലവായ 20,23,025.15 (ഇരുപത് ലക്ഷത്തി ഇരുപത്തിമൂവായിരത്തി ഇരുപത്തഞ്ച് രൂപ പതിനഞ്ച് പൈസ) രൂപയിൽ 16,53,984/-(പതിനാറ് ലക്ഷത്തി അമ്പത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത്തിനാല്) രൂപയും സ്വകാര്യ സ്ഥാപനങ്ങൾക്കാണ് നൽകിയിട്ടുള്ളത്. കൂടിയ വിലയ്ക്ക് വാങ്ങുന്ന സാധനങ്ങൾ അതേ വിലയ്ക്ക് നൽകിയാൽ തന്നെ "മിതമായ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ നൽകുക" എന്നപദ്ധതി ലക്ഷ്യം സാക്ഷാത്കരി ക്കപ്പെടുന്നില്ല എന്ന് വിലയിരുത്തുന്നു. 2005-06 വർഷത്തെ സാധനവില്പനയുടെ രസീതുകൾ നഷ്ടപ്പെട്ടതായി അധികൃതർ അറിയിച്ചിരുന്നു. വില്പനയിലൂടെ ലഭിക്കുന്ന തുകകൾ പൂർണ്ണമായും അടുത്ത ദിവസംതന്നെ ഒടുക്കുന്നില്ലായെന്നത് ശ്രദ്ധേയമാണ്. രസീതുബുക്കുകളിലെ വ്യാപകമായ രീതിയിലുള്ള തീയതി തിരുത്തലുകളും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും കൂടിയവിലയ്ക്ക് സാധനങ്ങൾ വാങ്ങി നഗരസഭയിലെ അംഗനവാടികളിൽ വിൽക്കുന്നതുവഴി അംഗനവാടികളുടെ പദ്ധതി വിഹിതത്തിലും ചോർച്ച സംഭവിക്കുന്നുണ്ട്. കൂടാതെ മാവേലിസ്റ്റോർ ജീവനക്കാരുടെ പ്രതിമാസക്കൂലി, വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, മറ്റു ചെലവുകൾ എന്നിവയ്ക്കും നഗരസഭാ ഫണ്ടിൽ നിന്നാണ് തുക ചെലവഴിക്കുന്നത്.

ഇത്തരത്തിലുള്ള അപാകതകൾ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് അഭികാമ്യമല്ല. മിതമായ വിലയ്ക്ക് സാധനങ്ങൾ വ്യക്തികൾക്ക്/സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന്, ആയവ സിവിൽസപ്ലൈസ് കോർപ്പറേഷനിൽ നിന്നും സംഭരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം കൂടുതൽ ദിവസങ്ങളിൽ സ്റ്റോറിന്റെ വാഹനം വിവിധ പ്രദേശങ്ങളിൽ എത്തിച്ച് വില്പന

നടത്താനുള്ള ശ്രമങ്ങളും ഊർജ്ജിതപ്പെടുത്തേണ്ടതാണ്. സ്റ്റോറിന്റെ ദൈനംദിന പ്രവർത്തനം സംബന്ധിച്ച തുടർനിരീക്ഷണവും അവലോകനവും നടത്തി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാൻ അധികൃതർ തയ്യാറാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

4.12. കൽപ്പറ്റ നഗരസഭ

4.12.1. ലക്ഷം ഭവന നിർമ്മാണ പദ്ധതിയ്ക്ക് ഹഡ്കോ അനുവദിച്ച തുക ചെലവ് ചെയ്തതിലെ അപാകതകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2000 – 01, ഖണ്ഡിക നമ്പർ: 3 – 9

സർക്കാർ ഉത്തരവ് (എം.എസ്) 254/98/എൽ.എ.ഡി.തീയതി: 27.11.1998 പ്രകാരം ലക്ഷം ഭവന നിർമ്മാണ പദ്ധതിയിൽപ്പെടുത്തി ഒരു ഗുണഭോക്താവിന് നൽകാവുന്ന തുക ഇപ്രകാരമാണ്.

ഹഡ്കോ ലോൺ	-	15000/-രൂപ (പതിനയ്യായിരം രൂപ)
സബ്സിഡി	-	9000/-രൂപ (ഒമ്പതിനായിരം രൂപ)
ആകെ	**-**	**24000/-രൂപ (ഇരുപത്തി നാലായിരം രൂപ)**
		======

ഇതിൽ ഹഡ്കോ നൽകുന്ന 15000/-രൂപ (പതിനയ്യായിരം രൂപ) പലിശ സഹിതം ഗുണ ഭോക്താവ് നഗരസഭയിലേയ്ക്ക് തിരിച്ചടക്കേണ്ടതും, പ്രസ്തുത തുക നഗരസഭ ഹഡ്കോയ്ക്ക് നൽകേണ്ടതുമാണ്.

കൽപ്പറ്റ നഗരസഭയിൽ നിന്നും 1999-2000, 2000-01 എന്നീവർഷങ്ങളിൽ 92 ഗുണ ഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനായി ലോൺ തുകയും സബ്സിഡിയുമടക്കം 19,15,150/-രൂപ (പത്തൊമ്പതു ലക്ഷത്തി പതിനയ്യായിരത്തി ഒരുനൂറ്റി അമ്പത് രൂപ) നൽകിയിട്ടുണ്ട്. ഇതിൽ 10,99,800/-രൂപ (പത്തു ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ് രൂപ) 84 ഗുണഭോക്താക്കൾക്ക് വായ്പ ഇനത്തിൽ നൽകിയതാണ്. എട്ടു ഗുണഭോക്താക്കൾ സബ്സിഡി തുക മാത്രമേ കൈപ്പറ്റിയിട്ടുള്ളൂ. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വീടുപണി നടത്താത്ത വ്യക്തികൾക്ക് ലോൺ/സബ്സിഡി ഇനങ്ങളിൽ 2,10,500/-രൂപ (രണ്ടു ലക്ഷത്തി പതിനായിരത്തി അഞ്ഞൂറു രൂപ) നൽകിയെങ്കിലും, വീടുപണി നടത്താത്ത സാഹചര്യ ത്തിൽ പ്രസ്തുത വ്യക്തികളിൽ നിന്നും തുക (ലോൺ/സബ്സിഡി) ഈടാക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ 2,10,500/-രൂപ (രണ്ടു ലക്ഷത്തി പതിനായിരത്തി അഞ്ഞൂറു രൂപ) നൽകിയ നടപടി അംഗീകരിക്കത്തക്കതല്ല.

2. പ്രോജക്ട് ഓഫീസർ ഒരേ സമയം തന്നെ വീട് നിർമാണത്തിനായി ഗുണഭോക്താക്കൾക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നും തുക നൽകിയിട്ടുണ്ട്.

3. ഹഡ്കോയിൽ നിന്നും 92 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി നൽകിയ 13,80,000/-രൂപയിൽ (പതിമൂന്ന് ലക്ഷത്തി എൺപതിനായിരം രൂപ), 29,490/-രൂപ പ്രോജക്ട് ഓഫീസർ ഹഡ്കോയ്ക്ക് തിരിച്ചുനൽകിയിട്ടുണ്ട്. ബാക്കി 13,50,510/-രൂപയും (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റി പത്ത് രൂപ) അതിന്റെ പലിശയുമാണ് ഹഡ്കോയ്ക്ക് നൽകേണ്ടിയിരുന്നത്. ഇതിൽ ഗുണഭോക്താക്കൾക്ക് നൽകിയ 10,99,800/-രൂപ (പത്തു

ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ് രൂപ) കഴിച്ച് ബാക്കി 2,50,710/-രൂപ(രണ്ട് ലക്ഷത്തി അമ്പതിനായിരത്തി എഴുനൂറ്റി പ്രത്ത് രൂപ) ഹഡ്കോയുടെ നിക്ഷേപമായി നഗരസഭ അക്കൗണ്ടിൽ ഉണ്ടായിട്ടും ഹഡ്കോയ്ക്ക് മടക്കി നൽകാതെ ഈ തുകയ്ക്കും കൂടിയുള്ള പ്രലിശ നഗരസഭ അടച്ചിരിക്കുന്നു.

4. ഗുണഭോക്താക്കൾക്ക് നൽകിയ ഹഡ്കോയുടെ 10,99,800/-രൂപ (പത്തുലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി എണ്ണൂറ് രൂപ) വായ്പയിൽ നാളിതുവരെയായി 3,00,537/-രൂപ (മൂന്നു ലക്ഷത്തി അഞ്ഞൂറ്റി മുപ്പത്തേഴ് രൂപ) മാത്രമാണ് തിരിച്ചടവായി വന്നിട്ടുള്ളത്.

5. നഗരസഭയ്ക്ക് ഹഡ്കോ നൽകിയ 13,50,510/-രൂപയ്ക്ക് (പതിമൂന്ന് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റി പത്ത് രൂപ) പ്രകരം നഗരസഭ 19,60,999/-രൂപ ഹഡ്കോയിലേയ്ക്ക് തിരിച്ചടച്ചിട്ടുണ്ട്. ഇത് ഗുണഭോക്താക്കളിൽ നിന്നും പ്രിരിച്ചെടുക്കേണ്ട തുകയായതിനാൽ 5,51,247/-രൂപ (250710+ 300537)അഞ്ചുലക്ഷത്തി അമ്പത്തൊന്നായിരത്തി ഇരുന്നൂറ്റി നാല്പത്തേഴ് രൂപ) കഴിച്ച് ബാക്കി 14,09,752/-രൂപ (പതിനാല് ലക്ഷത്തി ഒമ്പതിനായിരത്തി എഴുനൂറ്റി അമ്പത്തി രണ്ട് രൂപ) യുടെ നഷ്ടം നഗരസഭയ്ക്ക് വന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത്/ഗുണഭോക്താവിന്റെ പേര്	എസ്റ്റിമേറ്റ് തുക (രൂപ)	വാല്യുവേഷൻ (രൂപ)	അധികരിച്ച ചെലവ് (രൂപ)
I. <u>മുട്ടിൽ ഗ്രാമപഞ്ചായത്ത്</u>			
1. കുരുന്നൻ-മൂർത്തിക്കാട്ടിൽ	75000	67197	7803
2. കൊച്ചി-മനക്കാട് കോളനി	75000	67197	7803
3. തെനേരിക്കുന്ന് കൗസല്യ	75000	67041	7959
4. വെള്ളിത്തോട് കുഞ്ഞൻ	75000	67041	7959
5. ബാലൻ	75000	67666	7334
II. <u>തിരുനെല്ലി ഗ്രാമപഞ്ചായത്ത്</u>			
6. മാധവി.ഡി.	75000	45000	30000
7. ഗൗരി	75000	42000	33000
8. മാരു പ്രുഴവയൽ	75000	43000	32000
9. രാജു, കാളൻമകൻ	75000	41000	34000
10. ഗൗരി, മാരൻ മകൾ	75000	50000	25000
III. <u>കോട്ടത്തറ ഗ്രാമപഞ്ചായത്ത്</u>			
11. പുഷ്പ	75000	75000	--
12. നാരായണൻ	75000	69000	6000
ആകെ	**9,00,000**	**7,01,142**	**1,98,858**

അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ഒരോ വീടിനും ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്ത തുകകളും തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ നൽകിയ വാല്യുവേഷൻ സർട്ടിഫിക്ക റ്റിലെ തുകകളും തമ്മിലുള്ള അന്തരത്തിന്റെ കാര ണം സംബന്ധിച്ച്, കോർപ്പറേഷൻ അധികൃതർ നൽകിയ വിശദീകരണത്തിൽ, കോർപ്പറേഷന്റെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും എഞ്ചിനീയർമാർ സംയുക്തമായി വാല്യുവേഷൻ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ അനന്തരനടപടികളൊന്നും ഇരു ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ല.

അദ്ധ്യായം – 5

ഓഡിറ്റ് നിരീക്ഷണങ്ങൾ – സർവ്വകലാശാലകൾ

5.1. കേരള സർവ്വകലാശാല

5.1.1. പരീക്ഷാ ഫലപ്രഖ്യാപനത്തിൽ സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയ്ക്ക്-നഷ്ടപരിഹാരം നൽകി-നഷ്ടം: 36,555/-രൂപ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 62

സർവ്വകലാശാലാ ബി.കോം ഡിഗ്രി ഫലപ്രഖ്യാപനത്തിൽ സർവ്വകലാശാലയുടെ ഭാഗത്തു നിന്നുള്ള വീഴ്ചമൂലം, ഫലപ്രഖ്യാപനം നീണ്ടതിനെതുടർന്ന് ഒരു അക്കാഡമിക് വർഷം നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി ആലപ്പുഴ എസ്.ഡി.കോളേജ് ഒരു വിദ്യാർത്ഥിനി തിരുവനന്തപുരം മുൻസിഫ് കോടതിയിൽ ഫയൽചെയ്ത കേസിൽ, നഷ്ടപരിഹാരതുക 15,000/- 12% പലിശ ഉൾപ്പെടെ സർവ്വകലാശാലാ രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻ എന്നിവരിൽ നിന്നും ഈടാക്കി വിദ്യാർത്ഥിനിയ്ക്ക് നൽകാൻ വിധിയുണ്ടായി. ഈ വിധിയ്ക്കെതിരെ കേരള സർവ്വകലാശാല അഡീഷണൽ (III) ജില്ലാകോടതിയിൽ നൽകിയ അപ്പീൽ 17.11.03-ൽ കോടതി തള്ളുകയും കീഴ്കോടതി വിധി ശരിവയ്ക്കുകയും ചെയ്തു. കോടതി വിധിയനുസരിച്ച് തുക നൽകുന്നതിനു പകരം 36,555/-രൂപ സർവ്വകലാശാലാ ഫണ്ടിൽ നിന്നും 17.01.05-ൽ നൽകി. സർവ്വകലാശാലാ ഫണ്ടിൽ നിന്നും നൽകിയ 36,555/-രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി, സർവ്വകലാശാലാ ഫണ്ടിൽ അടച്ചിട്ടില്ല.

5.2. കാലിക്കറ്റ് സർവ്വകലാശാല

5.2.1. കാരണം രേഖപ്പെടുത്താതെ കെട്ടിടംപണി ഉപേക്ഷിച്ച വകയിൽ പാഴ്ചെലവ് - 1,87,864/-രൂപ (കരാറുകാരന് നഷ്ടപരിഹാരം - 90,000/-രൂപ, കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കിയതിന് 97,864/-രൂപ)

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 53

എൻ.സി.ഇ.ആർ.ടി.യുടെ മാർഗ്ഗനിർദ്ദേശക തത്വങ്ങളെ ആധാരമാക്കി പരിശീലനവും, ഗവേഷണവും നടത്തുന്നതിനായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 16.03.02-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനമെടുക്കുകയും അതിൻപ്രകാരം 1.25 കോടി രൂപ എസ്റ്റിമേറ്റിൽ നിന്നും 11.23% കുറവ് രേഖപ്പെടുത്തിയ കരാറുകാരനുമായി 04.10.2002-ൽ 62/02-ാം നമ്പരായി കരാർ ഒപ്പുവയ്ക്കു കയുമുണ്ടായി. കെട്ടിടത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ എൽ.ബി.എസ്. സെന്റർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. 97,864/-(തൊണ്ണൂറ്റേഴായിരത്തി എണ്ണൂറ്റി അറുപത്തി നാല്) രൂപ 2002-03 -ൽ തന്നെ നൽകി. എന്നാൽ വൈസ് ചാൻസലറും യൂണിവേഴ്സിറ്റി എഞ്ചിനീയറും 19.12.02-ൽ നടത്തിയ കൂടിക്കാഴ്ചയെ തുടർന്ന് കാരണം രേഖപ്പെടുത്താതെ പ്രവൃത്തി നിർത്തിവയ്ക്കാൻ ആവശ്യപ്പെടുകയും പ്രസ്തുതവിവരം 19.03.03-ൽ കരാറുകാരനെ

അറിയിക്കുകയും ചെയ്തു. ഇതിനിടയിൽ പ്രവൃത്തി ആരംഭിച്ച കരാറുകാരൻ യൂണിവേഴ്സിറ്റിയുടെ നടപടിക്കെതിരായി നഷ്ടപരിഹാരം ആവശ്യപ്പെടുകയും 90,000/-രൂപ സർവ്വകലാശാല നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തു. സാധ്യതാപഠനം നടത്താതെ പ്രവൃത്തി തുടങ്ങുകയും പിന്നീട് കാരണം രേഖപ്പെടുത്താതെ പണിഉപേക്ഷിക്കുകയും ചെയ്തതിനാൽ 1,87,864/-(ഒരു ലക്ഷത്തി എൺപത്തേഴായിരത്തി എണ്ണൂറ്റി അറുപത്തിനാല്) രൂപ ഫണ്ടിൽ നിന്നും പാഴ്ചെലവായി.

5.2.2. ജീവനക്കാരുടെ പി.എഫ്.റിക്കവറി ട്രഷറിയിലൊടുക്കുന്നതിലെ കാലതാമസം - പലിശ നൽകിയതിനാൽ യൂണിവേഴ്സിറ്റി ഫണ്ടിന് നഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 67

1978-ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്സ് ചാപ്റ്റർXIV പ്രകാരമാണ് കോഴിക്കോട് സർവ്വകലാശാലയിൽ ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് നടപ്പിൽ വരുത്തിയിട്ടുള്ളത്. തിരൂരങ്ങാടി സബ്ട്രഷറിയിൽ ആരംഭിച്ച ടി.പി.എ.387-ാം നമ്പർ അക്കൗണ്ടിലേയ്ക്ക് ജീവന ക്കാരുടെ ശമ്പളത്തിൽ നിന്നും പി.എഫ്.ഇനത്തിൽ റിക്കവറിനടത്തുന്ന തുക യഥാസമയം ട്രഷറിയിൽ നിക്ഷേപിക്കാതിരുന്ന തിനാൽ ജീവനക്കാർക്ക് നൽകേണ്ട പലിശഇനത്തിൽ യൂണിവേഴ്സിറ്റിയ്ക്ക് 6,62,478/- (ആറ് ലക്ഷത്തി അറുപത്തിരണ്ടായിരത്തി നാനൂറ്റി എഴുപത്തിഎട്ട്) രൂപയുടെ അധിക ബാധ്യതയുണ്ടായി.

5.2.3. അച്ചടിച്ച് ബൈന്റിംഗ് വിഭാഗത്തിലേയ്ക്ക് നൽകിയ പുസ്തക സാമഗ്രികൾ, പുസ്തകങ്ങൾ സ്റ്റോറിലെത്തിയതിൽ കുറവ്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ : 2 – 12

സർവ്വകലാശാല പ്രസിൽ പ്രിന്റ് ചെയ്യാൻ നൽകിയ വിവിധ തലക്കെട്ടിലുള്ള പുസ്തകങ്ങൾ പ്രിന്റ്ചെയ്ത് ബൈന്റിംഗ് സെക്ഷനിലേയ്ക്ക് മാറ്റിയതിൽ മുഴുവൻ പ്രിന്റും ബൈന്റ് ചെയ്ത് ബുക്കായി സ്റ്റോറിലേക്ക് തിരികെ നൽകിയിട്ടില്ല. ഗവൺമെന്റ് പ്രസ് മാന്വലിലെ ഖണ്ഡിക 652 പ്രകാരം പ്രസ് സൂപ്രണ്ടിന്റെ ചുമതലയുള്ള അസിസ്റ്റന്റ് സൂപ്രണ്ട് ഏതെങ്കിലും ജോബ് നമ്പറിൽ കുറവ് സംഭവിക്കുകയാണെങ്കിൽ ആ കുറവ് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം പുസ്തകത്തിൽ കുറവ്വന്ന വിവരംഅസി.സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടില്ല. ഈ ഇനത്തിൽ 13,15,595/-(പതിമൂന്ന് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റഞ്ച്) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

5.2.4. വ്യവഹാരം നടത്തിയതും തുക അനുവദിച്ചതും കാമ്പസ് സുരക്ഷയ്ക്ക്, യു.ജി.സി.അനുവദിച്ച തുക അനുമതിയില്ലാതെ വകമാറ്റി ചെലവഴിച്ചു

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 3 – 7

ദേശീയപാതയുടെ ഇരുവശത്തുമായി വ്യാപിച്ചുകിടക്കുന്ന സർവ്വകലാശാലയുടെ അധീനത യിലുള്ള വസ്തുവിൽ ചുറ്റുമതിൽ നിർമ്മിക്കാൻ വിദ്യാർത്ഥികൾ ബഹു.ഹൈക്കോടതിയിൽ ഒ.പി. 20105/96 റിട്ട് ഹർജി ഫയൽ ചെയ്തു. ബഹു.ഹൈക്കോടതി പരാതി പരിശോധിക്കാൻ നിയമിച്ച

അധ്വ.സീമന്തിനി കമ്മീഷൻ ചുറ്റുമതിൽ നിർമ്മാണവും, പൊതുറോഡ് കാമ്പസിൽ നിന്നും മാറ്റേണ്ട ആവശ്യകതയും ശുപാർശ ചെയ്തു. ഈ ശുപാർശകൾ 07.09.98-ലെ ബഹു.ഹൈക്കോടതി വിധി അംഗീകരിച്ചതിനെ തുടർന്ന് 2002-03 സാമ്പത്തികവർഷത്തിൽ ടി ആവശ്യത്തിനായി ബജറ്റിൽ തുക വകയിരുത്തിയതായി ബഹു.ഹൈക്കോടതിയിൽ ബോധിപ്പി ക്കുകയുണ്ടായി. എന്നാൽ ഇതേ ആവശ്യത്തിനായി 10-ാം പദ്ധതിയിൽ 20 ലക്ഷം രൂപ യു.ജി.സി. അനുവദിച്ചെങ്കിലും യു.ജി.സി. അനുമതിയില്ലാതെ സർവ്വ കലാശാല ടി തുക വകമാറ്റി സെമിനാർ കോംപ്ലക്സിന്റെ പുനരുദ്ധാരണ ത്തിനായാണ് ഉപയോഗിച്ചിരിക്കുന്നത്. സർവ്വകലാശാല യുടെ ആസ്തി സംരക്ഷണത്തിന് അനുവദിച്ച തുക അനർഹമായി വകമാറ്റി ചെലവഴിച്ചത് നീതീകരിക്കുവാൻ കഴിയാത്തതാണ്.

5.3. എം.ജി.സർവ്വകലാശാല

പൊതു അവലോകനം.

5.3.1. നിയമനങ്ങൾ പാലിക്കുന്നതിൽ - നടപ്പാക്കുന്നതിൽ സർവ്വകലാശാലയുടെ ഭാഗത്തുള്ള വീഴ്ചകൾ

സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് അധിക സാമ്പത്തിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങ ണമെന്ന് ചട്ടങ്ങൾ [സെക്ഷൻ 37 (ഡി) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആക്ട്] അനുശാസിക്കുന്നുണ്ടെ ങ്കിലും പോസ്റ്റ് അപ്ഗ്രഡേഷൻ, സമയബന്ധിത ഗ്രേഡുകൾ, ഉയർന്ന ശമ്പളസ്കെയിലുകൾ എന്നിവ സർവ്വകലാശാല യിൽ അനുവദിക്കുന്നത് സർക്കാർ അംഗീകാരത്തോടെയല്ല എന്നു കാണുന്നു. അതോടൊപ്പം ജീവന ക്കാർക്ക് നൽകിവരുന്ന ഉയർന്ന വീട്ടുവാടക ബത്തയും സർക്കാർ നിരക്കിലും ഉയർന്ന ഓണംമുൻ കൂറും, യാത്രപ്പടി നിരക്കുകളും നിലവിലും യാതൊരു മാനദണ്ഡവുമില്ലാതെ അനുവദിച്ചുവരുന്നു.

5.3.2. ഉയർന്ന നിരക്കിൽ വീട്ടുവാടകബത്ത നൽകിയത്

പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന യൂണിവേഴ്സിറ്റിയിലെ ജീവനക്കാർക്ക് പ്രതിമാസം 150/-രൂപ നിരക്കിൽ മാത്രമാണ് വീട്ടുവാടകബത്തക്ക്അർഹതയുള്ളത് . എന്നാൽ (സി) വിഭാഗം നഗരങ്ങളിൽ അനുവദനീയമായിട്ടുള്ള നിരക്കിൽ യൂണിവേഴ്സിറ്റി ജീവനക്കാർക്ക് വീട്ടുവാടക ബത്ത നൽകുന്നു. സർക്കാർ ഉത്തരവിനെ മറികടക്കുന്നതിനായി അധികമായി അനുവദിച്ചി ട്ടുള്ള തുക തനതുഫണ്ടിൽനിന്നും നൽകാനുള്ള നയമാണ് സർവ്വകലാശാല സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഇതിന് സർക്കാരിൽനിന്നും സാധൂകരണം ലഭിച്ചിട്ടില്ല. സർവ്വകലാശാല ആക്ട്, സ്റ്റാറ്റ്യൂട്ട് എന്നിവ പ്രകാരം സർക്കാർ ഗ്രാന്റുകൾ ഉൾപ്പെടെയുള്ള എല്ലാ തുകകളും ചേർന്നുള്ള എം.ജി.സർവ്വകലാശാല ഫണ്ടിന് 'തനത് ഫണ്ട്' 'ഗവൺമെന്റ് ഫണ്ട്' എന്നിങ്ങനെ വർഗ്ഗീകരണം നൽകി തനതുഫണ്ടിൽ നിന്നും അധിക വീട്ടുവാടക ബത്ത അനുവദിക്കുന്നു. ഇ പ്രകാരമുള്ള വർഗ്ഗീകരണത്തിന് നിയമസാധുതയില്ല.

5.3.3. സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചത് - തുടർന്നുകൊണ്ടുപോകുന്നു - ക്രമവിരുദ്ധം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2001- 02, ഖണ്ഡിക നമ്പർ: 3(26)

അസാധാരണമായ ഒരു സാഹചര്യത്തിൽ മാത്രം സൃഷ്ടിക്കപ്പെടാവുന്ന ഒരു സൂപ്പർന്യൂമററി തസ്തിക, ക്രമപ്രകാരമുള്ള ഒരു ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് നിർത്തലാക്കണമെന്ന തത്വത്തിനു വിരുദ്ധമായി എം.ജി.സർവ്വകലാശാലയിൽ ഒരു അസിസ്റ്റന്റ് (ഇലക്ട്രിക്കൽ) എഞ്ചിനീയറുടെ തസ്തിക (സൂപ്പർന്യൂമററിയായി സൃഷ്ടിക്കപ്പെട്ടത്) അനിയന്ത്രിതമായി തുടർന്നുവരുന്നതായി കാണുന്നു. സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കപ്പെട്ടിരുന്ന ശ്രീ.വി.രാജേഷിനെ (അസിസ്റ്റന്റ് എഞ്ചിനീയറുടെ) (ഇലക്ട്രിക്കൽ) വിരമിക്കൽ മൂലമുണ്ടായ ഒഴിവിലേയ്ക്ക് മാറ്റുകയും, ഓവർസിയർ (ഇലക്ട്രിക്കൽ) ആയിരുന്ന ശ്രീ.ഷാജികുര്യന് അസിസ്റ്റന്റ് എഞ്ചിനീയറായി സ്ഥാനക്കയറ്റം നൽകി ശ്രീ.വി.രാജേഷിനു വേണ്ടി സൃഷ്ടിച്ചിരുന്ന സൂപ്പർന്യൂമററി തസ്തികയിൽ നിയമിക്കുകയും ചെയ്തിരിയ്ക്കുന്നു. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ 13.12.04 ലെ 22-5-38-2523-ാം നമ്പർ തീരുമാനപ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറിന്റെ സൂപ്പർന്യൂമററി തസ്തിക 13.12.04 മുതൽ 6 മാസത്തേയ്ക്ക് നിലനിർത്താൻ നിശ്ചയിച്ചിട്ടുണ്ട്. സൂപ്പർന്യൂമററി തസ്തിക അനിയന്ത്രിതമായി തുടരുന്നു എന്നത് പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് തുല്യമാണ്. ആയതിന് സർക്കാർഅനുവാദം ലഭ്യമാക്കിയതായി കാണുന്നില്ല. ആയതിനാൽ ടി തസ്തിക നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5.3.4. സർവ്വകലാശാല ജീവനക്കാർക്ക് അനധികൃതമായി പ്രത്യേക വേതനം നൽകിയത്

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002- 03, ഖണ്ഡിക നമ്പർ: 3(4)

സർവ്വകലാശാലയിലേയ്ക്ക് ഗ്രേഡ്-2 അസിസ്റ്റന്റ്മാരെ തിരഞ്ഞെടുക്കുന്നതിന് നടത്തിയ പരീക്ഷ, ശിപായിമാരുടെ റേഷ്യോപ്രമോഷൻ, ശമ്പള പരിഷ്ക്കരണം നടപ്പാക്കൽ മുതലായവ യോടനുബന്ധിച്ച് അധികജോലി ചെയ്യേണ്ടി വന്നത് പരിഗണിച്ച് ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ജീവന ക്കാർക്ക് പ്രത്യേകവേതനം നൽകുകയുണ്ടായി. എന്നാൽ ശമ്പള പരിഷ്ക്കരണം, ഹയർഗ്രേഡ് മുതലായ സ്ഥാനക്കയറ്റങ്ങളോടനുബന്ധിച്ചുള്ള ശമ്പളനിർണ്ണയം എന്നിവ ബന്ധപ്പെട്ട സെക്ഷനു കളുടെ ദൈനംദിന ജോലികളുടെ ഭാഗംതന്നെയാണ്. ശമ്പള പരിഷ്ക്കരണം, പ്രൊമോഷൻ എന്നിവ യുമായി ബന്ധപ്പെട്ട ഏതുജോലിയും ചെയ്യുന്നതിന് ബന്ധപ്പെട്ട സെക്ഷനുകളിൽ നിയമി ക്കപ്പെടുന്ന ജീവനക്കാർ ബാദ്ധ്യസ്ഥരാണ്. സാധാരണ ഓഫീസ് പ്രവൃത്തിയായല്ലാതെ അധിക ജോലിയായി പ്രസ്തുത പ്രവൃത്തികൾ കണക്കാക്കാനാവില്ല. സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ഏൽപ്പിക്കുന്ന ഏതുജോലിയും സാധാരണ പ്രവൃത്തിദിവസങ്ങളിൽ സർവ്വകലാശാലയിലെ സ്ഥിരജീവനക്കാർ ചെയ്യേണ്ടതാണ്. ഒരു ജീവനക്കാരന്റെ മുഴുവൻ സമയവും അയാൾക്ക് ശമ്പളം നൽകുന്ന തൊഴിൽ ദാതാവിന് (ഗവൺമെന്റ്, അർദ്ധ ഗവൺമെന്റ്, പൊതുമേഖല തുടങ്ങിയ) വിധേയമാണെന്നും, പ്രത്യേക പ്രതിഫലം നൽകാതെതന്നെ മതിയായ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജോലി ചെയ്യിക്കുന്നതി ന് അധികാരമുണ്ടായിരിക്കു മെന്നും കെ.എസ്.ആർ.പാർട്ട് I ലെ ചട്ടം 14 പ്രകാരം പറയുന്നു. കെ.എസ്.ആർ.പാർട്ട് I സെക്ഷൻ 3 ന്റെ അനുബന്ധം 7അനുസരിച്ച് അവധിദിവസം ജോലി ചെയ്യുന്ന ജീവനക്കാരന് നഷ്ടമായ അവധിയ്ക്ക് പരിഹാരമായി ഒഴിവിനല്ലാതെ പ്രതിഫലത്തിനർഹത യില്ല. കൂടാതെ1985-ലെ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ആക്ട് അദ്ധ്യായം 5-ലെ വകുപ്പ് 37(ഡി)

പ്രകാരം സർവ്വകലാശാലയിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് ഗവൺമെന്റിന്റെ മുൻകൂർ അനുമതിയില്ലാതെ യാതൊരുവിധ ബത്തകളും നൽകുന്നതല്ല എന്ന് പ്രറയുന്നു. ഈ സാഹചര്യത്തിൽ ജീവനക്കാർക്ക് പ്രത്യേക വേതനം നൽകിയത് അനധികൃതവും സർവ്വകലാശാലയുടെ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധവുമാണ്. പ്രത്യേക വേതനയിനത്തിലുള്ള ചെലവ് 72450/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

5.3.5. വൻകിട നിർമ്മാണ പ്രവൃത്തികൾ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചതുമൂലം യൂണിവേഴ്സിറ്റിക്ക് കനത്ത നഷ്ടം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2002-03 ഖണ്ഡിക നമ്പർ: 3 (15എ)

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് സ്വന്തമായി എഞ്ചിനീയറിംഗ് യൂണിറ്റ് നിലവിലുണ്ടെങ്കിലും വൻകിട കെട്ടിടം നിർമ്മിക്കേണ്ട സാഹചര്യത്തിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനെയാണ് ഏൽപ്പിക്കുന്നത്. യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ കീഴിലുള്ള എഞ്ചിനീയറിംഗ് യൂണിറ്റിൽ എല്ലാ പ്രദവികളിലുമുള്ള ഉദ്യോഗസ്ഥന്മാരുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ അവരുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും നടത്തുവാൻ സർവ്വകലാശാലയ്ക്ക് താൽപര്യമില്ല. പ്രവൃത്തികൾ എഞ്ചിനീയറിംഗ് വിഭാഗത്തെ ഏൽപ്പിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് അവരുടേതായ സ്പെസിഫിക്കേഷൻ പ്രകാരമാണ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. എസ്റ്റിമേറ്റ് തുകയ്ക്ക് പ്രുറമേ എസ്റ്റിമേറ്റ് തുകയുടെ 8 ശതമാനം ഡിപ്പാർട്ട് മെന്റൽ ചാർജിനത്തിലും 2 ശതമാനം നികുതിയായും കേന്ദ്രപൊതുമരാമത്ത് വകുപ്പ് വകയിരു ത്തുന്നു. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റുമായി താരതമ്യം ചെയ്യുമ്പോൾ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് യൂണിറ്റ് തയ്യാറാക്കിയ എസ്റ്റിമേറ്റ് ചെലവിന്റെ കാര്യത്തിൽ അഭികാമ്യമാണ്. കൂടാതെ കരാറിലെ വ്യവസ്ഥകൾ പ്രകാരം യൂണിവേഴ്സിറ്റിക്ക് സിപ്രി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ഒരുഘട്ടത്തിലും ഇടപെടാൻ സാധിക്കുന്നില്ല. ഉദാഹരണം സ്കൂൾ ഓഫ് എൻവയേൺമെന്റൽ സയൻസിനുവേണ്ടി തറ വിസ്തീർണ്ണം 3735.4 ച.മീറ്ററുള്ള കെട്ടിടത്തിന് കേന്ദ്രപൊതുമരാമത്ത് നിർണ്ണയിച്ച എസ്റ്റിമേറ്റ് 521.07 ലക്ഷമാണ്. എന്നാൽ ഇതേ സമയത്ത് സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിന് വേണ്ടി തറവിസ് തീർണ്ണം 1388 ചതുരശ്ര മീറ്റർ വരുന്ന കെട്ടിടത്തിന് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് യൂണിറ്റ് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 7424258/- രൂപയാണ്. അതായത് ഒരു ചതുരശ്ര മീറ്റർ നിർമ്മാണ ചെലവ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് യൂണിറ്റ് മുഖേനയുള്ള ചെലവിനേക്കാൾ 2750/-രൂപ അധികമാണ്. ഈ ഇനത്തിൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയ്ക്ക് 1 കോടിയോളം രൂപ അധികചെലവ് വന്നിട്ടുണ്ട്. യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിഭാഗത്തിലെ ശമ്പളത്തിനും മറ്റുമായി ചെലവഴിക്കുന്ന തുക കണക്കിലെടുക്കുമ്പോൾ നഷ്ടം ഭീമമാകുന്നു. 2006-07 വർഷത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിനു വേണ്ടി പ്രദ്ധതിയേതരയിനത്തിൽ 75 ലക്ഷം രൂപ ചെലവഴിച്ചു.

5.4. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല

പൊതു അവലോകനം

5.4.1. സ്റ്റാറ്റ്യൂട്ടിന്റെ അഭാവം

1986-ലെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല നിയമമനുസരിച്ച് ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ നിർമ്മിക്കേണ്ടതുണ്ട്. നിയമത്തിന്റെ 38-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള 1 മുതൽ 11 വരെ ഇനങ്ങളെ സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകളാണ് നിർമ്മിക്കേണ്ടത്. ആദ്യ സ്റ്റാറ്റ്യൂട്ട് നിർമ്മിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണ്. നിയമത്തിലെ 55-ാം വകുപ്പുപ്രകാരമുള്ള ഇടക്കാല വ്യവസ്ഥകൾ പ്രകാരം പുതിയ സ്റ്റാറ്റ്യൂട്ട് നിർമ്മിക്കുന്ന തുവരെ പഴയ നിയമങ്ങൾ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ പ്രാബല്യത്തിലിരിക്കുന്നതാണ്. അദ്ധ്യാപകരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ച് 1991 ൽ പുറപ്പെടുവിച്ച സ്റ്റാറ്റ്യൂട്ട് ഒഴികെ പുതിയ നിയമപ്രകാരമുള്ള മറ്റു സ്റ്റാറ്റ്യൂട്ടുകൾ നിർമ്മിക്കുന്നതിന് സർക്കാർ നടപടിയ്ക്കായുള്ള യാതൊരു നീക്കങ്ങളും യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. 20 വർഷത്തിനു ശേഷവും ഇടക്കാല വ്യവസ്ഥ കളനുസരിച്ചാണ് യൂണിവേഴ്സിറ്റി പ്രവർത്തിച്ചുവരുന്നത്.

★★★

അദ്ധ്യായം – 6

ഓഡിറ്റ് നിരീക്ഷണങ്ങൾ – മറ്റു സ്ഥാപനങ്ങൾ

6.1. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

ഭവന നിർമ്മാണ ബോർഡ് ഹെഡാഫീസ്, തിരുവനന്തപുരം

6.1.1. വാർഷിക കണക്ക് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലികൾ സ്വകാര്യ ഏജൻസിയെ (ധൻ & കമ്പനി) ഏൽപ്പിച്ചത് ചട്ടവിരുദ്ധം

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2004 – 05, ഖണ്ഡിക നമ്പർ: 34(1)

ഭവന നിർമ്മാണ ബോർഡ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ്) ചട്ടം 1984 പ്രകാരം അക്കൗണ്ട്സ് തയ്യാറാക്കേണ്ടത് ഫിനാൻസ് മാനേജർ ആണെന്നിരിക്കെ, 1995-96 മുതൽ 1998-99 വരെയുള്ള അക്കൗണ്ട്സ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാൻ 30.04.04-ൽ ധൻ ആന്റ് കമ്പനിയുമായി കരാർഒപ്പുവച്ചു. ഹൗസിംഗ് ബോർഡിൽ ചാർട്ടേർഡ് അക്കൗണ്ടന്റായ ഒരു ഫിനാൻസ് ഓഫീസറുടെ കീഴിൽ അക്കൗണ്ടന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതി ലേയ്ക്കായി 7,44,706/-രൂപയും 1999-2000 മുതൽ 2004-05 വരെയുള്ള വാർഷികകണക്കുകൾ തയ്യാറാക്കുന്നതിലേയ്ക്കായി 4,30,283/-രൂപയും, വയനാട് ഡിവിഷൻ ഓഫീസിൽ സ്പെഷ്യൽ ഓഡിറ്റ് നടത്തിയതിന് 14,140/-രൂപയും (യാത്രാപ്പടി, താമസം എന്നതിലേയ്ക്കായി) ധൻ & കമ്പനിയ്ക്ക് നൽകി.

കേരള സർവ്വീസ് ചട്ടം ഭാഗം II, ഭവന നിർമ്മാണ ബോർഡ് (അനൗദ്യോഗിക അംഗങ്ങൾക്കുള്ള ബത്ത) ചട്ടം 2, 3 പ്രകാരവും, ഭവന നിർമ്മാണ ബോർഡ് ആക്ട് വകുപ്പുകൾ 25, 120 പ്രകാരവും മേൽചെലവുകൾ ക്രമപ്രകാരമല്ല.

6.2. വിശാല കൊച്ചി വികസന അതോറിറ്റി

6.2.1. തോട്ടയ്ക്കാട്ടുകര ടൗൺ പ്ലാനിംഗ് സ്കീം -ഭൂമി വിലയിൽ ഉണ്ടായ വർദ്ധനവ് അലോട്ടികളിൽ നിന്നും ഈടാക്കിയിട്ടില്ല - നഷ്ടം: 9,58,24,126/-രൂപ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 7

തോട്ടയ്ക്കാട്ടുകര ടൗൺ പ്ലാനിംഗ് സ്കീമിനുവേണ്ടി ഏറ്റെടുത്ത ഭൂമിയുടെ വർദ്ധിപ്പിച്ച വില അലോട്ടികളിൽ നിന്നും ഈടാക്കുന്നതിനുള്ള ജനറൽ കൗൺസിലിന്റെ 15.12.2000-ലെ 299/1999-2000 നമ്പർ തീരുമാനം നടപ്പിലാക്കാത്തതിനാൽ അതോറിറ്റിയ്ക്ക് വന്ന നഷ്ടം 9,58,24,126/- രൂപ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

6.2.2. കലൂർ മാർക്കറ്റിലെ കടമുറികൾ ശ്രീ.കെ.എച്ച്.ലത്തീഫിന് സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് അനുവദിച്ചതിലെ ക്രമക്കേടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 15

ജി.സി.ഡി.എ.ചെയർമാന്റെ പ്രത്യേക നിർദ്ദേശ പ്രകാരം അതോറിറ്റി കലൂർ മാർക്കറ്റിൽ പണി കഴിപ്പിച്ചിട്ടുള്ള 77 കടമുറികൾ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന് ശ്രീ.കെ.എച്ച്.ലത്തീഫിന് അനുവദിച്ചു. ജനറൽ കൗൺസിൽ തീരുമാനവും ഉടമ്പടി വ്യവസ്ഥകളും ലംഘിച്ചിട്ടുള്ള അതോറിറ്റി ഉദ്യോഗസ്ഥരുടെ ഒത്താശയോടെ കരാർ തുടർന്നതുവഴി നഷ്ടം വന്നിട്ടുണ്ട്. 2007-08 വർഷം കറണ്ട് ചാർജ്ജ് ഇനത്തിൽ 2,67,393/-രൂപയും വാടകയിനത്തിൽ 10,15,822/-രൂപയും അടയ്ക്കാനുണ്ട്. വൈദ്യുതികുടിശിക ഈടാക്കുവാൻ റവന്യൂറിക്കവറി നടപടി ഉണ്ടായപ്പോൾ 2,67,393/-രൂപ വാടകക്കാരനിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കാതെ അതോറിറ്റിയുടെ ഫണ്ടിൽ നിന്നും 14.03.08-ന് അടച്ചു. ഈ തുക ഈടാക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

6.2.3. കലൂർ ജേർണലിസ്റ്റ് കോളനിയിലെ ഷോപ്പിംഗ് കോംപ്ലക്സിലെ മരാമത്ത് പണികൾ - ഗുരുതരമായ ക്രമക്കേടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2005 – 06, ഖണ്ഡിക നമ്പർ: 21

ഷോപ്പിംഗ് കോംപ്ലക്സിലെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1,75,000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ജോലി ചെയ്യുന്നതിന് കടയുടമയെ ഏൽപ്പിക്കുകയും ചെയ്തു. ജോലിയുടെ ചെലവ് തുക ടിയാന്റെ വാടകയിൽ 50% വീതം തട്ടിക്കിഴിക്കാനും തീരുമാനിച്ച് അനുവദിച്ചു. എന്നാൽ ഇതനുസരിച്ച് ചെയ്ത പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തി വേലയുടെ മൂല്യം നിർണയിച്ച് ജി.സി.ഡി.എ. അധികാരികൾ ആരുംതന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ലെന്നുമാത്രമല്ല, വേല ചെയ്തിട്ടുണ്ടോ എന്നുപോലും വ്യക്തമല്ല. ടെണ്ടർ നടപടികളും പാലിച്ചിട്ടില്ല. ഇതുമൂലം സംസ്ഥാന-കേന്ദ്ര സർക്കാരുകൾ, നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയ്ക്ക് നഷ്ടം വന്ന നിലവിലെ വ്യവസ്ഥകൾ അവഗണിച്ച് വാടകക്കാരന് അനുകൂലമായ നടപടി സ്വീകരിക്കുകവഴി അതോറിറ്റി ഫണ്ടിന് നഷ്ടം ഉണ്ടായി.

6.2.4. ഇൻസ്റ്റാൾമെന്റ് പിരിവ് കരാർ ലംഘനം - അതോറിറ്റിയുടെ നഷ്ടം 10,86,797/-രൂപ

ഓഡിറ്റ് റിപ്പോർട്ട് വർഷം: 2006 – 07, ഖണ്ഡിക നമ്പർ: 4 എ.

ജി.സി.ഡി.എ.യുടെ എച്ച്.ഐ.ജി.23-ാം നമ്പർ വീട് അനുവദിച്ച വ്യക്തി ഈ വീട് അതോറിറ്റിയുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ ലംഘിച്ച് അതോറിറ്റിയുടെ അറിവോ സമ്മതമോ ഇല്ലാതെ മറിച്ചുവിറ്റു. ഈ വീടിന്റെ പ്രതിമാസ തവണകൾ കുടിശ്ശിക വരുത്തിയതിനാൽ അതോറിറ്റിയ്ക്ക് 10,86,797/-രൂപ നഷ്ടം ഉണ്ടായി.

★★★